

# വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം

## സമഗ്ര വികസന റിപ്പോർട്ട്

**1996**

83-7

3

ഒമ്പതാം പദ്ധതി

ജനകീയാസൂത്രണ പ്രസ്ഥാനം

# പ്രഥമ വികസന റിപ്പോർട്ട്

വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത്

1996



സ്നേഹമുള്ള നാട്ടുകാരേ,

ഏതൊരാസൂത്രണത്തിന്റേയും പ്രഥമവും പ്രധാനവുമായ ലക്ഷ്യം സമഗ്രവികസനവും ജനക്ഷേമവുമാണല്ലോ? സ്വതന്ത്ര ഭാരതം നടപ്പാക്കിയ ഓരോ പഞ്ചവത്സര പദ്ധതിയും പ്രശ്നങ്ങളുടെ അടിയന്തിര സ്വഭാവം പരിഗണിച്ച് മുൻഗണനാക്രമത്തിലായിരുന്നു. അപ്രകാരം എട്ടുപദ്ധതികൾ നാം പിന്നിട്ടുകഴിഞ്ഞു. അതിന്റെ ജയാപജയങ്ങളുടെ പട്ടിക നിരത്തേണ്ട സമയമല്ലിത്. വികസനത്തിന് അതിർവരമ്പുകളും ഏതിർചേരിയുമില്ലല്ലോ!

1997 ഏപ്രിൽ മാസത്തോടെ നടപ്പിലാവുന്ന 9-ാം പഞ്ചവത്സര പദ്ധതി 'ജനകീയാസൂത്രണ പദ്ധതി'യാണ്. അതിന്റെ അണിയറ പ്രവർത്തനത്തിലായിരുന്നല്ലോ, നാം. ആ പ്രവർത്തനത്തിന്റെ 2-ാംഘട്ടം ഈ വികസന സെമിനാറോടെ കഴിയുകയാണ്. ഈ വികസന റിപ്പോർട്ടു തയ്യാറാക്കുന്നതിൽ വിവിധമേഖലകളിലുള്ള നിരവധി പേർ, കക്ഷി രാഷ്ട്രീയ പരിഗണനകൾക്കതീതമായി ആത്മാർത്ഥമായി സഹകരിച്ചിട്ടുണ്ട്. അവർക്ക് സർവാത്മനാ നന്ദി രേഖപ്പെടുത്തുന്നു.

വികസന റിപ്പോർട്ട് ഒരു രേഖ മാത്രമാണ്. ഏട്ടിലെ പശു, നിത്യക്ഷീരദായിയായ ഒരു കാമധേനുവായി പരിണമിക്കണം. ആ പരിണാമ പ്രക്രിയയ്ക്ക് ആളർത്ഥസാധനസാമഗ്രികൾ അനിവാര്യഘടകമാണ്. താത്വികതലം വിട്ട് പ്രയോഗവല്ക്കരണ പ്രക്രിയയിലേക്ക് പാഞ്ഞടുക്കാൻ നാളുകളേറെയില്ല. ആ പ്രയാണത്തിൽ നല്ലവരായ നാട്ടുകാരുടെ സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

വടക്കാഞ്ചേരി,
30-11-1996.

ഉദാരസ്നേഹാദരങ്ങളോടെ,

(ഒപ്പ്)

**S. A. A. ആസാദ്**, (പ്രസിഡണ്ട്)

വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത്

# പഞ്ചായത്ത് ഭരണസമിതി

1. S.A.A. ആസാദ് [പ്രസിഡണ്ട്]
2. P. പാറുക്കുട്ടി വാരസ്യാർ [വൈ. പ്രസിഡണ്ട്]
3. A.M ഉണ്ണികൃഷ്ണൻ [സ്റ്റാൻറിംഗ് കമ്മിററി ചെയർമാൻ]
4. P.K. തോമസ് [മെമ്പർ]
5. Adv. P.I. ലോനപ്പൻ ,,
6. L. ഗിരിജ ടീച്ചർ ,,
7. കമലം ഉണ്ണികൃഷ്ണൻ ,,
8. V. K. ഗിരിജ ,,
9. V. ഹരൻ ,,
10. A.S. ഹംസ ,,
11. സേവിയർ ചിററിലപ്പിള്ളി ,,
12. T.M. മൊയ്തുട്ടി ,,
13. K. രാധാകൃഷ്ണൻനായർ [പഞ്ചായത്ത് സെക്രട്ടറി]

# മുൻപഞ്ചായത്ത് പ്രസിഡണ്ടുമാർ

1. Adv. K. നാരായണ മേനോൻ [ടൗൺ ഷിപ്പ്]
2. സീതാറാം കൃഷ്ണയ്യർ
3. ശങ്കരൻ വൈദ്യർ
4. K.A. മൊയ്തുസാഹിബ്
5. K.P.N. നമ്പീശൻ
6. P.K. ഏനതു
7. C.S. വൈദ്യനാഥയ്യർ
8. S.A.A. ആസാദ്

# ഉള്ളടക്കം

ആമുഖം

പഞ്ചായത്ത് പൊതുവിവരണവും ഭരണപരമായ ചരിത്രവും

സാമൂഹ്യ സാംസ്കാരിക ചരിത്രം

ഭൂപ്രകൃതി

5 A കൃഷി, ജലസേചനം

5 B മൃഗപരിപാലനം

5 C വിദ്യാഭ്യാസം

5 D വ്യവസായം

5 E കുടിവെള്ളവും, പൊതുജനാരോഗ്യവും

5 F ഗതാഗതം, ഊർജ്ജം, മാർക്കററിംഗ്

5 G പാർപ്പിടവും, സാമൂഹ്യക്ഷേമവും

5 H സഹകരണം

5 I വടക്കാഞ്ചേരി പഞ്ചായത്ത് സാംസ്കാരികം

5 J വനിതാക്ഷേമം

5 K പട്ടികജാതി, പട്ടികവർഗ്ഗം

5 L വിഭവസമാഹരണം

ഉപസംഹാരം



**S. A. A. ആസാദ്**
[പ്രസിഡണ്ട്]



**P. പാറുക്കുട്ടി വാരസ്യാർ**
[വൈ. പ്രസിഡണ്ട്]



**A. M ഉണ്ണി കൃഷ്ണൻ**
[സ്റ്റാൻറിംഗ് കമ്മിററി ചെയർമാൻ]



**P. K. തോമസ്**
[മെമ്പർ]



**Adv. P.I. ലോനപ്പൻ**
[മെമ്പർ]



**L. ഗിരിജ ടീച്ചർ**
[മെമ്പർ]



**കമലം ഉണ്ണികൃഷ്ണൻ**
[മെമ്പർ]



**V. K. ഗിരിജ**
[മെമ്പർ]



**V. ഹരൻ**
[മെമ്പർ]



**A. S. ഹംസ**
[മെമ്പർ]



**സേവിയർ ചിററിലപ്പിള്ളി**
[മെമ്പർ]



**T. M. മൊയ്തുട്ടി**
[മെമ്പർ]



**N. P. മുഹമ്മദാലി മാസ്ററർ**
ജനറൽ കൺവീനർ വികസന സമിതി
വടക്കാഞ്ചേരി, ഗ്രാമപഞ്ചായത്ത്



**K. രാധാകൃഷ്ണൻനായർ**
[പഞ്ചായത്ത് സെക്രട്ടറി]

# വടക്കാഞ്ചേരി പഞ്ചായത്ത് മേപ്പ്



## ആമുഖം

നീറുന്ന നൂറു് നൂറായിരം പ്രശ്നങ്ങൾക്കിടയിലാണ് സ്വതന്ത്രഭാരതം ജന്മമെടുത്തതു്. ബ്രിട്ടീഷ് സമ്രാജ്യത്തം മാംസമജ്ജാദികൾ കാർന്നുതിന്നു് എല്ലും തോലുമായിതീർന്ന സ്വതന്ത്ര ഇന്ത്യ, ആവശ്യത്തിന് ഭക്ഷണപദാർത്ഥങ്ങളില്ല; എങ്ങും കറവയററ ഊഷരഭൂമികൾ. വ്യവസായങ്ങളില്ല; തൊഴിലില്ലായ്മ പ്രശ്നങ്ങൾ. വേണ്ടത്ര വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല; ഇടത്തരക്കാർക്കുപോലും വിദ്യാഭ്യാസം അന്യം. ആതുരാലയങ്ങളോ, ആതുരസേവകരോ വളരെ വിരളം. അമേരിക്കൻ ഐക്യനാടുകളിലെ മാടുകൾ പോലും തിന്നാൻ മടിക്കുന്ന പുഴുത്ത ഗോതമ്പിനായി നാട്ടുകാർ കൂട്ടംകൂട്ടമായി കാത്തുനിന്നിരുന്ന കരളലയിക്കുന്ന കദനകഥ; അതാണ് ഇന്ത്യ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പഞ്ചവത്സര പദ്ധതികളുടെ യഥാർത്ഥ പീഠിക.

പദ്ധതികൾ പലതുകഴിഞ്ഞുപോയി. ആസൂത്രണത്തിലെ സൂത്രക്കുറവും, നടപ്പാക്കുന്നതിലെ പാളിച്ചകളും പോരായ്മകളുടെ പട്ടികയ്ക്കു് ആക്കം കൂട്ടി. ക്രമാതീതമായ ജനസംഖ്യാവർദ്ധനവും, സമ്പത്ത് ചില കേന്ദ്രങ്ങളിൽ കുന്നുകൂടാൻ കാരണമായതും ഉപര്യുക്തകാര്യങ്ങളുടെ പ്രത്യക്ഷ കാരണങ്ങളായി.

അനുഭവമാണല്ലോ യഥാർത്ഥ ആചാര്യൻ. കുററമററൊരു പദ്ധതിയ്ക്കായി ജനം കാതോർത്തു അതാണ് ഒമ്പതാം പഞ്ചവത്സര പദ്ധതി: അതെ, ജനകീയാസൂത്രണ പദ്ധതി. ഉപഭോക്താവുതന്നെ ഉപഭോഗപദാർത്ഥം കണ്ടെത്തുകയും കരഗതമാക്കുകയും ചെയ്യുന്ന സരളമാറ്റം. ജനപങ്കാളിത്തമാണ് ഇതിന്റെ ജീവാംശം.

# അണിയറ പ്രവർത്തനങ്ങൾ

പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരം പന്ത്രണ്ട് വാർഡുകളിലും വിപുലമായി ഗ്രാമസഭകൾ ചേർന്നു് വിശദമായ ചർച്ചകൾക്ക് ശേഷം ഗ്രാമസഭാ റിപ്പോർട്ടുകളുണ്ടാക്കി. വടക്കാഞ്ചേരി പഞ്ചായത്തിന്റെ വിശദമായ വിഭവ ഭൂപടം തയ്യാറാക്കി. ഒരളവോളം സമാന പ്രകൃതിയുള്ളവയും ദിക്കെട്ടും ശിരസ്സുയർത്തി പരന്നുനില്ക്കുന്നവയുമായ വടക്കാഞ്ചേരിയുടെ വിവിധ മേടുകളിൽനിന്നും വടക്കാഞ്ചേരി പുഴയുടെ ഓരങ്ങളിലേക്ക് പഠന പര്യടനം നടത്തി; ഭൂവിഭവ പ്രകൃതികളുടെ രേഖ തയ്യാറാക്കി ഒന്നും രണ്ടും ഘട്ട പരിശീലന ക്ലാസ്സുകൾ നടത്തി. ബ്ലോക്ക് ജില്ലാതല പരിശീലന ക്ലാസ്സുകളിൽ വാർഡുപ്രതിനിധികളെ പങ്കെടുപ്പിച്ചു പരിശീലിപ്പിച്ചു.

ഇതിനിടയിൽ പഞ്ചായത്ത് മേഖലയിൽ വരുന്ന വിവിധ ഡിപ്പാർട്ടുമെൻറുകളിൽ നിന്നു് ലഭ്യമായ ഡാററ കളക്ഷൻ നടത്തിയിരുന്നു. ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് നടപ്പുപദ്ധതികളുടെ വിശദാംശങ്ങൾ ശേഖരിച്ചു. പഞ്ചായത്ത് അതിർത്തിയിൽ വിവിധ വിഷയങ്ങളിൽ വിദഗ്ധരായവരെ കൂടി പരിശീലന ക്ലാസ്സുകളിൽ പങ്കെടുപ്പിച്ച് വികസനരേഖ തയ്യാറാക്കുന്നതിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്തി. ഗ്രാമസഭാറിപ്പോർട്ടുകൾ ക്രോഡീകരിച്ച്, വിശദമായ ചർച്ചകളിലൂടെ വിവിധ ഗ്രൂപ്പുകളുടെ വളരെ ദിവസങ്ങളിലെ പ്രവർത്തനത്തിന്റെ പ്രകടമായ പ്രതിഫലനമാണ്, ഈ റിപ്പോർട്ട്.

## പഞ്ചായത്ത്: പൊതുവിവരണവും ഭരണപരമായ ചരിത്രവും

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | വടക്കാഞ്ചേരി, എങ്കക്കാട്, കുമരനെല്ലൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | വടക്കാഞ്ചേരി |
| താലൂക്ക് | : | തലപ്പിള്ളി |
| അസംബ്ലി മണ്ഡലം | : | വടക്കാഞ്ചേരി |
| വിസ്തീർണ്ണം | : | 27.97 Sq km. |
| ജനസംഖ്യ | : | 28692 |
| ജനസാന്ദ്രത | : | 1026 |
| വാർഡുകൾ | : | 12 |
| ജില്ല | | തൃശ്ശൂർ |

### ഭരണപരമായ ചരിത്രം

1962 ജനവരി 1—ാംതിയ്യതിയാണ് വടക്കാഞ്ചേരി, എങ്കക്കാട്, കുമരനെല്ലൂർ എന്നീ വില്ലേജുകൾ, ഉൾക്കൊള്ളുന്ന വടക്കാഞ്ചേരി പഞ്ചായത്ത് നിലവിൽ വന്നത്. അതിനുമുമ്പ്, ഇന്നത്തെ തെക്കുംകര പഞ്ചായത്തും മുണ്ടത്തിക്കോട് പഞ്ചായത്തിലെ 2 വില്ലേജുകളും എരുമപ്പെട്ടി പഞ്ചായത്തിലെ ഒരു വില്ലേജും ഉൾപ്പെടുന്ന വിസ്തൃതമായ ഒരു പ്രദേശം ഈ പഞ്ചായത്തിലായിരുന്നു. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് നിർണ്ണയം ചെയ്തപ്പോൾ ഇതൊരു സ്പെഷൽ ഗ്രേഡ് പഞ്ചായത്തായി ഉയർന്നു. 1991-ലെ കാനേഷുമാരി കണക്കനുസരിച്ച് 28629 ആണ് മൊത്ത ജനസംഖ്യ.

## പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും

### I. കുടിവെള്ളം

12 വാർഡുകളുള്ള ഈ പഞ്ചായത്തിൽ എങ്കക്കാട്, അകമല, കുമരനെല്ലൂർ, കുമ്പളങ്ങാട്, കുട്ടാൻ ഹരിജൻ കോളനി, കോരല്ലൂർ, വടക്കാഞ്ചേരി എന്നീ പേരുകളിൽ ഏഴു ജലവിതരണ പദ്ധതികൾ നിലവിലുണ്ട്. 292 പൊതുവിതരണ ടാപ്പുകൾ വിതരണ സജ്ജമാണ്. എന്നാൽ പ്ലാനിങ്ങിന്റെ സാങ്കേതികതകരാറുമൂലം ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. എല്ലാ വാർഡുകളിലും ഭൂപ്രകൃതിക്കനുസൃതമായി ഓരോ പദ്ധതികൾ ആവിഷ്കരിച്ച് കുടിവെള്ളക്ഷാമത്തിനു ശാശ്വതപരിഹാരം കാണാൻ ഇന്നത്തെ ഭരണസമിതി അടിയന്തിര നടപടികൾ സ്വീകരിച്ചു വരികയാണ്.

### II. ഗതാഗതം:

ഈ പഞ്ചായത്തിൽ 82.200 കി. മീ റോഡുകളുണ്ട്. 5 വർഷത്തിനുള്ളിൽ സഞ്ചാരയോഗ്യമായ എല്ലാ റോഡുകളും ടാറിങ്ങ് നടത്താനും ബൈപാസ്സുകൾ നിർമ്മിച്ച് ഗതാഗത കുരുക്കുകൾ ഒഴിവാക്കാനും വിപുലമായ രീതിയിൽ ബസ്സ് സ്റ്റാന്റ് നിർമ്മിക്കാൻ ലക്ഷ്യമിട്ടിരിക്കയാണ്. അതിന്റെ മുന്നോടിയായി ഓട്ടുപാറ മേഖലയിൽ ലക്ഷ്യം കണ്ടെത്തിയിരിക്കയാണ്. വളരെ കാലമായി ജനങ്ങൾ മുറവിളി കൂട്ടുന്ന മേൽപാലം എന്ന ആവശ്യം യുദ്ധകാലാടിസ്ഥാനത്തിൽ പ്രാവർത്തികമാക്കാനും വടക്കാഞ്ചേരി വഴിയുള്ള യാത്രാക്ലേശത്തിനു ശാശ്വത പരിഹാരം കാണാനും ഈ ഭരണസമിതി പ്രതിജ്ഞാബദ്ധമാണ്.

### III. വെളിച്ചം:

ഈ പഞ്ചായത്തതൃത്തിയിൽ ഇന്ന് 704 സ്ട്രീറ്റ് ലൈറ്റുകളുണ്ട്. എന്നാൽ ഇന്നും വെളിച്ചം എത്തിനോക്കാത്ത പ്രദേശങ്ങളും ഇല്ലാതായില്ല. എത്തിയപ്രദേശങ്ങളിൽപോലും വെളിച്ചം കണ്ണുതുറക്കാത്ത അവസ്ഥയുമുണ്ട് ഈ അവസ്ഥയ്ക്ക് എത്രയും വേഗം പരിഹാരം കാണുന്നതിനു ടൗണിലും പ്രധാന സ്ഥലങ്ങളിലും സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇലക്ട്രിസിറ്റി അധികൃതരുമായി ബന്ധപ്പെട്ട് ഇരുട്ടെന്ന ശാപത്തിനു മോചനമുണ്ടാക്കാൻ ഒരു ഇലക്ട്രിസിറ്റി ഡിവിഷൻ ആപ്പീസ് സ്ഥാപിക്കുന്നതിനു നടപടികൾ എടുത്തുവരികയാണ്.

## IV. ശുചീകരണം:

ദൈനംദിനം ഈ പഞ്ചായത്തിനെ അലട്ടിക്കൊണ്ടിരിക്കുന്ന ഒരു പ്രധാന പ്രശ്നമാണ് ശുചീകരണം. പ്രധാന വീഥികളിൽ പുറംതള്ളപ്പെടുന്ന മാലിന്യങ്ങൾ പൂർണ്ണമായി നീക്കം ചെയ്ത് ശുചിയാക്കാൻ ഇന്നത്തെ സാഹചര്യത്തിൽ വിഷമങ്ങളേറെയുണ്ട്. അനുയോജ്യമായ സ്ഥലത്തിന്റെ നിർലഭ്യതയാണ് പ്രധാന പ്രശ്നം. പഞ്ചായത്തിന്റെ കൈവശമുള്ള സ്ഥലമാവട്ടെ സാങ്കേതിക പ്രശ്നങ്ങളാൽ ഗതിമുട്ടിക്കിടക്കുന്നു. ഈ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് പരമാവധി പ്രവർത്തിക്കുന്നുണ്ട്. തൃപ്തികരമായ അവസ്ഥയല്ല ഇന്നുള്ളത്. ഈ ദുസ്ഥിതിക്ക് ശാശ്വത പരിഹാരം കാണാൻ ഭരണസമിതി മാത്രം മുന്നോട്ടുവന്നാൽ പോര എന്ന യാഥാർത്ഥ്യം കണക്കിലെടുത്ത് ഇന്നാട്ടിലെ ജനങ്ങൾ കൂടി സഹായിക്കുകയും സഹകരിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

## പരിഹാരമാർഗ്ഗങ്ങൾ:

i നമ്മുടെ പഞ്ചായത്ത് വൃത്തിയായായി സൂക്ഷിക്കുവാൻ നാം തന്നെ മുന്നോട്ടുവരണം.

ii പഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ള തൊട്ടികളിൽ തന്നെ മാലിന്യങ്ങൾ നിക്ഷേപിക്കാൻ തയ്യാറാവണം.

iii പഞ്ചായത്തിന് സ്ഥിരമായി മാലിന്യങ്ങൾ ഇടുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാക്കാൻ സഹായിക്കണം.

iv മാലിന്യങ്ങൾ സംസ്കരിച്ച് വളവും പാചകവാതകങ്ങളും നിർമ്മിക്കുകയാണെങ്കിൽ അതൊരു പരിഹാരമാവും. അതിനു സർക്കാരോ സ്വകാര്യ സ്ഥാപനങ്ങളോ വ്യക്തികളോ മുന്നോട്ടുവരേണ്ടിയിരിക്കുന്നു.

എന്തായാലും ശുചീകരണ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിയിട്ടുണ്ട്. മാലിന്യങ്ങൾ എടുത്തു മാററുന്നതിനും ശുചീകരണ പ്രവർത്തനം നടത്താനായി ട്രാക്ടർ വാങ്ങിക്കുന്നതിനും ഓടകൾ അററകുററപ്പണികൾ നടത്തി വൃത്തിയാക്കുന്നതിനും ആവശ്യമുള്ളിടത്ത് പുതിയ കാനകൾ നിർമ്മിക്കുന്നതിനും നടപടികൾ എടുത്തുവരുന്നുണ്ട്. പൊതുമാർക്കററുകൾ സ്ഥാപിക്കാനും നിലവിലുള്ള മാർക്കററ് വിപുലീകരിക്കാനുമുള്ള തീവ്രയത്നപരിപാടിയിലാണ് ഇന്നത്തെ ഭരണസമിതി.

## V. ആരോഗ്യം:

സർക്കാർ, സ്വകാര്യമേഖലകളിലായി 8 ആസ്പത്രികൾ ഇന്നുണ്ട്. സർക്കാർ ആസ്പത്രിയുടെ ഇന്നത്തെ ശോച്യാവസ്ഥക്ക് പരിഹാരമുണ്ടാകണം. ഇതൊരു സമ്പൂർണ്ണ ആരോഗ്യ കേന്ദ്രമായി ഉയർത്തേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയുർവ്വേദം, വിഷചികിത്സ, ഹോമിയോ എന്നീ സ്ഥാപനങ്ങൾക്ക് സ്വന്തമായി ഇന്നും കെട്ടിടങ്ങളില്ല. 'ആരോഗ്യമുള്ള ജനതയാണ് നാടിന്റെ അഭിവൃദ്ധിയുടെ അടിത്തറ'.എന്ന മുദ്രാവാക്യം മുന്നിൽകണ്ടുകൊണ്ട് ആരോഗ്യപരിപാലനത്തിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്താനും സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിച്ചുനല്കാനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

## VI കൃഷിവികസനം:

ജലസേചനത്തിലെ അപര്യാപ്തതയാണ് കൃഷകന്റെ മുഖ്യപ്രശ്നം. ചിറകൾ അടക്കം മൊത്തം 20 പദ്ധതികൾ ഇന്നുണ്ടെങ്കിലും കേവലം 1200 ഹെക്ടർ സ്ഥലത്തുമാത്രമാണ് ഇന്ന് കൃഷി ചെയ്യുന്നത്. വടക്കാഞ്ചേരി പഞ്ചായത്തിന്റെ ഹൃദയഭാഗത്തുകൂടി ഒഴുകുന്ന വടക്കാഞ്ചേരി പുഴ സംരക്ഷിക്കുകയും ആവശ്യമായ സ്ഥലങ്ങളിൽ ചെക്ക ഡാമുകൾ കെട്ടി വെള്ളം സംഭരിച്ച്, ആവശ്യാനുസരണം ലഭ്യമാക്കുകയും വേണം. ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ അടിയന്തിര നടപടികൾക്കായി പഞ്ചായത്ത് ഭരണസമിതി അധികൃതരുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചുവരികയാണ്.

## VII പാർപ്പിട സൗകര്യം:

തലചായ്ക്കാൻ ഒത്തിരി മണ്ണ് എന്ന ലക്ഷ്യത്തോടെ സ്വന്തമായി ഭൂമിയില്ലാത്ത ദരിദ്രജനവിഭാഗങ്ങൾക്ക് വീടുവെച്ചുതാമസിപ്പിക്കാൻ പല പദ്ധതികളും ആവിഷ്കരിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതുവരെ 12 ഏക്ര ഭൂമി സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ വാങ്ങി 240 കുടുംബങ്ങൾക്ക് 4 സെന്റ് വീതം നൽകിക്കഴിഞ്ഞു. രണ്ടേകാൽ ഏക്ര സ്ഥലം കൂടി വാങ്ങി ഈ ആവശ്യാർത്ഥം വിതരണം നടത്താൻ പ്രാരംഭ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. മാത്രമല്ല, ദരിദ്ര ദുർബല വിഭാഗങ്ങൾക്ക് കക്കൂസ്സുണ്ടാക്കുന്നതിനും, വീടുകൾ വൈദ്യുതീകരിക്കുന്നതിനും പഞ്ചായത്തിന്റേയും സർക്കാരിന്റേയും

സഹായത്തോടെ, പദ്ധതികൾ ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## VIII വ്യവസായം

ഒരു നാടിന്റെ വികസനത്തിന്റെ മുഖ്യ ഘടകങ്ങളിൽ ഒന്നാണ് വ്യവസായം. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സാമ്പത്തിക ഉന്നമനത്തിനും മുഖ്യനിദാനം വ്യവസായവൽക്കരണമാണല്ലോ? ഈ പരമാർത്ഥം മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് ഓരോ മേഖലയിലും മിനിവ്യവസായ യൂണിററുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത്. വ്യവസായ യൂണിററുകൾക്ക് അനുയോജ്യമായ സങ്കേതങ്ങളും ഉല്പന്നങ്ങൾക്ക് വിപണിയും കണ്ടെത്താൻ ശ്രമിച്ചുവരികയാണ്. സക്കാരിന്റെ സാമ്പത്തിക സഹായത്തോടുകൂടി ഇത്തരം സംരംഭങ്ങൾക്ക് തുടക്കം കുറിച്ചാൽ ഇവിടത്തെ തൊഴിലില്ലായ്മാ പ്രശ്നങ്ങൾക്കും അതൊരളവോളം സഹായകമാകും. അതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്.

## IX പൊതുവിതരണ സമ്പ്രദായം

വില വർദ്ധനവിനു കടിഞ്ഞാണിടാൻ വാർഡുകൾ തോറും മാവേലി സ്റ്റോറുകളും ഷോപ്പിങ്ങ് കോംപ്ലക്സുകളും പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പച്ചക്കറി സ്റ്റാളുകളും സ്ഥാപിക്കാനും അടിയന്തിര നടപടികൾ എടുത്തുവരുന്നു.

## X ഹരിജനക്ഷേമം

സാമൂഹ്യക്ഷേമം മുന്നിൽ കണ്ടുകൊണ്ട് അവശരും ആലംബഹീനരുമായ ഹരിജനവിഭാഗങ്ങൾക്ക് എല്ലാ മേഖലകളിലും അർഹമായ പ്രാതിനിധ്യം നൽകിക്കൊണ്ട് സർവ്വസഹായങ്ങളും പഞ്ചായത്ത് നൽകുന്നതാണ്.

## XI കലാകായികരംഗം

കലാകായിക സാംസ്കാരിക രംഗത്ത് വളർന്നുവരുന്ന തലമുറകൾക്ക് പ്രോത്സാഹനം നല്കാൻ മിനിസ്റ്റേഡിയം, ചിൽഡ്രൻസ് പാക്ക് സാംസ്കാരിക നിലയങ്ങൾ എന്നിവ നിമ്മിച്ച് ഇന്നത്തെ അവസ്ഥയ്ക്ക് മാററം വരുത്താൻ തീരുമാനിച്ചിട്ടുണ്ട്. സൗകര്യമുള്ള ഒരു കല്ല്യാണമണ്ഡപവും ലക്ഷ്യത്തിലുണ്ട്. ആരോഗ്യപരിപാലനത്തിനും, സാംസ്കാരിക ഉന്നമനത്തിനും, വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കാൻ ബദ്ധ ജററിൽ വകകൊള്ളിച്ചിട്ടുള്ള കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

## വികസനത്തിന്റെ പാതയിൽ

ഇന്നുള്ള റെയിൽവേ സ്റ്റേഷൻ നാമമാത്രമാണ്. അതു് വികസിപ്പിച്ച് പ്രധാന റെയിൽവേ സ്റ്റേഷനാക്കണം. തലപ്പിള്ളി താലൂക്ക് ആസ്ഥാനമായ വടക്കാഞ്ചേരിയിൽ ഒരു റവന്യു ടവർ നിമ്മിക്കാനും, ട്രാൻസ്പോർട്ട് സ്റ്റേഷൻ നിമ്മിച്ച് യാത്രാസൗകര്യം വിപുലീകരിക്കാനും അഗ്നിബാധയിൽനിന്നും രക്ഷനേടാൻ ഒരു ഫയർസ്റ്റേഷൻ നിമ്മിക്കാനും, സക്കാർ ഉദ്യോഗസ്ഥന്മാർക്ക് ഹോസ്ററലുകൾ ഉണ്ടാക്കുന്നതിനും, പഞ്ചായത്ത് ആപ്പീസ് കോമ്പൗണ്ടിൽ ഒരു മിനി സിവിൽ സ്റേറഷൻ സ്ഥാപിക്കാനും ഉള്ള നിർദ്ദേശങ്ങൾ പഞ്ചായത്തു ഭരണസമിതി രൂപംകൊടുത്ത മററു വികസന പദ്ധതികളുടെ പട്ടികയിൽ സ്ഥാനം പിടിച്ചിട്ടുണ്ടെന്ന കാര്യം പ്രത്യേകം പ്രസ്താവിക്കട്ടെ!

## ഗ്രാമവികസന ബ്ലോക്കുകൾ

വികസന പ്രക്രിയയിൽ ഗ്രാമ വികസന ബ്ലോക്കുകളുടെ പ്രവർത്തനം സുവിദിതമാണ്. ഇന്ത്യയുടെ ''ജീവൻനിലനിൽക്കുന്നതു് ഗ്രാമങ്ങളിലാണ്.'' എന്ന നമ്മുടെ രാഷ്ട്രപിതാവിന്റെ വാക്കുകളിൽ നിന്നാണ്. നമ്മുടെ ദേശീയ വികസന ബ്ലോക്കുകളുടെ ആവിർഭാവവും പഞ്ചായത്ത് രാജ് സംവിധാനം ഏർപ്പെടുത്താനുള്ള സംരംഭങ്ങളുടെ തുടക്കവും കുറിച്ചതു്.

ബ്രിട്ടീഷ് ഭരണാധികാരികൾ, ഭാരതത്തിലെ മൊത്തം ജനസംഖ്യയിൽ 80 ശതമാനത്തോളം വരുന്ന കഷ്കരായ ഗ്രാമീണരെ ചൂഷണമനോഭാവത്തോടെയാണ് വീക്ഷിച്ചിരുന്നതു്. ഇതുമൂലം നട്ടെല്ലൊടിഞ്ഞ ഗ്രാമീണ കർഷകരേയും, കൈത്തൊഴിലുകാരേയും ദേശീയ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും, അവരുടെ ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്താനും, രാഷ്ട്രപിതാവായ ഗാന്ധിജിയുടെ പഞ്ചായത്ത് രാജാശയം ഘട്ടംഘട്ടമായി ഏർപ്പെടുത്താൻ പരേതനായ പ്രഥമ പ്രധാന മന്ത്രി പ: ജവഹർലാൽനെഹ്റുവിന്റെ നേതൃത്വത്തിൽ 1952 ഒക്ടോബർ 2—ാംതിയ്യതി രൂപംകൊണ്ടതാണ് വികസന ബ്ലോക്കുകൾ.

കാർഷികോൽപാദനത്തിന്റെ ദ്രുതഗതിയിലുള്ള വിപുലീകരണം പരിപാടികളുടെ പ്രാഥമികോദ്ദേശ്യമായി നിശ്ചയിക്കപ്പെട്ടു. ഇതിനോടനുബന്ധിച്ച് കുടിൽ—ചെറുകിടവ്യവസായങ്ങളുടെ ഉന്നമനവും ലക്ഷ്യമാക്കി ഇതിനായി പഞ്ചവത്സര പദ്ധതികളുടെ

കീഴിൽ കുറഞ്ഞ ചിലവിൽ വൈദ്യുതിയുല്പാദിപ്പിക്കാനുള്ള സംരംഭങ്ങളും പാഴായിപ്പോവുന്ന ജലം അണക്കെട്ടുകൾ നിർമ്മിച്ച് കൃഷിക്കുപയോഗിക്കാനും തുടങ്ങി. കാർഷിക മേഖലയോട് മുഖം തിരിച്ച് നിന്നിരുന്ന വൻകിട ബാങ്കുകളിൽ 14 എണ്ണം ദേശസാൽക്കരിച്ച് രാഷ്ട്രത്തിന്റെ സ്വത്താക്കി.

പരിശീലനം ലഭിച്ച ഗ്രാമതല പ്രവർത്തകരിലൂടെ ശാസ്ത്ര-സാങ്കേതിക രംഗത്തെ നൂതനാശയങ്ങൾ ഗ്രാമീണരിൽ എത്തിക്കുകയും തദ്വാര ഭക്ഷ്യ - തൊഴിൽ മേഖലകളിൽ വമ്പിച്ച നേട്ടങ്ങളുണ്ടാക്കുകയും ചെയ്തു.

ഇവകൂടാതെ, N·R·E·P, RLEGP, JRY പദ്ധതികൾ പ്രകാരം 3 കി. മീററർ റോഡുനിർമ്മാണവും സ്കൂളുകളിൽ ശുദ്ധജല സംഭരണികൾ, മല-മൂത്രവിസർജ്ജനത്തിനുള്ള കക്കൂസ്സ്, മൂത്രപ്പുരകൾ എന്നിവയുടെ പ്രവർത്തനവും ഗ്രാമവികസന വകുപ്പുവഴി പഞ്ചായത്തിൽ നിർമ്മിച്ചിട്ടുണ്ട്.

പഞ്ചായത്ത്‌രാജ് തീരുമാനം നടപ്പാക്കി ഭാരത ജനതയെ ഇരുപത്തൊന്നാം നൂററാണ്ടിലേക്ക് നയിക്കാൻ പ്രതിജ്ഞാബദ്ധനായി പുറപ്പെട്ട യുവതലമുറയുടെ പ്രതീകമായ ശ്രീ. രാജീവ്ഗാന്ധിക്ക് അന്നതുകഴിയാതെ പോയി. ആ ദൌത്യം നിർവ്വഹിച്ചത് മുൻ പ്രധാനമന്ത്രി ശ്രീ. നരസിംഹറാവുവാണ്. അത് നടപ്പാക്കാനുള്ള അധികാരവും അവസരവും ഇന്നത്തെ കേരള സർക്കാരിനു ലഭിച്ചിരിക്കയാണ്. പ്രബുദ്ധരായ ഗ്രാമീണ ജനതയുടെ കൈകളിൽ അധികാരത്തിന്റെ താക്കോൽ ലഭിച്ചിരിക്കുന്നു. എന്തുവേണമെന്ന് ജനങ്ങൾ തീരുമാനിക്കട്ടെ! ത്രിതല പഞ്ചായത്തുകൾ നിലവിൽ വന്നതിനാൽ, ബ്ലോക്കു ജില്ലാതല പഞ്ചായത്തുകൾക്കും ഗ്രാമീണജനതയെ സേവിക്കാനുള്ള ഈ സംരംഭത്തിൽ അർഹമായ സ്ഥാനം ലഭിക്കും.

# സാമൂഹ്യ-സാംസ്കാരിക ചരിത്രം

വളരെയേറെ ചരിത്രപശ്ചാത്തലമൊന്നും പറയാനില്ലെങ്കിലും, ഒരു കാലഘട്ടത്തിന്റെ മാഞ്ഞുപോയ സ്മരണകളുമായി നമുക്ക് മുന്നോട്ടുപോകാം. പെരുമ്പടപ്പ് സ്വരൂപത്തിന്റെ പ്രതാപവും, പ്രസിദ്ധിയും, ഭരണത്തിന്റെ സിരാതന്തുക്കളും ഒരുത്തിവരെ പ്രാമുഖ്യം പുലർത്തിയിരുന്ന ഒരു പ്രദേശമാണ് വടക്കാഞ്ചേരി. രാജകീയ ശാസനത്തിന്റെ ഒരു ചെറിയ കേന്ദ്രം വടക്കാഞ്ചേരിയിലായിരുന്നതായി രേഖകൾ പറയുന്നു. തൃശ്ശൂർ ജില്ലയുടെ വടക്കുഭാഗത്തു, വള്ളുവനാടൻ ഗ്രാമങ്ങളെ ഉററുനോക്കി ചരിത്രത്തിന്റെ സ്മരണകൾ അയവിറക്കി ഒതുങ്ങിക്കഴിയുന്ന ഈ ഗ്രാമം ഒരു കാർഷികമേഖലകൂടിയാണ്.

കിഴക്കുഭാഗത്ത് നീലിമയാർന്ന മച്ചാട്ടുമലയും, തെക്കുഭാഗത്ത് ഹരിതാഭയാർന്ന പച്ചിലക്കാടുകൾ, പശ്ചിമഭാഗത്ത് പരവതാനി വിരിച്ചുകിടക്കുന്ന വയലേലകൾ! വടക്കു-തെക്കുഭാഗങ്ങളിൽ വൈധവ്യം ബാധിച്ചുകിടക്കുന്ന മൊട്ടക്കുന്നുകൾ! മദ്ധ്യത്തിലൂടെ, മച്ചാട്ടുമലയിൽനിന്നും ഉത്ഭവിച്ച് കളകളാരവം മുഴക്കി മന്ദം മന്ദം ഒഴുകി നീങ്ങുന്ന വടക്കാഞ്ചേരി പുഴ! ഇതാണ് വടക്കാഞ്ചേരി.

കർഷക തൊഴിലാളികളും, ഇടത്തരം കൃഷിക്കാരും ഉൾക്കൊള്ളുന്ന ഒരു കാർഷികമേഖല — പക്ഷെ രാജകീയ ചരിത്ര സ്മരണകൾ ഇവിടെ ഉറങ്ങിക്കിടക്കുന്നുണ്ട്.

ഇന്നത്തെ സർക്കാർ ഹൈസ്കൂളും, താലൂക്കാഫീസും നിൽക്കുന്ന സ്ഥലങ്ങൾ സൈനികതാവളമായിരുന്നു എന്ന് ചില രേഖകളിൽ കാണുന്നു. കോഴിക്കോട് സാമൂതിരിപ്പാടുമായി യോജിച്ച് കൊള്ളക്കാരനായ ''ചുണ്ടൽ നമ്പിയെ'' ഒതുക്കാൻ സൈന്യം നീങ്ങിയതു് ഇവിടെനിന്നാണ് എന്നു പറയപ്പെടുന്നു.

വർഷങ്ങൾക്ക മുമ്പ് സ്ഥലനാമത്തിലും മാററം വന്നതായിപറയപ്പെടുന്നു. തിരുവാതിരപ്പാട്ടിന്റെ കർത്താവായ മച്ചാട്ട്ഇളയത്ത് ജനിച്ചതും ഈ സ്ഥലത്തിന്നടുത്തുതന്നെ.

## അൽപം ചരിത്രം

ഒരു കാലത്ത് വടക്കാഞ്ചേരി ഒരു ടൌൺ ഷിപ്പായിരുന്നു. പരന്നുകിടക്കുന്ന വിശാലമായ സ്ഥലം-പിന്നീട് പഞ്ചായത്തായി. വീണ്ടും തെക്കുംകരയെന്ന മറെറാരു പഞ്ചായത്തിനും ജന്മംകൊടുത്തു. കുറെ ഭാഗങ്ങൾ മററു പഞ്ചായത്തുകളിലേക്ക് ലയിപ്പിച്ചു.

'കൊല്ലിനും കൊലക്കും' അധികാരമുണ്ടായിരുന്ന കേളത്തച്ഛൻ,സാമൂതിരിയുടെപ്രധാനമന്ത്രിയായിരുന്ന മങ്ങാട്ടച്ഛൻ, വൈദികശ്രേഷ്ഠന്മാരും, വിഷവൈദ്യന്മാരുംആയിരുന്ന അവണപ്പറമ്പ് മനയ്ക്കൽ നമ്പൂതിരിമാർ എന്നിവർ ഈ പഞ്ചായത്തിൽപെട്ടവരാണ്.

വടക്കാഞ്ചേരിയുടെ നവോത്ഥാന ചരിത്രത്തിൽ വക്കീൽ പി. കുമാരനെഴുത്തച്ഛൻ, അഡ്വ. കൊടയ്ക്കാടത്ത് ബാലകൃഷ്ണമേനോൻ, വി. കെ. നാരായണഭട്ടതിരി, മാടമ്പ് നാരായണൻ നമ്പൂതിരി, സി. സി. അയ്യപ്പൻ തുടങ്ങിയവർ ഓർമ്മിക്കപ്പെടേണ്ട ചിലരാണ്.

അടിമത്ത സമ്പ്രദായം നിലനിന്നിരുന്ന ഇവിടെ പ്രത്യേകം വ്യവസായങ്ങളില്ല. കൈത്തൊഴിലുകൾ കുറവ്, കാർഷിക മേഖലയിലെ ,,അടിമപ്പണി''യിലൂടെ ജീവിച്ചിരുന്ന ഒരു വർഗ്ഗം-പന്ത്രണ്ടോളം ഹരിജൻ കോളനികളുണ്ട്. വിദ്യാഭ്യാസത്തിൽ വളരെ പിന്നോക്കമായിരുന്നു. ഇപ്പോൾ കുറെയൊക്കെ സാക്ഷരത നേടി ഉയർന്നുവന്നിട്ടുണ്ട്.

വളർന്നുവരുന്ന ഒരു പട്ടണപ്രദേശമെന്ന നിലയിൽ വളരെ കുറച്ചു സൗകര്യങ്ങളേ ഇവിടെയുള്ളു. തൃശ്ശൂർ - ഷൊർണ്ണൂർ റെയിൽവെ ലൈൻ, ചില റോഡുകൾ എന്നിവ കഴിച്ചാൽ കാര്യമായ ഒരു ഗതാഗത സൗകര്യവും അന്നുണ്ടായിരുന്നില്ല. പിന്നീട് വാഴാനി റോഡും, കുന്നംകുളം വേലൂർ റോഡുകളും വന്നതോടുകൂടി ചില മാററങ്ങൾ വന്നിട്ടുണ്ട്.

വിദ്യാഭ്യാസ മേഖലയിൽ പ്രൈമറി സ്കൂളിൽ ഹൈസ്കൂളുകളും, ഒരുകോളേജും (വിദ്യാഭ്യാസ മേഖലയിൽ) കാര്യമായ സംഭാവന നൽകിയിട്ടുണ്ട്.

## സാംസ്കാരികം

64ലാണ് ഈ പഞ്ചായത്ത് പുനർവിഭജനം നടന്നത്. അതുവരെ ഈ മേഖലയിലായിരുന്ന സാംസ്കാരികനായകന്മാരായ സരസകവി ഒടുവിൽ കുഞ്ഞുകൃഷ്ണമേനോനും, മച്ചാട്ടിളയതും മററും ജനിച്ചതു് ഈ മണ്ണിലാണ്.

മഹാസംസ്കൃതപണ്ഡിതനായിരുന്ന വി. കെ. നാരായണഭട്ടതിരി സ്ഥാപിച്ച കേരളവർമ്മ ലൈബ്രറിയും മററും സാംസ്കാരിക രംഗത്തു മുദ്രപതിപ്പിച്ച സ്ഥാപനമാണ്.

കൊച്ചി രാജ്യത്ത് സ്വാതന്ത്ര്യ സമര ചരിത്രത്തിൽ വ്യക്തിമുദ്രപതിപ്പിച്ച പ്രജാമണ്ഡലം നീലകണ്ഠയ്യർ ആത്മാനന്ദതീർത്ഥനായി മാറിയതും സമാധിയായതും ഈ മണ്ണിലാണ്.

വടക്കാഞ്ചേരിയുടെ ദേശീയഉത്സവമായ ഉത്രാളിക്കാവുത്സവവും, ക്രിസ്ത്യൻ പള്ളി പെരുന്നാളും, ചന്ദനക്കുടം നേർച്ചയും അത്ഭുത പൂർവ്വമായ കാഴ്ചകളാണ്. എങ്കക്കാട്, വടക്കാഞ്ചേരി, കുമരനെല്ലൂർ ദേശക്കാർ മൽസരബുദ്ധ്യാ നടത്തപ്പെടുന്ന ഉത്രാളിക്കാവ് പൂരം തൃശ്ശൂർ ജില്ലയിലെ ഒരു പ്രധാന ഉത്സവമാണ്. അധഃസ്ഥിതരുടെ തെയ്യവും, പൂതനും മററും ഇവിടെ ഓർമ്മകളായി മാറുന്നു.

## വളർച്ചയുടെ ചരിത്രം

വടക്കാഞ്ചേരിപ്പുഴയുടെ രണ്ടു ഭാഗങ്ങളേയും യോജിപ്പിക്കുന്ന ഒരു പാലമുണ്ടായിരുന്നെങ്കിലും വികസന കാര്യത്തിലും വരുമാന കാര്യത്തിലും പഞ്ചായത്ത്പുറകിലായിരുന്നു. പിന്നീട് സ്ഥാപിച്ച ഷോപ്പിംഗ് കോംപ്ലക്സും,പുതിയ ബസ്സ്റ്റാന്റും വളർച്ചക്ക് വളരെ മുതൽക്കൂട്ടായി മാറുകയായിരുന്നു. 4 കമ്മ്യൂണിററി ഹാളുകളും ഒട്ടനേകം സാംസ്കാരിക സമിതികളും ഈ കാലഘട്ടത്തിന്റെ വളർച്ചയുടെ ഉദാഹരണങ്ങളാണ്. പ്രത്യേകിച്ച് സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന ആലോചന ചർച്ചാവേദി, സഹൃദയസമിതി, പുരോഗമന കലാസാഹിത്യ സംഘം എന്നിവ ഓർമ്മിക്കപ്പെടേണ്ടവയാണ്.

ആതുര ശുശ്രൂഷാരംഗത്തു് 1914ൽ കൊച്ചി ദിവാനായിരുന്ന സർ. ഷൺമുഖം ചെട്ടി സ്ഥാപിച്ച താലൂക്ക് ആസ്പത്രി, വിഷവൈദ്യ ആസ്പത്രി, സ്വകാര്യ മേഖലയിലുള്ള ഡിവൈൻ, ഡോക്ടേഴ്സ് മെഡിക്കൽ സെന്റർ, ഗംഗ മെഡിക്കൽ സെൻറർ എന്നിവ വടക്കാഞ്ചേരിയുടെ വളർച്ചയുടെ പാതയിലെ നാഴികക്കല്ലുകളാണ്.

ഈ സംവിധാനങ്ങളൊക്കെയുണ്ടെങ്കിലും ആധുനിക കമ്പ്യൂട്ടർ യുഗത്തിനനുസരിച്ച് വളരെവേഗം വളർന്നുവെന്നുപറയാൻ നിവൃത്തിയില്ല. എങ്കിലും ഒരു കാലഘട്ടത്തിൽ മുരടിച്ചുനിന്നിരുന്ന പട്ടണത്തിന്റെ വളർച്ച ഗൾഫ് മേഖലയുടെ സ്വാധീനവും, വ്യാപാരമേഖലയുടെ സംയോജനവും ഈ ഗ്രാമപഞ്ചായത്തിന്റെ വളർച്ചയിൽ സ്വാധീനം ചെലുത്തി വരുന്നുണ്ട്. പുതിയ ആസൂത്രിത പദ്ധതികൾ, സാമ്പത്തികമായി പുറകോട്ട് നിൽക്കുന്ന ഈ ഗ്രാമ പഞ്ചായത്തിന്റെ വളർച്ചക്ക് മുതൽക്കൂട്ടാവുമെന്ന് പ്രതീക്ഷിക്കുന്നു. ★

# ഭൂപ്രകൃതി

കുന്നുകളാൽ വലയം ചെയ്യപ്പെട്ട ഒരു ഭൂഭാഗമാണ് വടക്കാഞ്ചേരി. ഈ പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ കൊടിക്കുത്തിയ കുന്ന് കിഴക്കുഭാഗത്തും, പടിഞ്ഞാറ് കോട്ടപ്പുറം കുന്നും, വടക്ക് അകമല കുന്നും, തെക്ക് അമ്മാട്ടി കുന്നും സ്ഥിതിചെയ്യുന്നു. കൂടാതെ ചേപ്പലക്കോട്ട് കുന്ന്, ഉമാനം കുന്ന്, ചാലിക്കുന്ന്, കുരുപ്പുകുന്ന്, T. B. കുന്ന്, എന്നിങ്ങനെ അനേകം കുന്നുകൾ ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ചിന്നിച്ചിതറിക്കിടക്കുന്നു. ഈ കാരണത്താൽതന്നെ ജലക്ഷാമം അനുഭവിക്കുന്ന പ്രദേശമാണ് വടക്കാഞ്ചേരി പഞ്ചായത്ത്.

വടക്കാഞ്ചേരി പുഴ മങ്കരയിൽവെച്ച് ഈ പഞ്ചായത്തിൽ നീലാറ ചിറയിൽ പ്രവേശിക്കുന്നു. ഉമാനം ചോലയിൽനിന്നും ആരംഭിക്കുന്ന അകമല തോടും,, മൂർഖൻ ചിറയിൽ നിന്ന് റെയിൽവെ ക്രോസ്സ് ചെയ്ത് ഒഴുകുന്ന തോടും കൂടി ചേർന്ന് അഞ്ചാം ചാൽ എന്ന ഭാഗത്തുകൂടി ഒഴുകി ഓട്ടുപാറ ഗ്രാമത്തിന്റെ തെക്കുഭാഗത്തുകൂടി വടക്കാഞ്ചേരി പുഴയിൽ ചേരുന്നു.

കൈതക്കോട്ട ചിറയും, ചാത്തൻചിറയും ഈ പഞ്ചായത്തിലെ മുഖ്യ ജലസ്രോതസ്സുകളാണ്. കൂടാതെ അങ്ങിങ്ങായി കുളങ്ങളും, തോടുകളും ധാരാളമുണ്ടായിരുന്നു. ഇടവിട്ടുള്ള തടയണകളും ഉണ്ട്. ഭൂപ്രകൃതിയനുസരിച്ച് വടക്കാഞ്ചേരിയെ 5 വ്യത്യസ്ഥ ഭൂമേഖലയായി തിരിക്കാം.

1. ഉയന്ന കുന്നിൻ പ്രദേശങ്ങൾ
2. കുത്തനെയുള്ള ചരിവുകൾ
3. ഇടത്തരം ചരിവുകൾ
4. സമതല പ്രദേശങ്ങൾ
5. താഴ്‌വരകളും, പാടങ്ങളും

## 1-ാംഘട്ടം ഉയർന്ന കുന്നിൻ പ്രദേശങ്ങൾ.

ഈ മേഖലയിൽ ജലസ്രോതസ്സുകൾ ഒന്നുമില്ല. ഈ പ്രദേശങ്ങൾ കൃഷിയോഗ്യമല്ല. പല സ്ഥലങ്ങളിലും പാറക്കെട്ടുകൾ ഉണ്ട്. ഈ പ്രദേശങ്ങളിൽ അങ്ങിങ്ങ് ഏതാനും മരങ്ങൾ വളരുന്നുണ്ട്. അക്കേഷ്യ തുടങ്ങിയ പ്ലാന്റേഷനും ഈ പ്രദേശങ്ങളിലുണ്ട്. ചില പ്രദേശങ്ങൾ ഇടക്കെട്ടുകെട്ടി മണ്ണൊലിപ്പ് തടഞ്ഞിട്ടുണ്ട്.

## 2-ാംഘട്ടം കുത്തനെയുള്ള ചരിവുകൾ

കുന്നിൻ പ്രദേശത്തുനിന്നും സുമാർ ഓരോ കിലോമീററർ താഴോട്ടിറങ്ങിയാൽ ചരിവുപ്രദേശം തുടങ്ങുകയായി. എല്ലാ കുന്നിൻചെരിവുകൾക്കും സമാന പ്രകൃതിയാണ്. ഇവിടുത്തെ മണ്ണ് കൃഷിക്ക് യോഗ്യമാണ്. പ്രകൃതിദത്തമായ ജലസ്രോതസ്സുകൾ ഈ പ്രദേശത്തില്ല. 12 - 13 കോൽ വരെയുള്ള കിണറുകളുണ്ട്. ഡിസംബർ മാസംവരെ മാത്രമെ ഈ കിണറുകളിൽ വെള്ളം ലഭിക്കുന്നുള്ളു. കൂടുതൽ താഴോട്ടുചെന്നാൽ പാറക്കെട്ടുകളാണ്. ജലക്ഷാമം അനുഭവിപ്പിക്കുന്ന പ്രദേശമാണിത്.

കാട്ടുപന്നി, മുള്ളൻപന്നി, കുരങ്ങ്, ചെന്നായ, കുറുനരി, എന്നീ മൃഗങ്ങളേയും, മയിൽ, കുയിൽ, പരുന്ത്, തത്ത, മൈന, എന്നീ പക്ഷികളേയും ഈ പ്രദേശത്തുകാണാം. ഇവ അടുത്തുള്ള വനപ്രദേശങ്ങളിൽ നിന്നും എത്തുന്നവയാണ്.

തെങ്ങ്, പ്ലാവ്, മാവ്, തുടങ്ങിയ ഫലവൃക്ഷങ്ങൾ ഈ പ്രദേശങ്ങളിലുണ്ട്. വാഴ, ചേന, ചേമ്പ്, തുടങ്ങിയ പറമ്പുവിളകളുമുണ്ട്. ഈ പ്രദേശത്തെ വീടുകൾ ഭൂരിഭാഗവും ഓടുമേഞ്ഞവയാണ്. ജനങ്ങൾ അധികവും കൃഷി ആശ്രയിച്ച് ജീവിക്കുന്നവരാണ്.

## 3-ാംഘട്ടം ഇടത്തരം ചരിവുകൾ

ഈ പ്രദേശത്ത് ചെമ്മണ്ണാണ് ഉള്ളത്. കൃഷിക്ക് യോഗ്യമാണ് ഈ പ്രദേശം. ജലദൗർലഭ്യമുള്ള പ്രദേശമാണിതും. തെങ്ങ്, കവുങ്ങ്, റബ്ബർ, എന്നീ നാണ്യവിളകളാണ് അധികവും. വാഴ, ചേന, മുതലായഇടവിളകളും ഇവിടെയുണ്ട്.

പന്നി, കുരങ്ങ്, മുള്ളൻപന്നി, എന്നീ കാട്ടുജന്തുക്കളുടെ ശല്യം കൃഷിക്കാർക്ക് ഒരു വിനയാണ്. മയിൽ, കുയിൽ, തുടങ്ങിയ പക്ഷികളേയും ഇവിടെ കണ്ടുവരുന്നു. കൃഷിക്കാർ അധികവും സ്വന്തം ഭൂമി

യിൽ കൃഷിചെയ്തുവരുന്നു. കർഷകത്തൊഴിലാളികളും ഇവിടെയുണ്ട്. വീടുകൾ അധികവും ഓടുമേഞ്ഞവയാണ്.

## 4-ാംഘട്ടം സമതലപ്രദേശങ്ങൾ:

സമതല പ്രദേശങ്ങളിൽ തെങ്ങും, കവുങ്ങും, റബ്ബറും ധാരാളമായി കാണുന്നു. ചെമ്മണ്ണാണ് അധികവും ഇടവിളയായ വാഴ, പച്ചക്കറികൾ, എന്നിവയും ഈ പ്രദേശങ്ങളിലുണ്ട്.

ആടുമാടുകൾ, കോഴി, താറാവ്, എന്നിവയെ വളർത്തുന്നു. കാട്ടുപന്നിശല്യം ഈ പ്രദേശത്തെ കൃഷിക്കാരെ അലട്ടുന്ന പ്രശ്നമാണ്. കുയിൽ, മയിൽ തുടങ്ങിയ പക്ഷികളേയും കാണാം. ഏറെ വീടുകളും ഓടുമേഞ്ഞവയാണ്. ഇടക്കിടെ ടെറസ്സുകളും വ്യാപകമായുണ്ട്. നീരൊഴുക്കുള്ള ഭൂഭാഗമാണിത്. ഭൂഗർഭ ജലം ചൂഷണം ചെയ്യുകയാണെങ്കിൽ, ജലക്ഷാമത്തിന് അത് ഒരളവോളം പരിഹാരമാണ്. ജനസാന്ദ്രത ഏററവും കൂടുതലുള്ളത് ഈ പ്രദേശങ്ങളിലാണ്.

## 5-ാംഘട്ടം താഴ്‌വരകളും പാടങ്ങളും

ഏററവും ഫലഭൂയിഷ്ഠമുള്ള പ്രദേശമാണിത്. നെൽകൃഷിയാണ് പ്രധാനം. ഈ സ്ഥലങ്ങളിൽ പോലും നെൽകൃഷി ആദായകരമല്ലാത്തതിനാൽ, കൂടുതൽ പരിചരണം ആവശ്യമില്ലാത്ത തെങ്ങ്, കവുങ്ങ്, എന്നിവയിലേക്ക് കൃഷി മാററം നടന്നുകൊണ്ടിരിക്കുന്നു. യന്ത്രക്കലപ്പകളും, ശാസ്ത്രീയവളങ്ങളും ഒരു പരിധിവരെ ഉപയോഗിക്കുന്നു. പ്രകൃതിദത്തമായ കുളങ്ങളും, തോടുകളും നികരുകയോ നികത്തപ്പെടുകയോ ചെയ്തതിനാൽ ഇരുപ്പുനിലങ്ങളെല്ലാം ഒരുപ്പുനിലങ്ങളായി മാറിയിട്ടുമുണ്ട്. മഴയെ മാത്രം ആശ്രയിച്ചുള്ള കൃഷി ലാഭകരമല്ലാതായിത്തീർന്നിട്ടുണ്ട്. നിർമ്മാണ രംഗത്തെ ഉയർന്ന കൂലി കർഷകത്തൊഴിലാളികൾ ആ മേഖലയിലേക്ക് മാറാനും കാരണമായിട്ടുണ്ട്. ജനസംഖ്യാ വർദ്ധനവിനനുസരിച്ച്, പാർപ്പിട പ്രശ്നങ്ങളും തലപൊക്കുന്നതിനാൽ ലാഭകരമല്ലാത്ത കൃഷി ഭൂമികൾ നികത്തി ഭവന നിർമ്മാണവും വ്യാപകമായി നടക്കുന്നുണ്ട്.



# 5 (A) കൃഷി, ജലസേചനം

**ഭൂവിഭജനം:-**

വടക്കാഞ്ചേരി പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 1498.5 ഹെക്ടർ ആണ്. ആകെ വിസ്തൃതിയുടെ 20% നിലവും, 45% പറമ്പും, 33% പുറമ്പോക്കും. 2% തരിശും. (പുറമ്പോക്ക് എന്നത് വനവും പ്ലാന്റേഷനും) ആണ്.

1991ലെ കണക്കനുസരിച്ച് ഈ പഞ്ചായത്തിൽ 400 ഹെക്ടറോളം നെൽകൃഷി ഭൂമി ഉണ്ടായിരുന്നു. പൊതുവെ ഇരിപ്പുനിലങ്ങളായിരുന്നു. മുൻകാലങ്ങളിൽ കൃഷിഇനങ്ങളായ തവളക്കണ്ണൻ, ചിറ്റേനി, കട്ടമോഡൻ തുടങ്ങിയ നാടൻ വിത്തുകളായിരുന്നു ഉപയോഗിച്ചിരുന്നത്. 1959ൽ വാഴാനിഡാം നിർമ്മിച്ചതോടെ പുഴമാർഗ്ഗം വടക്കാഞ്ചേരിയുടെ ജലസേചന സൗകര്യം വർദ്ധിച്ചു. യന്ത്രവൽക്കരണവും, പുതിയ വിത്തിനങ്ങളും പ്രയോഗത്തിൽ വന്നതോടുകൂടി നെൽകൃഷിയിൽ കുറച്ചുകൂടി പുരോഗമനം ഉണ്ടായി. നെല്ല്, തെങ്ങ്, കവുങ്ങ്, കശുമാവ് മുതലായവ ആയിരുന്നു പഴയകാല കൃഷികൾ. പിന്നീട് കശുമാവിന്റെ സ്ഥാനം റബ്ബർ ഏറ്റെടുത്തു. തിരു–കൊച്ചി സംയോജനത്തിനുശേഷം മലയോര കർഷകരുടെ കുടിയേറ്റം ഈ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും വ്യാപകമാവുകയുണ്ടായി. ഇത് മൊത്തത്തിലുള്ള കാർഷികാഭിവൃദ്ധിക്ക് കാരണമായി. ഇവരുടെ കുടിയേറ്റം കാർഷികരംഗത്ത് കാര്യമായ മാറ്റമാണ് ഉണ്ടാക്കിയത്. കൃഷിക്ക് പ്രധാനമായും ജൈവവളങ്ങളാണ് അന്നൊക്കെ ഉപയോഗിച്ചിരുന്നത്.

ഇന്ന് വടക്കാഞ്ചേരി പഞ്ചായത്തിൽ ഉദ്ദേശം 265 ഹെക്ടറോളം സ്ഥലത്ത് മാത്രമെ നെൽകൃഷിയുള്ളു. ഇപ്പോഴത്തെ ഉൽപാദന ക്ഷമത ഒരു ഹെക്ടറിന് രണ്ട് ടൺ ആണ്, ഈ പഞ്ചായത്തിൽ 800 ഹെക്ടർ സ്ഥലത്ത് തെങ്ങും, 157 ഹെക്ടർ സ്ഥലത്ത് കവുങ്ങും, 150 ഹെക്ടർ സ്ഥലത്ത് റബ്ബറും കൃഷിചെയ്തുവരുന്നു. ഏകദേശം 68 ലക്ഷം നാളികേരവും, 512ടൺ നെല്ലും ഈ പഞ്ചായത്തിൽ ഉൽപാദിപ്പിയ്ക്കുന്നു. 1500 ടണ്ണോളം മാങ്ങ ഇവിടെനിന്ന് വർഷം തോറും മറ്റു സ്ഥലങ്ങളിലേക്ക് കയററി പോകുന്നുണ്ട്. 1000 ടണ്ണോളം അടയ്ക്കയും വർഷം തോറും ഇവിടെനിന്ന് കയററിഅയയ്ക്കുന്നുണ്ട്. 40 ടണ്ണോളം കശു വണ്ടിയും ഇവിടെ ഉൽപാദിപ്പിക്കുന്നുണ്ട്.

പ്രശ്നങ്ങൾ: – 1) ജലസ്രോതസ്സ് കുറവാണ്.

2) അമിതമായ രാസവളപ്രയോഗം

3) നെൽപാടങ്ങൾ നികത്തി കെട്ടിടങ്ങൾ നിർമ്മിയ്ക്കുന്നത്

4) ശരിയായ നീർവാർച്ച ഇല്ലാതെ വെള്ളം കെട്ടിനിന്ന് കൃഷി നശിയ്ക്കുന്നു.

ഉദാ: – 1) ഉദയാനഗർ 2) ഓട്ടുപാറയിലെ PWD റോഡിന്റെ ഇരുഭാഗത്തുള്ള നെൽപാടങ്ങൾ

5) വെള്ളം സുലഭമായി കിട്ടുന്ന നെൽപാടങ്ങൾ നികത്തി നാണ്യവിളകൾ കൃഷി ചെയ്യുന്നു.

ഉദാ: 1) ചേപ്പലക്കോട് 2) വടക്കാഞ്ചേരി പുഴയുടെ ഓരങ്ങൾ 3) കുമ്പളങ്ങാട് 4) മംഗലം

6) കീടബാധ: ഉദാ: കുരുമുളകുചെടിയുടെ ദ്രുതവാട്ടം, തെങ്ങിന്റെ കൂമ്പ്ചീയൽ, കവുങ്ങിനുള്ള മാഹാളി രോഗം, നേന്ത്രവാഴയ്ക്ക് ഇലപഴുക്കൽ, പുഴുരോഗം

7) വടക്കാഞ്ചേരി പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ മുഴുവൻ തൃശൂർ മാർക്കററിൽ കൊണ്ടുപോയി വിൽക്കുന്നു. അവിടെ നിന്നും തിരികെ വടക്കാഞ്ചേരിയിൽ കൊണ്ടു വന്ന് വിപണനം ചെയ്യുന്നു.

8) ആവശ്യത്തിനുള്ള തൊഴിലാളികളുടെ ദൗർലഭ്യം

9) അമിതമായ കീട ശല്യം

10) ചിലഭാഗങ്ങളിൽ വന്യജീവികളുടെ ശല്യം

11) ഉല്പന്നങ്ങൾ വിററഴിക്കമ്പോൾ വില കിട്ടാനുള്ള സാധ്യതകുറവ്

## നിർദ്ദേശങ്ങൾ –

### വാർഡ് I

1) അമ്മാട്ടികുന്നിൻെറ മുകൾഭാഗത്ത് ഒരു വററാത്ത നീരുറവഉണ്ട്. അവിടെ ഒരു ടാങ്ക് കെട്ടി വെള്ളം സംഭരിച്ച് സപ്ലൈ ചെയ്യണം.

2) നീലറചിറ സൈഡ് കെട്ടി ഇരുമ്പ് ഷട്ടറുകൾ സ്ഥാപിക്കണം, ചാനൽ നിർമ്മിക്കണം.

3) കൈകനാലുകൾ നിർമ്മിയ്ക്കണം.

4) മഴക്കാലത്ത് വരുന്ന അധികവെള്ളം ഒഴിഞ്ഞു പോകാനുള്ള സംവിധാനം ചെയ്യണം.

5) അയ്യപ്പൻകാവിനടുത്തുള്ള കുളം വലുതാക്കി താഴ്ത്തണം.

6) കൃഷിക്ക് ആവശ്യമായ നെൽവിത്ത് മററു തൈകൾ, വളം, കീടനാശിനി മുതലായവ സബ്സിഡി ഇനത്തിൽ നൽകണം.

7) ചേലക്കുളം, ഓട്ടുകമ്പനിക്കുളം, പുത്തൻകുളം എന്നിവ നന്നാക്കിഎടുക്കണം.

8) യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കണം.

9) വിവിധ പാടഭാഗങ്ങളിലേക്ക് വാഹനങ്ങൾ ഇറങ്ങുന്നതിന് റോഡ് സൗകര്യം ഉണ്ടാക്കണം.

### വാർഡ് III

1) ഇരട്ടക്കുളങ്ങര കുളം താഴ്ത്തി പമ്പ് ഹൗസ് ഷട്ടർ പണിത് വെള്ളം സപ്ലൈ ചെയ്യണം.

2) ചേലക്കുളം സൈഡ്കെട്ടി സംരക്ഷിക്കണം.

3) ചാലിപ്പാടം ചിറ കെട്ടി ഷട്ടർ സ്ഥാപിക്കണം.

### വാർഡ് IV

1) കുമ്മായ ചിറയിൽ നിന്നും ഒരു ലിഫ്ററ് ഇറിഗേഷൻ കനാൽ പദ്ധതി നടപ്പാക്കണം.

2) ഒക്ടോബർ മാസം തന്നെ ചിറകൾ കെട്ടി വെള്ളം സംഭരിക്കണം.

3) ചിറകൾക്ക് ഇരുമ്പു ഷട്ടറുകൾ നിർമ്മിക്കണം.

4) തെങ്ങ് കൃഷികാക്ക്സബ്സിഡി നൽകണം.

### വാർഡ് V

1) കുമ്മായ ചിറ, ചാലയ്യൽ ചിറ, ആററാംപാക ചിറഎന്നിവക്ക് ഇരുമ്പുഷട്ടറുകൾ ആക്കണം.

2) ചെറുകുളം താഴ്ത്തി വെള്ളം സംഭരിക്കണം.

3) കൃഷി ആവശ്യത്തിനുള്ള മണ്ണെണ്ണയ്ക്ക് പെർമിററ് നൽകണം.

4) ചാലക്കൽ ചിറയുടെ അററകുററപണികൾ ചെയ്ത് കൈച്ചാലുകൾ വൃത്തിയാക്കി സൈഡ് കെട്ടി സംരക്ഷിയ്ക്കുകയും ചിറയുടെ സംരക്ഷണം പാടശേഖര കമ്മററിയെ അടിയന്തിരമായി ഏൽപ്പിക്കുകയും ചെയ്യണം. പുഴ ഭാഗത്തെ സൈഡിൽ കയ്യേററം ഒഴിവാക്കി മണ്ണൊലിപ്പ് തടയാനുള്ള സംവിധാനം എടുക്കണം.

### വാർഡ് VI

1) കുമ്പളങ്ങാട്ചോലക്കുളം ഭാഗത്ത് ഒരു കുളം നിർമ്മിയ്ക്കണം

2) ചെറുകുളം താഴ്ത്തണം. പശുവളർത്തൽ, ആടുവളർത്തൽ എന്നിവ തുടങ്ങണം. കുറവക്കാട്തോട് രണ്ട്സൈഡുംകെട്ടി കൃഷി സംരക്ഷിക്കണം.

3) വാഴാനി കനാലിൽനിന്നും വെള്ളം എടുത്താണ് ഈ പ്രദേശത്തുള്ളവർ കൃഷി ചെയ്യുന്നത്. എന്നാൽ ഈ ബ്രാഞ്ച് കനാൽ നന്നാക്കാത്തതുകൊണ്ട് ഇവിടെയുള്ളവർക്ക് വെള്ളം കിട്ടുന്നില്ല. അതിനു വേണ്ട നടപടി എടുക്കണം. ചോലക്കുളം ബണ്ട് കെട്ടി കൃഷിക്കു പററിയതാക്കണം.

### വാർഡ് VII

1) ചിലന്തികുളം പുനർനിർമ്മാണം നടത്തണം.

2) ചാത്തൻചിറ ഡാം വെള്ളം കെട്ടി നിർത്താവുന്ന വിധം ഉടൻ പണി നടത്തണം.

3) കൊളാടികുളം നന്നാക്കണം.

4) മേലേമ്പാട്ട് മുക്കിൽ കൂടി ഒഴുകുന്ന തോട്ടിൽ ഒരു തടയണ കെട്ടണം

### വാർഡ് VII VIII IX X

1) കൈതക്കോട് ചിറ ഒരുവലിയ ജല സംഭരണി ആക്കണം.

2) അഞ്ചാം ചാലിൽ നിന്നും ഉൽഭവിക്കുന്ന തോട് ഒരു ജലസംഭരണി ആക്കണം.

3) കാൽക്കൊട്ടിയിൽ ഒരു തടയണ കെട്ടണം.

4) അയ്യത്ത് വലിയകുളം നന്നാക്കണം

5) തൂമാനം ചോലയിൽഉള്ള പാറയിൽ ഒരു തട യണ കെട്ടണം

6) കുഴിയോട് ചോലയിൽ ഒരു തടയണ കെട്ട ണം

7) തൂമാനം ചോലയിൽ രണ്ടുകരയും കെട്ടി സംര ക്ഷിക്കുകയും അകമല മുല്ലക്കാട്ടോടിചിറ ഷ ട്ടർ സംവിധാനം ആക്കണം. പ്രസ്തുത ചോ ലയിൽ മൂന്നു സ്ഥലത്ത് ഷട്ടർ സംവിധാന ത്തിന് സൗകര്യംഉണ്ട്. അത്ഉപയോഗിക്കണം

8) മാങ്ങോട്ട് ചോലയിൽ തടയണ കെട്ടണം

9) കൽതൊട്ടിയിൽ ഒരു തട യണ കെട്ടണം

10) പരുത്തിപ്ര ചണ്ടിക്കുളം, ധർമ്മശാസ്താ കു ളം, കൊട്ടാരകുളം, ചേലകുളം എന്നിവ ചേറെ ടുത്ത് സൈഡ് കെട്ടിജലസേചനം വർദ്ധി പ്പിക്കണം

11) X-ാം വാർഡിൽ കൃഷി സ്ഥലങ്ങളിലേക്ക് ട്രാ ക്ടർ ഇറങ്ങുന്നതിന് സൗകര്യം ഉണ്ടാക്കണം

## വാർഡ് XI

1) ആര്യൻചിറ വലുതാക്കി വെള്ളം പമ്പുചെയ്ത് സപ്ലൈ ചെയ്യുവാനുള്ള സംവിധാനം ഉണ്ടാ ക്കണം.

2) അകേഷ്യ കൃഷി ഇനി ചെയ്യാതിരിക്കാനും, മലഞ്ചെരിവ് മററുള്ള കൃഷിക്ക് ഉപയോഗി ക്കുവാനുമുള്ള സംവിധാനം ഉണ്ടാക്കണം.

3) മങ്കര നീലറ ചിറയിൽനിന്നും ഒരു മെയിൻ ചാലും, കൈചാലുകളും നിർമ്മിച്ച്, ട്രാ ക്ടർ കടന്നുപോകുന്നതിന് രണ്ടു സ്ഥലത്തും പാലങ്ങൾ പണിയണം.

4) ട്രാക്ടറുകളും, മററ് കൃഷിയന്ത്രങ്ങളും പാട ശേഖര കമ്മിററികൾക്ക് മാത്രം സബ്സിഡി ഇനത്തിൽ കിട്ടുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

5) ട്രാക്ടറുകളും മററും പാടത്തേക്ക് ഇറക്കുന്ന തിനുള്ള റോഡ് ശരിയാക്കണം.

6) മങ്കര ച്ചിറ അടിയന്തിരമായി അററകുററ പ ണികൾ ചെയ്ത് നന്നാക്കണം.

7) മങ്കര ഭാഗത്തേക്ക് സഹകരണ പാൽ വിതരണ കേന്ദ്രങ്ങൾ തുടങ്ങണം. (പ്രധാനപ്പെട്ട സ്ഥല ങ്ങളിലെല്ലാം.)

## വാർഡ് XII

1) മൂന്നു പൂവിൽ കൃഷിചെയ്യുന്നതിന് മങ്കര ചിറയിൽനിന്നും ഒരു വലിയ ചാലും ചെറി യകൈചാലുകളും നിർമ്മിക്കണം.

2) വടക്കാഞ്ചേരി പുഴയുടെ വീതി കുറഞ്ഞു വരുന്നത് തടയണം.

3) ഒരു കോഴിവളർത്തൽ കേന്ദ്രം തുടങ്ങണം.

## ജനറൽ

1) ഈ പഞ്ചായത്തിൽ ഉൽപാദിപ്പിക്കുന്ന കാർ ഷിക വിളകൾ പഞ്ചായത്തടിസ്ഥാനത്തിൽ ശേഖരിക്കുവാൻ വേണ്ട നടപടി എടുക്കണം.

2) വിളവുകുറഞ്ഞ പാടങ്ങളിലെ മണ്ണ് പരിശോ ധിച്ച് കൃഷിക്കാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകണം.

3) പഞ്ചായത്തടിസ്ഥാനത്തിൽ ഒരു പച്ചക്കറി മാർക്കററ് തുടങ്ങുക.

4) വാണിജ്യ വിളകൾക്ക് ഒരു പൊതുസംഭരണ കേന്ദ്രം ഉണ്ടാക്കണം.

5) ആവശ്യമായ സ്ഥലങ്ങളിൽ കുഴൽ കിണറു കൾ സ്ഥാപിക്കണം.

6) കീടങ്ങളെ നശിപ്പിക്കുവാൻ ഗവൺമെൻറ് ഭാ ഗത്തുനിന്ന് നടപടി ഉണ്ടാകണം.

7) കൂൺ, കുററിമുല്ല, ഓർക്കിഡ് എന്നിവ വ്യവസായിക അടിസ്ഥാനത്തിൽ കൃഷി ചെയ്യാൻ സാമ്പത്തിക സഹായവും സാങ്കേതി കപരിജ്ഞാനവും നൽകണം.

8) വാർഡ് രണ്ടിൽ റബ്ബർ കൃഷി പ്രോൽസാഹി പ്പിക്കുന്നതിന് നടപടികൾ ഉണ്ടാകണം. സൗ ജന്യനിരക്കിൽ വളം നൽകണം

| | | | |
|---|---|---|---|
| Table No. | | 1. | ഭൂമിയുടെ വിവരണം |
| ,, | ,, | 2. | വിള ചേരുവ |
| ,, | ,, | 3. | വളം, കീടനാശിനി |
| ,, | ,, | 4. | മണ്ണ് സംരക്ഷണം |
| ,, | ,, | 5. | നടീൽ വിത്തു വിതരണം |

**അഡീഷനൽ :-** വടക്കാഞ്ചേരിയുടെ ആകെയുള്ള വിസ്ത്രിതിയിൽ 20 ശതമാനം നിലവും, 45 ശതമാനം പറമ്പും, 33ശതമാനം പുറമ്പോക്കും, (വനവും, പ്ലാന്റേഷനും) 2 ശതമാനം തരിശും, ആണ്. 1995-96ൽ ആകെ 1550 ടൺ രാസവളവും, 1560 കിലോഗ്രാം കീടനാശിനിയും ഉപയോഗിച്ചിട്ടുണ്ട്. മണ്ണ് സംരക്ഷണത്തിന് 60021 രൂപയും, ദുരിതാശ്വാസത്തിന് 41 പേർക്കായി 29361 രൂപയും കാർഷികരംഗത്ത് ചിലവാക്കിയിട്ടുണ്ട്. നാളിതുവരെ ഈ പഞ്ചായത്തിൽ 10 ട്രാക്ടറുകളും, മൂന്ന് പവ്വർ ട്രില്ലറുകളും, തൊണ്ണൂറ് സ്പ്രേ പമ്പ്സെററുകളും വിതരണം ചെയ്തിട്ടുണ്ട്.

## കാർഷികമേഖല
## പൊതുനിർദേശങ്ങൾ

1) സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ കേന്ദ്രം എല്ലാ വാർഡുകളിലും പ്രത്യേക ഘട്ടങ്ങളിൽ 3 മാസത്തിലൊരിക്കൽ സഞ്ചരിച്ച് പരിശോധന നടത്തണം.

2) കാർഷികോൽപന്നങ്ങൾ സംഭരിച്ച് വിപണന കേന്ദ്രത്തിൽ കൊണ്ടുപോകാൻ സംവിധാനം ഉണ്ടാക്കണം. പാൽവിതരണവും സംഭരണവും വിപണന കേന്ദ്ര നേതൃത്വത്തിൽ ആവണം.

3) വളം കീടനാശിനി ഉപയോഗത്തെക്കുറിച്ച് പാടശേഖര സമിതികളേയും കൃഷിക്കാരേയും പഠിപ്പിക്കണം.

4) അടിയന്തിര പ്രാധാന്യമുള്ള കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രത്യേക സംവിധാനം വേണം. സാങ്കേതിക ജോലികളടക്കം കൃഷിക്കാർക്ക് പെട്ടെന്ന് ലഭ്യമാക്കാൻ തയ്യാറാവണം.

## ഭരണസമിതിയുടെ
## പൊതുനിർദ്ദേശങ്ങൾ

1) വടക്കാഞ്ചേരിപ്പുഴ കൈയ്യേററങ്ങൾ ഒഴിവാക്കി വീതികൂട്ടി താഴ്ത്തി എല്ലാ ഭാഗങ്ങളും സൈഡ്കെട്ടി സംരക്ഷിച്ച് വെള്ളം ശുദ്ധീകരിച്ച് കൃഷിക്ക് ഉപയുക്തമാക്കണം.

2) ഈ പഞ്ചായത്ത് പ്രദേശത്തുള്ള എല്ലാ ജലസ്രോതസ്സുകളും താഴ്ത്തി സൈഡ്കെട്ടി വെള്ളത്തിൻെറ ലഭ്യത ഉറപ്പ് വരുത്തണം.

3) എല്ലാ കൃഷി പ്രദേശങ്ങളിലും പൊതുവായ വെള്ളച്ചാലുകൾ നിർമിച്ച് കൃഷിയ്ക്ക് ഉപയുക്തമാക്കണം.

4) എല്ലാചിറകളിലും സ്ഥിരമായ ഷട്ടർ സംവിധാനം ഏർപ്പെടുത്തണം.

5) വാഴാനി ജലസംഭരണിയുടെ ശേഷിവർദ്ധിപ്പിക്കണം. ഈ രംഗത്ത് നഷ്ടപ്പെട്ട് കൊണ്ടിരിക്കുന്ന തൊഴിലാളികളുടെ കുറവ് നികത്തുവാൻ നടപടി കൈകൊള്ളണം. 2-ാം വാർഡിൽ റബ്ബർക്കൃഷി, വാഴക്കൃഷി, പച്ചക്കറികൃഷി എന്നിവക്ക് വേണ്ട പ്രോത്സാഹനം സർക്കാർ സഹായത്തോടെ നടപ്പാക്കണം.

1-ാം വാർഡിൽ നെൽകൃഷിക്കുവേണ്ട വെള്ള സൗകര്യം ചെയ്തു കിട്ടണം, കവുങ്ങ്, തെങ്ങ്, വാഴ, പച്ചക്കറി എന്നിവ അഭിവൃദ്ധിപ്പെടുത്തണം.

ചിമ്മിണി – മുപ്ലിയം ഭാഗത്ത് അധികമായി ഉള്ള വെള്ളം അവിടെ നിന്നും കനാൽവെട്ടി പീച്ചിയിലേക്ക് കൊണ്ടുവന്ന് പീച്ചിയിൽ നിന്നും കനാൽവെട്ടി വാഴാനിയിലേക്ക് വെള്ളം എത്തിയാൽ വടക്കാഞ്ചേരിയിലും, പരിസര പഞ്ചായത്തുകളിലും വേനൽ സീസണിൽ വെള്ളം ലഭിക്കും. വാഴാനിയിൽ നിന്നും 4313 ഹെക്ടർ കൃഷിസ്ഥലത്തിലേക്ക് വെള്ളം ആവശ്യമായി വരുന്നു. എന്നാൽ വാഴാനിഡാമിന് അതിനുള്ള സംഭരണശേഷി ഇല്ല. 36മില്ല്യൻ ക്യൂബിക് അടി കപ്പാസിററി ഉണ്ടെങ്കിൽ മാത്രമെ മേൽപറഞ്ഞ 4313 ഹെക്ടർ കൃഷിക്ക് വെള്ളം ഉണ്ടാകൂ. എന്നാൽ വാഴാനിയിലെ കപ്പാസിററി 16 മില്ല്യൻ ക്യൂബിക് അടി മാത്രമെ ഉള്ളു. ഇത് വിപുലപ്പെടുത്താൻ ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും വേണ്ട നടപടി ഉണ്ടാകണം. വാഴാനിയിൽനിന്നും വരുന്ന വെള്ളം തെക്കുംകരയിൽമാത്രം ഒതുക്കിനിർത്തുന്ന പ്രവണത അവസാനിപ്പിക്കാൻ വേണ്ട സത്വര നടപടികൾ കൈക്കൊള്ളണം.

## സ്ഥലവിവരം 1993 - 94 പൊതുമുതൽ

| | |
|---|---|
| നിലം | 262.9841 |
| പുരയിടം | 671.7124 |
| പുറംമ്പോക്ക് | 543.5726 |
| തരിശ് | 19.7912 |
| ആകെ വിസ്തീർണ്ണം | 1498.0603 |

1498 Hector .0603 sq. M.

ആകെ കൈവശക്കാർ 3499

| | |
|---|---|
| പുഴ, തോട്, കുളം, റോഡ് | 93.3776 |
| വനം | 308.0656 Hct. |
| വില്ലേജ് റിസർവ് | 141.3270+ 19.7912 |
| റെയിൽവേ | 0.0520 |

### വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് 3.2 വിള വിസ്തീർണ്ണവും, ഉൽപാദനവും
(Ref. അടിസ്ഥാന വിവര രജിസ്ററർ)

| വിള | വിസ്തീർണ്ണം | മൊത്തം ഉത്പാദനം | ഉൽപാദന ക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | 215hec. | 322.5t | 1.5t / hec. |
| നെല്ല് (രണ്ടാം വിള) | 265hec. | 530 t | 2t / hec. |
| നെല്ല് (മൂന്നാം വിള) | 30hec. | 60 t | 2t / hec. |
| പയർ | 10hec. | 10 t. | 1000 kg /ha. |
| എള്ള് | 4hec. | 40 t. | 10t / hec. |
| പച്ചക്കറികം | 20hec. | ... | ... |
| തെങ്ങ് | 800hec | 68 Lakh Nuts | 50 nuts/tree |
| വാഴ | 50hec. | 450 t. | 15 kg/plt |
| മരച്ചീനി | 50hec. | 500 t | 10t / hec. |
| കുരുമുളക് | 70hec. | 3.5 t. | ½kg / vine |
| പ്ലാവ് | | | |
| കശുമാവ് | 30hec. | 40 t. | 8kg / tree |
| മാവ് | 2[illegible]hec. | 50 t. | 2[illegible]-25 kg / tree |
| റബ്ബർ | 150hec. | ... | ... |
| കവുങ്ങ് | 157hec. | ... | ... |
| ...... ....... | | | |
| ......... ... . | | | |
| ... ... ... ... | | | |

വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് 3.3 രാസവളം - കീടനാശിനി വിപണനം

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേർ | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം കി. ഗ്രാം | കീടനാശിനി | | രാസവളം കി. ഗ്രാം | കീടനാശിനി | | രാസവളം കി. ഗ്രാം | കീടനാശിനി | |
| | | | ദ്രവം | ഖരം | | ദ്രവം | ഖരം | | ദ്രവം | ഖരം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| | സഹകരണം | 150T | 20l | 30kg | 200T | 25l | 25kg | 50T | 10l | 50kg |
| | സ്വകാര്യം | 1350T | 1250l | 600kg | 1620T | 1260l | 350kg | 1500T | 1000l | 500kg |

വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് 3 4 ജലസേചന സംവിധാനങ്ങൾ

| വാർഡ് നമ്പർ | പൊതു ജലസേചന കിണർ | കുഴൽകിണർ | കുളം | ക്രോസ്ബാർ | ആയക്കെട്ട് [ഹെക്ടർ] |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | 2 | 2 | 1 | ... | 1. % ഹെക്ടർ |
| 2 | 2 | 3 | 1 | ... | 5 ഹെ: |
| 3 | 1 | 1 | ... | ... | 5 ,, |
| 4 | 2 | 1 | ... | ... | ... |
| 5 | 2 | 2 | ... | ... | 5 ,, |
| 6 | 1 | 2 | ... | ... | 6 ,, |
| 7 | 2 | 2 | 1 | ... | 10 ,, |
| 8 | 2 | 2 | ... | ... | ... |
| 9 | 2 | 2 | 1 | ... | 3 ,, |
| 10 | 2 | 2 | 1 | ... | 4 ,, |
| 11 | 1 | 2 | 1 | ... | 4 ,, |
| 12 | 2 | 2 | 1 | ... | 2 ,, |

അനുബന്ധം - 5 മണ്ണ് സംരക്ഷണം

| ക്രമ നമ്പർ | പദ്ധതിയുടെപേര് | പദ്ധതി പ്രദേശ വിസ്തീർണ്ണം | പദ്ധതി പ്രദേശത്തെനീർച്ചാലുകളുടെ നീളം | അടങ്കൽ തുക | മൊത്തം ഗുണഭോക്താക്കൾ | പദ്ധതി ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | സംരക്ഷിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം | പ്രയോജനം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | ചെലവായ തുക | മറ്റുകാര്യങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | നെല്ലിക്കുന്ന് ഹരിജൻ കോളനി | 4384 | | 53000/- | 59 | 1991 | 1991 | 2.46 | 56 | 38601 | |
| 2 | പരുത്തിപ്ര ഹരിജൻ കോളനി | 1.714 | | 24000/- | 17 | 1992 | 1992 | 1.71 | 17 | 21420 | |

വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് 3.5 നടീൽ വസ്തു വിതരണം

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993–94 | 1994–95 | 1995–96 |
| തെങ്ങ് | 1250 Nos. | 615 Nos. | 970 nos. |
| കശുമാവ് | 1000 Nos. | Nil | 280 nos. |
| കുരുമുളക് | 1000 Nos. | 800 Nos. | 5600 nos. |
| കവുങ്ങ് | Nil | Nil | nil |
| കൊക്കോപ്പകാ | Nil | 200 kg. | 100 kg. |
| ഗ്രീൻഗ്രാം | 8 kg. | Nil | nil |
| ഗ്രീൻഗർ | 75 kg. | Nil | nil |
| കൊക്കോ | 40 Nos. | 137 nos. | nil |
| പാഡി | 500 kg. | 1250 kg. | 500 kg. |

### വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് 3.6 ദുരിതാശ്വാസ വിതരണം

| വർഷം | പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ) | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാററ് | ഉരുൾപൊട്ടൽ | | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1993-94 | 15 ha. | | | | 53 | 8320 |
| 1994-95 | 10 ha. | | 5 ha. | | 95 | 13,200 |
| 1995-96 | 30 ha. | | | | 41 | 29,352 |

### വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് 3.7 തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് നമ്പർ | തെങ്ങ് കൃഷി വിസ്തീർണ്ണം | തെങ്ങ് എണ്ണം | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽററ് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെംബ്ലീഡിങ്ങ് | മററുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 0 | 10 | |
| | 800 ha. | 1,28,000 | 20,000 | 1,48,000 | nil | | | | | nil |

### വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് 3.8 കാർഷികോപകരണങ്ങൾ

| വാർഡ് നമ്പർ | ഉഴവുപകരണങ്ങൾ | | | മരുന്നുതളിഉപകരണങ്ങൾ | | | മെതിയന്ത്രം | തെങ്ങ് കയററയന്ത്രം | ഷോർട്ട ബിറം പമ്പുസെററ് |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്കർ സ്പ്രേയർ | നാപ്സ്സാക് സ്പ്രേയർ | മററുള്ളവ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| | 10 | 3 | N. A. | 40 nos. | 220 nos. | | 2 nos. | 5 nos. | 90 nos. |

അനുബന്ധം - 6.1 വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത്

6.1 പണി പൂർത്തിയായതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ ജലസേചനപദ്ധതികളുടെ വിവരങ്ങൾ

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ആരംഭിച്ച വർഷം | പൂർത്തിയായ വർഷം | എസ്റ്റിമേററ് തുക | ആയക്കെട്ട് വിസ്തീർണ്ണം [ഹെ.] | മററു വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | അകമല ചേലകുളം വടക്കാഞ്ചേരി പഞ്ചായത്തു് അഭിവൃദ്ധിപ്പെടുത്തൽ | 1995 | ... | 2[illegible]0000/– | 15 ഹെക്ടർ | ... |

വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് 6.2 നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ആയക്കെട്ട് വിസ്തീർണ്ണം (ഹെ ) | എസ്റ്റിമേററ് തയ്യാറായിട്ടുണ്ടെങ്കിൽ അടങ്കൽ തുക | ലക്ഷ്യം |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | റിപ്പയർ വർക്ക്സ് ചാത്തൻച്ചിറ കനാൽ | ... | 2,50,000/– | മുണ്ടകൻ കൃഷിക്ക് വെള്ളം ലഭിക്കുന്നതിനു വേണ്ടി |
| 2 | സൈഡ് പ്രൊട്ടക്ഷൻ വർക്ക്സ് കുറുമക്കാവ് തോട് | ... | 4,00,000/– | |
| 3 | വടക്കാഞ്ചേരി പഞ്ചായത്തിലെ പരുത്തിപ്പറ ചണ്ടികുളം അഭിവൃദ്ധിപ്പെടുത്തൽ | ... | 4,00,000/– | |
| 4 | വടക്കാഞ്ചേരി പഞ്ചായത്തിലെ കൈതക്കോട് ചിറ അഭിവൃദ്ധിപ്പെടുത്തൽ | ... | 4,00,000/– | |
| 5 | വടക്കാഞ്ചേരി പഞ്ചായത്തിലെ കല്ലൻ കുണ്ടിൽ സ്ലൂയിസ് കംബ്രിഡ്ജ് പണിയൽ | 50 ഹെക്ടർ | ... | |

# 5 (B) മൃഗപരിപാലനം

മൃഗസമ്പത്തിൽ അവഗണിക്കാനാവാത്ത ഒരു സ്ഥാനം വടക്കാഞ്ചേരിക്കുണ്ടായിരുന്നു. ആടുമാടുകൾ, പോത്ത്, എരുമ, കോഴി, താറാവ് എന്നിവയെയെല്ലാം പരിമിതമായ രീതിയിൽ വളർത്തിയിരുന്നു. ശാസ്ത്രീയ രീതിയിലുള്ള മൃഗപരിപാലനം ഇവിടെ ഒട്ടുമുണ്ടായിരുന്നില്ല. വനങ്ങൾ ധാരാളമുണ്ടായിരുന്നതുകൊണ്ട് കന്നുകാലികളെ കാട്ടിൽ മേയാൻ വിടുകയായിരുന്നു. പരമ്പരാഗതമായ ഈ നിലക്ക് പിന്നീട് മാററം വരികയും കൂട്ടംകൂട്ടമായി മേയ്ക്കാൻ കൊണ്ടുപോകുന്ന വ്യവസ്ഥയുണ്ടായി. കന്നുകാലി രോഗങ്ങൾ പിടിപെട്ടാൽ ശാസ്ത്രീയമായ ചികിൽസാരീതിയുമുണ്ടായിരുന്നില്ല. ശാസ്ത്രീയമല്ലെങ്കിലും പല ചികിൽസകളും നാട്ടിൽ നടപ്പുണ്ടായിരുന്നു. 1920 ലാണ് ആദ്യമായി വടക്കാഞ്ചേരിയിൽ ഒരു മൃഗാസ്പത്രി സ്ഥാപിതമായത്.

നിലം ഉഴാൻ ആദ്യകാലത്ത് പോത്തുകളെയാണ് ഉപയോഗിച്ചിരുന്നത്. പിന്നീട് യന്ത്രക്കലപ്പകൾ പ്രചാരത്തിൽ വന്നതോടെ ഈ വ്യവസ്ഥിതിക്ക് കാര്യമായ മാററം വന്നു. ഇപ്പോൾ വളരെ ദുർല്ലഭമായേ ഈ രംഗത്ത് കാലികളെ ഉപയോഗിക്കുന്നുള്ളു.

1980ലെ കണക്കനുസരിച്ച് ഈ പഞ്ചായത്തിലെ കാലിസമ്പത്ത് താഴെപറയും പ്രകാരമാണ്.

| കാള | | പശു | | എരുമ | പോത്ത് | ആട് | |
|---|---|---|---|---|---|---|---|
| സങ്കരം | നാടൻ | സങ്കരം | നാടൻ | നാടൻ | നാടൻ | പെൺ | ആൺ |
| 125 | 238 | 1007 | 1129 | 138 | 162 | 1580 | 454 |

| നായ | | കോഴി | | താറാവ് |
|---|---|---|---|---|
| ആൺ | പെൺ | നാടൻ | സങ്കരം | |
| 916 | 24 | 15703 | 1226 | 47 |

## പ്രശ്നങ്ങൾ:

1. ഈ പഞ്ചായത്തിൽ വളരെയേറെ പാൽ ഉൽപാദിപ്പിയ്ക്കുന്നുണ്ടെങ്കിലും ഒരു ക്ഷീരോല്പാദന കേന്ദ്രമേ പ്രവർത്തിക്കുന്നുള്ളു. പഞ്ചായത്തിൻെറ ഇതര ഭാഗങ്ങളിൽ പുറംപഞ്ചായത്തുകളെയാണ് പാൽവിൽപനക്ക് ആശ്രയിക്കുന്നത്.

2. ആകെ വിപണനം ചെയ്യുന്ന മുട്ടയുടെ ചെറിയ ഒരംശം മാത്രമെ ഇവിടെ ഉൽപാദിപ്പിക്കുന്നുള്ളു.

3 ഇവിടെ മിൽമയുടെ പ്രവർത്തനം പരിമിതമാണ്.

4. ആടുമാടുകളെ വളർത്തുന്നത് അധികവും അശാസ്ത്രീയ രീതിയിലാണ്.

5. വ്യവസായികാടിസ്ഥാനത്തിൽ ആടുമാടുകളെ വളർത്തുന്ന പദ്ധതി നടപ്പാക്കിയിട്ടില്ല.

6. ആയിരക്കണക്കിന് രൂപയുടെ ഇറച്ചിക്കോഴികൾ വിററഴിക്കപ്പെടുന്നുവെങ്കിലും ഒരു കോഴിവളർത്തൽ യുണിററില്ല.

7. മൃഗചികിൽസക്കുള്ള യൂണിററുകൾ പഞ്ചായത്തിൻെറ പല ഭാഗങ്ങളിലുമില്ല.

8. വടക്കാഞ്ചേരി മത്സ്യ മാർക്കററിൽ ദിനംപ്രതി ധാരാളം ആടുകളെ അറക്കുന്നുണ്ടെങ്കിലും ശാസ്ത്രീയ രീതിയിൽ ആടുവളർത്തൽ യൂണിററുകൾ ഒന്നുമില്ല,

9. വടക്കാഞ്ചേരി പഞ്ചായത്തിൽ തേനീച്ചവളർത്തൽ യൂണിററ് ഒന്നുമില്ല.

10. കന്നുകാലികൾക്ക് മേച്ചിൽ സ്ഥലങ്ങൾ ആവശ്യാനുസരണം ഇല്ല. ആയത് വളർത്തുമൃഗങ്ങളെ തീററിപോററുന്നതിൽ ഒരു പ്രശ്നമായി നിലനിൽക്കുന്നു.

11. വടക്കാഞ്ചേരിയിൽനിന്നുപോയ കന്നുകാലിചന്ത പുന:സ്ഥാപിക്കണം.

## നിർദ്ദേശങ്ങൾ:

1. ഈ പഞ്ചായത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ ക്ഷീരോല്പാദന സഹകരണ സംഘങ്ങൾ സ്ഥാപിക്കണം.

2. സഹകരണ മേഖലയിൽ ആവശ്യമായ സ്ഥലങ്ങളിൽ മിൽമാ യൂണിററുകൾ അനുവദിക്കണം.

3. സഹകരണ മേഖലയിൽ ആവശ്യമായ മുട്ടക്കോഴി വളർത്തൽ യൂണിററുകൾ സ്ഥാപിക്കണം.

4. ശാസ്ത്രീയമായ രീതിയിൽ ഗോട്ടുഫാമുകൾ സ്ഥാപിക്കണം.

5. വ്യവസായികാടിസ്ഥാനത്തിൽ ആടുമാടുകളെ വളർത്താനുള്ള യൂണിററുകൾ സ്ഥാപിക്കണം.

6. മുട്ട, ഇറച്ചിക്കോഴികളെ വളർത്താനുള്ള യൂണിററുകൾ സ്ഥാപിക്കണം.

7. മൃഗചികിൽസക്ക് ഉപയുക്തമായ ആസ്പത്രികൾ ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കണം.

8. വടക്കാഞ്ചേരി പഞ്ചായത്തിലെ വിവിധ വാർഡുകളിൽ തേനീച്ച വളർത്തൽ യൂണിററുകൾ സ്ഥാപിക്കണം.

9. പഞ്ചായത്തിലെ എല്ലാ വാർഡിലും 2 ഏക്കർ വീതം മേച്ചിൽ സ്ഥലങ്ങൾ കണ്ടെത്തണം.

10. വടക്കാഞ്ചേരിയിൽ കന്നുകാലിചന്ത ഉണ്ടാക്കണം. മംഗലം-കരുതക്കാട് മേഖലകൾ ചേർന്ന് ക്ഷീരവ്യവസായ യൂണിററ് സഹകരണടിസ്ഥാനത്തിൽ ഉണ്ടാക്കണം.

# വടക്കാഞ്ചേരി പഞ്ചായത്തിൽ നടപ്പിലാക്കാവുന്ന മൃഗസംരക്ഷണ – മാതൃകാ പദ്ധതികൾ

## 1. ശാസ്ത്രീയ മാംസോൽപ്പാദന വിതരണ പദ്ധതി

അശാസ്ത്രീയവും വൃത്തിഹീനവുമായ ചുററുപാടുകളിൽ മാടുകളെകൊന്ന് ഇറച്ചി വിതരണം നടത്തുകയാണ് ഇപ്പോൾ ചെയ്യുന്നത്. ആയതിനാൽ ആധുനികരീതിയിലുള്ള അറവുശാല പഞ്ചായത്തിൽ സ്ഥാപിച്ചു, ശാസ്ത്രീയരീതിയിൽ മാംസം ഉൽപാദിപ്പിച്ച് സംസ്കരിച്ച്, സംഘടിതമായ രീതിയിൽ വിതരണം ചെയ്യേണ്ടതാണ്. മാംസോൽപ്പാദന വിപണന സഹകരണ സംഘങ്ങൾ രൂപീകരിച്ച് ഈ പദ്ധതി നടപ്പിലാക്കാവുന്നതാണ്. ദിവസവും ശരാശരി 10 മാടുകളെ അറവു ചെയ്യുവാൻ ഉതകുന്നതാണ് ഈ അറവുശാല. ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനുവേണ്ടി പഞ്ചായത്ത് തലത്തിൽ മാംസോൽപ്പാദനത്തിനു വേണ്ടിയുള്ള കാളക്കുട്ടി പരിപാലന പദ്ധതിയും നടപ്പാക്കാവുന്നതാണ്. കൃത്രിമ ബീജസങ്കലനം വഴിയായി വടക്കാഞ്ചേരി മൃഗാസ്പത്രിയുടെ പരിധിയിൽ മാത്രം ഒരു വർഷം 600 കാളക്കുട്ടികൾ ജനിക്കുന്നു എന്ന് കണക്കാക്കപ്പെടുന്നു. ഇതിൽ ബഹുഭൂരിപക്ഷവും ശരിയായ പരിചരണം ലഭിക്കാതെ വളർച്ച മുരടിക്കുകയോ, മരണപ്പെടുകയോ ആണ് സംഭവിക്കുന്നത്. ആസൂത്രിത സമീപനംവഴി പാഴായി പോകുന്ന ഈ സമ്പത്ത് ഈ പ്രദേശത്തിൻെറ ആഭ്യന്തര ഉൽപ്പാദന വർദ്ധനവിനും, വരുമാനവർദ്ധനവിനുമുള്ള ഉപാധിയായി സ്വീകരിക്കാവുന്നതാണ്.

രണ്ടോ മൂന്നോ മാസം പ്രായമുള്ള ' 5 ' കാളക്കുട്ടികളെ തെരഞ്ഞെടുത്ത് ആറുമാസം പ്രായമാകുമ്പോൾ വരിയുടച്ച് 12 മാസംവരെ ശാസ്ത്രീയമായി പരിചരിച്ച് മാംസാവശ്യത്തിനായി ഉപയോഗിക്കാവുന്നതാണ്. ഇപ്രകാരമുള്ള 100 യൂണിററ് തുടങ്ങിയാൽ പഞ്ചായത്തിലെ മാംസാവശ്യത്തിൻെറ ഏറിയ പങ്കും നിറവേററാനാകും. അതോടൊപ്പം പദ്ധതിയുടെ ഗുണഭോക്താക്കളാകുന്ന ചെറുകിട നാമമാത്ര കർഷകരുടെ വരുമാനത്തിലും വർദ്ധനയുണ്ടാകുന്നതാണ്. പദ്ധതി പ്രകാരം വളർത്തുന്ന കാളക്കുട്ടികളെ ന്യായമായ വിലക്ക് കർഷകരിൽനിന്നും പഞ്ചായത്തിൽ സ്ഥാപിതമാക്കുന്ന മാംസോൽപ്പാദന വിപണന സംഘത്തിൽ വാങ്ങി അറവുചെയ്ത് ശാസ്ത്രീയ രീതിയിൽ സംസ്കരിച്ച് പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ സ്റ്റാളുകൾ തുടങ്ങി വിപണനം നടത്താവുന്നതാണ്.

## 2. ഒരു വീട്ടിൽ ഒരു പശു

പശു വളർത്തലിൽ താൽപ്പര്യമുള്ള എല്ലാ ചെറുകിട നാമമാത്ര കർഷകരേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്. ഈ പദ്ധതിപ്രകാരം ഓരോ കർഷകൻെറയും വരുമാനത്തിലും പഞ്ചായത്തിൻെറ മൊത്തം പാലുൽപ്പാദനത്തിലും ഗണ്യമായ വർദ്ധനവ് വരുന്നതാണ്. ഉൽപ്പാദിപ്പിക്കുന്ന പാൽ വിപണനം ചെയ്യുവാൻ നിലവിലുള്ള ക്ഷീര സംഘങ്ങളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

## 3. തൊഴുത്തുകളുടെ ശാസ്ത്രീയ നിർമ്മാണം

ഗ്രാമപ്രദേശങ്ങളിൽ തൊഴുത്ത് നിർമ്മിക്കുന്നത് അശാസ്ത്രീയമായ രീതിയിലാണ്. തൻമൂലം തൊഴുത്ത് ശുചിയായി സൂക്ഷിക്കാൻ കഴിയുന്നില്ല. ശുചിത്വമില്ലായ്മ നിരവധി കാലീരോഗങ്ങൾക്ക്വഴി തെളിയിക്കുന്നു. പ്രത്യേകിച്ച് അകിടുവീക്കം. ഇതുമൂലം പാലുൽപ്പാദനത്തിൽ കുറഞ്ഞത് 10% എങ്കിലും കുറവുണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു. ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ചെറുകിട നാമമാത്ര കർഷകരാണ്. ചതുരശ്ര അടിക്ക് നിർമ്മാണ ചെലവ് 40/- രൂപ നിരക്കിൽ പരാമവധി 2000/- രൂപ വീതം ധന സഹായം നൽകാവുന്നതാണ്.

## 4. തീററപ്പുൽ കൃഷി

ലാഭകരമായ പാലുൽപ്പാദനത്തിൻെറ പ്രധാന ഘടകം തീററപ്പുല്ലിൻെറ ലഭ്യതയാണ്. തീററപ്പുൽ കൃഷിക്കായി സ്ഥലം മാററിവെക്കുക പ്രായോഗികമല്ലാത്തതിനാൽ ഇടവിള എന്ന നിലയിൽ തെങ്ങിൻ തോപ്പുകളിലും മററു വൃക്ഷവിളകളുള്ള സ്ഥലങ്ങളിലും തീററപ്പുൽ കൃഷി തുടങ്ങാവുന്നതാണ്. തരിശായിട്ടുള്ള നെൽപ്പാടങ്ങളും, മററു സ്ഥലങ്ങളും ഇതിനായി ഉപയോഗിക്കാം. പദ്ധതിയുടെ നടത്തിപ്പിന് ക്ഷീരസംഘങ്ങളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

## 5. പന്നി വളർത്തൽ

മാംസാവശ്യത്തിനായി ഗുണമേൻമയുള്ളതും പെട്ടെന്ന് തൂക്കം വെക്കുന്നതുമായ 2 പന്നി കുഞ്ഞുങ്ങൾ ഉൾപ്പെടുന്നതാണ് ഒരു യൂണിററ്. വ്യാവസായിക, കാർഷികഉൽപ്പന്നങ്ങളും, ഹോട്ടലുകളിലേയും,മാർക്കററിലേയും, അവശിഷ്ടങ്ങളും ഉപയോഗിച്ച് വളരെ ലാഭകരമായ രീതിയിൽ ചുരുങ്ങിയ മുതൽ മുടക്കിൽ കുറച്ചു കാലയളവുകൊണ്ട് കൂടുതൽ ലാഭം തരുന്ന ഈ പദ്ധതി നടപ്പാക്കാവുന്നതാണ്.

## 6. സമ്പൂർണ്ണ പേവിഷ നിർമാർജ്ജന പദ്ധതി

മൃഗങ്ങളിൽനിന്ന് മനുഷ്യരിലേക്ക് പകരുന്ന മാരകമായ വൈറസ് രോഗമാണ് പേ വിഷബാധ. ഈ രോഗം പകരുന്നത് 95 ശതമാനവും പേവിഷബാധയുള്ള നായ്ക്കളുടെ കടിയേററാണ്. തെരുവുനായ്ക്കളെ നശിപ്പിക്കലും, വളർത്തു നായ്ക്കൾക്ക പ്രതിരോധ കുത്തിവെയ്പ് നടത്തുകയുമാണ് ഈ രോഗം തടയാനുള്ള ഏക മാർഗം. ആയതിനാൽ പേവിഷ നിർമ്മാർജ്ജന പദ്ധതി വിജയകരമാക്കുന്നതിന് എല്ലാ വർഷവും നായ്ക്കളെ പ്രതിരോധ കുത്തിവെയ്പിന് വിധേയമാക്കേണ്ടതുണ്ട്. അതുകൊണ്ട് ഒരു തുടർ പദ്ധതി എന്ന നിലയിൽ നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ഈ പഞ്ചായത്തിനെ പേ നിയന്ത്രിത പഞ്ചായത്ത് ആക്കി മാററാവുന്നതാണ്.

## 7. ആടുവളർത്തൽ പദ്ധതി

ചുരുങ്ങിയ ചിലവിൽ ലാഭകരമായി നടത്താവുന്ന ഒന്നാണ് ആടുവളർത്തൽ. നാലു പെണ്ണാടും ഒരു ആണാടും അടങ്ങുന്നതാണ് പദ്ധതിയിൽ വിഭാവനം ചെയ്യുന്ന ഒരുയൂണിററ് .ഈ വിധത്തിലുള്ള 100 യൂണിററ് 5 വർഷം കൊണ്ട ആരംഭിച്ചാൽ കർഷകരുടെ വരുമാനവും പഞ്ചായത്തിലെ പാൽ ഉൽപ്പാദനത്തിലും മാംസഉൽപ്പാദനത്തിലും ഗണ്യമായ വർദ്ധനവ് ഉണ്ടാക്കാവുന്നതാണ്.

## 8. കോഴി വളർത്തൽ പദ്ധതി

കോഴി ഇറച്ചിയുടേയും, കോഴിമുട്ടയുടേയും ആഭ്യന്തര ഉപഭോഗം വർദ്ധിച്ചിട്ടുണ്ടെങ്കിലും ആവശ്യത്തിലധിഷ്ഠിതമായ ആഭ്യന്തര ഉൽപാദനം ഇനിയും സംധിച്ചിട്ടില്ല. ആയതിനാൽ കോഴി ഇറച്ചിയുടേയും, മുട്ടയുടേയും ഉൽപാദനം വർദ്ധിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കാവുന്നതാണ്.

### (എ) മുട്ട കോഴി വളർത്തൽ

പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ 1000 മുട്ടകോഴികളുടെ ഒരു യൂണിററ് തുടങ്ങാവുന്നതാണ്. ഇതിലേക്ക് ആവശ്യമായ കോഴികുഞ്ഞുങ്ങളെ സർക്കാർ ഫാമുകളിൽ നിന്നും ലഭ്യമാക്കാവുന്നതാണ്. ഇങ്ങനെ മുട്ടകോഴികളെ വളർത്തി ഉൽപ്പാദിപ്പിക്കപ്പെടുന്ന മുട്ട പഞ്ചായത്തിൽ തന്നെ വില്പന നടത്തുന്നതിനുള്ള വിപണന യൂണിററ് ഈ സംഘത്തിൻെറ ആഭിമുഖ്യത്തിൽ നടത്താവുന്നതാണ്.

### (ബി) അടുക്കള മുററത്തെ കോഴി വളർത്തൽ

കുറഞ്ഞ മുതൽ മുടക്കിലും സ്ഥല സൗകര്യത്തിലും നടത്താവുന്നതാണ് അടുക്കള മുററത്തെ കോഴിവളർത്തൽ. ഇതിലേക്ക്പഞ്ചായത്തിലെ താൽപര്യമുള്ള എല്ലാ കർഷകർക്കും 10 കോഴികുഞ്ഞുങ്ങളെ വീതം നൽകാവുന്നതും ഉല്പാദിപ്പിക്കപ്പെടുന്ന മുട്ടകൾ സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനും ഒരു സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. ഇതിലേക്ക മഹിളാസമാജങ്ങളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

## 9. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

ഉയർന്ന ജനിതകഗുണമുള്ള പശുക്കുട്ടികൾക്ക് ശരിയായ പരിചരണം നൽകി പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറക്കുകയും ആദ്യപ്രസവം 30 മാസത്തിനുള്ളിൽ സാദ്ധ്യമാക്കുകയും ചെയ്യാവുന്നതാണ്. ഇതിനായി പശുക്കുട്ടികളെ തെരഞ്ഞെടുത്ത് ഗുണമേന്മയുള്ള കാലിത്തീററ പകുതി വിലക്ക് നൽകിയും, പ്രതിരോധ കുത്തിവയ്പുകളും, വിര മരുന്നുകളും പകുതി നിരക്കിൽ ലഭ്യമാക്കിയും ഇൻഷ്യൂറൻസ് സുരക്ഷ നൽകിയും നിലവിലുള്ള ക്ഷീരസംഘങ്ങൾ വഴി ഈ പദ്ധതി നടപ്പിലാക്കാവുന്നതാണ്.

## 10. ചികിൽസ

മൃഗാസ്പത്രിയിൽ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. രോഗനിർണ്ണയത്തിനുള്ള ആധുനിക സൗകര്യങ്ങളും ഏർപ്പെടുത്തേണ്ടതാണ്. ഈ മൃഗാസ്പത്രിയിൽ ഇതുവരെയും വാട്ടർകണക്ഷൻ ലഭിച്ചിട്ടില്ലാത്തതിനാൽ ഈ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 5 (C) വിദ്യാഭ്യാസം

ഈ പഞ്ചായത്തിൽ താലൂക്ക് കേന്ദ്രമായ വടക്കാഞ്ചേരിയിൽ 120 വർഷങ്ങൾക്കു മുൻപ് ഒരു നൈററ് സ്ക്കൂളാണ് ആദ്യമായി തുടങ്ങിയത്. പിന്നീട് ഒരു സാധാരണ പ്രാഥമിക വിദ്യാലയമായി വളർന്നു. കൊച്ചി രാജഭരണ കാലത്ത് താലൂക്കിൽ ആദ്യമായി സ്ഥാപിച്ച ഹൈസ്ക്കൂളുകളിൽ ഒന്നായി ഇത് മാറി. പടിപടിയായി വളർന്നു വന്ന വടക്കാഞ്ചേരി ബോയ്സ് ഹൈസ്ക്കൂളിൽ 8, 9, 10 ക്ലാസ്സുകളിൽ പെൺകുട്ടികളും പഠിച്ചിരുന്നു. പരിസര പഞ്ചായത്തുകളിൽ ഹൈസ്ക്കൂളുകൾ ഇല്ലാതിരുന്നതുകൊണ്ട് മററു പഞ്ചായത്തിലെ വിദ്യാർത്ഥികൾ ഹൈസ്കൂൾ ഹോസ്ററലിൽ താമസിച്ചു പഠിച്ചിരുന്നു. ഭൂരിഭാഗം അദ്ധ്യാപകരായിരുന്നു. 1940 കളിലാണ് ഒരദ്ധ്യാപിക ഹൈസ്കൂളിൽ വന്നത്. കോമേഴ്സ് വിഷയങ്ങൾ, സസ്യശാസ്ത്രം, കൃഷിശാസ്ത്രം, എന്നിവ പഠിപ്പിച്ചിരുന്നു. തോട്ടവും തോട്ടക്കാരനും ഉണ്ടായിരുന്നു. പ്രഗൽഭരായ പല മഹാൻമാരും, ഈ വിദ്യാലയത്തിലെ പൂർവ്വവിദ്യാർത്ഥികൾ ആയിരുന്നു. പിന്നീട് Printing Technology യും പഠിപ്പിച്ചിരുന്നു. S. S. L. C.ക്ക് അഭിമാനാർഹമായ വിജയശതമാനമാണ് ആദ്യകാലങ്ങളിൽ കൈവരിച്ചിരുന്നത്.

ഇന്ന് അത് ഒരു വൊക്കേഷനൽ ഹയർ സെക്കൻഡറി സ്ക്കൂളായി മാററിയിരിക്കുന്നു.

ബോയ്സ് ഹൈസ്ക്കൂൾ സ്ഥാപിച്ച് ഏതാനും വർഷങ്ങൾ പിന്നിട്ടപ്പോൾ പെൺകുട്ടികൾക്കുള്ള ലോവർ സെക്കൻണ്ടറി സ്ക്കൂൾ സ്ഥാപിതമായി. 1952ൽ അത് H. S. ആയി ഉയർത്തി. ഇവിടെ കമ്പ്യൂട്ടർ പഠനം നടത്തുന്നു.

ഗേൾസ് ലോവർ സെക്കൻണ്ടറി സ്ക്കൂൾ സ്ഥാപിതമായ ആ കാലഘട്ടത്തിലാണ് പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും L. P. സ്ക്കൂളുകൾ സ്ഥാപിതമായത്. 3 എണ്ണം സ്വകാര്യമേഖലയിലും ഒരെണ്ണം സർക്കാർ മേഖലയിലും ഒരു U. P. സ്കൂൾ സ്വകാര്യമേഖലയിലും ഉയർന്നുവന്നു. നല്ല നിലവാരം പുലർത്തിയിരുന്ന ഈ വിദ്യാലയങ്ങളെ മാതൃകാ സ്ഥാപനങ്ങളായി കണക്കാക്കിയിരുന്നു. ഏതാനും വർഷങ്ങൾക്കുമുൻപ് സ്വകാര്യമേഖലയിൽ ഒരു കോളേജും (വ്യാസ) സ്ഥാപിതമായി. ഈ അടുത്ത കാലത്തായി രണ്ടു ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളും വളർന്നു വന്നിട്ടുണ്ട്.

ഇപ്പോൾ നിലവിലുള്ള വിദ്യാലയങ്ങൾ

| | | |
|---|---|---|
| ഹൈസ്കൂൾ | 2 എണ്ണം | സർക്കാർ |
| അപ്പർ പ്രൈമറി | 1 | സ്വകാര്യം എയ്ഡ്ഡ് |
| പ്രൈമറി | 3 | സർക്കാർ |
| Do. | 4 | സ്വകാര്യം എയ്ഡ്ഡ് |
| ഇംഗ്ലീഷ് മീഡിയം പ്രൈമറി | 2 | സ്വകാര്യം |
| കോളേജ് | 1 | ,, |

സ്കൂൾ കോളേജ് പഠനത്തിനു സമാന്തരമായി 6 ട്യൂട്ടോറിയൽ കോളേജുകളും 3ട്യൂഷൻ സെൻററുകളും വ്യക്തികൾ നടത്തുന്ന 2 ടൈപ്പ്റൈററിങ്ങ് സ്ഥാപനങ്ങളും കംപ്യൂട്ടർ ഉൾപ്പെടെ മററു സാങ്കേതിക വിജ്ഞാനം പകരുന്ന 7 സ്വകാര്യ സ്ഥാപനങ്ങളും ഉണ്ട്. സർക്കാർ വക രണ്ടു തൊഴിൽ പരിശീലന സ്ഥാപനങ്ങൾ 3 നഴ്സറി സ്കൂളുകൾ 26 അംഗനവാടികൾ എന്നിവയും ഈ പഞ്ചായത്തിൽ ഉണ്ട്.

പഞ്ചായത്തിൽ 200 സാക്ഷരതാകേന്ദ്രങ്ങളിലായി 2100 പഠിതാക്കൾക്ക് സാക്ഷരതാ പ്രസ്ഥാനം പ്രയോജനം ചെയ്തിട്ടുണ്ട്.

## പ്രശ്നങ്ങൾ

1. ബോയ്സ് ഹൈസ്കൂൾ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളായി ഉയർത്തിയതിനാൽ 3 വ്യത്യസ്ഥ വിഷയങ്ങളിൽ 120 കുട്ടികൾ കൂടി പഠിക്കുന്നതുകൊണ്ട് 10 ക്ലാസ്സുമുറികളുടെ പോരായ്മ അനുഭവപ്പെടുന്നു.

2 വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ യോഗ്യതയുള്ള സ്ഥിരം അധ്യാപകരില്ലാത്തതിനാൽ ഇത് പഠനത്തെ ബാധിക്കുന്നു. ഇത് കുട്ടികളോടും ഈ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തോടും കാണിക്കുന്ന വലിയ ദ്രോഹമായി മാറുന്നു.

3 ഏതാണ്ട് 2000 കുട്ടികൾ പഠിക്കുന്ന ഗേൾസ് ഹൈസ്ക്കൂളിൽ വേണ്ടത്ര ക്ലാസ് മുറികൾ (14 റൂമുകളുടെ കുറവ്) ഇല്ലാത്തതിനാൽ ഷിഫ്റ്റ് സമ്പ്രദായമാണ്. ഇത് പഠനത്തേയും വിജയശതമാനത്തേയും കാര്യമായി ബാധിക്കുന്നുണ്ട്.

4. രണ്ടു ഹൈസ്ക്കൂളുകളിലേയും ലാബറട്ടറി സൗകര്യം അപര്യാപ്തമാണ്. ബോയ്സ് ഹൈസ്ക്കൂൾ ലാബറട്ടറി കെട്ടിടം ചോർന്നൊലിക്കുന്നതുകൊണ്ട് ഉപകരണങ്ങൾ മുഴുവൻ ഒരു മുറിയിൽ കൂട്ടിയിട്ടിരിക്കയാണ്.

5. ഗേൾസ് ഹൈസ്ക്കൂളിൽ കംപ്യൂട്ടർ പഠനത്തെ സഹായിക്കാൻ 3 Phase വൈദ്യുതി കണക്ഷൻ ഇല്ല.

6. ടൗണിൽനിന്ന് അകന്നുകിടക്കുന്നതും, കാടും, മേടും, പാടവും, കലർന്നതും, യാത്രാസൗകര്യവും, വാഹനസൗകര്യവും നന്നേ കുറവായതുമായ X, XI വാർഡുകളിൽ അധിവസിക്കുന്ന പാവപ്പെട്ട കർഷക തൊഴിലാളികളും, മററു തൊഴിലിൽ ഏർപ്പെട്ടവരും, കോളനിനിവാസികളുമായവരുടെ കുഞ്ഞുങ്ങൾക്ക് മൂന്നും നാലും കിലോമീററർ ചുററിത്തിരിഞ്ഞു പ്രയാസപ്പെട്ടാണ് സ്കൂളുകളിൽ എത്തുന്നത്. അനുഭാവപൂർവ്വം പരിഗണിക്കേണ്ട ഒരു കാര്യമാണ്.

7. എൽ.പി. സ്കൂളിലെ പഠനാനന്തരം 7, 8, 9, 10, 11. വാർഡുകളിലെ കുട്ടികൾക്ക് 3, ഉം 4.ഉം കിലോമീററർ അകലെയുള്ള ഹൈസ്ക്കൂളിലും കോൺവെൻറ് യു. പി. സ്കൂളിലും പോകേണ്ടിവരുന്നു.

8. വെള്ളം, വൈദ്യുതി, വേണ്ടത്ര ക്ലാസ്മുറികൾ, പാചകമുറി, സ്ററാഫ് റൂം, ഫർണീച്ചർ, പഠനോപകരണങ്ങൾ എന്നിവ വേണ്ടത്രയില്ലാത്ത പല വിദ്യാലയങ്ങളും പഞ്ചായത്തിൽ ഉള്ളതായി കാണുന്നു.

(ടേബിൾ അന്യത്ര)

| | ആവശ്യമുള്ള മുറികൾ | ആവശ്യമുള്ള മൂത്രപ്പുരകൾ | കുടിവെള്ളം | വൈദ്യുതി | പാചകമുറി | സ്റ്റാഫ് റൂം | ഫർണീച്ചർ മതിയായതാണോ | ആവശ്യമായവയുടെ എണ്ണം ഡസ്ക് | ബെഞ്ച് | മേശ | കസേര | ഓഫീസ് ഫർണീച്ചർ |
|---|---|---|---|---|---|---|---|---|---|---|---|---|
| ഗവ. ബോയ്സ് ഹൈസ്കൂൾ | 10 | 4 | | | | | No | 50 | 50 | 30 | 30 | 6 അലമാരി |
| ,, ഗേൾസ് ഹൈസ്കൂൾ | 14 | 1 | | | | | No | 10 | 10 | 4 | 4 | 1 റാക്ക് |
| St. പയസ് U.P.S. | | | | | | | | | | | | |
| ബോയ്സ് എൽ. പി. | 1 | | | | | No | | | | | | |
| ഗേൾസ് എൽ. പി. | | | No | No | | No | | | | | | |
| L.P.S ഓട്ടുപാറ | 2 | 2 | | | No | No | No | 20 | 13 | 1 | 1 | അലമാര 1<br>മേശ 2<br>കസേര 4 |
| L.P.S. അകമ്പാടം | | 1 | | | No | No | No | 6 | 10 | 3 | 2 | |
| L.P.S. കുമ്പളങ്ങാട് | | 1 | | | | | No | 10 | | 2 | 2 | |
| L.P.S. എങ്കക്കാട് | | | | | | | | | | | | |
| St. ഫ്രാൻസീസ് L.P.S | | | | | | | | | | | | |

9 പ്രാഥമിക വിദ്യാലയങ്ങൾക്ക് സഹായകമാകുന്ന അംഗണവാടികൾ. നേഴ്സറികൾ എന്നിവ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

10. പല വിദ്യാലയങ്ങളിലും P.T.A ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

11. പല വിദ്യാലയങ്ങളിലും അററ കുററപണികൾ യഥാസമയം നടത്തി കാണുന്നില്ല.

12. വ്യാസകോളേജിലേക്ക് എത്തിപ്പെടാൻ വളരെ ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്.

13. ഗവ: ഹൈസ്ക്കൂളിലെ ഗ്രൗണ്ട് വേണ്ട തരത്തിൽ സംരക്ഷിക്കപ്പെടുന്നില്ല. പല വിദ്യാലയങ്ങളിലും കളിസ്ഥലങ്ങൾ ഇല്ല.

14. പ്രൈമറി വിദ്യാലയങ്ങളിൽ കുട്ടികൾ കുറഞ്ഞു വരുന്നു.

15. ഗേൾസ് ഹൈസ്ക്കൂളുകളിൽ വിജശതമാനം മെച്ചപ്പെടുന്നില്ല. ബോയ്സ് ഹൈസ്ക്കൂളിൽ വിജയശതമാനം താഴ്ന്നനിലയിലാണ്.

16. സ്ക്കൂൾ ലൈബ്രറി പ്രവർത്തനത്തിൽ ശുഷ്കാന്തിയോ താല്പര്യമോ കാണുന്നില്ല.

17. ഹരിജനങ്ങൾക്കുവേണ്ടിയുള്ള വാസു 11ലെ തൊഴിൽ പരിശീലനകേന്ദ്രം വേണ്ടരീതിയിൽ പ്രവർത്തിക്കുന്നില്ല. വാർഡ് 4ലെ കേന്ദ്രത്തിന് (Cutting & Tailoring) വികസനം

വേണ്ടത്ര കാണുന്നില്ല. 2 പാത്തികരം കേടുവന്നിരിക്കുന്നു. ഏതാനും തുന്നൽമെഷീനുകരം കേടുവന്നിരിക്കുന്നു.

18. വിദ്യാർത്ഥി സമൂഹത്തിൽ മദ്യ—മയക്കമരുന്നുകളുടെ അമിത താൽപ്പര്യം പൊതുവായി വളർന്നു വരുന്നുണ്ട്.

S· S· L· C വിജയശതമാനം

| സ്ക്കൂളിന്റെ പേർ | 91_92 | 92_93 | 93_94 | 94–95 | 95_96 |
|---|---|---|---|---|---|
| ഗവ. ബോയ്സ് വടക്കാഞ്ചേരി | 21.7%<br>61/281 | 27%<br>56/201 | 30%<br>73/238 | 28.1%<br>67/238 | 23.4%<br>64/273 |
| ഗവ. ഗേരംസ് ഹൈസ്ക്കൂരം വടക്കാഞ്ചേരി | 54%<br>291 | 53%<br>287 | 54.5%<br>289 | 55%<br>303 | 54.5%<br>313 |

| സ്കൂരം | വിദ്യാർത്ഥികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | |
|---|---|---|---|---|---|---|
| | ആണ് | പെണ്ണ് | ആകെ | ആണ് | പെണ്ണ് | ആകെ |
| ബോയ്സ് H· S· | 1267 | | 1267 | 14 | 38 | 52 |
| ഗേരംസ് H. S. | — | 1832 | 1832 | 8 | 58 | 66 |
| ആകെ [2] | 1267 | 1832 | 3099 | 22 | 96 | 118 |
| കോൺവെൻറ് (U P.) I | 525 | 407 | 932 | — | 22 | 22 |
| ഗവ. L·P·S (3) | 381 | 342 | 723 | 8 | 15 | 23 |
| എയ്ഡഡ് L· P· (4) | 795 | 692 | 1487 | 4 | 37 | 41 |
| ആകെ 7 | | | | | | |
| | 1176 | 1034 | 2210 | 12 | 52 | 64 |

## ഗ്രാമസഭാ നിർദ്ദേശങ്ങൾ:-

**വാർഡ് 10** ഈ വാർഡിൽ സ്ക്കൂൾ ഒന്നും തന്നെയില്ല. വളരെയധികം ദൂരം സഞ്ചരിച്ചും ഏറെ ത്യാഗം സഹിച്ചും വേണം കുട്ടികൾക്ക് വിദ്യാലയങ്ങളിൽ എത്താൻ. ഇവിടെ ഒരു സ്ക്കൂൾ അനുവദിച്ചു കിട്ടണമെന്ന് അഭ്യർത്ഥിക്കുന്നു.

**വാർഡ് 11** ഈ വാർഡിൽ സ്ക്കൂൾ ഇല്ല. ഒരു L. P. സ്ക്കൂൾ അനുവദിച്ചു തരണം.

b) നിലവിലുള്ള തൊഴിൽ പരിശീലന കേന്ദ്രം ഇപ്പോൾ വേണ്ട രീതിയിൽ പ്രവർത്തിക്കുന്നില്ല. പ്രവർത്തന ക്ഷമമാക്കുന്നതിനു ആവശ്യപ്പെടുന്നു.

**വാർഡ് 12** (a) ഓടുമേഞ്ഞ ഇവിടത്തെ സ്ക്കൂളിന്റെ മേൽക്കൂരയുടെ സ്ഥിതി വളരെ പരിതാപകരമാണ്.

b) കുട്ടികളെ കൊണ്ടുവരുവാൻ വാഹനസൗകര്യം ഉണ്ടാക്കണം.

c) വാർഡിലുള്ള രണ്ട് അംഗന വാടികൾക്കും സ്വന്തമായി കെട്ടിടമില്ല. കളിപ്പാട്ടങ്ങളില്ല.

d) സ്കൂളിന്റെ നടത്തിപ്പ് വളരെ ശോചനീയാവസ്ഥയിലാണ് പഠന നിലവാരം തീരെ തൃപ്തികരമല്ല. ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കേണ്ട ഒരു അധ്യാപകരക്ഷാകർത്തൃ സമിതി നിലവിലില്ല. ഒന്നാം ക്ലാസ്സിൽ നിന്നുള്ള ഓൾ പ്രമോഷൻ നിർത്തലാക്കണം.

e] വിദ്യാർത്ഥി സമൂഹത്തിൽ പൊതുവായി വളർന്ന്വരുന്ന മദ്യ മയക്കു മരുന്നുകളുടെ അമിത താല്പര്യം ബോധവല്ക്കരണത്തിലൂടെ മാററിയെടുക്കുന്നതിന് സർക്കാർ തലത്തിൽ നടപടി ഉണ്ടാക്കണം.

**9-ാം വാർഡിൽ** നല്ലരീതിയൽ പ്രവർത്തിക്കുന്ന ഒരു L.P. സ്ക്കൂളാണുള്ളത് ഓട്ടുപാറ ഗവ. എൽ. പി. സ്ക്കൂൾ. ഈ വിദ്യാലയം ഒരു U. P. സ്കൂളായി ഉയർത്തുന്നതിനു വേണ്ടി ഗ്രാമ സഭ ആവശ്യപ്പെടുന്നു.

ii] ഒമ്പതാം വാർഡിന്റെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടുകിടക്കുന്ന സ്ഥാപനങ്ങളാണ് വടക്കാഞ്ചേരി ബോയ്സ് ഹൈസ്ക്കൂൾ, ഗേൾസ് ഹൈസ്കൂൾ എന്നിവ. ബോയ്സ് ഹൈസ്കൂളിലെ പഠനനിലവാരത്തിലെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ വേണ്ടതു ചെയ്യണം.

### പരിഹാര നിർദ്ദേശങ്ങൾ

a) അധ്യാപകരുടെ കുറവ് പരിഹരിക്കുക

b) പിന്നോക്കം നില്ക്കുന്നവർക്ക് സ്പെഷൽ കോച്ചിങ്ങ് നൽകുക

c) ഗേൾസ് ഹൈസ്ക്കൂളിലെ ഷിഫ്റ്റ് അവസാനിപ്പിക്കുക

d) ബോയ്സ് ഹൈസ്കൂളിന്റെ കളി സ്ഥലം സ്വകാര്യവ്യക്തികൾ കൈയ്യേറുകയും അതിന്റെ വലിയൊരു ഭാഗം വിദ്യാർത്ഥികൾക്ക് ഉപയോഗശൂന്യമാക്കുകയും ചെയ്തിരിക്കുന്നു. ഇത് നടപടികൾക്ക് വിധേയമാക്കേണ്ടതാണ്.

e) കളിസ്ഥലത്ത് ഗ്യാലറി കെട്ടിപ്പടുക്കുക.

f) V. H. S. ൽസ്ഥിരം അധ്യാപകരെ നിയമിക്കാനുള്ള നടപടി കൈകൊള്ളുക

g) ഈ രണ്ടു സ്ക്കൂളുകളിലേയും ലാബ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുക

h) വിദ്യാർത്ഥികളുടെ കലാകായികശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ റീഡിങ്ങ് റൂം എന്നിവ ഉപയോഗപ്രദമായ രീതിയിൽ പുനഃ-സംഘടിപ്പിക്കുക.

**വാർഡ് I** ഇവിടെ വേണ്ടത്ര അംഗന വാടികളോ, ശിശു ക്ഷേമ സമിതികളോ ഇല്ല.

b) റിക്രിയേഷൻ ക്ലബ്ബ്, ആരോഗ്യ കേന്ദ്രം, കളി സ്ഥലങ്ങൾ, പ്രവർത്തനക്ഷമമായ ഒരു ലൈബ്രറി എന്നിവ ആവശ്യമാണ്.

c) ഒരു തൊഴിലധിഷ്ഠിത സ്ഥാപനം ആവശ്യമാണ്.

**വാർഡ് V** ഈ വാർഡിൽ സ്വകാര്യ മേഖലയിൽ ഒരു L P സ്കൂൾ ഉണ്ട്. പ്രാഥമിക സൗകര്യങ്ങളും ആവശ്യമായ ഫർണീച്ചറുകൾ, പഠനത്തിന് സഹായകരമായ ആധുനിക സജ്ജീകരണങ്ങൾ ടി. വി. റേഡിയോ ടേപ്പ്റിക്കാർഡർ എന്നിവ അനുവദിച്ചുതരേണ്ടതാണ്.

b) ഈ സ്കൂൾ ഒരു U.P. സ്കൂളായി ഉയർത്തണമെന്ന് ആവശ്യപ്പെടുന്നു.

c) കളിസ്ഥലവും കായികോപകരണങ്ങളും ലഭ്യമാക്കണം.

**വാർഡ് VIII** ഈ വാർഡിൽ സ്കൂളില്ല. ഒരു L.P. സ്കൂൾ അടിയന്തിരമായി അനുവദിക്കണം.

b) പട്ടികജാതി / വർഗ്ഗക്കാർക്കുള്ള നഴ്സറി സ്കൂൾ L. K. G, U. K. G. ആയിഉയർത്തുന്നതിന് സ്ഥലപരിമിതി ഉണ്ട്. അത് പരിഹരിക്കണം

**വാർഡ് VI** ഇവിടെ കോളേജ് ഉണ്ടെങ്കിലും ഒരു L.P സ്കൂളില്ല. വിദ്യഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന ഒരു വാർഡാണ് ഇത്.

**വാർഡ് VII** (a) പാറപ്പുറത്തുനിന്ന് 5-ാം വാർഡിലുള്ള അകംമ്പാടം C.M.S. സ്കൂളിലേക്ക് ഉദ്ദേശം $3\frac{1}{2}$ കി. മീററർ നടന്നാണ് പിഞ്ചുകുട്ടികൾ പഠിക്കാൻ പോകുന്നത്. ആയതു കൊണ്ട്ഇവിടെ L.P ,U.P. സ്കൂൾ അനുവദിച്ചു തരാൻ അഭ്യർത്ഥന

b) ഇവിടെയുള്ള അംഗനവാടിക്ക് കിട്ടുന്ന വാടകയും ഭക്ഷണചിലവും അപര്യാപ്തമാണ്. ഒരു രക്ഷാധികാര സഭയുണ്ടാക്കി സഹായിക്കണം.

## സാധ്യതകൾ

ടൗൺ എൽ. പി. സ്കൂളിനു വേണ്ടി സർക്കാർ പൊന്നിൻ വിലയ്ക്കെടുത്ത സ്ഥലത്ത് M L.A. ഫണ്ട് ഉപയോഗിച്ചും M.P.ഫണ്ടു ഉപയോഗിച്ചും രണ്ട് അർദ്ധ സ്ഥിര ഷെഡുകൾ ഉണ്ടാക്കിയിട്ടുണ്ട്. കെട്ടിടം പണിയാൻ സ്ഥലവുമുണ്ട്, അടച്ചുറപ്പുള്ളതും, 8 മുറികളോടും കൂടിയ ഒരു കെട്ടിടം ഉണ്ടാക്കിയാൽ ബോയ്സ് എൽ പിയേയും, ഗേൾസ് എൽ പിയേയും അങ്ങോട്ട് മാററാം. ബോയ്സ് എൽ. പി. പ്രവർത്തിക്കുന്ന 9 ക്ലാസ്സുമുറികൾ ബോയ്സ് ഹൈസ്കൂളിനു ലഭിക്കും അതു വഴി ബോയ്സ് ഹൈസ്ക്കൂളിനുള്ള 10മുറികളുടെ പോരായ്മ പരിഹരിക്കപ്പെടും.

ഗേൾസ് L.P. പ്രവർത്തിക്കുന്ന 6 ക്ലാസുമുറികൾ ഗേൾസ് ഹൈസ്കൂളിനു ലഭിക്കും. കൂടാതെ 8 മുറികളുള്ള ഒരു കെട്ടിടം കൂടി ഉണ്ടായാൽ ഗേൾസ് ഹൈസ്കൂളിലെ സ്ഥല പ്രശ്നം തീരും. ഷിഫ്ട് അവസാനിപ്പിക്കാനും പഠനനിലവാരവും, വിജയശതമാനവും വർദ്ധിപ്പിക്കാനും സാധിക്കും

വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ഉയർന്ന സാങ്കേതിക യോഗ്യതയുള്ളവരെ സ്ഥിരമായി നിയമിക്കാൻ വേണ്ട നടപടികൾ എടുക്കണം. അത്തരം യോഗ്യതയുള്ളവരെ കിട്ടുന്നത് ദുഷ്കരമെങ്കിൽ ഡിപ്ലോമ നേടിയവരെയെങ്കിലും സ്ഥിരമായിവയ്ക്കാൻ സർക്കാർ ശ്രമിക്കണം.

ചോർന്നൊലിച്ച് ഉപയോഗശൂന്യമായി കിടക്കുന്ന ബോയ്സ് ഹൈസ്ക്കൂളിലെ ലാബറട്ടറി കെട്ടിടത്തിന്റെ ചോർച്ച പരിഹരിക്കുക. ഗേൾസ് ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുമ്പോൾ ലാബറട്ടറിക്കു കൂടി സൗകര്യപ്പെടുത്തണം.

ഗേൾസ്ഹൈസ്ക്കൂളിലേക്ക് കംപ്യൂട്ടർ പഠനത്തിന് 3ഫേസ്വൈദ്യുതികണക്ഷൻ നൽകുക.

പത്ത്, പതിനൊന്ന് വാർഡുകളുടെ ഇടയ്ക്ക് സൗകര്യപ്രദമായ സ്ഥലത്ത് ഒരു സർക്കാർ L. P. സ്ക്കൂൾ സ്ഥാപിക്കുക. പരിഹരിക്കപ്പെടേണ്ട പ്രധാന ഇനമാണ് ഇത്.

7, 8, 9, 10, 11 വാർഡുകളിലെ കുട്ടികൾക്ക് സൗകര്യപ്പെടുമാറ് 9–ാം വാർഡിലുള്ള ഓട്ടുപാറ L.P.S. സ്കൂൾU.P.സ്കൂളായി ഉയർത്തുക.

ഗവ. എൽ പി എസ്സിൽ കുടിവെള്ളത്തിനുള്ള സംവിധാനം ഉണ്ടാക്കുക.

എൽ പി എസ്സ്.ബോയ്സ്, ഗേൾസ് എൽ പി എസ്സ്., സി എം എസ് അകംമ്പാടം, എൽ പി എസ് എങ്കക്കാട് എന്നീ വിദ്യാലയങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുക.

ജി എൽ പി എസ് ഓട്ടുപാറ, എൽ പി എസ് അകംപാടം എന്നീ വിദ്യാലയങ്ങളിൽ താല്കാലിക പാചകമുറികളും, സ്ററാഫ് റൂമും ഏർപ്പെടുത്തുക.

രണ്ടുഹൈസ്കൂളിലേക്കും ജി എൽ പി എസ്. ഓട്ടുപാറ, സി എം എസ്സിന്റെ അകംപാടം എന്നീ വിദ്യാലയങ്ങൾക്ക് ആവശ്യമായ മാപ്പ്, ചാർട്ട് മുതലായവ പഠനോപകരണങ്ങൾ നൽകുക.

സ്ഥലസൗകര്യം ഇല്ലാത്ത അംഗനവാടികൾക്കും, നേഴ്സറികൾക്കും കെട്ടിടവും, കളിപ്പാട്ടങ്ങളും ഉണ്ടാകാൻ വേണ്ടതു ചെയ്യുക. കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് അംഗനവാടികൾ സ്ഥാപിക്കുക, അംഗനവാടികൾക്കും, നേഴ്സറികൾക്കും ഉപദേശകസമിതി/സംരക്ഷണ സമിതികൾ ഉണ്ടാക്കുക. അംഗനവാടികളിലെ വാടക, ഭക്ഷണ ചില വ് എന്നിവയിലുള്ള അപര്യാപ്തത പരിഹരിക്കുക.

നേഴ്സറി സ്കൂളുകളിൽ L. K. G., U. K. G. ആയി ഉയർത്തുമ്പോൾ ഉണ്ടാകുന്ന സ്ഥല പരിമിതി പരിഹരിച്ചു കൊടുക്കുക.

P. T. A. കളെ കാര്യക്ഷമവും ഫലപ്രദവുമാക്കുക. പഞ്ചായത്തു മെമ്പർ നിർബന്ധമായും പി. ടി. എ. അംഗമാകണം. അതു വഴി സ്കൂളിന്റെ പൊതുസ്ഥിതി മനസ്സിലാക്കുകയും പഞ്ചായത്തു സമിതിയെ യഥാസമയം ബോധ്യപ്പെടുത്തി പിന്നോക്കാവസ്ഥ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

അധ്യയനവർഷാരംഭത്തിന് മുൻപു തന്നെ വിദ്യാലയങ്ങളുടെ അററകുററ പണികൾ നടത്തി ഫിററ്നസ് സർട്ടിഫിക്കററ് ബന്ധപ്പെട്ട ഡിപ്പാർട്ട്മെൻറ് നൽകണം. പഞ്ചായത്ത് ആയത് പരിശോധിക്കുക.

വ്യാസകോളേജിലേക്കുള്ള യാത്രാസൗകര്യം വർദ്ധിപ്പിക്കുക, ഇന്നുള്ള ബസ്സ് സൗകര്യം പരിമിതമാണ് വേലൂർ കേച്ചേരി ഭാഗത്തേക്കു പോകുന്ന ബസ്സുകൾ കുമ്പളങ്ങാട് വഴി തിരിച്ച് വിടണം.

ഹൈസ്കൂളിലെ ഗ്രൗണ്ട് ജില്ലയിലെ തന്നെ ഒന്നാം തരം കളിസ്ഥലങ്ങളിൽ ഒന്നാണ, പഞ്ചായത്തുബ്ളോക്ക് ജില്ലാതലങ്ങളിൽ മത്സരം നടത്താൻ ഉതകുന്നതുമാണ്. ഇതിലെ ഏതാനും ഭാഗം സ്വകാര്യവ്യക്തികൾ കൈയ്യേറി സ്വകാര്യ റോഡാക്കി മാററിയതു പരിഹരിക്കുക - ഭാവിയിലെ കൈയ്യേററം തടയാൻ ഗ്യാലറി കെട്ടി സംരക്ഷിക്കുക.

വിദ്യാലയങ്ങളിലെ കുട്ടികൾ കുറഞ്ഞു വരുന്നതിന് നിലവിലുള്ള വിദ്യാലയങ്ങളിലെ പഠന നിലവാരം ഉയർത്തുക. അൺഎയ്ഡഡ് വിദ്യാലയങ്ങൾ ഭാവിയിൽ അനുവദിക്കാതിരിക്കുക. ഒന്നും രണ്ടും ക്ലാസുകളിലെ കുട്ടികൾക്ക് അക്ഷരങ്ങൾ എഴുതാനും കൂട്ടിവായിക്കാനും കണക്കിലെ നാലു ക്രിയകൾ ചെയ്യുന്നതിനും പ്രാപ്തരാക്കണം. അടിത്തറ ഉറപ്പിക്കണം Feeding സ്കൂളുകളിലെ നിലവാരം ഉയർത്തണം.

രസപ്രദമായ നല്ലനല്ല പുസ്തകങ്ങൾ സംഭരിച്ച് സ്കൂൾ ലൈബ്രറികൾക്ക് നൽകണം. ഇക്കാര്യത്തിൽ ലൈബ്രറി കൗൺസിലിൻെറ അഭിപ്രായം തേടുന്നത് ഉചിതമായിരിക്കും. സ്കൂൾ ലൈബ്രറി ഫലപ്രദമായും ഉപകാരപ്രദമായും പ്രവർത്തിക്കണം.

S.S.L.C. വിജയശതമാനം ഉയർത്താൻ Feeding സ്കൂളുകളിലെ നിലവാരത്തകർച്ച പരിഹരിക്കണം. ആയതിനു പ്രൈമറി തലം മുതൽ അടിത്തറ ഉറപ്പിച്ചു കൊണ്ടു വരണം. സ്കൂൾ കോംപ്ളക്സുകൾ ഫലപ്രദമാക്കണം. ഇടയ്ക്കിടെ റിഫ്രഷർ കോഴ്സുകൾ നൽകി അധ്യാപകരെ സജ്ജമാക്കണം. സ്കൂൾ സമയത്തിനു മുൻപും പിമ്പും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സ്പെഷൽ കോച്ചിങ്ങ് നടത്താൻ വേണ്ടതു ചെയ്യണം. ഇക്കാര്യം താഴെ തലം മുതൽ തന്നെ ഡിപ്പാർട്ട്മെൻറും പി. ടി. എയും, സ്റ്റാഫ് കൗൺസിലും പഞ്ചായത്തും പരിശോധിക്കണം.

അധ്യയന വർഷത്തിൻെറ ആരംഭത്തിൽ ആവശ്യത്തിനു അധ്യാപകർ വിഷയത്തിനനുസരിച്ച് ഉണ്ടാകാൻ ഡിപ്പാർട്ടുമെൻറ് ശ്രദ്ധിക്കണം.

കട്ടിങ്ങ് & ടയ്ലറിങ്ങ് പഠിപ്പിക്കുന്ന 4-ാം വാർഡിലെ തൊഴിൽ പരിശീലന കേന്ദ്രത്തിലെ പാത്തികൾ മാററി ചോർച്ച പരിഹരിക്കണം. ഏതാനും തുന്നൽ മെഷീനുകൾ കേടായിരിക്കുന്നത് റിപ്പയർ ചെയ്തു കൊടുക്കണം. എംബ്രോയഡറി പഠിപ്പിക്കാൻ വേണ്ട യന്ത്ര സംവിധാനം നൽകണം. ഓടിട്ട ഒററ മുറിയോടുകൂടിയ ഒരു ഷെഡ്ഡ് ഉദ്ദേശം 1500 ച. അടി വിസ്തീർണ്ണം ഉണ്ടാകും ആയതു ഉപയോഗിക്കാതെ കിടക്കുന്നു. ആ കെട്ടിടത്തിനു ചെറിയ ഒരു റിപ്പയർ മാത്രമെ വേണ്ടതുള്ളൂ ഇതിനോടനുബന്ധമായ ഏതെങ്കിലും മറെറാരു ട്രേയ്ഡ് കൂടി ഏർപ്പെടുത്താവുന്നതാണ്. അല്ലെങ്കിൽ ഒരു റെഡിമെയ്ഡ് ഗാർമെൻറ് പ്രൊഡക്ഷൻ സെൻറർ തുടങ്ങാവുന്നതാണ്.

പതിനൊന്നാം വാർഡിലെ തൊഴിൽ പരിശീലന കേന്ദ്രത്തിൽ മരപ്പണിയാണ് പരിശീലിപ്പിക്കുന്നത്. നിലവിലുള്ള ട്രേയ്ഡിലേക്ക് കുട്ടികളെ ആകർഷിക്കാൻ കഴിയുന്നില്ല. 2 വർഷ പരിശീലന സർട്ടിഫിക്കററുകൊണ്ട് പറയത്തക്ക പ്രയോജനമില്ലെന്നാണ് അറിയുന്നത്. I. T. I. പോലെ ഉയർത്തി ത്രിവത്സര കോഴ്സ് ഏർപ്പെടുത്തി പുതിയട്രേയ്ഡുകളും ഏർപ്പെടുത്തി വികസിപ്പിക്കുന്നത് നന്നായിരിക്കും.

സ്ക്കൂൾ, കോളേജ് തലങ്ങളിൽ ദൃശ്യ, -ശ്രവ്യ ഉപകരണങ്ങളുടെ സഹായത്തോടെയും, ചർച്ചാക്ലാസുകളിലൂടേയും,വിദ്യാർത്ഥി സമൂഹത്തിൽ വളർന്നുവരുന്ന മദ്യമയക്കുമരുന്നുകളുടെ അമിതതാല്പര്യം ഇല്ലായ്മ ചെയ്യേണ്ടതാണ്.

7-ാംവാർഡിൽ ചാത്തൻചിറഭാഗത്ത് സർക്കാർമേഖലയിൽ ഒരു L. P. സ്ക്കൂൾ സ്ഥാപിക്കുക.

### പ്രശ്നം:

വിദ്യാലയത്തിലെ രാഷ്ട്രീയ അതിപ്രസരം മൂലം പഠന നിലവാരം മോശമാകുന്നു.

അദ്ധ്യാപകരുടെ അമിതമായ സംഘടനാപ്രവർത്തനം മൂലം പഠനനിലവാരം മോശമാകുന്നു.

### നിർദ്ദേശം:

വിദ്യാലയങ്ങളെ രാഷ്ട്രീയത്തിൽ നിന്നും വിമുക്തമാക്കണം.

അദ്ധ്യാപകരുടെ അമിതമായ സംഘടനാപ്രവർത്തനം മൂലം വിദ്യാഭ്യാസ നിലവാരം മോശമാകുന്നു. സംഘടന പ്രവർത്തനത്തിന് നിയന്ത്രണം ഏർപ്പെടുത്തണം.

---

# 5 (d) വ്യവസായം

വ്യാവസായികമായിവളരെ പിന്നോക്കം നിൽക്കുന്ന പ്രദേശമാണ് വടക്കാഞ്ചേരിപഞ്ചായത്ത്. തലപ്പിള്ളിതാലൂക്കിന്റെ ആസ്ഥാനമായ ഈ പഞ്ചായത്തിൽ ഉല്പാദന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ നാമമാത്രമാണ്. വളരെ കാലപ്പഴക്കമുള്ള മൂന്നുചെറുകിട ഫാക്ടറികളും, രണ്ടു തടിമില്ലുകളുമാണ് സ്വകാര്യ മേഖലയിലായി ഇവിടെ പ്രവർത്തിച്ചു വരുന്നത്. അതിൽ ഒരു സ്റ്റീൽവ്യവസായ യൂണിററും, രണ്ടു ഓട്ടുകമ്പനികളും, മൂന്നു തടിവ്യവസായ യൂണിററുകളമാണ് പ്രധാനമായി എടുത്തു കാണിക്കാവുന്നതായിട്ടുള്ളു. ഈ പഞ്ചായത്തിലെ തന്നെ വളരെ ചെറിയ നിലയിൽ നടത്തി പോകുന്ന മററു ചിലതു നമുക്ക് ഈ സന്ദർഭത്തിൽ ഓർക്കേണ്ടതുണ്ട്. വനിതകളുടെ പുസ്തക നിർമ്മാണ സഹകരണ യൂണിററ്, ഹരിജന മേഖലയിലെ സഹകരണ സ്ഥാപനമായ ഫർണിച്ചർ യൂണിററ്, സ്വർണ്ണാഭരണനിർമ്മാണം, ചെറുകിട എൻജിനീയറിംഗ് യൂണിററുകൾ, ചെരുപ്പു നിർമ്മാണം, വസ്ത്രനിർമ്മാണം. സോഫ-കിടക്ക നിർമ്മാണം, റൊട്ടിനിർമ്മാണം, ക്രഷറുകൾ, ക്വാറികൾ എന്നീ വിഭാഗങ്ങളിലുമായി ഉൽപ്പാദനങ്ങൾ നടന്നു വരുന്നുണ്ട്.

ഈപഞ്ചായത്തിൽ മൊത്തം 6412 തൊഴിലാളികളുള്ളതിൽ ചെറുകിട വ്യവസായത്തിൽ 725 പേരും, കുടിൽ വ്യവസായത്തിൽ 2800പേരും ബാക്കി മററെല്ലാ മേഖലയിലും കൂടി 2887 പേരും തൊഴിലാളികളായുണ്ട്. ഇവരിൽ തന്നെമൊത്തംതൊഴിലാളികളിൽ 25 മുതൽ 30 ശതമാനം വരെ ആളുകളെ സംഘടിത മേഖലയിലുള്ളു. ആകെയുള്ള തൊഴിലാളികളിൽ 44 ശതമാനത്തോളം വനിതകളാണ്. ഈ പഞ്ചായത്തിലെ വിവിധവ്യവസായ വ്യാപാര മേഖലകളിൽ തൊഴിലെടുക്കുന്നവരുടെ കണക്കുപട്ടികയായി ചേർത്തിട്ടുണ്ട്.

### ഓട്

ഈ വ്യവസായത്തിൽ രണ്ടു സ്ഥാപനങ്ങൾ ദീർഘകാല പാരമ്പര്യവുമായി ഈ പഞ്ചായത്തിലുണ്ട്. ധാരാളം തൊഴിലാളികളെ സംരക്ഷിച്ചു വന്നിരുന്ന ഈ സ്ഥാപനങ്ങൾ പല കാരണങ്ങൾ കൊണ്ടും തകർച്ചയിലാണ്. അസംസ്കൃത വസ്തുവായ കളിമണ്ണിന്റെ ദൌർലഭ്യം, വിപണനരംഗത്തുണ്ടായ മാന്ദ്യം, എന്നിവകൊണ്ട് വ്യവസായം നടത്തുന്നതിൽ നിന്ന് ഉടമസ്ഥൻമാർ പിന്നോക്കം പോകുകയാണ്. കമ്പനികളുടെ നടത്തിപ്പ് ലാഭകരമല്ലാതായി മാറുന്നതുകണ്ട് അതിൽ പണിയെടുത്തുവരുന്ന തൊഴിലാളികൾ മററു മേഖലകളിലേക്ക് നീങ്ങുന്ന അനുഭവങ്ങളാണുള്ളത്. കെട്ടിട നിർമ്മാണത്തിൽ ഓട് ഒരാവശ്യവസ്തു അല്ലാതായി തീരുന്ന ഒരു സാഹചര്യവും ഈ വ്യവസായത്തെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. നാടൻ ഇഷ്ടിക കളങ്ങളും, കട്ടകളും ഫാക്ടറി ഉൽപ്പന്നങ്ങളെ

കെട്ടിട നിർമ്മാണ ഉൽപ്പന്ന വിപണിയിൽ നിന്ന് പിൻതള്ളിയിട്ടുണ്ട്.

## തടിവ്യവസായം

തടിവ്യവസായത്തെക്കുറിച്ച് പരിശോധിക്കുമ്പോൾ 3മില്ലുകളും, 2 ഫർണിച്ചർ കമ്പനികളുമാണ് ഈ പഞ്ചായത്തിലുള്ളത്. വനങ്ങളിൽ നിന്നുള്ള മരങ്ങളുടെ ലഭ്യതകുറവ് പരിഹരിക്കുവാൻ നാട്ടിൻപുറങ്ങളിൽ ലഭ്യമാകുന്ന നല്ല മരങ്ങളെ ആശ്രയിച്ച് ഈ വ്യവസായം മുന്നോട്ടു നീങ്ങുകയാണ്. ഈ പഞ്ചായത്തിൽ സ്വയം തൊഴിൽ കണ്ടെത്തുന്നതിൻെറ ഭാഗമായി മരങ്ങൾ കടയുന്നതിനും രൂപപ്പെടുത്തുന്നതിനും ആവശ്യമായ ആധുനിക യന്ത്രോപകരണ ചെറുകിട യൂണിററുകൾ നാലഞ്ചെണ്ണമുണ്ട്. വടക്കാഞ്ചേരി പഞ്ചായത്തിൽ തീപ്പെട്ടി നിർമ്മാണത്തിനാവശ്യമായ പാഴ്മരങ്ങൾ പാകപ്പെടുത്തിയെടുക്കുന്ന രണ്ടു സ്ഥാപനങ്ങൾ കൂടിയുണ്ട്.

# പരമ്പരാഗത മേഖല

## ബീഡി

ബീഡി വ്യവസായ മേഖലയിൽ നൂറുകണക്കിന് തൊഴിലാളികൾ നേരിട്ടും അല്ലാതെയും പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. ഇതിൽ തന്നെ മഹാഭൂരിപക്ഷവും (96%)സ്ത്രീകളാണ്. ഈ പരമ്പരാഗത വ്യവസായം അടുത്ത കാലത്തായി പ്രതിസന്ധിയിലാണ്. പുകവലിക്കാരിൽ ബീഡിവലിക്കാരുടെ എണ്ണക്കുറവ്, അയൽ സംസ്ഥാനങ്ങളിൽ നിന്നുള്ള ബീഡി ഇറക്കുമതിയും, സിഗരററിനുസമാനമായി ബീഡിക്കു തീരുവ നിശ്ചയിച്ചതും ഈ വ്യവസായത്തെ പുറകോട്ടടിപ്പിച്ചിരിക്കുകയാണ്. തമിഴുനാടുപോലുള്ള സംസ്ഥാനങ്ങളിൽനിന്ന് വില്പനയ്ക്കെത്തുന്ന ബീഡി നമ്മുടെ നാട്ടിൽ ഉല്പാദിപ്പിക്കുന്നവയേക്കാൾ കുറഞ്ഞ നിരക്കിൽ വിൽക്കപ്പെടുകയാണ്. സ്വകാര്യ വ്യക്തികളുടെ ചൂഷണത്തിൽ നിന്നും ഈ വ്യാവസായിക രംഗത്തെ തൊഴിലാളികളെ രക്ഷിക്കാൻ ഏർപ്പാടുണ്ടാക്കണം.

## ഈററ

അസംസ്കൃത വസ്തുവിൻെറ വില കൂടുതൽ കൊണ്ടും, അതുവഴിയുള്ള അസംസ്കൃത വസ്തുക്ഷാമവും, അതുമല്ലെങ്കിൽ പ്ലാസ്ററിക്—റബ്ബർ മേഖലയിൽ ഇതിനു സമാനമായ സാധനങ്ങളുടെ വമ്പിച്ച വിപണന സാധ്യതകളും ഈററ വ്യവസായത്തെ പഞ്ചായത്തിൽ തകർച്ചയിലേക്കും ഒരു പ്രത്യേക ജനവിഭാഗത്തെ രൂക്ഷമായ തൊഴിലില്ലായ്മയിലേക്കും എത്തിച്ചിരിക്കുകയാണ്. ഈററ മേഖലയിൽ പഞ്ചായത്തിനുള്ളിൽ ഒരു തൊഴിലാളി സഹകരണ സംഘവുമുണ്ട്.

## കളിമണ്ണ്

പരമ്പരാഗത മേഖലയിൽ ഏററവും പിന്നോക്കം നിൽക്കുന്ന ജനവിഭാഗമാണ് കളിമണ്ണു കൊണ്ട് ഉല്പന്നങ്ങളുണ്ടാക്കി ജീവിത മാർഗ്ഗം കഴിക്കുന്ന കുമ്പാരന്മാർ (കുശവർ) ഈ മേഖലയെയും അസംസ്കൃത വസ്തുവിൻെറ ദൗർലഭ്യതയാണ് പ്രധാനമായി എടുത്തു പറയാനുള്ളത്. മററു പലതിലുമെന്നപ്പോലെ അലുമിനിയം — ഹിൻഡാലിയം — സിന്തററിക്ക് ഉല്പന്നങ്ങളുടെ വിപണന രംഗത്തേക്കുള്ള കടന്നുകയററം കളിമൺപാത്ര വ്യവസായത്തെ വെറും പൂച്ചട്ടി നിർമ്മാണത്തിലൊതുക്കിയിരിക്കുകയാണ്. മറെറാരു പ്രധാനകാര്യം നാടൻ അടുപ്പുകളിൽ ഭക്ഷണം പാകംചെയ്യുന്നതിൽ വന്ന കാലോചിതമായ മാററമാണ് ഈ വ്യവസായത്തെ കാര്യമായി ബാധിച്ചിട്ടുള്ളത്.

# കുടിൽ വ്യവസായ മേഖല

## സോഫ–കിടക്ക

കഴിഞ്ഞ കുറെ വർഷങ്ങളായി വടക്കാഞ്ചേരി പഞ്ചായത്തിൻെറ ഭൂരിഭാഗം പ്രദേശങ്ങളിലും വളരെ ചെറിയ തോതിൽ ആരംഭിച്ച് ഇന്നു വ്യാപകമായി തീർന്നിരിക്കുന്ന ഒരു കുടിൽവ്യവസായമാണ് സോഫ-കിടക്ക നിർമ്മാണം. ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ ഇന്നു സംസ്ഥാനമൊട്ടുക്കും വിപണി കണ്ടെത്തിയിരിക്കുകയാണ്. ഈ വ്യവസായവുമായി ബന്ധപ്പെട്ട് ഈ പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലായി 2000 ആളുകൾ ജീവിച്ചു പോരുകയാണ്. നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തു മററു സംസ്ഥാനങ്ങളിൽ നിന്നുലഭ്യമാകേണ്ട ഫൈബറാണ്. സ്വകാര്യ മേഖലയിലാണ് ഇതിൻെറ നിയന്ത്രണം മുഴുവൻ നിലനിൽക്കുന്നത്. സോഫാനിർമ്മാണത്തിനാവശ്യമായ സ്ററീൽ ഫ്രെയിമുകൾ, മരപലകകൾ എന്നിവകളുടെ വലിയ തോതിലുള്ള നിർമ്മാണം അനുബന്ധ വ്യവസായങ്ങളായി വളർന്നു വരികയാണ്. ഇവരെ സഹകരണ മേഖലയിൽ കൊണ്ടുവരാവുന്നതാണ്.

## സ്വർണ്ണാഭരണ നിർമ്മാണം

സ്വർണ്ണാഭരണ നിർമ്മാണ രംഗത്ത് കാര്യമായ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഇവിടെ നടക്കുന്ന

നിർമ്മാണ പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണക്കൂടുതൽ വിപണനരംഗത്തെ കടകളുടെ വർദ്ധനവിലും പ്രകടമായി കാണാം. ഗൗഫ് സ്വാധീനം ഈ മേഖലയിലുണ്ട്. അത് കുറേ കൂടെ സ്വതന്ത്രമാക്കണം.

## എൻജിനീയറിംഗ് യൂണിററ്

പഞ്ചായത്തിലെ ചെറുകിട എൻജി: യൂണിററുകളുടെ സ്ഥിതി പരിശോധിച്ചാൽ മോശമല്ലാത്ത ഒരു സ്ഥിതിയാണുള്ളത്. ഏതാണ്ട് 12 യൂണിററുകൾ ഈ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിൻെറ വിവിധ വാർഡുകളിലായി ഇവ സ്ഥിതിചെയ്യുന്നു.

## തുകൽ - ചെരുപ്പ്

ചുരുങ്ങിയ രീതിയിലാണ് തുകൽചെരിപ്പ് നിർമ്മാണം നടക്കുന്നത്. ഒന്നോ രണ്ടോ വാർഡുകളിലാണ് ഈ വിഭാഗത്തിൽ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നത്.

## പുസ്തക നിർമ്മാണം

സഹകരണാടിസ്ഥാനത്തിൽ വനിതകൾ നടത്തികൊണ്ടിരിക്കുന്ന ഒരു പുസ്തക നിർമ്മാണ യൂണിററും ഈപഞ്ചായത്തിലുണ്ട്. വടക്കാഞ്ചേരി ടൗണിൻെറ ഹൃദയഭാഗത്തുള്ള ഈ സ്ഥാപനത്തിൻെറ മുന്നത്തെ അവസ്ഥ പരിതാപകരമാണ്. ഈ വനിതാവ്യവസായ യൂണിററ് വ്യാവസായികാടിസ്ഥാനത്തിൽ രക്ഷപ്പെടണമെങ്കിൽ ആധുനിക സാങ്കേതിക വിദ്യ ഈ രംഗത്ത് പ്രയോജനപ്പെടുത്തേണ്ടിവരും.

വടക്കാഞ്ചേരി സർക്കാർ ബോയ്സ്ഹൈസ്കൂളിൽ മുമ്പ് വ്യാവസായികാടിസ്ഥാനത്തിൽ നടന്നുകൊണ്ടിരുന്ന പുസ്തക നിർമ്മാണം കുറച്ചുകാലങ്ങളായി സ്തംഭനത്തിലാണ്. ഈ സ്ഥാപനം പ്രവർത്തന നിരതമാക്കാൻ ആവശ്യമായ നടപടികൾ ഉണ്ടാകേണ്ടതാണ്. സ്വയം പര്യാപ്തതയിലേക്ക് നിൽക്കാൻ കഴിയും.

## വസ്ത്ര നിർമ്മാണം

സ്വകാര്യ മേഖലയിൽ വനിതകൾ നടത്തികൊണ്ടുവരുന്ന വസ്ത്രനിർമ്മാണ യൂണിററുകൾ പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിലായുണ്ട്. നിലവിലുള്ള സ്ഥാപനങ്ങളിൽ പരിമിതമായ ഉൽപ്പാദനമാണ് നടക്കുന്നത്. ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് കാര്യമായ എന്തെങ്കിലും ചെയ്യേണ്ടതുണ്ട്

മേല്പറഞ്ഞവ കൂടാതെ ഈ പഞ്ചായത്തിൽ ചെറിയ തോതിൽ എലാസ്ററിക്ക് നിർമ്മാണം, വെങ്കലപാത്രം നിർമ്മാണം എന്നിവയും നടന്നുവരുന്നുണ്ട്.

അടയ്ക്കരംഗത്ത് സ്വകാര്യമേഖലയിൽ ധാരാളം കയററുമതി ഒററപ്പെട്ടരീതിയിൽ നടക്കുന്നുണ്ട്. അതു ക്രോഡീകരിക്കുന്നതിനും വളരെ മുമ്പുണ്ടായിരുന്നപ്പോലെ അടയ്ക്കമാർക്കററ് സ്വതന്ത്രമായി സ്ഥാപിക്കുകയും വേണം.

ചെറുകിട ഇടത്തരം വ്യവസായ വ്യാപാരങ്ങൾക്ക് വ്യാപകമായി സാധ്യതകളുള്ള ഒരു മേഖലയാണ് വടക്കാഞ്ചേരി പല കാര്യങ്ങളിലും വ്യവസായ സംരംഭങ്ങൾ തുടങ്ങുവാനുള്ള അസംസ്കൃത വിഭവങ്ങളും മററു പലതിനും വിപണന സാധ്യതകളും നിരവധിയാണ്. വടക്കാഞ്ചേരിയിലെ കരുതക്കാട്ടുള്ള റെയിൽവെ സ്റേറഷൻ ഈ സംരംഭങ്ങൾക്ക് ഒരു മുതൽകൂട്ടാണ്.

പട്ടിക 1

## വ്യവസായ യൂണിററുകൾ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പ്ര് | വ്യവസായത്തിൻെറ തരം | യൂണിററുകളുടെ എണ്ണം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | സ്ത്രീ | പു | മൊത്തം |
| 1 | സ്റ്റീൽ വ്യവസായം | 1 | ... | 110 | 110 |
| 2 | ഓട് | 2 | 15 | 10 | 25 |
| 3 | തടി | 3 | ... | 30 | 30 |
| 4 | പ്ലാസ്റ്റിക് & റബ്ബർ | 1 | 8 | 2 | 10 |
| 5 | റബ്ബർ റീ-സോളിങ്ങ്, ത്രെഡിങ്ങ് | 3 | ... | 15 | 15 |
| 6 | സിലികോൺ [ഇലക്ട്രോണിക്സ്] | 3 | 10 | 5 | 15 |
| 7 | ഹോളോബ്രിക്സ് | 1 | 5 | 5 | 10 |
| 8 | എൻജിനീയറിംഗ് യൂണിററ് | 12 | ... | 30 | 30 |
| 9 | സർവ്വീസ് സ്റേറഷൻ | 3 | ... | 30 | 30 |
| 10 | സ്ററീൽ ഫർണിച്ചർ | 1 | ... | 5 | 5 |
| 11 | ആട്ടോ മൊബയിൽ എൻജി: വർക്കു ഷോപ്പുകൾ | 30 | | 200 | 200 |
| 12 | തീപ്പെട്ടി | 3 | 20 | 10 | 30 |
| 13 | റെഡിമെയ്ഡ് വസ്ത്രം | 5 | 35 | 5 | 40 |
| 14 | ധാന്യപൊടികൾ | 2 | 6 | 2 | 8 |
| 15 | വെളിച്ചെണ്ണ | 3 | ... | 6 | 6 |
| 16 | സോഫ-കിടക്ക | 100 | 1000 | 800 | 1800 |
| 17 | ബീഡി | വിവിധ കമ്പനികൾ | 1000 | 75 | 1075 |
| 18 | കരിങ്കൽ, ക്രഷർ, ക്വാറി | 3 | 12 | 30 | 42 |
| 19 | കൊട്ട, വട്ടി, പനമ്പ് | ഹരിജൻ സഹകരണ സംഘം | 100 | 50 | 150 |
| 20 | ചെരിപ്പ് | 3 | ... | 15 | 15 |
| 21 | സ്വർണ്ണാഭരണം | 14 | ... | 250 | 250 |
| 22 | കെട്ടിടനിർമ്മാണം | പൊതുവെ | 500 | 350 | 850 |
| 23 | മററു വ്യവസായ വ്യാപാര മേഖലകളിൽ | വിവിധതരം വ്യാപാര സ്ഥാപനങ്ങൾ | 380 | 1286 | 1666 |
| | | | 3091 | 3321 | 6412 |

അവലംബം : സെക്കൻററി ഡാറ്റ

## പട്ടിക 2

## വിവിധ വ്യവസായ വ്യാപാര മേഖലകളിലെ കൂലിനിരക്ക്

| ക്രമ നമ്പ്ര് | വ്യവസായ-വ്യാപാര സ്ഥാപനങ്ങളുടെ ഇനം | കൂലി നിരക്ക് സ്ത്രീ | പു |
|---|---|---|---|
| 1 | സ്റ്റീൽ | ... | 80–150 |
| 2 | ഓട് | 45 | 65 |
| 3 | തടി | .... | 80–150 |
| 4 | പ്ലാസ്റ്റിക് & റബ്ബർ | 25 | 50 |
| 5 | റീസോളിങ്ങ്, ത്രെഡ്ഡിങ്ങ് | .... | 100 |
| 6 | ഇലക്ട്രോണിക്സ് | 60 | 100 |
| 7 | എൻജിനീയറിംഗ് | .... | 40-80 |
| 8 | ആട്ടോ മൊബൈൽ വർക്ക്ഷോപ്പുകൾ | .... | 80-150 |
| 9 | തീപ്പെട്ടി | 25 | 60 |
| 10 | തുന്നൽ | 100 | 150 |
| 11 | സോഫ–കിടക്ക | 40–50 | 70_80 |
| 12 | ബീഡി | 40_50 | 60–70 |
| 13 | കരിങ്കൽ | .... | 30_110 |
| 14 | ഈററ | 15_20 | 25 |
| 15 | ചെരിപ്പ് | --- | 100 |
| 16 | സ്വർണ്ണപ്പണി | ... | 60 |
| 17 | നിർമ്മാണം | 60–110 | 80–150 |
| 18 | വ്യാപാര മേഖലയിലെതൊഴിലാളികൾ | 15–20 | 25–50 |
| 19 | ഹോട്ടൽ | ... | 40_80-150 |

അവലംബം: സെക്കൻററി ഡാററ

വിവിധ ഗ്രാമസഭകളിൽ നിന്ന് പുതിയ വ്യവസായ യൂണിററുകൾ ആരംഭി ക്കുന്നതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ അടിയന്തിരമായി പരിഗണി ക്കുന്നതിനുവേണ്ടി സമർപ്പിക്കുന്നു.

ഗ്രാമ സഭ നിർദ്ദേശങ്ങൾ

| ക്രമ നമ്പ് | ഇനം | വാർഡുകാം |
|---|---|---|
| 1 | ബീഡി | 1,6,8,10,11 |
| 2 | വസ്ത്ര നിർമ്മാണം | 1,2,8,9,10,11,12,3 |
| 3 | ഹോളോ ബ്രിക്സ് | 2,10,12 |
| 4 | കൊട്ട, വട്ടി, മുറം, പനമ്പ് | 1,2,4,5,6 |
| 5 | സോപ്പു നിർമ്മാണം | 1 |
| 6 | മെഴുകുതിരി—ചന്ദനത്തിരി | 1,2,12 |
| 7 | തീപ്പെട്ടി | 2,3,5,11,12 |
| 8 | അച്ചടി യൂണിററ് | 2,10, |
| 9 | കളിമൺ ഉല്പന്നങ്ങരം | 5,7 |
| 10 | നൂൽഉല്പാദന നിർമ്മാണം | 7,8,10 |
| 11 | ചെരുപ്പുനിർമ്മാണം | 5,8,12 |
| 12 | പപ്പടനിർമ്മാണം | 3,5,8,11 |
| 13 | റബ്ബർ പാൽ | 6,10 |
| 14 | പ്ലാസ്ററിക് നിർമ്മാണം | 8,9 |
| 15 | കുട നിർമ്മാണം | 8 |
| 16 | കൊപ്രസംസ്കരണം | 8,10 |
| 17 | കോഴിത്തീററ, കാലിത്തീററ | 9,12 |
| 18 | ധാന്യപ്പൊടികരം അച്ചാറുകരം | 5,9,10,12 |
| 19 | ഫർണീച്ചർ (മരം) നിർമ്മാണം | 8 |
| 20 | അടക്ക, മലഞ്ചരക്ക്_വിപണനകേന്ദ്രം | 9 |
| 21 | സോഫ/കിടക്ക അസംസ്കൃത വസ്തുക്കരം | 9 |
| 22 | മിനി വ്യവസായ യൂണിററ് എസ്റ്റേററ് | 1,2,3,4,10,11,12 |

അവലംബം: ഗ്രാമസഭ റിപ്പോർട്ട്

## പൊതു നിർദ്ദേശങ്ങൾ, സാധ്യതകൾ

1. നിലവിലുള്ള ഓടു വ്യവസായത്തിന്റെ സാങ്കേതിക വിദ്യയിൽ മാററം വരുത്തി വിപണന സാധ്യതയുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ക്രമീകരണങ്ങൾക്കുവേണ്ടി നിർദ്ദേശിക്കുന്നു.

2. ചെറുകിട മരഫർണീച്ചറുകൾ നിർമ്മിക്കുന്നതിനാവശ്യമായ എൻജിനിയറിംഗ് യൂണിററുകൾ സ്ഥാപിക്കുന്നതിന് N.O.C. ലഭിക്കുന്നതിലേയ്ക്ക് വനത്തിൽനിന്നു ദൂരത്തിനുള്ള മാനദണ്ഡം കാലോചിതമായി പരിഷ്ക്കരിക്കുക.

3. ബീഡി വ്യവസായം സഹകരണ മേഖലയിൽ കൊണ്ടുവന്ന് ഈ പഞ്ചായത്തിലെ തൊഴിലാളികളെ രക്ഷിക്കണമെന്ന് നിർദ്ദേശിക്കുന്നു.

4. ഈററ വ്യവസായത്തെ പൂർണ്ണമായും ഹരിജന സഹകരണ മേഖലയിലാക്കി കൂടുതൽ സബ്സിഡി നല്കി സംരക്ഷിക്കുക.

5. കുശവന്മാരുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ മാററിയെടുക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിക്കുന്നതോടൊപ്പം കളിമൺ മേഖലയിൽ ജോലി ചെയ്തു ഉപജീവനം കഴിച്ചുവരുന്ന ഈ വിഭാഗത്തെ സമൂഹത്തിന്റെ പൊതുധാരയിലേക്ക് കൊണ്ടുവരുന്നതിന് മററുതൊഴിൽ മേഖലകളിൽ പരിശീലനം നല്കി തൊഴിൽ കൊടുക്കണമെന്ന് നിർദ്ദേശിക്കുന്നു. കളിമൺ ലഭിക്കുന്നതിന് നടപടി ഉണ്ടാകണം.

6. സോഫ_കിടക്ക നിർമ്മാണം നിലനിർത്തുന്നതിന് അസംസ്കൃത വസ്തുക്കൾ സ്പിന്നിംഗ് മില്ലുകളിൽ നിന്ന് ലഭിക്കാൻ സഹായമായ വിധത്തിൽ ഈ മേഖലയിൽ സഹകരണ സ്ഥാപനങ്ങൾ ഉണ്ടാക്കുക.

7. ഗ്രാമസഭകളുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഗ്രൂപ്പടിസ്ഥാനത്തിൽ റെഡിമെയ്ഡ് വസ്ത്രനിർമ്മാണം ആരംഭിക്കുക.

8. പുസ്തക നിർമ്മാണ യൂണിററുകൾ കാര്യക്ഷമമാക്കുക.

9. ചെരുപ്പു നിർമ്മാണത്തിന് തുകൽ ലഭ്യമാക്കുവാൻ അത്യാന്താധുനിക തുകൽ സംസ്കരണ യൂണിററ് സ്ഥാപിക്കുക.

10. അടയ്ക്ക സംഭരണ കേന്ദ്രവും അതിനുള്ള വിപണന കേന്ദ്രവും സ്ഥാപിക്കുക.

11. കാർഷിക വിഭവങ്ങളായ ചക്ക, മാങ്ങ, കായ, പപ്പായ എന്നിവയ്ക്ക് സംസ്കരണ കേന്ദ്രങ്ങളും സ്വതന്ത്രമായ വ്യവസായ സ്ഥാപനങ്ങളും ആരംഭിക്കുക.

12. വടക്കാഞ്ചേരിയിലെ വ്യവസായ-വ്യാപാര മേഖല അഭിവൃദ്ധിപ്പെടുന്നതിന് ഗതാഗതമാർഗ്ഗങ്ങൾ അനായാസമാക്കുന്നതിന് റെയിൽവെ മേൽപ്പാലം അടിയന്തിരമായി നിർമ്മാണം ആരംഭിക്കുക.

13. വടക്കാഞ്ചേരി പഞ്ചായത്തിൽ മിനി ഇൻഡസ്ട്രിയിൽ എസ്റേററ് സ്ഥാപിക്കണം. ഇതിനുള്ള സ്ഥലം സർക്കാർ സൗജന്യമായി നല്കണം. ഇതിനുള്ള സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ബാങ്ക് മേഖലയിൽ നിന്നും ലഭ്യമാക്കണം.

14. വ്യവസായത്തിന് വേണ്ട ഊർജ്ജം നല്കുന്നതിന് മിനി സബ്ബ് സ്റേറഷൻ ആവശ്യമാണ്.

15. വ്യവസായ സ്ഥാപനങ്ങൾ വളർന്ന് വരുന്നതിന് നിർണ്ണായക പങ്ക് തൊഴിലാളി ഭാഗങ്ങളിൽ നിന്നും ആവശ്യമാണ്.

16. വ്യവസായത്തിന് വളരുവാൻ വേണ്ട പ്രോത്സാഹനം ട്രേഡ് യൂണിയൻ ഭാഗങ്ങളിൽ നിന്നും ഉണ്ടാകണം.

17. അന്യ സംസ്ഥാനങ്ങളിലെ വളർന്ന് വലതാകുന്ന വ്യവസായ നയം നമ്മുടെ സംസ്ഥാനത്തിലും ഉണ്ടാകുന്നതിന് വേണ്ട സ്വാഗതാർഹമായ നിലപാട് എല്ലാം രംഗങ്ങളിൽ നിന്നും ഉണ്ടാക്കി എടുക്കണം.

18. വ്യവസായങ്ങൾക്ക് വേണ്ട ലൈസൻസ് സമ്പ്രദായം ലഘൂകരിക്കണം.

# 5(E) കുടിവെള്ളവും പൊതുജനാരോഗ്യവും

രോഗങ്ങൾ കുറവായിരുന്ന ആദ്യകാലഘട്ടത്തിൽ ഭൂരിഭാഗം ജനങ്ങളും നാട്ടുവൈദ്യത്തെയാണ് വടക്കാഞ്ചേരി പഞ്ചായത്തിൽ ആശ്രയിച്ചിരുന്നത്. നിരന്തരമായ ജനകീയ ആവശ്യങ്ങളെ മുൻനിർത്തി 1940ൽ വടക്കാഞ്ചേരിയിൽ താലൂക്ക് ഹെഡ്ക്വോർട്ടേഴ്സ് ആശുപത്രി പ്രവർത്തനമാരംഭിച്ചു.

ൽ ആയുർവേദ വിഷവൈദ്യആശുപത്രിയും, ൽ ഗവ ആയുർവേദ ഡിസ്പെൻസറിയും, ൽ ഗവ: ഹോമിയോ ഡിസ്പെൻസറിയും പ്രവർത്തനം തുടങ്ങി. പുരാതനമായ ഈ ആയുർവേദ വിഷവൈദ്യ ആശുപത്രി 20 രോഗികളെ കിടത്തി ചികിൽസിക്കാൻ സൗകര്യമുണ്ടായിരുന്നു. എങ്കിലും ഇന്ന് വളരെ ചുരുങ്ങിയ രീതിയിലാണ് പ്രവർത്തിക്കുന്നത്.

ഇതിനു പുറമെ സ്വകാര്യ ചികിൽസ നടത്തുന്ന പരിമിത സൗകര്യങ്ങളോടുകൂടിയ മൂന്ന് അലോപ്പതി ആശുപത്രികളും 3 ഡെൻറൽ ക്ലിനിക്കുകളും, 3 ഹോമിയോ ഡിസ്പെൻസറികളും പഞ്ചായത്തിൽ ഉണ്ട്. പാരമ്പര്യ വിഷ വൈദ്യ ചികിൽസാ രംഗത്ത് പ്രശസ്തമായ അവണപ്പറമ്പ് മന സ്ഥിതി ചെയ്യുന്നത് നമ്മുടെ പഞ്ചായത്തിലെ കുമ്പളങ്ങാട് എന്ന സ്ഥലത്താണ്. നിരവധി പാരമ്പര്യ ആയുർവേദ വൈദ്യൻമാരുടെ സേവനവും പഞ്ചായത്തിലെ ജനങ്ങൾ പ്രയോജനപ്പെടുത്തുന്നു. പഞ്ചായത്തിൽ ആകെ 42 അലോപ്പതി ഡോക്ടർമാർ താമസിച്ചു ചികിൽസ നടത്തുന്നുണ്ട്.

1990ൽ ലോകാരോഗ്യ സംഘടനയുടെ സർവ്വേയുടെ അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിലെ കുഷ്ഠരോഗം ആയിരത്തിൽ പതിനാലു പേർക്ക് ഉണ്ടായിരുന്നു. എരുമപ്പെട്ടി ലെപ്രസി കൺട്രോൾ യൂണിററിൻെറയും, പഞ്ചായത്തിലെ ഒരു സ്വകാര്യ ലെപ്രസി ക്ലീനിക്കിൻെറയും പ്രവർത്തനഫലമായി ഇന്ന് കുഷ്ഠരോഗം പതിനായിരത്തിൽ മൂന്നു പേർക്ക് ആയി കുറക്കാൻ കഴിഞ്ഞിട്ടുണ്ട്.

ആരോഗ്യരംഗത്ത് ഇത്രയേറെ സൗകര്യങ്ങൾ പഞ്ചായത്തിലുണ്ടെങ്കിലും ഈ രംഗത്ത് വളരെ ശോചനീയമായ അവസ്ഥയാണ് ഇന്നുള്ളത്.

ഈ വർഷം (1995–96ൽ) പഞ്ചായത്തിലെ എല്ലാ അലോപ്പതി ആശുപത്രികളിലുമായി നമ്മുടെ പഞ്ചായത്തിലെ ജനസംഖ്യയുടെ പകുതിയിൽ കൂടുതൽ എണ്ണം രോഗികളെ കിടത്തി ചികിൽസിക്കേണ്ടിവന്നു എന്നത് വളരെ ഗൗരവത്തോടെ കാണേണ്ടിയിരിക്കുന്നു. പരിസര ശുചിത്വത്തിനും, രോഗപ്രതിരോധത്തിനുമായി ലോകാരോഗ്യ സംഘടനയും, മററു സംഘടനകളും ഊന്നൽ നൽകുന്നുണ്ടെങ്കിലും ജനങ്ങളുടെ അശ്രദ്ധയും പഞ്ചായത്തിലെ മലിനജലം നിയന്ത്രിക്കാനാകാത്ത അവസ്ഥയും മൂലം പകർച്ചവ്യാധികളും, ജലജന്യരോഗങ്ങളും നിയന്ത്രിക്കാനാകാത്ത അവസ്ഥയിലാണ്.

പഞ്ചായത്തിലെ പ്രമുഖ സ്വകാര്യ ആശുപത്രികളിലെ മലിനജലവും, മററു മാലിന്യങ്ങളും വടക്കാഞ്ചേരി പുഴയിലേക്കു തന്നെയാണ് എത്തുന്നത്. ടൗണിലേയും, ഓട്ടുപാറയിലേയും,ഹോട്ടലുകളിലേയും, കല്ല്യാണ മണ്ഡപങ്ങളിലേയും, മററുകടകളിലേയും മാലിന്യങ്ങൾ പുഴയിലേക്കെത്തുന്നു. ജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് യാതൊരു വിലയും കൽപ്പിക്കാതെ മഹാവിപത്തുണ്ടാകുന്ന രീതിയിലാണ് മേൽപറഞ്ഞ സ്ഥാപനങ്ങൾ നടത്തിവരുന്നത്.

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന പ്രശ്നങ്ങളിൽ ഒന്നാണ് എല്ലാ കാനകളും ഇന്ന് മലിന ജലം കെട്ടിനിന്ന് കൊതുകു വളർത്തൽ കേന്ദ്രങ്ങളായി മാറിയിരിക്കുന്നു എന്നത്.

10–ാം വാർഡിൽ പരുത്തിപ്ര ലക്ഷം വീട്ടിൽ കാനകൾ ഇല്ലാത്തതുകൊണ്ടാണ് അവിടത്തെ ആരോഗ്യപ്രശ്നങ്ങൾ. കഴിഞ്ഞ നാലഞ്ചു വർഷങ്ങളിലായി ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ട രോഗികളിൽ താഴെ പറയും വിധമാണ് രോഗങ്ങൾ കണ്ടുവന്നത്. 50% രോഗികൾ രക്തകുറവും, പോഷണകുറവും മൂലം 30% പകർച്ചവ്യാധികൾ മൂലം 10% ജല ജന്യരോഗങ്ങൾ ബാധിച്ച് ബാക്കി 10% മററു രോഗങ്ങൾ മൂലവും.

പുകവലിയും പുകയിലമുറുക്കും മൂലമുണ്ടാകുന്ന രോഗികളുടേയും, ടൗണിലേയും പരിസരപ്രദേശങ്ങളിലേയും മാലിന്യം കൊണ്ടുണ്ടാകുന്ന പകച്ച് വ്യാധികൾ ബാധിച്ച രോഗികളുടേയും എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്നുണ്ട്

എന്നതാണ് ആശുപത്രികളിൽ നിന്നും ലഭിച്ച മറ്റൊരു വസ്തുത. സ്ത്രീകളിൽ രക്തക്കുറവും പോഷണക്കുറവും, കുട്ടികളിൽ പോഷണക്കുറവും, ശ്വാസകോശ രോഗങ്ങളുമാണ് കൂടുതലായി കണ്ടുവരുന്നത്.

നായ്ക്കളുടെ കടിയേററ് ആശുപത്രിയിലെത്തുന്നവരുടെ ശതമാനം വളരെ കുറവാണെങ്കിലും, വർഷത്തിൽ മൂന്നക്ക സംഖ്യയിലെത്തുന്നു എന്നത് ആശാസ്യമല്ല. പേ വിഷബാധയേററുള്ള മരണം ആശുപത്രിയിൽ നടന്നിട്ടില്ലെങ്കിലും, അലഞ്ഞുതിരിഞ്ഞു നടക്കുന്ന തെരുവു നായ്ക്കൾ പഞ്ചായത്തിൽ ധാരാളമുണ്ട്.

പഞ്ചായത്തിലെ ഏതാണ്ട് 20% വീടുകളിലും കക്കൂസുകളില്ല എന്നത് ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന മറെറാരു പ്രശ്നമാണ്.

## ഗ്രാമസഭകളിൽ നിന്നും ലഭിച്ച പ്രശ്നങ്ങളും നിർദ്ദേശങ്ങളും വാർഡടിസ്ഥാനത്തിൽ ക്രമപ്പെടുത്തുന്നു.

| വാർഡ് നമ്പർ | പ്രശ്നം | നിർദ്ദേശങ്ങൾ |
|---|---|---|
| I | 1. അമ്മാട്ടിക്കുന്നിലെ വീടുകളിൽ കക്കൂസ് ഇല്ല | 1. കക്കൂസുകൾ ഏതെങ്കിലും സ്കീമിൽ പെടുത്തി നിർമ്മിച്ചുകൊടുക്കണം. |
| | 2. ഹെൽത്ത് സെൻറർ ഇല്ല | 2. കുടുംബക്ഷേമ ഉപകേന്ദ്രം അനുവദിക്കണം |
| | 3. 300 വീടുകൾക്ക് കക്കൂസ് വേണം | 3. നവീനരീതിയിൽ കക്കൂസുകൾ സർക്കാർ നിർമ്മിച്ചുകൊടുക്കണം. |
| II | 1. ഹെൽത്ത് സെൻറർ ഇല്ല. | 1. കുടുംബക്ഷേമ ഉപകേന്ദ്രം അനുവദിക്കുക. |
| | 2. സാനിറേറഷൻ സൗകര്യങ്ങൾ ഇല്ല | 2. സാനിറേറഷൻ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. |
| | 3. 300 വീടുകളിൽ കക്കൂസുകൾ ഇല്ല | 3. നവീനരീതിയിൽ കക്കൂസുകൾ നിർമ്മിച്ചുകൊടുക്കണം. ഇതിനുള്ള സഹായം സർക്കാർ അനുവദിക്കണം. |
| III | 1. പുല്ലാനിക്കാട് ആയൂർവേദ ഡിസ്പെൻസറിക്ക് കെട്ടിടം ഇല്ല (സ്വന്തമായത്) | 1. ആയൂർവ്വേദ ഡിസ്പെൻസറിക്ക് പുല്ലാനിക്കാട് തന്നെ സ്ഥലം കണ്ടെത്തുക. ആയൂർവ്വേദ വിഷവൈദ്യ ആശുപത്രി ഇരട്ടകുളങ്ങരെയുള്ള നിർദ്ദിഷ്ട സ്ഥലത്ത് നിർമ്മിക്കുക. |
| | 2. പുല്ലാനിക്കാട് അങ്ങാടിയിലെ കാനയിൽ മലിനജലം കെട്ടിക്കിടക്കുന്നു. | 2. പുല്ലാനിക്കാട് അങ്ങാടിയിലെ കാനകൾ വൃത്തിയാക്കണം. |
| | 3. ദുർബ്ബല ജനവിഭാഗങ്ങൾക്ക് കക്കൂസ് സൗകര്യങ്ങൾ ഇല്ല. | 3. ദുർബ്ബല ജനവിഭാഗങ്ങൾക്ക് കക്കൂസ് നിർമ്മിച്ചുകൊടുക്കുക. |
| | 4. പുല്ലാനിക്കാട് ഭാഗത്ത് കുളിക്കടവ് ഇല്ല. | 4. പുല്ലാനിക്കാട് ഭാഗത്ത് കുളിക്കടവ് നിർമ്മിക്കുക. പുല്ലാനിക്കാട് ചോലകുളം സൈഡ് കെട്ടി സംരക്ഷിക്കുക. |

| വാർഡ് No. | പ്രശ്നം | നിർദ്ദേശങ്ങൾ |
| --- | --- | --- |
| IV | | 1. കംഫർട്ട്സ്റ്റേഷൻ സുരക്ഷിതമാക്കുക. കാനകൾ വൃത്തിയാക്കുക-സ്ലാബ് പണിയുക. |
| | 2. ഹോമിയോ, ആയുർവ്വേദ ആശുപത്രികൾ നില്ക്കുന്ന കെട്ടിടങ്ങൾ ശോചനീയാവസ്ഥയിലാണ്. | |
| | 3. വഴിയോര വിശ്രമകേന്ദ്രം പ്രയോജനപ്പെടുന്നില്ല. അനാവശ്യമാണ്. | 3. വിശ്രമ കേന്ദ്രം സ്ഥലം മാവേലിസ്റ്റോർ നടത്താനായി വിട്ടുകൊടുക്കുക. |
| V | 1. പൊതു ജനാരോഗ്യ പരിപാലനത്തിനായി സ്ഥാപനങ്ങൾ ഇല്ല. പ്രതിരോധ കുത്തിവയ്പിന് സൗകര്യമില്ല. | 1. കുടുംബക്ഷേമഉപകേന്ദ്രം സ്ഥാപിക്കണം |
| | 2. അവണപ്പറമ്പുമനയിൽ വിഷചികിത്സക്കാവശ്യമായ ഔഷധസസ്യങ്ങൾക്ക് പരിസരങ്ങളിൽ ക്ഷാമം അനുഭവപ്പെടുന്നു. | 2. അവണപ്പറമ്പുമനയിൽ വിഷചികിത്സക്ക് ആവശ്യമായ ഔഷധസസ്യങ്ങൾ കൃഷിചെയ്യാനും മരുന്നുകൾ ഉണ്ടാക്കാനും വേണ്ടതായ ധനസഹായം നൽകുക, വൈദ്യവും അനുബന്ധ പരിപാടികളും അംഗീകരിക്കുകയും ചെയ്യുക. |
| | 3. 10% വീടുകളിൽ കക്കൂസില്ല. | 3. ദുർബ്ബല ജനവിഭാഗങ്ങൾക്ക് കക്കൂസ് നിർമ്മിച്ചുകൊടുക്കണം. |
| | 4. ചികിൽസക്കായി 4 കി. മീ. നടക്കേണ്ടതായിവരുന്നു. | 4. P. H. C. അനുവദിക്കണം. |
| | 5. പഞ്ചായത്തുകിണറുകൾ ചേർനിറഞ്ഞു നശിക്കുന്നു. | 5. പഞ്ചായത്തുകിണറുകൾ വൃത്തിയാക്കി സംരക്ഷിക്കണം. |
| | 6. പുകയേൽക്കാത്ത അടുപ്പുകൾ കുറവാണ്. | 6. പുകയേൽക്കാത്ത അടുപ്പുകൾ വ്യാപകമായി പ്രചരിപ്പിക്കണം. |
| | 7. വൃദ്ധമന്ദിരത്തിനു് സംവിധാനം വേണം. | 7. വൃദ്ധ മന്ദിരം സ്ഥാപിക്കണം. |
| VI | 1. ആരോഗ്യ പരിപാലനത്തിനു് സ്ഥാപനങ്ങൾ ഇല്ല. | 1. പ്രാഥമികാരോഗ്യകേന്ദ്രം സ്ഥാപിക്കണം. |
| | 2. 20% വീടുകളിൽ കക്കൂസുകൾ ഇല്ല. | 2. കക്കൂസുകൾ നിർമ്മിച്ചു കൊടുക്കണം. |
| | 3. വൃദ്ധമന്ദിരം ആവശ്യമാണ്. | 3. വൃദ്ധമന്ദിരം സ്ഥാപിക്കണം. |
| | 4, ഹെൽത്ത് സെന്ററിനു് വൈദ്യുതി ഇല്ല. | 4. അടിയന്തിരമായി വൈദ്യുതി കണക്ഷനുള്ള നടപടികൾ എടുക്കണം. |
| VII | 1. പ്രാഥമികാരോഗ്യ കേന്ദ്രമില്ല. ചികിൽസക്കായി വളരെ ദൂരം സഞ്ചരിക്കേണ്ടി വരുന്നു. | 1. കുടുംബക്ഷേമ കേന്ദ്രം അനുവദിക്കണം. |
| | 2. കക്കൂസുകൾ 20% വീടുകളിൽ ഇല്ല. | 2. പൊതുജന സഹകരണത്തോടെ കക്കൂസുകൾ നിർമ്മിക്കണം. |

| വാർഡ് No. | പ്രശ്നം | നിർദ്ദേശങ്ങൾ |
|---|---|---|
| VIII | 1. പ്രതിരോധ കുത്തിവയ്പുകൾക്ക് ഗവ: ആശുപത്രിവരെ വരേണ്ടതായി വരുന്നു. | 1. കുടുംബക്ഷേമകേന്ദ്രമോ, പ്രാഥമിക ആരോഗ്യകേന്ദ്രമോ അനുവദിക്കണം. |
| | 2. 25% ജനങ്ങൾക്ക് കക്കൂസ് ഇല്ല. | 2. കക്കൂസ് നിർമ്മിച്ചു കൊടുക്കണം. |
| IX | 1. കാനകൾ വൃത്തികേടായി കിടക്കുന്നു. താളം തിയ്യേററിൻെറ അരികത്തുകൂടിയുള്ള പാടത്തേക്കുള്ള ചാൽ തൂർത്തതുകൊണ്ടാണ്. | 1. താളം തിയ്യേററിനകത്തെ ചാൽ തുറന്ന് മലിനജലം ഒഴുക്കാൻ നടപടി എടുക്കണം. |
| | 2. ഓട്ടുപാറ സെൻററിലെ കുളം വൃത്തികേടായി കിടക്കിന്നു. | 2. ജനപങ്കാളിത്തത്തോടെ വൃത്തിയാക്കണം. |
| | 3. ഓട്ടുപാറ സെൻററിൽ ബസ്സ്റ്റാൻറിലെത്തുന്ന യാത്രക്കാർക്ക് മലമൂത്ര വിസർജ്ജനത്തിന് സൗകര്യമില്ല. | 3. ഓട്ടുപാറ ബസ്സ്റ്റാൻറ് പരിസരത്ത് സുരക്ഷിതമായ ഒരു കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കണം. |
| | 4. ആശുപത്രിയും പരിസരവും വൃത്തിഹീനമായി കിടക്കുന്നു. പകർച്ചവ്യാധികൾക്ക് കാരണമാകാം. | 4. ആശുപത്രിയും പരിസരവും ശുചീകരിക്കുക. |
| | 5. വടക്കാഞ്ചേരിയിൽ റെയിൽവേ ഓവർബ്രിഡ്ജ് ഇല്ലാത്തതുകൊണ്ട് റഫറൽ രോഗികൾക്ക് ബുദ്ധിമുട്ടനുഭവപ്പെടുന്നു. | 5. വടക്കാഞ്ചേരി മേൽപ്പാലം നിർമ്മിക്കുക |
| | 6 വിഷവൈദ്യ ആശുപത്രി ഓട്ടുപാറയിൽ നിന്നു മാററിയതുകൊണ്ട് ബുദ്ധിമുട്ടുണ്ട്. | 6. വിഷവൈദ്യാശുപത്രി ഓട്ടുപാറയിൽ നിലനിറുത്തുക. |
| | 7. സ്വകാര്യ ആശുപത്രികൾ, ഹോട്ടലുകൾ, കല്ല്യാണമണ്ഡപങ്ങൾ എന്നിവയിൽ നിന്നും മാലിന്യങ്ങൾ വടക്കാഞ്ചേരി പുഴയിലേക്ക് ഒഴുകുന്നു. | 7. ആവശ്യമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കണം. പുഴ സംരക്ഷിക്കണം. |
| | 8. ഗവ: ആശുപത്രിയിൽ ലേഡിഗൈനക്കോളജിസ്ററ് ഇല്ല. | 8. നിയമിക്കാൻ നടപടിയെടുക്കണം. |
| | 9. ഗവ: ആശുപത്രിയിൽ ജനറേററർ ഇല്ല | 9. ജനറേററർ സ്ഥാപിക്കണം. |
| | 10. മാർക്കററിലെ അറവുമൂലം തൊട്ടടുത്ത വീടുകളിലെ കിണറുകളിലും, പറമ്പുകളിലും അവശിഷ്ടങ്ങൾ എത്തുന്നു. | 10. അറവിന് പ്രത്യേകം സ്ഥലം കാണണം. ശുചിത്വം പാലിക്കുന്നുണ്ടെന്ന് അധികൃതർ ഉറപ്പു വരുത്തണം. |
| | 11. മാലിന്യങ്ങൾ പെരുകുന്നതുകൊണ്ട് പകർച്ചവ്യാധികൾക്ക് സാധ്യത ഏറെയുണ്ട്. | 11. മാലിന്യങ്ങൾ നീക്കം ചെയ്യാൻ നടപടി എടുക്കണം. |
| | 12. മാർക്കററിലെ കച്ചവടക്കാർക്കായി പൊതു കക്കൂസ് ഇല്ല. | 12. പൊതു കക്കൂസ് നിർമ്മിക്കണം. |

| വാർഡ് No. | പ്രശ്നം | നിർദ്ദേശങ്ങൾ |
|---|---|---|
| X | 1. ആരോഗ്യപരിപാലനത്തിനായി സ്ഥാപനങ്ങൾ ഇല്ല. | 1. പ്രാഥമികാരോഗ്യകേന്ദ്രം സ്ഥാപിക്കണം. |
| | 2. പരുത്തിപ്ര ലക്ഷംവീട് കോളനിയിൽ കാന ഇല്ലാത്തതുകൊണ്ട് മലിനജലം ഒഴുകിപോകുന്നതിന് സംവിധാനം ഇല്ല. രോഗങ്ങൾക്ക് കാരണമാകുന്നു. | 2. കാനനിർമ്മിച്ച് പരിഹരിക്കണം. |
| | 3. 60% വീടുകളിലും കക്കൂസ് ഇല്ല. മൂന്നു പ്രദേശങ്ങളിലായുള്ള ലക്ഷം വീടുകളിൽ ഇത് വലിയൊരു ആരോഗ്യ പ്രശ്നമായി അവശേഷിക്കുന്നു. | 3. ജനപങ്കാളിത്തത്തോടെ വിവിധ പദ്ധതികൾ ഉപയോഗിച്ച് കക്കൂസ് നിർമ്മിക്കണം. |
| XI | 1. ആരോഗ്യ പരിപാലനത്തിന് സ്ഥാപനങ്ങൾ ഇല്ല. | 1. കുടുംബക്ഷേമകേന്ദ്രം അനുവദിക്കണം. |
| | 2. ലക്ഷംവീട്ടിലും, മങ്കരഹരിജൻ കോളനിയിലും ധാരാളം കക്കൂസില്ലാത്ത വീടുകൾ ഉണ്ട്. | 2. കക്കൂസ് നിർമ്മിച്ചു കൊടുക്കണം. |
| XII | 1. ആരോഗ്യ പരിപാലന കേന്ദ്രം ഇല്ല. | 1. കുടുംബക്ഷേമ കേന്ദ്രം വേണം. |
| | 2. കക്കൂസില്ലാത്ത വീടുകൾ 20% ഉണ്ട് | 2. സേഫ്ററി കക്കൂസുകൾ നിർമ്മിച്ചു കൊടുക്കണം. |

## നിർദ്ദേശങ്ങൾ

ഗ്രാമസഭകളിൽ നിന്നുള്ള പ്രശ്നങ്ങൾ വെച്ച്, പരിഹാര നിർദ്ദേശങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

1. വടക്കാഞ്ചേരി പുഴ ശുദ്ധീകരിക്കുന്നതിനും, ജലമാലിന്യം ഒഴിവാക്കുന്നതിനും സമഗ്രമായ പദ്ധതി കാണണം.

2. 25 ഏക്കർ സ്ഥലം അക്വയർ ചെയ്തു വടക്കാഞ്ചേരിയിലെ മാലിന്യങ്ങൾ കൊണ്ടുപോയി സംസ്കരിക്കുന്നതിന് സ്ഥിരമായതും ആധുനിക രീതിയിലുള്ളതുമായ സംവിധാനം വേണം.

3. നിയമ വിധേയമായി മൽസ്യ മാർക്കററ് പ്രവർത്തിപ്പിക്കണം.

4. എല്ലാ ഗ്രാമസഭകളിൽ നിന്നുമുള്ള നിർദ്ദേശമനുസരിച്ച് ഒരു തീവ്രയത്ന പരിപാടി എന്ന നിലയിൽ പഞ്ചായത്തിലെ ദുർബലജന വിഭാഗങ്ങൾക്ക് നിലവിലുള്ള പദ്ധതികൾ ഉപയോഗിച്ചും ആധുനികരീതിയിലുള്ള കക്കൂസുകൾ നിർമിച്ച് കൊടുക്കണം.

5. എല്ലാ വാർഡുകളിലും കുടുംബ ക്ഷേമ ഉപകേന്ദ്രങ്ങൾ അനുവദിക്കണം.

6. താലൂക്ക് ആശുപത്രിക്കായി ഏറെറടുത്തിട്ടുള്ളതും, ഉപയോഗിക്കാതെ കിടക്കുന്നതുമായ രണ്ട് ഏക്കർ സ്ഥലത്ത് ആധുനിക സൗകര്യങ്ങളുള്ള വാർഡുകൾ നിർമ്മിക്കുകയും, എല്ലാ സ്പെഷലിസ്ററ് ഡോക്ടർമാരേയും നിയമിക്കുകയും ചെയ്യുക

7. ആധുനിക സംവിധാനങ്ങളോടുകൂടിയ മോർച്ചറി സ്ഥാപിക്കുക.

8. എങ്കക്കാടിൽ ഒരു വൃദ്ധ മന്ദിരം സ്ഥാപിക്കുക.
9. എല്ലാ വാർഡുകളിലും പ്രൈമറി ഹെൽത്ത് സെൻററുകൾ സ്ഥാപിക്കണം.
10. 10, 11 വാർഡുകളുടെ പരിധിയിൽ വരുന്ന ഹെൽത്ത് യൂണിററ് മുള്ളൂർക്കരയിലാണ് പ്രവർത്തിക്കുന്നത്. ഇത് വടക്കാഞ്ചേരി യൂണിററിൻെറ കീഴിൽ കൊണ്ടുവരണം.
11. വടക്കാഞ്ചേരി പഞ്ചായത്ത് പ്രദേശത്ത് സംസ്ഥാന സർക്കാരിൻെറ സഹായത്തോടെ വിപുലമായ ഡ്രൈനേജ് സംവിധാനം ഏർപ്പെടുത്തണം.

## കുടിവെള്ളം

മാലിന്യമില്ലാത്ത പരിസരവും, ശുദ്ധജലലഭ്യതയും, ശുചിത്വത്തോടെയുള്ള ജീവിതരീതിയും ഒരു പരിധിവരെ ആരോഗ്യകരമായ ജീതിതം നിലനിറുത്താൻ സഹായിക്കുന്നു.

ആദ്യകാലങ്ങളിൽ വടക്കാഞ്ചേരി പഞ്ചായത്തിലെ ജനങ്ങൾ കുടിവെള്ളത്തിനായി കിണറുകളെ മാത്രമാണ് ആശ്രയിച്ചിരുന്നത്. പഞ്ചവത്സര പദ്ധതികളുടെ ഭാഗമായി പഞ്ചായത്തിൽ 60 ഓളം കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ കിണറുകൾ ഇന്നും പലഭാഗത്തും ഉപയോഗിച്ചുവരുന്നുണ്ട്. ജലവിതരണ പദ്ധതികളുടെ ഭാഗമായി പൈപ്പുകൾ സ്ഥാപിക്കാൻ തുടങ്ങിയതോടെ ചില ഭാഗങ്ങളിൽ കിണറുകൾ ഉപയോഗിക്കാതെ തന്നെ കുടിവെള്ളത്തിനായി പൈപ്പുകളെ ആശ്രയിക്കാൻ തുടങ്ങി.

1964ൽ ചാലികുന്നത്ത് ടാങ്ക് കെട്ടി ചാലിപ്പാടംപുഴയിലെ കിണററിൽനിന്ന് വെള്ളം പമ്പ് ചെയ്ത 'ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി' ആരംഭിച്ചു. തുടർന്ന് 1978ൽ മങ്കര ഹരിജൻകോളനി പദ്ധതിയും, 1933ലെ അകമല പദ്ധതിയും, കുമരനെല്ലൂർ ഹരിജൻകോളനി പദ്ധതിയും, കൂടാർ-കുമ്പളങ്ങാട് പദ്ധതിയും ആരംഭിച്ചു. കൂടാർ പദ്ധതിയൊഴികെ ഈ പദ്ധതികളെല്ലാം തന്നെ വടക്കാഞ്ചേരി പുഴയിലെ മാലിന്യം മൂലവും, ഉറവിടങ്ങളിലെ ജലദൗർലഭ്യവും മൂലം നിറുത്തിയിരിക്കുകയാണ്.

ഇന്ന് വടക്കാഞ്ചേരി സമഗ്ര ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി ഭാരതപുഴയിൽ നിന്നും വെള്ളം പമ്പ് ചെയ്തു വടക്കാഞ്ചേരിയിലും സമീപ പഞ്ചായത്തുകളിലും വിതരണം ചെയ്തുവരുന്നു. പഞ്ചായത്തിൻെറ 75% ഭാഗത്തേക്ക് ശുദ്ധജല വിതരണം നടത്താൻ ഇന്നു കഴിയുന്നുണ്ട്. 202 പൊതു ടാപ്പുകളും, 675 വീട്ടു കണക്ഷനുകളും നൽകി പഞ്ചായത്തിൽ ശുദ്ധജല വിതരണം നടത്തുന്നുണ്ടെങ്കിലും ഇപ്പോഴും പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ വേനൽക്കാലങ്ങളിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നുണ്ട്. 10% ജലജന്യരോഗങ്ങൾ ആശുപത്രികളിൽ നിന്നും റിപ്പോർട്ടു ചെയ്യപ്പെടുന്നത് വലിയ ഭീഷണിയായി കാണേണ്ടതാണ്.

## ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും ക്രമപ്പെടുത്തുന്നു.

| വാർഡ് No. | പ്രശ്നം | നിർദ്ദേശങ്ങൾ |
|---|---|---|
| I | 1. അമ്മാട്ടിക്കുളം പരിസരത്ത് രൂക്ഷമായ ജലദൗർലഭ്യം അനുഭവപ്പെടുന്നു. | 1. പൊതു കുഴൽ കിണറുകളും, പൊതു കിണറുകളും നിർമ്മിക്കുക. ഭാരതപ്പുഴ വെള്ളം ടാങ്ക്കെട്ടി അമ്മാട്ടിയിലേക്ക് ലിഫ്ററ് ചെയ്തു കൊടുക്കണം. |
| | 2. ഏലിയാംകുന്ന് പ്രദേശത്ത് ജലക്ഷാമമുണ്ട്. | 2. വാഴാനി ഇറിഗേഷൻ കനാലിലെവെള്ളം 25–ാം സ്പൗട്ടിനു പകരം 27–ാംസ്പൗട്ടിൽ മാററി കെട്ടി നിറുത്തണം. |
| | 3. മംഗലം കുരിശുപള്ളി പ്രദേശത്ത് കുടിവെള്ളത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. | 3. അമ്മാട്ടിക്കുളം താഴ്ത്തി പമ്പ്ഹൗസ് സ്ഥാപിക്കണം. |
| | 4. അമ്മാട്ടിക്കുന്ന് പ്രദേശത്ത് ജലക്ഷാമം രൂക്ഷമാണ്. | 4. അമ്മാട്ടിക്കുന്നിൻെറ ചരുവിലെ വററാത്ത നീരുറവ പ്രയോജനപ്പെടുത്തണം. |

| വാർഡ് No. | പ്രശ്നം | നിർദ്ദേശങ്ങൾ |
|---|---|---|
| | 5. പൊതു കിണറുകളിൽ ജല ലഭ്യത കുറയുന്നു. | 5. പൊതു കിണറുകളിലെ ചേറെടുത്തു വൃത്തിയാക്കുക. വാട്ടർ അതോറിററിയുടെ ലൈൻ നീട്ടി പൊതു ടാപ്പ് ഇടുക. |
| II | 1. റെയിൽവേ കോളനിയിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.<br>2. മംഗലം പുത്തൻകുളം, ചരൽപ്പറമ്പ് ഭാഗത്ത് കുടിവെള്ളത്തിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. | 1. ചരൽപ്പറമ്പ്—പറകുററിചാൽ ഭാഗത്ത് പമ്പ് ഹൗസ് പണിയണം. പമ്പ്ഹൗസ് / വാട്ടർ ടാങ്ക് നിർമ്മിച്ച്<br>2. ജല വിതരണത്തിന് സർക്കാർസഹായത്തിൽ സൗകര്യമുണ്ടാക്കണം. പുത്തൻ കുളം ഭാഗത്ത് പമ്പ്ഹൗസ് സ്ഥാപിക്കണം. |
| III | 1. വാർഡിന്റെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു<br>2. പുഴയോരങ്ങളിലേയും, പുഴയിലേക്കുള്ള ചാലുകളുടെ പരിസരങ്ങളിലേയും കിണറുകൾ മലിനപ്പെടുന്നു. | 1. ചാലികുന്നത്തുള്ള ടാങ്ക് നവീകരിച്ച് (പഴയടാങ്ക് ഉപയോഗശൂന്യമാണെങ്കിൽ പുതിയ ടാങ്ക് പണിത്) ജലവിതരണത്തിനായി ഉപയോഗിക്കണം.<br>2. ഇപ്പോഴത്തെ ഡ്രൈയിനേജ് സിസ്ററം മാററി ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് പുതിയ ട്രീററ്മെൻറ് യാർഡുകൾ ഉണ്ടാക്കുക. മലിനീകരണം തടയുക. |
| IV | 1. ടൗണിലും, നടത്തറയിലും കുടിവെള്ളക്ഷാമമുണ്ട്. | 1. ചാലിപ്പാടം സ്കീം പുനരുദ്ധീകരിച്ച്, നടുത്തറ ടാങ്കിൽ ജലശേഖരണം നടത്തി വിതരണം ചെയ്യുക. |
| V | 1. പറക്കുന്ന് എന്ന സ്ഥലത്ത് രൂക്ഷമായ കുടി വെള്ളക്ഷാമം അനുഭവപ്പെടുന്നു.<br>2. പുഴക്കു സമീപത്തുള്ള കിണറുകളിലും കുളങ്ങളിലും ഈയിടെയായി വേനൽക്കാലത്ത് ജലനിരപ്പ് വളരെ താഴുന്നു ചില കിണറുകൾ തീരെ വററുന്നു. | 1. കുഴൽകിണറോ, ടാങ്കോ നിർമ്മിച്ച് പരിഹരിക്കണം.<br>2. പുഴയിൽ ചിറ കെട്ടി നിറുത്തുക. ചിറക്കൽ ചിറ കെട്ടുക. പുതിയതായി തടയണ കെട്ടുക. കുളങ്ങൾ വൃത്തിയാക്കുകയും സംരക്ഷിക്കുകയും ചെയ്യുക. |
| VI | 1. നെല്ലിക്കുന്ന് കോളനിയിൽ ജലക്ഷാമം അനുഭവപ്പെടുന്നു. പെരുങ്കിരിചിറ പരിസരത്തെ കിണറുകളിൽ വേനൽക്കാലത്ത് ജലക്ഷാമമുണ്ട്. പട്ടിക്കുളം പരിസരപ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. | 1. ടാങ്കും, പൈപ്പ് ലൈനും നവീകരിക്കുക ഭാരതപ്പുഴ ലൈൻ സ്കീംവഴി പടിഞ്ഞാട്ട് പടിഞ്ഞാറെക്കരയിൽ പൈപ്പു നീട്ടി കൊടുക്കുക<br>പെരുങ്കിരി ചിറയിൽ കൃത്യസമയത്ത് ചിറകെട്ടുക.<br>കുളം നന്നാക്കി സംരക്ഷിക്കണം. ചരൽപറമ്പിലേക്ക് (പുനരധിവാസ പ്രദേശം) ലൈൻനീട്ടി പൈപ്പ് ഇടണം. നെല്ലിക്കുന്നിലുള്ള Tube Well ഉടൻ പ്രവർത്തിപ്പിക്കണം. ഭാരതപ്പുഴ ലൈൻ നീട്ടണം. |

| വാർഡ് No. | പ്രശ്നം | നിർദ്ദേശങ്ങൾ |
|---|---|---|
| VII | 1. ഒന്നാംകല്ലിൽനിന്നും ചാത്തൻചിറയിലേക്കുള്ള റോഡിൻെറ ഇരുവശത്തേക്കുമുള്ള പോക്കററ് റോഡുകളിൽ (തണ്ടാൻകുന്നുകോളനി, പാറപ്പുറം കോളനി, മദ്രസ്സയുടെ മുകംഭാഗം) ജലദൗർലഭ്യം അനുഭവപ്പെടുന്നു. | 1. പൈപ്പ്ലൈൻ നീട്ടുക. |
| VIII | 1. താച്ചൂട്ടിപ്പടി പഞ്ചായത്ത് കിണററിൽ വേനൽക്കാലത്ത് വെള്ളക്ഷാമം 300ഓളം കുടുംബങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്. | 1. പഞ്ചായത്ത് കിണർ റിപ്പയർചെയ്തു വൃത്തിയാക്കി സംരക്ഷിക്കുക. |
| | 2. ചങ്ങാലിക്കാട്ടിലേക്ക് പോകുന്നറോഡിൻെറ താഴെ ഭാഗത്തുള്ള വീട്ടുകാർക്ക് വെള്ളക്ഷാമം അനുഭവപ്പെടുന്നു. | 2. പൈപ്പ് ലയിൻ നീട്ടണം. |
| | 3. ചുള്ളിക്കാട് ശവക്കോട്ടക്കടുത്ത് താമസിക്കുന്ന അമ്പതിൽപരം വീട്ടുകാർക്ക് രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്നു. | 3. ചുള്ളിക്കാട് പ്രത്യേക ടാപ്പ്കെട്ടി വസൂരിപുരയടക്കം എല്ലാമേഖലക്കും വെള്ളം കൊടുക്കണം. |
| | 4. ആലിൻ ചോട്ടിലെ പഞ്ചായത്ത് കിണററിൽ വെള്ളമില്ല. | |
| | 3. തെലുങ്കർ കോളനിയിലെ കുടിവെള്ളക്ഷാമം പരിഹരിക്കണം. | |
| | 6. പൊതുടാപ്പുകൾ സ്ഥാപിച്ചിട്ടുള്ളത് ശാസ്ത്രീയമായല്ല. | |
| IX | 1. പരുത്തിപ്ര പഞ്ചായത്തു കിണർ പ്രദേശത്ത് കുടിവെള്ളക്ഷാമം രൂക്ഷമാണ്. | 1. പഞ്ചായത്തു കിണർ വൃത്തിയായി സംരക്ഷിക്കണം. |
| | 2. കരുപ്പര കുന്നത്തും പ്രദേശത്തും ജലക്ഷാമം പരിഹരിക്കണം. | 2. കൈതക്കോട് ചിറയിൽ ഒരു ജലസംഭരണി നിർമ്മിച്ച് ജലവിതരണം നടത്തുക. |
| | 3. പരുത്തിപ്ര കോളനിയിൽ രൂക്ഷമായ ജലക്ഷാമം. | 3. ചണ്ടിക്കുളം വൃത്തിയായി സംരക്ഷിക്കുക. |
| | 4. ചണ്ടിക്കുളം പ്രദേശത്തെ കിണറുകളിൽ ജലക്ഷാമം അനുഭവപ്പെടുന്നു. | 4. പൈപ്പ് കണക്ഷനുകൾ വിപുലപ്പെടുത്തുക. |
| X | 1. അകമലയിൽ ജലക്ഷാമം അനുഭവപ്പെടുന്നു. | 1. അകമല ശുദ്ധജല പദ്ധതി ആവിഷ്ക്കരിക്കണം. |
| | 2. തൂമാനം കോളനിയിൽ ജലക്ഷാമം. | 2. തൂമാനം കോളനിയിൽ കുഴൽ കിണർ സ്ഥാപിച്ച് ടാങ്ക് കെട്ടി വെള്ളം വിതരണ ംനടത്തണം. |
| | 3. വാർഡിലെ രണ്ടു പഞ്ചായത്തു കിണറുകളും ഉപയോഗ ശൂന്യമാണ്. | 3. മാരാത്ത്കുന്ന് ചോലയിൽ ചിറകെട്ടി വെള്ളം സംഭരിക്കാൻ സാധിച്ചാൽ ഒരു പരിധിവരെ വെള്ള പ്രശ്നംഒഴിവാക്കാം. |

| വാർഡ് No. | പ്രശ്നം | നിർദ്ദേശങ്ങൾ |
|---|---|---|
| | | 4. പഞ്ചായത്തുകിണറുകൾ വൃത്തിയാക്കുകയും താഴ്ത്തുകയും ചെയ്തു സംരക്ഷിക്കണം.<br>5. കൽതൊട്ടി പ്രദേശത്ത് ഒരു തടയണ കെട്ടിയാൽ ചുററുപാടുള്ളവർക്ക് ജലലഭ്യത വർദ്ധിക്കും.<br>6. ഊത്രാളിക്കാവ് പരിസരത്ത് കുളം കുഴിക്കണം. |
| XI | 1. മങ്കര കോളനിയിൽ ജലക്ഷാമം അനുഭവപ്പെടുന്നു.<br>2. ലക്ഷം വീട് കോളനിയിൽ ചില ഭാഗത്ത് ജലക്ഷാമമുണ്ട്. | 1. ഭാരതപ്പുഴ സ്കീം നീട്ടി ടാങ്കിൽ വെള്ളം സംഭരിച്ചാൽ ഒരു പരിധിവരെ പ്രശ്നത്തിന് പരിഹാരമാകും.<br>2. വാട്ടർ അതോറിററിയുടെ പൈപ്പ് ലൈൻ നീട്ടണം.<br>3. നീലാറ ചിറയിലെ വെള്ളം ഉപയോഗയോഗ്യമാക്കുക. |
| XII | 1. വാർഡിലെ കിണറുകളിൽ ഈയിടെയായി ജലദൗർലഭ്യം അനുഭവപ്പെടാൻ തുടങ്ങിയിട്ടുണ്ട്<br>2. പവർ ഹൗസ് പരിസരത്ത് കുടിവെള്ളത്തിന് ബുദ്ധിമുട്ടുണ്ട്. | 1. വാഴാനിവെള്ളം തടയണകെട്ടി സംരക്ഷിക്കണം<br>2. തൂമാനം പദ്ധതി നടപ്പിലാക്കുക.<br>3. പൈപ്പ് ലൈൻ വികസിപ്പിക്കുക. |

ഗ്രാമസഭകളിൽ നിന്നുള്ള പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ അവിടെ നിന്നുള്ള പരിഹാര മാർഗ്ഗങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞു വന്നതിൽ പ്രധാനമായും ചെറുകിട പദ്ധതികൾ നടപ്പിലാക്കുകയും, പഴയജല സ്രോതസ്സുകളെ സംരക്ഷിക്കുകയും ചെയ്താൽ ശുദ്ധ ജല വിതരണം ശരിയായി നടത്താൻ കഴിയും എന്നതുമാണ്. ഇത്തരത്തിൽ പദ്ധതികൾ നടപ്പിലാക്കിയാൽ ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കാം.

എല്ലാ വാർഡുകളിലും 5ലക്ഷം ലിററർ ശേഷിയുള്ള ഓരോ വാട്ടർ ടാങ്ക് സ്ഥാപിക്കണം. എല്ലാ വാർഡുകളിലും ഓരോ പമ്പ് ഹൗസുകൾ സ്ഥാപിക്കണം.

ഭാരതപുഴയിൽ ആവശ്യമായ തടയണകെട്ടി ജലദൗർലഭ്യം പരിഹരിക്കണം.

വടക്കാഞ്ചേരി പുഴ ശുചീകരിച്ച് തടയണ കെട്ടി ഷട്ടറുകൾ സ്ഥാപിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കണം.

വാഴാനി ഡാമിലെ ജലം വേണ്ട വിധം കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ഉപയോഗിക്കണം.

ഈ പഞ്ചായത്ത് പ്രദേശത്തുള്ള മുഴുവൻ കുളങ്ങളും, കിണറുകളും താഴ്ത്തി സൈഡ് കെട്ടി സംരക്ഷിക്കുക.

ഈ പദ്ധതികൾ നടപ്പിൽ വരുത്തണമെങ്കിൽ 10 കോടി രൂപയുടെ സാമ്പത്തിക സഹായം ആവശ്യമാണ്. സാമ്പത്തിക സഹായം ലഭിക്കാത്ത പക്ഷം ഈ പദ്ധതികൾക്ക് വെളിച്ചം കാണാൻ കഴിയില്ല. വീണ്ടും പഴയ അവസ്ഥയിലേക്കും എത്തിപ്പെടും.

# 5.F ഗതാഗതം, ഊർജ്ജം, മാർക്കറ്റിംഗ്
## ഗതാഗതം

മറ്റെല്ലാപ്രദേശങ്ങളിലെപ്പോലെ കാൽനട, കാളവണ്ടി,ആവിപണി,പെട്രോൾ-ഡീസൽ പണി എന്നീനിലകളിലാണ് വാഹനങ്ങളുടെ വികസനം നടന്നതെങ്കിൽ മൺപാത,മെറ്റൽ റോഡ്, ടാർറോഡ് എന്നീ ക്രമങ്ങളിൽ റോഡു ഗതാഗത മേഖലയിലും പടിപടിയായി വടക്കാഞ്ചേരി പഞ്ചായത്തിൽ പുരോഗതിയുണ്ടായിട്ടുണ്ട്. തെക്ക് പത്താങ്കല്ല് മുതൽ വടക്കു അകമലചുരം വരെ നീണ്ടു കിടക്കുന്ന ഏഴു കിലോമീറ്റർ ദൂരം വരുന്നസ്റ്റേറ്റ് ഹൈവേ ആണ് ആദ്യത്തെ ടാറിങ്ങ് റോഡ്. അതുപോലെ താലൂക്ക് ആസ്ഥാനമായ വടക്കാഞ്ചേരിയെയും താലൂക്കിലെ പ്രധാന വാണിജ്യ കേന്ദ്രമായ കുന്നുംകുളത്തേയും തമ്മിൽ ബന്ധിപ്പിക്കുന്ന പ്രധാന റോഡ് മൂന്ന് കിലോമീറ്ററും,ഇവയുൾപ്പെട്ട മൊത്തം പഞ്ചായത്തിൽ ഇരുപത്തിമൂന്നും കിലോ മീറ്ററും പൊതു മരാമത്തുവക ടാർ ചെയ്ത റോഡുകളും ഏകദേശം ഇരുപത്തിയെട്ടു കിലോ മീറ്ററും പഞ്ചായത്ത് എം.എൽ.എ റോഡുകൾ ടാറിങ്ങ് നടത്തിയിട്ടുണ്ട്. ആറുകിലോമീറ്ററോളം മെറ്റൽ വിരിച്ച റോഡുകളുമുണ്ട്. പഞ്ചായത്ത് രജിസ്റ്ററനുസരിച്ച് 126.6 കിലോമീറ്റർ റോഡുകളാണ് വടക്കാഞ്ചേരിയിലുള്ളത്. ഈ പഞ്ചായത്തിൽ രണ്ടു ബസ്സു പാർക്കിങ്ങ് സ്റ്റാൻഡുകളും, ടാക്സികാറുകൾക്ക് രണ്ട് സ്റ്റാൻഡുകളും, ഓട്ടോറിക്ഷകൾക്ക് ആറു പാർക്കിങ്ങ് സ്റ്റാൻഡുകളും, ജീപ്പ് , ലോറി, ടെമ്പോ, എന്നിവകൾക്ക് ഓരോന്നും വീതവുമാണുള്ളത്.

200 ഓട്ടോറിക്ഷകളും, 100 താഴെ ടാക്സികാറുകളും, 60 ജീപ്പുകളും, 30 ടെമ്പോകളും, 20 ലോറികളും, 200 ബസ്സുകളും മുകളിൽ പറഞ്ഞ സ്റ്റാൻഡുകളിൽ പാർക്ക് ചെയ്ത് സർവ്വീസ് നടത്തി കൊണ്ടിരിക്കുന്നു.

വടക്കാഞ്ചേരിയിലെ ഗതാഗത വികസനത്തിൽ വലിയ മുന്നേറ്റമുണ്ടാക്കിയത് 1928 ൽ സ്ഥാപിതമായ വടക്കാഞ്ചേരി റെയിൽവേ സ്റ്റേഷനും,ഇതോടനുബന്ധിച്ച് വന്ന 8 കിലോ മീറ്റർ ഗേജ് റെയിൽ പാതയുണ്ട്. വാല് വർഷത്തിനുശേഷം പ്രോഡ്ഗേജായിമാറ്റുകയും, 1981 ൽ ഇരട്ടപ്പാതകൾ നിലവിൽ വരികയും ചെയ്തു.

1993-94 കാലയളവിൽ 60 ലക്ഷം രൂപയായിരുന്നു വാർഷിക വരുമാനമെങ്കിൽ 1996-97 വർഷതേയ്ക്ക് അത് ഒരു കോടി രൂപയോളം എത്തിയെന്നത് താലൂക്ക് ആസ്ഥാനത്തെ റെയിൽ ഗതാഗത രംഗത്തെ പ്രാധാന്യം ബോധ്യപ്പെടുത്തുന്നു.

താലപ്പിള്ളി താലൂക്കിൻെറ ആസ്ഥാനമായ വടക്കാഞ്ചേരി തൊട്ട പ്രദേശങ്ങളായ തെക്കുംകര, മുണ്ടത്തിക്കോട്,വേലൂർ,എരുമപ്പെട്ടി,കടങ്ങോട്, വരവൂർ, മുള്ളൂർക്കര എന്നീ പഞ്ചായത്തുകളിൽനിന്നു വരുന്ന വമ്പിച്ച ജനസാമാന്യത്തിന് നിത്യേനയുള്ള യാത്രയ്ക്കും ദീർഘദൂരയാത്രയ്ക്കുമുള്ള സൗകര്യങ്ങൾ ഇന്ന് പരിമിതമാണ്. താലൂക്ക് ആസ്ഥാനത്തിനുള്ള പദവിയും ജനതിരക്കും കണക്കിലെടുക്കുന്നില്ലെന്ന് മാത്രമല്ല വേണ്ടത്ര തീവണ്ടികൾക്ക് ഇവിടെ സ്റ്റോപ്പുമില്ല. മുമ്പുണ്ടായിരുന്ന ഗുഡ്സ് ഷെഡ് നിർത്തിയത്തുകൊണ്ട് ചരക്കുഗതാഗതത്തിൽ ഉണ്ടാകാമായിരുന്ന വരുമാനം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. നമ്മുടെ പ്രദേശം ഉൾപ്പെടുന്ന റെയിൽവേ ഡിവിഷൻെറ കീഴിലുള്ള മറ്റു പല സ്റ്റേഷനുകളും പുരോഗതി പ്രാപിച്ചപ്പോൾ നമുക്ക് ഇനിയും സൗകര്യങ്ങളോടെയുള്ള റെയിൽവേ സ്റ്റേഷൻ സ്വപ്നത്തിൽ മാത്രമായി ഒതുങ്ങിയിരിക്കുന്നു.

നമുക്കൊരു മേൽപ്പാലം വേണം!

റെയിൽ ഗതാഗതത്തിൽ നാൾക്കുനാൾ വർദ്ധിച്ചു വരുന്ന ട്രാഫിക്ക് ബാഹുല്യം താലൂക്ക് ആസ്ഥാനത്തിന് ആകെ സംഭാവന ചെയ്യുന്നത് കൂറേദാരുണമരണങ്ങൾ മാത്രം.

### പ്രശ്നങ്ങൾ

1. P.W.D റോഡുകൾക്ക് ആവശ്യാനുസരണം വീതിയില്ല.നിർമ്മാണ കാലഘട്ടത്തിൽ ഉണ്ടായിരുന്നതിനേക്കാൾ വാഹനങ്ങളുടെ എണ്ണം വർദ്ധിച്ചിട്ടും റോഡുകളുടെ വീതിയിൽ മാറ്റം വന്നിട്ടില്ല. ഇതിൻെറ ഭാഗമായി അപകടങ്ങൾ ക്രമാധീതമായി വർദ്ധിച്ചു.
2. P.W.D റോഡുകൾ ഉൾപ്പെടെയുള്ള ഭൂരിപക്ഷം റോഡുകൾക്കും കാനകളും കലുങ്കുകളും ഇല്ല.ഉള്ളവ പ്രവർത്തനക്ഷമമല്ല.
3. സ്വകാര്യ വ്യക്തികളുടെ റോഡ്പുറംപോക്ക് കയ്യേറ്റങ്ങൾ ധാരാളം ഉണ്ടായികൊണ്ടിരിക്കുന്നു.
4. ബസ്റ്റാൻറുകളുടെ സൗകര്യമില്ലായ്മ വഴി പാർക്കിംഗ്

അസൗകര്യവും ഉണ്ടകാറുണ്ട്.

5. K.S.R.T.C വടക്കാഞ്ചേരി, ഓട്ടുപാറ ടൗണിൽ 2 ഫെയർ സ്റ്റേജാണുള്ളത്. കൃത്യമായ സ്റ്റോപ്പില്ല.K.S.R.T.C ദീർഘദൂര വണ്ടികളുടെ എണ്ണം കുറവാണ്

6. ബസ്റ്റാൻഡുകളിൽ ആവശ്യമായ സൗകര്യങ്ങളോടുകൂടിയ വെയിറ്റിംഗ് ഷെഡില്ല.പ്രസ്തുത കേന്ദ്രങ്ങൾ വ്യാപാരികൾ കൈയ്യടക്കിയിരിക്കുന്നു.

7. വടക്കാഞ്ചേരിയുടെ പൊതുവികസനത്തിന് തടസമായ വടക്കാഞ്ചേരി റെയിൽവേ ഗേറ്റ് ഒഴിവാക്കണം. ഇതാണ് ഗതാഗത സംവിധാനത്തിലെ വടക്കാഞ്ചേരിയുടെ ഏറ്റവും ശാപം.

8. എങ്കക്കാട്-മാരാത്ത്ക്കുന്ന് റെയിൽവ്വേ ഗേറ്റുകൾ ഒഴിവാക്കി ഓവർ ബ്രിഡ്ജ് പണിയാത്തതുകൊണ്ട് അപകടങ്ങൾ വർദ്ധിക്കുന്നു.

9. റോഡരികിലുള്ള ഓട്ടോറിക്ഷ, ടാക്സികാറുകൾ,ജീപ്പ്, ടെമ്പോ ലോറി തുടങ്ങിയവയുടെ പാർക്കിങ്ങുകൾ ടൗൺ പ്രദേശത്ത് ഗതാഗത സ്തംഭനങ്ങളും, അപകടങ്ങളും വർദ്ധിപ്പിക്കുന്നു.

10. കെട്ടിക നിർമ്മാണ സാമഗ്രികളും, മറ്റു അവശിഷ്ടങ്ങളും റോഡികിൽ നിക്ഷേപിക്കുന്നത് ഗതാഗത സ്തംഭനത്തിനിടയാക്കുന്നു.

11. പഞ്ചായത്ത് നിയമങ്ങൾക്ക് വിരുദ്ധമായി റോഡിനോട് ചേർന്ന് കെട്ടിടങ്ങൾ നിർമ്മിക്കുന്നത് റോഡ് ഗതാഗതത്തെ സാരമായി ബാധിക്കുന്നു.

12. പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും ബസ്സ് ഗതാഗതം ഇല്ല.

13. ടൗൺ പ്രദേശങ്ങളിലെ ഗതാഗത തടസ്സം ഒഴിവാക്കാൻ ആവശ്യാനുസരണം ബൈ പാസ് സംവിധാനമില്ല.

14. റെയിൽവ്വേ ഗേറ്റ് ഒഴിവാക്കി വളരെ പെട്ടെന്ന് മെഡിക്കൽ കോളേജിലേക്ക് എത്തിചേരാൻ കഴിയുന്ന ബൈപാസ് സംവിധാനങ്ങൾ ഉപയോഗപ്രദമാകുന്നില്ല.

15. റെയിൽവ്വേ സ്റ്റേഷൻെറ സൗകര്യങ്ങൾ പരിമിതമാണ്

16. റെയിൽവ്വേ ഗുഡ്സ് ഷെഡ് നിർത്തിവെച്ച് സാമ്പത്തിക മേഖലയിൽ വൻ നഷ്ടങ്ങൾ ഉണ്ടാക്കുന്നു.

17. റിസർവ്വേഷൻ ക്വാട്ട വർദ്ധിപ്പിക്കാത്തതുകൊണ്ട് റയിൽവ്വേക്ക് സാമ്പത്തിക നഷ്ടങ്ങളുണ്ടാകുന്നു.

18. ദീർഘ ദൂര വണ്ടികൾ സ്റ്റേഷനിൽ നിർത്താതത് യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.

19. വന്നുപോകുന്ന യാത്രക്കാർക്ക് ആവശ്യമായ താമസസൗകര്യങ്ങളോ ഭക്ഷണശാലകളോ ഇല്ല.

20. രാത്രി കാലങ്ങളിൽ വടക്കാഞ്ചേരിയിൽ എത്തിച്ചേരുന്ന റെയിൽ-റോഡ് യാത്രക്കാർക്ക് റെയിൽവ്വേ സ്റ്റേഷൻ, വടക്കാഞ്ചേരി,ഓട്ടുപാറ എന്നീ കേന്ദ്രങ്ങളിൽ ഓട്ടോയടക്കമുള്ള വാഹന സൗകര്യങ്ങളും റെയിൽവ്വേ സ്റ്റേഷനിൽ വിശ്ര മുറികളും നിലവിലില്ല.

## നിർദേശങ്ങൾ - സാധ്യതകൾ

1. വടക്കാഞ്ചേരി മേൽപ്പാലം ഉടൽ പണിയുക

2. P.W.D റോഡുകളുടെ വീതികൂട്ടുക

3..K.S.R.T.C ബസ്റ്റാൻറ്(ഡെപ്പോ) അനുവദിക്കുക.

4. വടക്കാഞ്ചേരി ടൗണിൽ ജനപ്രതിനിധികൾ മുൻ കൈയ്യെടുത്ത്,.K.S.R.T.C യ്ക്ക് ഏകീകൃത ഫെയർ സ്റ്റേജ് സമ്പ്രദായം നടപ്പിലാക്കുക.

5. P.W.D റോഡുകളിലെ ഉള്ള കാനകൾ വൃത്തിയാക്കി ഉപയോഗപ്രദമാക്കുകയും പുതിയ കാനകളും, കലുങ്കുകളും പണിത് P.W.D റോഡ് സംരക്ഷിക്കുക.

6. സ്വകാര്യവ്യക്തികൾ നടത്തികൊണ്ടിരിക്കുന്ന അനധികൃതമായ റോഡ് കയേറ്റം അവസാനിപ്പിക്കുന്നതിന് നിയമനടപടികൾ സ്വീകരിക്കുക.

7. നിലവിലുള്ള ബസ്റ്റാൻഡിൽ നിന്ന് വികസനത്തിന് ആവശ്യമായ സ്ഥലം അക്വയർ ചെയ്ത് സൗകര്യം വർദ്ധിപ്പിക്കുക.

8. നിലവിലുള്ള ബസ്റ്റാൻറിൽ യാത്രക്കാർക്ക് ഉപയോഗപ്രദമാകും വിധത്തിലുള്ള വെയിറ്റിങ്ങൾ ഷെഡുകൾ, വിശ്രമമുറികൾ, കംഫർക്ക്സ്റ്റേഷൻ എന്നിവ നിർമ്മിക്കുക.

9. എങ്കക്കാട്ടിലേയും, മാരാത്ത് കുന്നിലേയും ഗതാഗത തടസ്സം ഒഴിവാക്കുന്നതിന് റെയിൽവേ ഗേറ്റ് ഒഴിവാക്കി ഓവർ ബ്രിഡ്ജ് പണിയുക.

10. ഓട്ടോറിക്ഷ, ടാക്സികാറുകൾ, ജീപ്പ്, ടെംബോ, ലോറി എന്നീ വാഹനങ്ങൾക്ക് പഞ്ചായത്ത് അനുയോജ്യമായ സ്ഥലമേറ്റെടുത്ത് അംഗീകൃത സ്റ്റാൻറുകളുണ്ടാക്കി അനുവദിച്ച് കൊടുക്കുക.

11. ടാക്സി വാഹനങ്ങൾക്ക് പഞ്ചായത്ത് തിരിച്ചറിയൽ എംബ്ലം നൽക്കുക.

12. കെട്ടിട നിർമ്മാണ സാമഗ്രികളും മറ്റു അവശിഷ്ടങ്ങളും റോഡരികിൽ നിക്ഷേപിക്കുന്നവർക്കെതിരെ കർശന നടപടിയെടുക്കുക.

13. പഞ്ചായത്തിലെ കുമ്പളങ്ങാട് വഴി വ്യാസാകോളേജിലേക്ക് പോകുന്ന ഭാഗത്തേക്കും,കുമരനെല്ലൂർ സരിതപുരം ഭാഗത്തേക്കും നിലവിലുണ്ടായുരുന്ന ബസ്സ് ഗതാഗത സൗകര്യം പുനരാരംഭിക്കുക.

14. പഞ്ചായത്തിൽ ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിന് വേണ്ടി ദൂരക്കാഴ്ചയോടു കൂടിയ വീതിയുള്ള ബൈപാസ് സംവിധാനം ഉണ്ടാക്കുക.

15. വടക്കാഞ്ചേരി റെയിൽവേസ്റ്റേഷൻ എല്ലാവിധ സൗകര്യങ്ങളോടും കൂടി പുതുക്കിപണിയുക.

16. ഗുഡ്സ്ഷെഡ് നിർത്തിവെച്ചത് പുനരാരംഭിക്കുക.

17. ദീർഘദൂരസ്ഥലങ്ങളിലേക്കും മറ്റ് സ്ഥലങ്ങളിലേക്ക് റിസർവേഷൻ ക്വാട്ട വർദ്ധിപ്പിക്കുക.

18. ദീർഘദൂരം വണ്ടികളായ K.K എക്സ്പ്രസ്സ്, ഹൗറ എക്സ്പ്രസ്സ്,ബൊക്കാറോ, രാജ്ഘട്ട്, കണ്ണൂർ -എറണാകുളം എക്സ്പ്രസ്സ്,മംഗലാപുരം - തിരുവനന്തപുരം എക്സ്പ്രസ്സ്, മദ്രാസ് മെയിൽ , കൊല്ലം - മദ്രാസ് കുർള എക്സ്പ്രസ്സ് എന്നീ വണ്ടികൾക്ക് വടക്കാഞ്ചേരിയിൽ സ്റ്റോപ്പ് അനുവദിക്കണം.

19. മാരാത്ത്കുന്ന്- എങ്കക്കാട് റെയിൽവേ ഗേറ്റിലെ അപകട സാധ്യത ഒഴിവാക്കാൻ ഇൻറർ ലോക്കിങ്ങ് സിഗ്നൽ സമ്പ്രദായം ഏർപ്പെടുത്തണം.

## പൊതുനിർദ്ദേശങ്ങൾ

1. ഈ പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ റോഡുകളും ഉയർത്തി വീതി കൂട്ടി ശരിയായ രീതിയിൽ കാനകൾ കോൺക്രീറ്റ് ചെയ്ത് നിർമ്മിക്കണം.

2. വർദ്ധിച്ചു വരുന്ന വാഹന ബാഹുല്യം പരിഗണിച്ച് ബൈപാസ് സംവിധാനം ഉണ്ടാക്കണം.

3. താലൂക്ക് ആസ്ഥാനമെന്ന നിലക്ക് ഇൻെറർ സ്റ്റേറ്റ് ബസ്സുകൾ വടക്കാഞ്ചേരിയിൽ നിന്നും ആരംഭിക്കണം.

4. വർദ്ധിച്ചു വരുന്ന റെയിൽ,റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നിയമ നടപടികൾ കൈക്കൊള്ളുക.

5. റോഡിന് ഇരുവശത്തും തടസ്സമായി നില്ക്കുന്ന ടെലഫോൺ പോസ്റ്റുകൾ, ഇലക്ട്രിക്ക് പോസ്റ്റുകൾ, പെട്ടിക്കടകൾ, പരസ്യബോർഡുകൾ ബങ്കുകൾ എന്നിവ നീക്കം ചെയ്യണം.

6. തൃശ്ശൂരിലേക്ക് വടക്കാഞ്ചേരി റയിൽവേ ഗേറ്റ് തടസ്സം ഒഴിവാക്കി കിട്ടുന്നതിന്:

I. വില്ലാനിക്കാട് -കല്ലംകുന്ന് പാലം - ഫോറസ്റ്റ് ആഫീസ് - മാരാത്തുകുന്ന് - അകമലപ്പാറപുറം - പട്ടാണിക്കാട് - അകമല റെയിൽവെ ഓവർ ബ്രിഡ്ജിൽ എത്തിച്ചേരുന്ന വിധം പുതിയ റോഡും പാലങ്ങളും ഇതിൽ കല്ലങ്കുന്ന് പാലവും നിർമ്മിക്കണം.

II. വടക്കാഞ്ചേരി -കുമ്പളങ്ങാട് -ആറ്റത്ര- കോട്ടപുറം- തയ്യൂർ- വെള്ളാറ്റഞ്ഞൂർ -തണ്ടിലം- കേച്ചേരി റോഡ് നിർമ്മിക്കണം

III. വടക്കാഞ്ചേരി മേൽപാലവും അപ്രോച് റോഡും ഉടനടി നിർമ്മിക്കണം.

IV. കാഞ്ഞിരക്കോട് - പള്ളിമണ്ണ- കുമ്പളങ്ങാട്-വ്യാസഗിരി- പാർളിക്കാട് - കുറാഞ്ചേരി - അത്താണി മെഡിക്കൽ കോളേജ് റോഡ്. ഇതിൽ പള്ളിമണ്ണ പാലവും വീതികൂട്ടി പുതുക്കി നിർമ്മിക്കണം.

V. പരുത്തിപ്രസ്കൂൾ - K.P കുന്ന് - പ്രിയദർശിനിറോഡ് -കൊടുമ്പ് അയ്യപ്പക്ഷേത്രം- കാഞ്ഞിരക്കോട് റോഡ് നിർമ്മിച്ച് ഓട്ടുപാറ സെൻററിലെ തിരക്ക് ഒഴിവാക്കണം.

VI. അകമലപുരം -തൂമാനം-ചേപ്പലക്കോട് - കുരുത്തറ റോഡ് നിർമ്മിച്ച് വാഴാനി, കുണ്ടുകാട് ഭാഗത്തേയ്ക്ക് എളുപ്പത്തിൽ എത്തുന്നതിനും ഓട്ടുപാറ-വടക്കാഞ്ചേരിയിലെ തിരക്കു ഒഴിവാക്കുന്നതിനും വേണ്ടി നിർദ്ദേശിക്കപ്പെട്ടിടടുള്ള കഴംകുണ്ട്- അകമല റോഡുമായി ബന്ധിപ്പിക്കണം.

VII. ഒന്നാംകല്ല് -ആറ്റാം പാറചിറ-അകമ്പാടം-ഇരട്ടകുളങ്ങരക്ഷേത്രം-ചരൽപ്പറമ്പ്-വ്യാസഗിരി വഴി അത്താണി മെഡിക്കൽ കോളേജിലേക്ക് റോഡും പാലവും നിർമ്മിക്കുക

VIII. വടക്കാഞ്ചേരി ഓട്ടുപാറ വ്യാപാരമേഖലയിലെ ഗതാഗതക്കുരുക്കുണ്ടാകുന്ന വഴിയരികിൽ പാർക്ക് ചെയ്ത് കടകളിലേക്കുള്ള ചരക്കു കയറ്റിറക്ക് കർശനമായി നിരോധിക്കുക.

IX. ടൗൺ പ്രദേശത്ത് ട്രാഫിക്ക് നിയമം ലംഘിച്ച് അമിത വേഗതയിലും അശ്രദ്ധയിലും വാഹനങ്ങൾ ഓടിക്കുന്നവരെ കർശനമായി ശിക്ഷിക്കുക വഴി അപകടങ്ങൾ ഒഴിവാക്കുക.

X. പഞ്ചായത്ത് M.L.A റോഡുകളുടെ അറ്റകുറ്റപണികൾക്ക് ധനാഗമമാർഗ്ഗങ്ങൾ കണ്ടെത്തുക.

XI. പുല്ലാനിക്കാട് എങ്കക്കാട് പാലം വീതികൂട്ടി പുതുക്കി പണിയണം.

XII ചേലക്കര,കാളിയാ റോഡ് ഭാഗങ്ങളിലേക്ക്, എളുപ്പവഴിയിൽ കൂടി എത്തിച്ചേരാവുന്ന വടക്കാഞ്ചേരി വാഴാനി കാട്ടിലൂടെ പുതിയം റോഡ് നിർമ്മിക്കണം.

XIII. മേൽപറഞ്ഞ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഉദ്ദേശം 50 കോടി രൂപ ധനസഹായം സർക്കാരിൽ നിന്നും ലഭ്യമാക്കണം. എങ്കിൽ മാത്രമേ ഗതാഗതം സംബന്ധിച്ച പ്രശ്ന പരിഹാരമാകുകയുള്ളൂ.

# വാർഡ് 1

| നമ്പർ | വാർഡ് | വാർഡിൻെറ പേര് | റോഡുകളുടെ പേര് | തരം |
|---|---|---|---|---|
| 1 | I | മംഗലം | പത്താം കല്ലിൽ നിന്ന് കല്ലും പാറ റോഡ് | ടാറിങ്ങ് |
| 2 | ,, | ,, | അമ്മാട്ടിക്കുളം റോഡിൽ നിന്നും മംഗലം കുരിശുപള്ളി കല്ലും പാറ | വീതികൂട്ടി ടാറിങ്ങ് |
| 3 | ,, | ,, | അമ്മാട്ടികുളം റോഡ് | ടാറിങ്ങ് |
| 4 | ,, | ,, | കുളത്തും പടി റോഡ് | വീതികൂട്ടി ടാറിങ്ങ് |
| 5 | ,, | ,, | ശങ്കരയ്യ റോഡ് | മെറ്റലിങ്ങ് |
| 6 | ,, | ,, | പണിക്കർ റോഡ് | മെറ്റലിങ്ങ് |
| 7 | ,, | ,, | പടിഞ്ഞാറ്റുമുറി മൂന്ന് കൈവഴിക്ക് | കരിങ്കൽ വിരിച്ച് ടാറിങ്ങ് |
| 8 | ,, | ,, | അമ്മാട്ടിവഴി പത്താകൽ റോട്ടിൽ നിന്നും | കൽവിരിച്ച് ടാറിങ്ങ് |
| 9 | ,, | ,, | മുളമ്പറമ്പ് റോഡ് | പുതിയതായി റോഡ് നിർമ്മിച്ച് ടാറിങ്ങ് നടത്തണം. |
| 10 | ,, | ,, | പത്താം കല്ല് മംഗലം വായനശാല ബ്രാഞ്ച് റോഡുകൾ. | ടാറിങ്ങ് |

# വാർഡ് 2

| നമ്പർ | വാർഡ് | വാർഡിന്റെ പേര് | റോഡുകളുടെ പേര് | തരം |
|---|---|---|---|---|
| 1 | II | കരുതക്കാട് | റെയിൽവേ കോളനി<br>ചരൽപറമ്പ് റോഡ് | സൈഡ് കെട്ടി<br>കയറ്റം കുറച്ച്<br>ടാറിങ്ങ്<br>നടത്തണം |
| 2 | ,, | ,, | R.L.E.G.P കോളനി റോഡ് | സൈഡ് കെട്ട്<br>ടാറിങ്ങ്<br>നടത്തണം |
| 3 | ,, | ,, | സെൻറ് ഫ്രാൻസീസ് റോഡ് | ടാറിങ്ങ് |
| 4 | ,, | ,, | തരകൻ ടെക്സറ്റൈൽ മുതൽ<br>മംഗലം വരെ | ടാറിങ്ങ് |
| 5 | ,, | ,, | സ്റ്റീൽ കമ്പനി റോഡ് | ടാറിങ്ങ് |
| 6 | ,, | ,, | കരുതക്കാട് മംഗലം റോഡുകളെ<br>ബന്ധിപ്പിക്കുന്ന പുതിയ റോഡ്<br>ഉണ്ടാക്കണം. | ടാറിങ്ങ് |
| 7 | ,, | ,, | കാട്ടിലങ്ങാടി റോഡ് | ടാറിങ്ങ് |
| 8 | ,, | ,, | ചരൽ പറമ്പ് ഇരട്ടകുളങ്ങര<br>ബന്ധിപ്പിക്കുന്ന പുതിയ<br>റോഡ് ഉണ്ടാക്കണം. | സൈഡ് കെട്ടി<br>ടാറിങ്ങ് |

# വാർഡ് 3

| നമ്പർ | വാർഡ് | വാർഡിന്റെ പേര് | റോഡുകളുടെ പേര് | തരം |
|---|---|---|---|---|
| 1 | III | പുലാനിക്കാട് | കല്ലും കുണ്ട് പുഴ പാലം കെട്ടി റോഡ് ടാർചെയ്യണം | ടാറിങ്ങ് |
| 2 | ,, | ,, | ഇരട്ടകുളങ്ങര കുളത്തിന്റെ വശത്ത് കൂടിയുള്ള നെല്ലിക്കുന്ന്റോഡ് | ടാറിങ്ങ് |
| 3 | ,, | ,, | മദ്രസ്സ മുതൽ കുമ്പളങ്ങാട് റോഡിലെക്കുള്ള റോഡ് | ടാറിങ്ങ് |
| 4 | ,, | ,, | | |
| 5 | ,, | ,, | പുല്ലാനിക്കാട് റോഡുകളുടെ ഡ്രൈയിനേജ് സംരക്ഷണം | കോൺക്രീറ്റിങ്ങ് |
| 6 | ,, | ,, | കോർട്ട് റിയർ റോഡ് ചാലിക്കുന്ന് ഭാഗത്തേക്ക് വീതി കൂട്ടി ടാറിങ്ങ് | ടാറിങ്ങ് |

# വാർഡ് 4

| നമ്പർ | വാർഡ് | വാർഡിൻെറ പേര് | റോഡുകളുടെ പേര് | തരം |
|---|---|---|---|---|
| 1 | IV | വടക്കാഞ്ചേരി | നടത്തറ റിങ്ങ് റോഡ് | |
| 2 | ,, | ,, | ഗേൾസ് ഹൈസ്ക്കൂൾ പിൻവശം റോഡ് | |
| 3 | ,, | ,, | മുത്തുസ്വാമി റോഡ് | ടാറിങ്ങ് |
| 4 | ,, | ,, | മണ്ണാൻെറ പടിമുതൽ അരവിന്ദാക്ഷമേനോൻെറ വീടുവരെയുള്ള വഴി വീതികൂടണം | ടാറിങ്ങ് |
| 5 | ,, | ,, | മാരിയമ്മൻ കോവിൽ റോഡ് | ടാറിങ്ങ് |
| 6 | ,, | ,, | ഹൈസ്ക്കൂൾ ഗ്രൗണ്ടിൽ നിന്നും നടത്തറയിലേക്ക് പുതിയ റോഡ് | ടാറിങ്ങ് |

# വാർഡ് 5

| നമ്പർ | വാർഡ് | വാർഡിൻെറ പേര് | റോഡുകളുടെ പേര് | തരം |
|---|---|---|---|---|
| 1 | V | അകംപാടം | അകംപാടം കുമ്പളങ്ങാട് ബന്ധിപ്പക്കുന്ന റോഡ് | ടാറിംഗ് |
| 2 | ,, | ,, | പടിഞ്ഞാറ്റുമുറി ആറ്റംപാറ്റ വഴി | റോഡ് വീതി കൂട്ടി ടാർ നടത്തുക |
| 3 | ,, | ,, | C.M.S.L.P.S സ്ക്കൂൾ വഴി പള്ളിറോഡ് | ടാർ വീതികൂട്ടുക |
| 4 | ,, | ,, | ചാലക്കൽചിറ-പള്ളിമണ്ണ | ടാർ വീതികൂട്ടി അമ്പലം വരെ പണിയണം |
| 5 | ,, | ,, | മുരിപാടം റോഡ് കാഞ്ഞിരക്കോട്ട് | കല്ല് വിരിക്കുക |
| 6 | ,, | ,, | പള്ളിമണ്ണ പാലം വീതികൂട്ടി റോഡ് ടാർ ചെയ്യുക | ടാർ ടാറിങ്ങ് |
| 7 | ,, | ,, | വളയം പറമ്പിൽ റോഡ് | ടാർ ടാറിങ്ങ് |
| 8 | ,, | ,, | കർക്കിടകത്ത് അമ്പലം റോഡ് | ടാർ ടാറിങ്ങ് |
| 9 | ,, | ,, | ആറ്റാംപാറ്റ ചിറ റോഡിൽ നിന്ന് പടിഞ്ഞാറൊട്ടുള്ള റോഡ് | ടാർ ടാറിങ്ങ് |
| 10 | ,, | ,, | പടിഞ്ഞാറ്റുമുറി ആറ്റാംപാറ്റ വഴി പോക്കുന്ന റോഡിൻെറ കിഴക്ക് വശം | ടാർ ടാറിങ്ങ് |
| 11 | ,, | ,, | പഞ്ചസദനം റോഡ് | ടാർ ടാറിങ്ങ് |
| 12 | ,, | ,, | സൊസെറ്റിപറമ്പ് റോഡ് | ടാർ ടാറിങ്ങ് |
| 13 | ,, | ,, | അമ്പിസ്വാമി റോഡ് | ടാർ ടാറിങ്ങ് |
| 14 | ,, | ,, | അവണപ്പറമ്പ് വടക്കുമുറി റോഡ് | ടാർ ടാറിങ്ങ് |
| 15 | ,, | ,, | കർക്കിടത്ത് കാവ് മുതൽ അകമ്പാടം വരെയുള്ള റോഡ് | ടാർ ടാറിങ്ങ് |
| 16 | ,, | ,, | നടത്തറ സി.എച്ച്.എസ് റോഡ് | കൽവിരിച്ച് ടാർ ചെയ്യുക |

# വാർഡ് 6

| നമ്പർ | വാർഡ് | വാർഡിൻെറ പേര് | റോഡുകളുടെ പേര് | തരം |
|---|---|---|---|---|
| | VI | കുമ്പളങ്ങാട്ട് | | |
| 1 | ,, | ,, | വ്യാസാ കോളേജ് കുറുമക്കാവ് | മെറ്റലിംഗ് |
| 2 | ,, | ,, | നെല്ലിക്കുന്ന് പ്രദേശത്ത് കൈവഴികൾ | മെറ്റലിംഗ് |
| 3 | ,, | ,, | ചരൽപറമ്പ് റോഡ് | ടാറിങ്ങ് |
| 4 | ,, | ,, | കുമ്പളങ്ങാട് ആറ്റത്ര റോഡ് | ടാറിങ്ങ് |
| 5 | ,, | ,, | നെല്ലിക്കുന്ന് കുറുമക്കാവ് റോഡ് | ടാറിങ്ങ് |
| 6 | ,, | ,, | കുറുമക്കാവ് –പള്ളുരുത്തി റോഡ് | പുതിയ റോഡ് നിർമ്മിക്കണം |
| 7 | ,, | ,, | കുറുമക്കാവ് കനാൽവഴി വാക്ക്തുരുത്ത് | ,, |
| 8 | ,, | ,, | തറയിൽ– കുണ്ടൂർ | ,, |
| 9 | ,, | ,, | ചാലിക്കുന്ന് – കുണ്ടൂന്നൂര് | ,, |

# വാർഡ് 7

| നമ്പർ | വാർഡ് | വാർഡിൻെറ പേര് | റോഡുകളുടെ പേര് | തരം |
|---|---|---|---|---|
| 1 | VII | കുമരനെല്ലൂർ | ചങ്ങാലി കോളനി റോഡ് | |
| 2 | ,, | ,, | കിണറാമാക്കൽ വഴി മേലേമ്പാട് റോഡ് | ടാർ |
| 3 | ,, | ,, | കുമരനെല്ലൂർ കാഞ്ഞിരക്കോട് | ടാറിങ്ങ് |
| 4 | ,, | ,, | ചീനിപടി മുതൽ കിഴക്കോട് | ടാറിങ്ങ് |
| 5 | ,, | ,, | ശങ്കരൻനായർ വീട് മുതൽ പറയൻ കോളനി വഴി | ടാറിങ്ങ് |
| 6 | ,, | ,, | മേലേംപാട്ട് വഴിപോകുന്ന റോഡ് | ടാറിങ്ങ് |
| 7 | ,, | ,, | ഉദയാക്ലബ് മുതൽ കുമ്പാരകോളനി വരെ | ടാറിങ്ങ് |
| 8 | ,, | ,, | മദ്രസ്സ മുതൽ മേൽപ്പോട്ടുള്ള റോഡ് വീതി കൂട്ടണം | ടാറിങ്ങ് |
| 9 | ,, | ,, | കുമരനെല്ലൂർ കാഞ്ഞിരക്കോട് | ടാറിങ്ങ് |
| 10 | ,, | ,, | ചിലന്തിമുക്ക് റോഡ് | ടാറിങ്ങ് |
| 11 | ,, | ,, | ആലത്തൂർ മന റോഡ് | ടാറിങ്ങ് |
| 12 | ,, | ,, | പമ്പ് ഹൗസ് പടിഞ്ഞാറെ മുറി റോഡ് | ടാറിങ്ങ് |

## വാർഡ് 8

| നമ്പർ | വാർഡ് നമ്പർ | വാർഡ് പേര് | റോഡിൻെറ പേര് | തരം |
|---|---|---|---|---|
| 1. | VIII | അംബേദ്കർ | ചങ്ങാലി-ഹരിജൻ കോളനി | ടാറിങ്ങ് |
| 2. | ,, | ,, | ലക്ഷ്മി തിയ്യറ്റർ ചുള്ളിക്കാട് ജാറം റോഡ് | ,, |
| 3. | ,, | ,, | കിണറാമാക്കൽ – മൂക്കലക്കാട് മേലേമ്പാട് റോഡ് | ,, |
| 4. | ,, | ,, | ചങ്ങാലി – പുത്തൻവീട് തെലുങ്കർ | ,, |
| 5. | ,, | ,, | ലക്ഷ്മി തിയ്യറ്റർ അവിൽ മിൽ റോഡ് | ,, |
| 6. | ,, | ,, | കുമരനെല്ലൂർ കോളനി | ,, |
| 7. | ,, | ,, | ചങ്ങാലികോളനി – ആലിൻചുവട് | സൈഡ് കെട്ടി |
| 8. | ,, | ,, | യുവതരംഗം വടക്കുമുറി റോഡ് | സൈഡ് കെട്ടി കരിങ്കൽ വിരിക്കുക |
| 9. | ,, | ,, | കൊളാടി റോഡ് (ശങ്കരൻ) | മണ്ണ് നികത്തി കൽവിരിക്കുക |
| 10. | ,, | ,, | വാലിപറമ്പ് റോഡ് | മെറ്റലിങ്ങ്, ടാർ |
| 11. | ,, | ,, | ജാറംകുന്ന് ചുള്ളിക്കോട് | റീട്ടാറിങ്ങ് |
| 12. | ,, | ,, | ലാസർ കുന്ന് റോഡ് | ടാറിങ്ങ് |
| 13. | ,, | ,, | പ്രിയദർശിനി റോഡിൽ നിന്നും കിഴക്കേ കോളനി അമ്പലക്കുന്ന് | ,, |
| 14. | ,, | ,, | കിഴക്കേ കുന്ന് – ഇഞ്ചൻ റോഡുമായി ബന്ധിപ്പിക്കുക | ,, |
| 15. | ,, | ,, | മൈത്രീ റോഡ് | ,, |
| 16. | ,, | ,, | അവിൽ മിൽ ചുള്ളിക്കാട് റോഡ് | ,, |

# വാർഡ് 9

| നമ്പർ | വാർഡ് നമ്പർ | വാർഡ് പേര് | റോഡിൻെറ പേര് | തരം |
|---|---|---|---|---|
| 1. | IX | ഓട്ടുപാറ | വില്ലേജ് ഓഫീസ് ജാറംകുന്ന് റോഡ് | ടാർ |
| 2. | ,, | ,, | പോസ്റ്റ് ഓഫീസ് റോഡ് | ,, |
| 3. | ,, | ,, | പെട്രോൾ പമ്പ് ഹൗസിങ്ങ് കുന്ന് കോളനി റോഡ് | ,, |
| 4. | ,, | ,, | കോടിത്തറ മൊയ്തുണ്ണി റോഡ് | ,, |
| 5. | ,, | ,, | പരുത്തി പ്രസ്കൂൾ കോളനി റോഡ് | ,, |
| 6. | ,, | ,, | ചുള്ളിക്കാട് ലിങ്ക് റോഡ് | മെറ്റൽ |
| 7. | ,, | ,, | കൈതക്കോട് ചിറഭാഗം റോഡ് | ,, |
| 8. | ,, | ,, | എം. എസ്സ്. നായർ റോഡ് | ,, |
| 9. | ,, | ,, | മൂക്കലെക്കാട് | മെറ്റൽ വിരിച്ച് ടാർ ചെയ്യണം |

# വാർഡ് 10

| നമ്പർ | വാർഡ് നമ്പർ | വാർഡ് പേര് | റോഡിൻെറ പേര് | തരം |
|---|---|---|---|---|
| 1. | X | അകമല | തൂമാനം റോഡ് | ടാർ ചെയ്യണം |
| 2. | ,, | ,, | അകമല കുഴിയോട് | ,, |
| 3. | ,, | ,, | അകമല ചേപ്പലക്കോട് | ,, |
| 4. | ,, | ,, | അകമല ലക്ഷം വീട് | കൽവിരിച്ച് കോൺക്രീറ്റ് ചെയ്യുക |
| 5. | ,, | ,, | പരുത്തി പ്ര പള്ളിമുക്ക് | വീതി കൂട്ടി ടാർ ചെയ്യണം |
| 6. | ,, | ,, | അഞ്ചാംചാൽ | ടാർ |
| 7. | ,, | ,, | മങ്കരചേപ്പലക്കോട് | ,, |
| 8. | ,, | ,, | അയ്യംകോട് റോഡ് അകമല ശാസ്താവ് റോഡ് | സൈസ് കെട്ടി മെറ്റൽ വിരിച്ച് ടാർ ചെയ്യണം |
| 9. | ,, | ,, | പരുത്തിപ്ര വഴി കുന്നത്തുള്ളി റോഡ് (ചണ്ടികുളം) | മെറ്റൽ വിരിക്കണം |
| 10. | ,, | ,, | പരുത്തിപ്ര ലക്ഷം വീട് | കാനകെട്ടി കൽവിരിച്ച് കോൺക്രീറ്റ് ചെയ്യണം |
| 11. | ,, | ,, | പരുത്തിപ്ര ലക്ഷം വീടിൻെറ പിറക് വശത്തുള്ള റോഡ് | കല്ല് വിരിച്ച് ടാർ ചെയ്യണം |
| 12. | ,, | ,, | അകമല കുട്ടിപ്പാലം റോഡ് അഞ്ചാംചാൽ റോഡ് ലിങ്ക് റോഡ് | സൈസ് കെട്ടി മണ്ണ് ഫിൽ ചെയ്ത് മെറ്റൽ വിരിച്ച് ടാർ ചെയ്യുക |
| 13. | ,, | ,, | പട്ടാണിക്കാട് റോഡ് | വീതി കൂട്ടി മെറ്റൽ വിരിക്കുക |
| 14. | ,, | ,, | അകമല ഹരിജൻ കോളനി റോഡുകൾ | കരിംകല്ല് വിരിച്ച് കോൺക്രീറ്റ് ചെയ്യുക |
| 15. | ,, | ,, | വി. കെ. സുരേന്ദ്രൻ റോഡ് | മെറ്റൽ വിരിക്കുക |
| 16. | ,, | ,, | അകമല റോഡ് കുന്നത്തുവളപ്പിൽ രാജൻ റോഡ് | കല്ല് വിരിച്ച് കോൺക്രീറ്റ് ചെയ്യുക |
| 17. | ,, | ,, | അകമല തൂമാനം പാറപ്പുറം റോഡ് | മെറ്റൽ വിരിച്ച് ടാർ ചെയ്യണം |
| 18. | ,, | ,, | അകമലയിൽ നിന്ന് താഴേക്കിറങ്ങി ഷൊർണ്ണൂർ ഭാഗത്തെ റോഡ് | |
| 19. | ,, | ,, | ചാക്യാർ കുന്ന് റോഡ് | അറ്റകുറ്റ പണി |
| 20. | ,, | ,, | ചേലക്കുളം റോഡ് | മണ്ണ് ഇട്ട് നികത്തി മെറ്റൽ ഇടുക |
| 21. | ,, | ,, | അകമല, മാത്തംകുന്ന് കോളനി റോഡ് | 1. കോറി വഴി 2 വി. വി. അബൂബക്കർ ഇടവഴി റോഡ് |
| 22. | ,, | ,, | ചാക്യാർ കുന്ന് പാലം ഉത്രാളിക്കാവ് പാലം കുട്ടി പാലം, അഞ്ചാംചാൽ പാലം എന്നിവ നിർമ്മിക്കണം | |
| 23. | ,, | ,, | കൂട്ടാല പരിത്തിപ്ര റോഡ് | കല്ല് വിരിച്ച് ടാർ ചെയ്യണം |

# വാർഡ് 11

| നമ്പർ | വാർഡ് നമ്പർ | വാർഡ് പേര് | റോഡുകളുടെ പേര് | തരം |
|---|---|---|---|---|
| 1. | XI | മങ്കര മാരാത്ത് റോഡ് | മങ്കര കോളനി റോഡ് | |
| 2. | ,, | ,, | മങ്കരപള്ളി കാട്ടുകുളം റോഡ് | |
| 3. | ,, | ,, | മങ്കര ക്വാറി – കോളനി റോഡ് | |
| 4. | ,, | ,, | പവ്വർ ഹൗസിൻെറ പിൻവശം | |
| 5. | ,, | ,, | ചേന്ദംകുളങ്ങര റോഡ് | |
| 6. | ,, | ,, | ചേപ്പലക്കോട് അകമല റോഡ് | |
| 7. | ,, | ,, | കെ. ജി. നായർ റോഡ് | |
| 8. | ,, | ,, | മാരാത്ത് വടക്കൂട്ട് റോഡ് | |
| 9. | ,, | ,, | മാരാത്ത് കുന്ന് കോളനി റോഡ് | |
| 10. | ,, | ,, | മാരാത്ത്കുന്ന് പള്ളിപ്പടി പാലം | |
| 11. | ,, | ,, | അകമല ഓവർ ബ്രിഡ്ജ് സമീപമുള്ള റോഡ് | |
| 12. | ,, | ,, | അകമല – എങ്കക്കാട് – മാരാത്ത്കുന്ന് കല്ലംകുണ്ട് – പുല്ലാനിക്കാട് – പാലം | പണിത് ടാർ ചെയ്യണം |
| 13. | ,, | ,, | മാരാത്ത്കുന്ന് ആലിക്കുളം വഴി റോഡ് | |
| 14. | ,, | ,, | എങ്കക്കാട് ലക്ഷംവീട് റോഡ് | |
| 15. | ,, | ,, | വടക്കാഞ്ചേരി വാഴാനി ഓവർ ബ്രിഡ്ജ് | പണിയണം |
| 16. | ,, | ,, | മാരാത്തുകുന്ന് റോഡ് | റീ ടാറിങ്ങ് |
| 17. | ,, | ,, | അബ്ദുള്ള റോഡ് | റീ ടാറിങ്ങ് |

## വാർഡ് 12

| നമ്പർ | വാർഡ് നമ്പർ | വാർഡ് പേര് | റോഡുകളുടെ പേര് | തരം |
|---|---|---|---|---|
| 1. | XII | എങ്കക്കാട് | സി. പി. നമ്പീശൻ റോഡ് | ടാറിങ്ങ് |
| 2. | ,, | ,, | ഫോറസ്റ്റ് റോഡ് | ,, |
| 3. | ,, | ,, | ഷേണായിസ് റോഡ് | ,, |
| | | | ബ്രാഞ്ച് റോഡുകളും | |
| 4. | ,, | ,, | സുബ്രഹ്മണ്യ സ്വാമി കോവിൽ റോഡ് | ,, |
| 5. | ,, | ,, | ശ്രീവീരാണി മംഗലം ക്ഷേത്രം | |
| | | | തിരുവാണിക്കാവ് റോഡ് | ,, |
| 6. | ,, | ,, | ചാക്കോള റോഡ് | ,, |
| 7. | ,, | ,, | വായനശാല റോഡ് | ,, |
| 8. | ,, | ,, | കല്ലംകുണ്ട് പാലവും റോഡും | ,, |
| 9. | ,, | ,, | ഫോറസ്റ്റ് ആഫീസ് മാരാത്ത്കുന്ന് റോഡ് | ,, |
| 10. | ,, | ,, | തട്ടാരംമ്പിള്ളി പാറയിൽ റോഡ് | ,, |

മേൽപ്പറഞ്ഞ 12 വാർഡുകളുടെയും റോഡുകളുടെ വികസനത്തിനായി 25 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. ധനസഹായം ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ നിന്നും ലഭിക്കേണ്ടതാണ്. എങ്കിൽ മാത്രമെ മേൽപറഞ്ഞ കാര്യങ്ങളിൽ ഫലപ്രദമാക്കാൻ സാധിക്കുകയുള്ളൂ.

# ഊർജ്ജം

തലപ്പിള്ളി താലൂക്കിൻെറ ആസ്ഥാനമായ വടക്കാഞ്ചേരി പഞ്ചായത്തിൽ 1946-ൽ വിയ്യൂർ സബ് സ്റ്റേഷനിൽ നിന്ന് ദീർഘദൂരപ്രസരണ ശൃംഖലയുടെ കീഴിൽ ഇലക്ട്രിസിറ്റി ആഫീസ് സ്ഥാപിതമായി. വടക്ക് കിഴക്ക് തിരുവില്വാമലയും തെക്ക് പറപ്പൂർ വരെയും വിസ്തൃതമായിരുന്ന പ്രസരണ സംവിധാനം 1974 – 75 കാലഘട്ടത്തിൽ പഞ്ചായത്തിലെ എങ്കക്കാട് പ്രദേശത്ത് 8 എം.വി.എ. സ്ഥാപിതശേഷിയുള്ള 66 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിതമായതോടെ വടക്കാഞ്ചേരിക്കും പരിസര പഞ്ചായത്തുകൾക്കും ആധുനിക പുരോഗതിയുടെ അടിസ്ഥാനശക്തിയായ വൈദ്യുതിയുടെ ഉപയോഗം വർദ്ധിപ്പിക്കുവാൻ സാധിച്ചു.

1975 കാലഘട്ടത്തിൽ എങ്കക്കാട് സബ് സ്റ്റേഷൻെറ പ്രസരണശേഷിയുടെ 18% ഉപഭോക്താക്കൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. കാലാനുസൃതമായി വീടുകളും ജനസംഖ്യയും, വ്യാപാര വ്യവസായ സ്ഥാപനങ്ങളും ക്രമാതീതമായി വർദ്ധിച്ചതിൻെറ ഫലമായി വൈദ്യുതി ഉപഭോഗം ഗുണനക്രമത്തിൽ വർദ്ധിച്ചു വരുന്നതുകാണാൻ സാധിക്കും. ഏതാണ്ട് ഇതേ ക്രമത്തിൽതന്നെ സമീപ പഞ്ചായത്തുകൾക്കും വൈദ്യുതി ഉപഭോഗം വർദ്ധിച്ചുവരുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്.

ഇപ്പോൾ പഞ്ചായത്തിൻെറ പ്രധാന വ്യവസായ വ്യാപാര സ്ഥാപനങ്ങൾ നിലനിൽക്കുന്ന പ്രദേശത്തേക്ക് അത്താണി സബ് സ്റ്റേഷനിൽ നിന്നുള്ള വൈദ്യുതിയാണ് ഉപയോഗിച്ചുവരുന്നത്. നമ്മുടെ പഞ്ചായത്തിൽ ആകെ 24 ട്രാൻസ്ഫോർമറുകളാണുള്ളത്. (ഇവയിൽ ഒന്നുപോലും അധികാരികളുടെ കണക്കനുസരിച്ചും ഉപഭോഗത്തിൻെറ അനുഭവം കൊണ്ടും അധികഭാരം വഹിക്കുന്നവയല്ല. (പട്ടിക A കാണുക).

ഇന്നത്തെ നിലയിൽ പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കൾ മുഖ്യമായും കുടുംബങ്ങൾ, വ്യവസായ വ്യാപാര സ്ഥാപനങ്ങൾ, കാർഷിക മേഖലകൾ എന്നിങ്ങനെയാണ്. മൊത്തം ഉപഭോഗത്തിൽ 65% വീടുകൾക്കും 2.62% വ്യവസായത്തിനും, 15.7% വ്യാപാരമേഖലയ്ക്കും, കാർഷിക മേഖലയ്ക്ക് 16.68 ശതമാനവും എന്നീ ക്രമത്തിലാണ് ഉപഭോഗനിരക്ക്. (അവലംബം K.S.E.B.).

ഗാർഹിക ഉപയോഗത്തിനായി 3419 പേർക്ക് കണക്ഷൻ കൊടുത്തിട്ടുണ്ട്. ഗാർഹീക മേഖലയിലെ വൈദ്യുതി വോൾട്ടേജിൻെറ ഗണ്യമായ കുറവിനെകുറിച്ച് ഗ്രാമസഭകളിൽ നിന്ന് പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. നിലവിൽ 311 മീറ്ററുകൾ ആ മേഖലയിൽ നിശ്ശേഷം കേടുവന്നവയാണ്.

ഈ പഞ്ചായത്തിൽ 822 കണക്ഷനുകളാണ് വ്യാപാരമേഖലയിലുള്ളത്. വോൾട്ടേജിൻെറ അഭാവം വ്യാപാരിസമൂഹത്തെയും അവരുടെ കച്ചവടത്തെയും ബാധിച്ചിരിക്കുന്നതായി ആക്ഷേപമുണ്ട്.

വോൾട്ടേജ് ക്ഷാമവും അടിയ്ക്കടി ഉണ്ടാകുന്ന വൈദ്യുതി തകരാറുകളും കാർഷിക മേഖലയെ പ്രത്യേകിച്ച് പറമ്പുവിളകളുടെ ഉൽപ്പാദനത്തെ കാര്യമായി ബാധിക്കുന്നുണ്ട്. 875 കണക്ഷനുകളാണ് കാർഷിക മേഖലയിലുള്ളത്.

നമ്മുടെ പഞ്ചായത്ത് വ്യാവസായികമായി പിന്നോക്കാവസ്ഥയിലാണെങ്കിലും 128 വ്യവസായ യൂണിറ്റുകൾക്ക് കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഈ മേഖലയിലും വോൾട്ടേജ് ക്ഷാമം ഉൽപ്പാദനപ്രക്രിയയ്ക്ക് തടസ്ഥമായിട്ടുണ്ട്. ഇത് ഉൽപ്പാദന വസ്തുക്കളുടെ ഗുണമേന്മയെ കൂടി ബാധിക്കുമ്പോൾ ഈ രംഗത്തേക്ക് കടന്നുവരുവാൻ പലരും മടികാണിച്ചുതുടങ്ങിയിട്ടുണ്ട്.

വ്യവസായരംഗത്ത് വൈദ്യുതി ഉപഭോഗം കൂടുമ്പോൾ വരുന്ന പ്രധാന സ്ഥാപനങ്ങൾ ഇപ്പറയുന്നവയാണ്.

1. T.N. ആട്ടോ ആൻറ് ജനറൽ എൻജി. കമ്പനി (സ്റ്റീൽ)
2. ശക്തിമാൻ ഫുഡ് ഇൻഡസ്ട്രീസ്
3. കുമരനെല്ലൂരിലെ വടക്കാഞ്ചേരി ടൈൽ വർക്സ്
4. തരകൻ ടൈൽവർക്സ്
5. ഗരുഡാ ഗ്രാനൈറ്റ്സ്, അകമല, പീകോക്ക് റോക്ക് പ്രോഡക്റ്റ്സ്.

ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട വൈദ്യുതി ലൈനുകളുടെ ദൈർഘ്യം താഴെപ്പറയുന്ന നിരക്കിലാണ്.

| | | | |
|---|---|---|---|
| H.T. | 220 KV | -- | 8 KM |
| HT | 110 KV | -- | 10 KM |
| HT | 66 KV | -- | 15 KM |
| HT | 11 KV | -- | 32 KM |
| LT ലൈനുകൾ | | -- | 47.6 KM |
| ത്രിമുഖ " | | | |

ഈ പഞ്ചായത്തിലെ തെരുവുവിളക്കുകളുടെ നിലവിലുള്ള സ്ഥിതിവിവരകണക്ക് താഴെ ചേർക്കുന്നു.

| | | |
|---|---|---|
| ആകെ തെരുവു വിളക്കുകളുടെ എണ്ണം | -- | 1040 |
| ബൾബുകൾ | -- | 893 |
| ട്യൂബുകൾ | -- | 130 |
| സോഡിയം വിളക്കുകൾ | -- | 17 |

ഈ പഞ്ചായത്തിലെ ഗാർഹീക-ഹോട്ടൽ മേഖലകളിൽ സാധാരണയായി ഉപയോഗിച്ചുവരുന്നത വിറക്, മണ്ണെണ്ണ, എൽ.പി. ഗ്യാസ് എന്നിവയാണ്. പഞ്ചായത്തിൽപ്പെട്ട വീടുകളിലും ഹോട്ടലുകളിലും താഴെപ്പറയുന്ന ക്രമത്തിലാണ് പാചകോർജ്ജത്തിൻെറ കണക്കുകൾ.

| | വിറക് | എണ്ണ | എൽ.പി.ഗ്യാസ് |
|---|---|---|---|
| ഗാർഹീകം | 60% | 25% | 15% |
| ഹോട്ടലുകൾ | 80% | -- | 20% |

താലൂക്ക് ആസ്ഥാനമായ വടക്കാഞ്ചേരിയിൽ 2 പെട്രോൾ ബങ്കുകളും, ഒരു എൽ.പി.ഗ്യാസ് ഏജൻസിയുമുണ്ട്. ഇതിൻെറ ഉപഭോക്താക്കളുടെ എണ്ണം നിത്യേന കൂടി വരുന്നതുകൊണ്ടും ഷൊർണ്ണൂരിനും, തൃശൂരിനും, കുന്ദംകുളത്തിനനമിടയിൽ മറ്റു സ്ഥാപനങ്ങൾ ഇല്ലാത്തതിനാലും മേൽപ്പറഞ്ഞ രംഗത്തിലെ ഉപഭോക്താക്കളുടെ കണക്കകളും, ഇന്ധനചെലവും ഈ പഞ്ചായത്തിൻെറ തനതുമാത്രമായി തിരിച്ചുകിട്ടുന്നതിന് പ്രയാസമായിരിക്കുകയാണ്.

### പഞ്ചായത്ത് പ്രദേശത്തുള്ള ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും

| നമ്പർ | കപ്പാസിറ്റി | പേര് |
|---|---|---|
| 1 | 160 KVA | കരുതക്കാട് |
| 2 | 63 KVA | കാട്ടിലങ്ങാടി |
| 3 | 250 KVA | മംഗലം |
| 4 | 160 KVA | വടക്കാഞ്ചേരി ഗേറ്റ് |
| 5 | 160 KVA | വടക്കാഞ്ചേരി ടെലഫോൺ എക്സ്ചേഞ്ച് |
| 6 | 100 KVA | ഡിവൈൻ ഹോസ്പിറ്റൽ |
| 7 | 100 KVA | നടുത്തറ |
| 8 | 100 KVA | അകംപാടം |
| 9 | 100 KVA | കുമ്പളങ്ങാട് |
| 10. | 160 KVA | ഓട്ടുപ്പാറ ബസ്സ്റ്റാൻറ് നമ്പർ 1 |
| 11. | 160 KVA | ഓട്ടുപ്പാറ നമ്പർ 2 |
| 12. | 160 KVA | ഓട്ടുപ്പാറ ടി.ബി.. റോഡ് |
| 13. | 100 KVA | പരുത്തിപ്ര |
| 14. | 100 KVA | വടക്കാഞ്ചേരി ബ്ലോക്ക് |
| 15. | 160 KVA | കുമരനെല്ലൂർ |
| 16. | 160 KVA | കുമരനെല്ലൂർ ഓട്ടുകമ്പനി |
| 17. | 63 KVA | ചാത്തൻചിറ |
| 18. | 100 KVA | മേലേംപാട്ട് മുക്ക് |
| 19. | 160 KVA | എങ്കക്കാട് നമ്പർ 1 |
| 20. | 100 KVA | എങ്കക്കാട് നമ്പർ 2 KVA (Near Substation) |
| 21. | 100 KVA | മങ്കര |
| 22 | 100 KVA | മാരാത്ത്കുന്ന് |
| 23. | 100 KVA | ചേപ്പലക്കോട് |
| 24. | 100 KVA | കുഴിയോട് |

### പ്രശ്നങ്ങൾ

1. എങ്കക്കാടുള്ള സബ് സ്റ്റേഷന് 8 എം.വി.എ. സ്ഥാപിതശേഷി മാത്രമാണുള്ളത്. ഊർജ്ജോപഭോക്താക്കളും ഉപയോഗവും വർദ്ധിച്ചതിൻെറ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപകശേഷി അപര്യാപ്തമാണ്.
2. ഇലക്ട്രോണിക് ഉപകരണങ്ങളുടെ വർദ്ധിച്ച ഉപയോഗവും (വാഷിങ്ങ് മെഷീൻ, ടി.വി., വി.സി.ആർ., ഫ്രിഡ്ജ് മുതലായ) ഒരു വീട്ടിൽ ഒന്നിലികം സ്റ്റെപ്പപ്പുകൾ ഒരേ സമയം പ്രവർത്തിപ്പിക്കുന്നതും മൂലം വോൾട്ടേജ് കുറയുന്നു.
3. പഞ്ചായത്തിലെ എല്ലാ വാർഡിലും എല്ലാ വീടുകളിലും വൈദ്യുതി എത്തിയിട്ടില്ല.
4. ഭൂമിശാസ്ത്രപരമായി കുന്നുകളാൽ ചുറ്റപ്പെട്ട പ്രദേശമാണ് വടക്കാഞ്ചേരി. സമയാസമയങ്ങളിൽ മരച്ചില്ലകളും മറ്റു തടസ്സങ്ങളുംമുറിച്ച് മാറ്റാത്ത ബോർഡിൻെറ അനാസ്ഥയും പ്രസരണവിതരണരംഗത്തെ ശ്രദ്ധകുറവും പ്രശ്നമായി തുടരുന്നു.
5. ഹൈലോജനുകളും ട്യൂബ്ലൈറ്റുകളും ടൗൺ പ്രദേശത്ത് തന്നെ ആവശ്യാനുസരണമില്ല. ഒരു വാർഡിൽ ശരാശരി ഇവ കഴിച്ചാൽ 74 സ്ട്രീറ്റ് ലൈറ്റുകളാണ് കണക്കുകളിൽ കാണുന്നത. ആവശ്യത്തിന് സ്ട്രീറ്റ് ലൈറ്റുകളില്ല.
6. ഉള്ളവ കൃത്യമായി പ്രവർത്തിക്കുന്നില്ല. ഉക്കാര്യത്തിൽ കാര്യക്ഷമത കാണിക്കണം.

7. KSEB രജിസ്റ്ററിൽ കാണുന്നതിനെക്കാൾ എത്രയൊ അധികം വൈദ്യുതി യഥാർത്ഥത്തിൽ ഉപയോഗിക്കുന്നു. (315 മീറ്ററുകൾ കേടായവയാണ്).
8. പ്രസരണ ലൈനുകളിൽ അപകടങ്ങൾ പതിയിരിക്കുന്നു.
9. ഇലക്ട്രിസസറ്റി ബോർഡിന്റെ അനാസ്ഥ, ജനങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിലുള്ള ആർജ്ജവമില്ലായ്മ എന്നിവ പ്രശ്നങ്ങളാണ്.
10. ജനങ്ങൾക്ക് വൈദ്യുതിയുടെ വൃഥാ ഉപയോഗം ഉണ്ടാക്കുന്ന ദേശീയ നഷ്ടം ബോധ്യപ്പെടാത്തതിന്റെ പ്രശ്നം.
11. താലൂക്ക് ആസ്ഥാനത്ത് രാത്രി 8 മണിക്ക് ശേഷം പ്രവർത്തിക്കുന്ന പെട്രോൾ ബങ്കുകളില്ല.
12. LPG ഗ്യാസ് കണക്ഷൻ ബുക്ക് ചെയ്ത് മാസങ്ങളോളം കാത്തിരിക്കേണ്ടിവരുന്ന അവസ്ഥ.
13. ഗ്യാസ് കണക്ഷനുള്ള വീടുകൾക്ക് ആവശയാനുസരണം പാചകഗ്യാസ് കിട്ടുന്നില്ല. (ഒരു സിലിണ്ടർ മാത്രമാണ് ഇപ്പോൾ ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നത്).
14. അനെർട്ടിന്റെ ഊർജ്ജസ്രോതസ്സുകളെ കുറിച്ച് വേണ്ടത്ര ബോധവൽക്കരണം ചെയ്തിട്ടില്ല.
15. വിറകുവാങ്ങുന്നതിന്റെ അധിക സാമ്പത്തികഭാരം.
16. പാചക ആവശ്യത്തിനുള്ള ഇന്ധനത്തിനായി ഭൂരിഭാഗവും കാടിനെ ആശ്രയിക്കുന്നു.
17. സിവിൽ സപ്ലൈ കോർപ്പറേഷൻ ആവശ്യാനുസരണം മണ്ണെണ്ണ പെർമിറ്റ് കൊടുക്കാത്തതിന്റെ ഭാഗമായി അധികവിലക്ക് സ്വകാര്യ ഏജൻസിയെ സമീപിക്കുക.
18. ദക്ഷത കൂടിയ പരിഷത്ത് അടുപ്പുകൾ താരതമ്യേന കുറവാണ്.

## സാദ്ധ്യതകൾ, നിർദ്ദേശങ്ങൾ

1. വടക്കാഞ്ചേരി ഇലക്ട്രിക്കൽ സബ. സ്റ്റേഷൻ 110 കെ.വി. ആക്കി ഉയർത്തി സ്ഥാപിതശേഷി 20 എം.വി .എ. ആയി വർദ്ധിപ്പിച്ച് ഈ പ്രദേശത്ത് ഉപഭോക്താക്കൾക്ക് ആവശയാനുസരണം വൈദ്യുതി ലഭ്യമാക്കുക.
2. ഈ പഞ്ചായത്തിലെ ദുർബല ജനവിഭാഗങ്ങൾക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളെ മുൻനിറുത്തി വൈദ്യുതി കണക്ഷനുകൾ കൊടുക്കുന്നതിന് ആവശ്യമായ സ്ഥലങ്ങളിൽ പുതിയ ലൈൻ വലിച്ചും സാമ്പത്തിക സൗകര്യങ്ങൾ ചെയ.തുകൊടുത്തും പ്രശ്നങ്ങൾ പരിഹരിക്കുക.
3. പൊതുജന പങ്കാളിത്തത്തോടെ വൈദ്യുതിയുടെ വിതരണ സംവിധാനത്തിലെ തടസ്ഥങ്ങളായ വൃക്ഷശാഖകളും മറ്റും മുറിച്ചുനീക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കണം.
4. തെരുവുവിളക്കുകളുടെ, ഗ്രാമസഭകളുടെ ആവശ്യങ്ങൾ യഥാക്രമം പട്ടികയായി അന്യത്ര ചേർത്തിട്ടുണ്ട് ആയത് അനുഭവിക്കുകവഴി ജനങ്ങളുടെ ദുരിതങ്ങൾക്ക് അറുതി വരുത്തുക.
5. തെരുവുവിളക്കുകൾ കൃത്യമായി തെളിയിക്കുന്നതിനും ഗുണപരമായ സാധനങ്ങൾ ഉപയോഗിക്കുന്നതിനും കർശനമായ നടപടി സ്വീകരിക്കുക. സാധന ദൗർലഭ്യം നേരിടുമ്പോൾ ബഹുജനപങ്കാളിത്തത്തോടെ വിളക്കുകൾ തെളിയിക്കുന്നതിന് ഗ്രാമസഭകളുടെ നിർദ്ദേശങ്ങൾ ബോർഡധികൃതർ അംഗീകരിക്കുക.
6. വൈദ്യുതിമോഷണം കർശനമായി നിയന്ത്രിക്കുന്നതിന് കേടായ മീറ്ററുകൾ മാറ്റിസ്ഥാപിക്കുക.
7. പ്രസരണ-വിതരണ ലൈനുകളിൽ അടിയ്ക്കടി ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിന് മാസത്തിലൊരിക്കൽ ലൈനുകളിൽ ഫലപ്രദമായ പരിശോധന ഏർപ്പെടുത്തുക.
8. വൈദ്യുതിരംഗത്തെ അഴിമതികൾ തടയുന്നതിന് ഉദ്യോഗസ്ഥ -- ജനകീയ കമ്മിറ്റികൾ ഗ്രാമസഭാതലത്തിൽ ഉണ്ടാക്കുക.
9. അനാവശ്യമായി വൈദ്യുതി ഉപയോഗിക്കുകവഴി ഉണ്ടാകുന്ന നഷ്ടങ്ങൾ ഒഴിവാക്കുന്നതിന് ജനങ്ങൾ കർശനമായി നിയന്ത്രണം സ്വയം ഏർപ്പെടുത്തണം.
10. നിലവിലുള്ള പെട്രോൾ ബങ്കുകളിൽ ഒന്നെങ്കിലും മാറിമാറി ഇരുപത്തിനാല് മണിക്കൂർ പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുക. പുതിയൊരു പെട്രോൾ ബങ്ക് വടക്കാഞ്ചേരിയിൽ അനുവദിക്കുക.
11. LPG ഗ്യാസ് ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ മറ്റൊരു പൊതുമേഖല ഗ്യാസ് ഏജൻസി അനുവദിച്ച് ആ രംഗത്തെ പ്രശ്നം അടിയന്തിരമായി പരിഹരിക്കണം.
12. സൗരോർജ്ജസ്രോതസ്സുകൾ ഉപയോഗിക്കുന്നതിന് വരുന്ന ഭാരിച്ച സാമ്പത്തിക ചെലവ് പലരെയും ഇതിൽനിന്ന് അകറ്റിനിർത്തിയിരിക്കുന്നു. അതുകൊണ്ട് ചിലവുകുറഞ്ഞ രീതിയിൽ ഉപയോഗിക്കുന്നതിന് ആവശ്യമായ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തണം.
13. വിറകിൻെറ ഉപയോഗം ഗണ്യമായി ലാഭിക്കുന്നതിന് പുകയില്ലാ അടുപ്പുകളും, ബയോഗ്യാസ് പ്ലാൻറുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സൗകര്യങ്ങളും സാങ്കേതിക ഉപദേശ നിർദ്ദേശങ്ങളും ലഭ്യമാക്കുക.
14. മണ്ണെണ്ണ വിതരണം പൊതുമേഖലയിൽകൊണ്ടുവന്ന് വിതരണരംഗത്തെ ക്രമീകരണങ്ങൾ ലഘൂകരിക്കുക.
15. വിറകിൻെറ ഉപയോഗം പരമാവധി കുറച്ച് മറ്റുമാർഗ്ഗങ്ങൾ ഉപയോഗപ്പെടുത്തണം.
16. വടക്കാഞ്ചേരിക്ക് അനുവദിച്ച ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് അടിയന്തിരമമായി പ്രവർത്തിപ്പിക്കുന്നതിന് നടപടി എടുക്കുക.
17. വടക്കാഞ്ചേരിയിൽ ഇലക്ട്രിസിറ്റി ഡിപ്പാർട്ട്മെൻറിൻെറ വിവിധ ഓഫീസുകൾ പ്രവർത്തിക്കുന്നതിന് ആധുനികരീതിയിൽ സൗകര്യപ്രദമായ കെട്ടികം നിർമ്മിക്കുക.
18. വൈദ്യുതിമേഖയിലെ സംഘടിതശേഷി ദുരുപയോഗം ചെയ്യാതിരിക്കുക.
19. എല്ലാ സമയങ്ങളിലും ഓഫീസിൽ സ്ഥിരമായി ജീവനക്കാർ ഉണ്ടാകണം.
20. കാറ്റും മഴയും നിമിത്തം അടിക്കടി ഉണ്ടാകുന്ന ലെയിൻ ഫ്യൂസാകുന്ന സ്ഥിരമായ പരാതി അവസാനിപ്പിക്കാൻ ബോർഡ് കാര്യക്ഷമത വർദ്ധിപ്പിക്കുക.
21. പവ്വർകട്ട് ഒഴിവാക്കുന്നിന് വേണ്ട സംവിധാനം വളരെ അടിയന്തിരമായി സർക്കാർ മുൻകൈ എടുത്ത് നടപടി സ്വീകരിക്കണം.

# ഊർജ്ജം

## ഗ്രാമസഭകളുടെ പുതിയ തെരുവുകൾക്കു വേണ്ടിയുള്ള നിർദ്ദേശങ്ങൾ

| വാർഡ് നമ്പരും പേരും | ആവശ്യമായ വിളക്കുകളുടെ എണ്ണവും ഇനവും | | |
|---|---|---|---|
| | മെർക്കുറി ബൾബ് | ട്യൂബ് | ബൾബ് |
| 1. മംഗലം | 10 | 50 | 50 |
| 2. കരുതക്കാട് | 25 | 50 | 40 |
| 3. പുല്ലാനിക്കാട് | 45 | 50 | 50 |
| 4. വടക്കാഞ്ചേരി | 50 | 75 | 40 |
| 5. അകമ്പാടം | 10 | 15 | 75 |
| 6. കുമ്പളങ്ങാട് | 8 | 25 | 75 |
| 7. കുമരനെല്ലൂർ | 30 | 50 | 60 |
| 8. അംബേദ്കർ | 8 | 25 | 75 |
| 9. ഓട്ടുപാറ | 75 | 40 | 40 |
| 10. അകമല | 10 | 25 | 75 |
| 11. മാരാത്തുകുന്ന് | 18 | 30 | 50 |
| 12. എങ്കക്കാട് | 18 | 25 | 40 |
| ആകെ | 257 | 460 | 670 |

## വാർഡ് പുതിയ ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ, ദൂരം, ലൈനിൻെറ സ്വഭാവം, ലൈനുകൾ, ട്രാൻസ്ഫോർമറുകൾ പ്രതീക്ഷിക്കാവുന്ന ചിലവ്

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| വാർഡ് | പുതിയ ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ | ദൂരം | ലൈനിൻെറ സ്വഭാവം | ലൈനുകൾ ട്രാൻസ് ഫോർമറുകൾ | പ്രതീക്ഷിക്കുന്ന ചിലവ് |
| I | മംഗലം വായനശാലറൂട്ടിൽ 10-ാം | | | | |
| | കല്ല് കല്ലുംപാറ റോഡ് കോളനി | 150 മീ | 3 ഫേസ് | 1 | 1,00,000 |
| | അമ്മാട്ടികുന്ന് | 1 കി.മീ. | 1 ഫേസ് | ,, | |
| | കുരിശുപള്ളി | 200 മീ | | | |
| II | സെൻറ് ഫ്രാൻസീസ് നഗർ | 200 മീ | | | 2,50,000 |
| | സ്റ്റീൽ കമ്പനി പരിസരം | 50 മീ | | | |
| | ചരൽപറമ്പ്ഭാഗം | 2 കി.മീ. | | | |
| III | പുല്ലാനിക്കാട് | | | 1 | |
| | ചാലികുന്ന് ഭാഗം | 1 കി.മീ. | | | 50,000 |
| IV | സി.എസ്.ഐ. ഭാഗം | 300 മീ. | | | 3,00,000 |
| V | വടക്കുമുറിഭാഗത്ത് (കുമ്പളങ്ങാട്) | 3 കി.മീ. | 1 ഫേസ് | | |
| | അകംപാടത്ത് കിഴക്കുഭാഗത്ത് | 150 മീ. | 1 ഫേസ് | | |
| | അകംപാടത്ത് പി.ഡബ്ലിയു.ഡി. | | | | |
| | റോഡിൻെറ ഭാഗത്ത് | 150 മീ. | 1 ഫേസ് | | 1,00,000 |
| | വിജയൻെറ വീടുഭാഗം | 250 മീ | 1 ഫേസ് | | |
| VI | കുമ്പളങ്ങാട് കനാൽവഴി | | | | |
| | തെക്ക് ഭാഗത്തേക്ക് | 4 കി.മീ. | 3 ഫേസ് | | |
| | ആറ്റത്ര എം.എൽ.എ. റോഡ് | 3 കി.മീ. | 3 ഫേസ് | 1 | 5,00,000 |
| | കുറമക്കാവ് കോളനി പ്രദേശം | 100 മീ. | 1 ഫേസ് | | |
| VII | കുമരനെല്ലൂർ ചാത്തൻചിറ | | | | |
| | ചങ്ങാലിക്കാട്ടിലേക്ക് | 4 കി.മീ. | 1 ഫേസ് | 1 | 3,00,000 |
| | വാലിപ്പറമ്പ് എഴുത്തച്ഛൻ | 1½ കി.മീ. | 1 ഫേസ് | | |
| VIII | വാലിപ്പറമ്പ് എഴുത്തച്ഛൻ | 1 ½ | 1 ഫേസ് | | |
| | ലാസർകുന്ന് | 2 കി.മീ. | 1 ഫേസ് | | |
| | ചങ്ങാലി ഹരിജൻകോളനി | 3 കി.മീ. | 1 ഫേസ് | | 29,000 |
| | (തെലുങ്കൻ കോളനി) | 2 കി.മീ. | 1 ഫേസ് | | |
| | കുമരനെല്ലൂർ കോളനി | | | 1 | |
| | കിണറാമാക്കൽ മദ്രസ്സ | 2 ½കി.മീ. | 2 ഫേസ് | | |
| | മുതൽ വാലിപ്പറമ്പ് | | | | |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| IX | കൈതക്കോട് ചിറ | 2 കി.മീ. | 1 ഫേസ് | 1 | |
| | പ്രിയദർശിനി റോഡ് | 100 മീ. | 1 ഫേസ് | | |
| | കുരുപ്പുരക്കുന്ന് | | | | |
| X | അഞ്ചാംചാൽ | 750 കി.മീ. | 1 ഫേസ് | | |
| | അകമലവഴിയിൽ ആലിൻചുവട് മുതൽ | 2 ½ കി.മീ | 1 ഫേസ് | | |
| | ചേപ്പലക്കോട് | 4 കി.മീ. | 3 ഫേസ് | | |
| | ചാക്യാർകുന്ന് | 2 കിമീ. | 1 ഫേസ് | | |
| | അയ്യാംതോട് | 2 ½ കി.മീ. | 1 ഫേസ് | | |
| | പട്ടാണിക്കാട് | 1 ½ കി.മീ. | 1 ഫേസ് | | |
| | കുന്നത്തുവളപ്പിൽ രാജൻറോഡ് | 500 മീ. | ,, | | |
| | പാറപ്പുറം തൂമാനം | 500 മീ. | ,, | | |
| | അകമല | | | | |
| | തൂമാനം മുതൽ അകമല | 1 കി.മീ. | ,, | | |
| | അകമല ലക്ഷംവീട് | 500 മീ. | ,, | | |
| XII | എങ്കക്കാട് | | | 1 | |

## മാർക്കറ്റിംഗ്

സമ്പന്നവും സമ്പുഷ്ടവുമായ ഒരു മാർക്കറ്റ് ഏതൊരു നാടിന്റെയും പുരോഗതിയിലെ പ്രധാന ഘടകമാണ്.

നമ്മുടെ പഞ്ചായത്തിനില്ലാത്തതും ആസൂത്രിതമായ -- സംഘടിതമായ -- ഒരു മാർക്കറ്റ് ശൃംഖലയാണ്.

ഏതാണ്ട് അമ്പത് - അറുപത് വർഷങ്ങൾക്കുമുമ്പ് കൊച്ചിരാജ്യത്തെ ഒരു സ്വകാര്യമേഖലയിലെ ഒരു പ്രധാന മാർക്കറ്റായിരുന്നു, വടക്കാഞ്ചേരിയിലെ ഓട്ടുപ്പാറ അടയ്ക്കാ മാർക്കറ്റും അതോടനുബന്ധിച്ചുണ്ടായിരുന്ന നാടൻചന്തയും. കാർഷീക ഉൽപ്പന്നങ്ങൾ, കന്നുകാലി ചന്തകൾ എന്നിവ ആഴ്ചകളിൽ രണ്ടോ മൂന്നോ ദിവസങ്ങൾ നീണ്ടുനിന്നവയായിരുന്നുവെന്ന് പഴയ കാരണവന്മാർ ഓർമ്മിപ്പിയ്ക്കുന്നു.

ഓട്ടുപ്പാറയിലെ പ്രസിദ്ധമായിരുന്ന അടയ്ക്കാ മാർക്കറ്റിൽനിന്ന് കൊട്ടടയ്ക്ക, കളിയടക്ക എന്നിവ വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്തിരുന്നു. ഓട്ടുപാറയുടെ വിദേശ വ്യാപാര വിനിമയ ബന്ധചരിത്രം പറയുമ്പോൾ കാരണവന്മാർക്കുള്ള ആവേശം കാണുമ്പോൾ, വടക്കാഞ്ചേരിയുടെ ഇന്നത്തെ അവസ്ഥ നമ്മെ ലജ്ജിപ്പിക്കുന്നു.

ഇന്നാണെങ്കിൽ വിവിധ രീതിയിലുള്ള കച്ചവടങ്ങൾ ഇടകലർന്ന ഒരു സങ്കരരീതിയിലാണ് ഈ പഞ്ചായത്തിലെ വ്യാപാരകേന്ദ്രങ്ങളിൽ നടക്കുന്നത്. പലവ്യജ്ഞനവ്യാപാരം, ഹാർഡ്‌വെയേഴ്സ്, തുണി, പച്ചക്കറി, മൽസ്യ - മാംസ വിൽപ്പന എന്നിങ്ങനെ തരം തിരിച്ചുള്ള കച്ചവടരീതി നമ്മുടെ പ്രദേശത്ത് ആസൂത്രണം ചെയ്ത് ഫലപ്രദമായ ഒരു വിപണനരീതി അവലംബിക്കാത്തതിന്റെ കുറവുകളും അതിലൂടെയുള്ള പ്രശ്നങ്ങളും നിരവധിയാണ്.

സംഘടിതമായ ഒരു മാർക്കറ്റ് സമവിധാനമുണ്ടായിരുന്നെങ്കിൽ സമീപപ്രദേശമായ തെക്കുംകര പഞ്ചായത്തിലെ കാർഷീകമേഖലയിൽനിന്ന് ഇന്ന് തൃശൂരിലേക്ക് കയറ്റിപ്പോകുന്ന കാർഷീക വിഭവങ്ങൾ നമ്മുടെ പഞ്ചായത്തിൽ കൊണ്ടുവരപ്പെട്ട് ധനാഗമമാർഗ്ഗങ്ങൾക്ക് ധാരാളം സാധ്യതകൾ ഉണ്ടാകുമായേനെ.

### നിർദ്ദേശങ്ങൾ

1. ആസൂത്രിതവും സംഘടിതവുമായ ഒരു മാർക്കറ്റ് ശൃംഖല സ്ഥാപിക്കുക.
2. പച്ചക്കറി, മൽസ്യ-മാംസ വിൽപ്പന പൊതുസ്ഥലങ്ങളിൽ നിന്ന് അകന്ന് വ്യത്യസ്ത പ്രദേശങ്ങളിലായി മാർക്കറ്റ് സ്ഥാപിക്കുക. ആഴ്ചച്ചന്തകളും അന്തിച്ചന്തകളും തുടങ്ങുക.
3. അറവുശാലകൾ ആധുനികരീതിയിലാക്കി പരിസരമലിനീകരണം ഒഴിവാക്കുക.
4. പൊതുനിരത്തുകളിലെ എല്ലാതരം വിൽപ്പനകളും നിരോധിക്കുക.
5. ആധുനികരീതിയിൽ വടക്കാഞ്ചേരിയിൽ സ്ലോട്ടർ ഹൗസ് നിർമ്മിക്കുക.

# 5. G പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

വിദ്യാഭ്യാസപരമായും സാംസ്ക്കാരികമായും മുന്നിട്ടുനിൽക്കുന്ന ഒരു പഞ്ചായത്താണ് വടക്കാഞ്ചേരി. ഗൾഫ് പണത്തിൻെറ സ്വാധീനം ഈ പഞ്ചായത്തിലെ കെട്ടിടനിർമ്മാണരംഗത്ത് പ്രകടമാണ്. പക്ഷെ ഈ പണത്തിൻെറ 75% വും ക്രിയാത്മകരംഗത്ത് ഉപയോഗിക്കുന്നില്ല.

ഈ പഞ്ചായത്തിൽ ഭൂരിപക്ഷംപേരും കൂലിപ്പണിയും, കൈത്തൊഴിലുകളും മറ്റുമായി കഴിഞ്ഞുകൂടുന്നവരാണ്. ഇടത്തരക്കാരാണ് കൂടുതലായി ഈ പഞ്ചായത്തിലുള്ളത്.

ലഭ്യമായ സ്ഥിതി വിവരകണക്ക് വെച്ച് നോക്കിയാൽ പഞ്ചായത്തിലെ മൊത്തം ജനസംഖ്യ മുപ്പതിനായിരത്തോളം വരും. പുരുഷന്മാർ 14000-ത്തോളവും, സ്ത്രീകൾ 15000-ത്തോളവും.

പഞ്ചായത്തിലെ 8394 വീടുകളിൽ 422 വീടുകൾ ഭേദപ്പെട്ട ബഹുനില കെട്ടിടങ്ങളാണ്. കൂടാതെ 1775 കോൺക്രീറ്റ് വീടുകളും ഉണ്ട്. 5261 വീടുകൾ ഓടിട്ടതും, 704 വീടുകൾ ഓല മേഞ്ഞതും, മറ്റു തരത്തിൽ 232 വീടുകളും ഉണ്ട്.

ഭവന രഹിതരായി ഈ പഞ്ചായത്തിൽ 345 പേരുണ്ട്. മൊത്തം പുനരുദ്ധരിക്കേണ്ട 1562-ഓളം വീടുകളുണ്ട്. ആയതിനാൽ ഭവന നിർമ്മാണരംഗത്ത് സർക്കാർ സാമ്പത്തിക സഹായംകൊടുത്തിട്ടുണ്ട്.

P.W.D. റോഡിന് സമീപമായി ലക്ഷങ്ങൾ മുടക്കി വലിയ വീടുകളും കെട്ടിടങ്ങളും നിർമ്മിക്കുന്നതും വയൽ നികത്തി കെട്ടിടവും പറമ്പുമായി മാറ്റുന്നതും നമ്മുടെ പഞ്ചാത്തിലെ കാർഷികവികളെ ദോഷകരമായി ബാധിച്ചിട്ടുണ്ട്.

ഭവന നിർമ്മാാ രംഗത്ത് ജില്ലാ സഹകരണബാങ്ക് നേരത്തെ വായ്പ നൽകിയിരുന്നുവെങ്കിലും, കഴിഞ്ഞ ഒന്നരവർഷമായി യാതൊരു രീതിയിലും സഹായിക്കുന്നില്ല. അതുപോലെ തന്നെ കൊച്ചിൻ ഗ്രാമവികസന ബാങ്ക് അഞ്ചാറ് മാസം മുമ്പുവരെ വായ്പാരംഗത്ത് പ്രവർത്തിച്ചിരുന്നു അവരും ഫണ്ട് ഇല്ല എന്നുപറഞ്ഞ് അത് നിർത്തിവെച്ചിരിക്കുകയാണ്. അവരിൽ നിന്ന് വായ്പ വാങ്ങിയവരുടെ സ്ഥിതി അതിലും ദയനീയമാണ്. ഒന്നും രണ്ടും ഗഡുക്കൾ വാങ്ങിയതും, ഒരു ഗഡു മാത്രം വാങ്ങിയതും, അപേക്ഷകളും മറ്റ് രേഖകളും ഹാജരാക്കി കാത്തിരിക്കുന്നവരുമായി നല്ലൊരു ശതമാനം ജനങ്ങൾ ഇനി എന്തുവേണം എന്ന് അറിയാതെ നട്ടം തിരിയുന്ന അവസ്ഥയാണ് ഇവിടെ കാണുന്നത്. വായ്പാ പദ്ധതിയെകുറിച്ച് അറിയാൻ K.S.F.E. യുമായി ബന്ധപ്പെട്ടപ്പോൾ അവരുടെ പ്രതികരണം പ്രതിഷേധാർഹവുമായിരുന്നു. ഭവന വായ്പാരംഗത്ത് പ്രവർത്തിക്കുന്ന മറ്റൊരു ഏജൻസി ആണ് ഇവിടുത്തെ ലീഡിംഗ്. ബാങ്കായ കനറാബാങ്ക്. അവരാണെങ്കിൽ സർക്കാർ ഉദ്യോഗസ്ഥന്മാർക്കും വലിയ വലിയ ബിസിനസ്സുകാർക്കും ഇൻകംടാക്സ് നൽകുന്ന വ്യക്തികൾക്കും മാത്രമാണ് വായ്പ നൽകുന്നത്. അതുകൊണ്ടുതന്നെ സാധാരണക്കാരിൽ സാധാരണക്കാർക്ക് ഈ ബാങ്കുകൊണ്ട് ഈ വിഷയത്തിൽ യാതൊരു പ്രയോജനവുമില്ലാത്ത സ്ഥിതിയാണ്.

ഹൗസിങ്ങ് ബോർഡ് പോലെയുള്ള സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ ഇല്ലാത്തതിനാൽ ഭവന നിർമ്മാണരംഗത്ത് വായ്പ കിട്ടുന്നതിന് സാധാരണക്കാർക്ക് ഇവിടെ വളെരയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കപ്പെടുന്നുണ്ട്.

ഈ പഞ്ചായത്തിലെ ചേരിനിവാസികൾക്കും ദുർബലവിഭാഗങ്ങളിൽപ്പെട്ട പലർക്കും താമസിക്കാൻ വീടുകൾ ഉണ്ടെങ്കിലും കക്കൂസ്, വെള്ളം മുതലായവയുടെ ദൗർലഭ്യം മൂലം പലരും ഇവിടെ വളരെ മോശമായ രീതിയിലാണ് ജീവിക്കുന്നത്. അതുകൊണ്ട് ഭവന നിർമ്മാണത്തോടുകൂടി ഇവരുടെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ടുന്ന പദ്ധതികൾകൂടി ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്.

വടക്കാഞ്ചേരി പഞ്ചായത്തിലെ IRDP സർവ്വേ പ്രകാരം 1338 വീടുകൾക്ക് കക്കൂസുകൾ ഇല്ല. 61 വീടുകൾക്ക് മാത്രമാ് കക്കൂസുകൾ നിർമ്മിച്ചുകൊടുത്തിട്ടുള്ളത്. ഈ പഞ്ചായത്തിൽ 7 വാർഡുകളിൽ ഹരിജൻ കോളനികൾ

സ്ഥിതി ചെയ്യുന്നുണ്ട്. മൊത്തം 1203 ഹരിജൻ കുടുംബങ്ങളും 4518 ഹരിജനങ്ങളുമുണ്ട്. ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ വീട് ആവശ്യമുള്ളവരുടേയും പൂർത്തീകരിച്ച വീടുകളുടെയും കണക്ക് പട്ടികരൂപത്തിൽ താഴെകൊടുക്കുന്നു. ഇതിൽ 1 മുതൽ 6 വരെയുള്ള വാർഡുകളുടെ കണക്ക് ലഭ്യമല്ല.

85 – 86 കാലയളവിൽ വിദഗ്ദ്ധ തൊഴിലാളികൾക്ക് 40 – 50 രൂപയും അവിദഗ്ദ്ധ തൊഴിലാളികൾക്ക് 22 – 30 രൂപയും ആയിരുന്നത് 90 – 91 കാലയളവിൽ വിദഗ്ദ്ധ തൊഴിലാളികൾക്ക് 75 – 80 രൂപയും അവിദഗ്ദ്ധതൊഴിലാളികൾക്ക് 45 – 50 രൂപയും ആയി. 94 – 95 കാലയളവിൽ വിദഗ്ദ്ധ തൊഴിലാളികൾക്ക് 100 – 125 രൂപയും, അവിദഗ്ദ്ധ തൊഴിലാളികൾക്ക് 60 – 70 രൂപയും, 95 – 96 കാലയളവിൽ വിദഗ്ദ്ധ തൊഴിലകളികൾക്ക് 150 – 115 രൂപയും, അവിദഗ്ദ്ധ തൊഴിലാളികൾക്ക് 100 – 110 രൂപയും കൂലി നിരക്കുകൾ ആയി കണക്കാക്കപ്പെടുമ്പോൾ വിദഗ്ദ്ധ സ്ത്രീ തൊഴിലാളികൾ ഇവിടെ പറയത്തക്കതായി ഇല്ല. അവിദഗ്ദ്ധ തൊഴിലാളികളായി കൂടുതൽ സ്ത്രീകൾ ഉള്ളതായും കണക്കാക്കപ്പെടുന്നു.

കെട്ടിട നിർമ്മാണ സാമഗ്രികളെപറ്റി പറയുകയാണെങ്കിൽ ദിനംപ്രതി അവയുടെ വില ഇരട്ടിയായി വർദ്ധിക്കുന്നതായിട്ടാണ് കണ്ടുവരുന്നത്. 90 – 91 കാലയളവിൽ കരിങ്കല്ലിന് 450 രൂപയും, ഇഷ്ടികക്ക് 750 രൂപയും, കമ്പി കിലോ 12 1/2 രൂപയും, സിമൻറിന് 95 രൂപയും ആയിരുന്നത് 95 – 96 കാലയളവിൽ കരിങ്കല്ലിന് 1000 രൂപയും, ഇഷ്ടികക്ക് 1500 – 1600 രൂപയും, കമ്പിക്ക് കിലോക്ക് 16 1/2 രൂപയും, സിമൻറിന് 195 രൂപയും ആയി ഉയർന്നിരിക്കുകയാണ്. കോൺക്രീറ്റ് യൂണിറ്റിന് 1800 രൂപ കൂലി ഉണ്ടായിരുന്നത് 95 – 96-ൽ 5000 – 5500 ആയി ഉയർന്നിരിക്കുന്നു.

കൂലി നിരക്കിലേയും അതിനേക്കാൾ വെല്ലുന്ന സാധന സാമഗ്രികളുടെ വിലക്കയറ്റവും കാരണം വീടിന്, സർക്കാർ പദ്ധതികളിലൂടെ ബ്ലോക്ക് വഴി നൽകുന്ന സഹായങ്ങളും വായ്പകളുമായ RLEGP, NREP, JRY എന്നീ പദ്ധതികളുടെ വായ്പാ പരിധിയും, രാജീവ് ദശലക്ഷപാർപ്പിട പദ്ധതിയുടെ വായ്പാ പരിധിയും വർദ്ധിപ്പിക്കേണ്ടതാണ്. വായ്പകൾക്കായുള്ള സാങ്കേതിക ബുദ്ധിമുട്ടുകളും ഒഴിവാക്കേണ്ടതാണ്.

## നിർദ്ദേശങ്ങൾ -

1. ഈ പഞ്ചായത്തിലെ ദുർബല വിഭാഗങ്ങൾക്കക് വീടും കക്കൂസും നിർമ്മിച്ച് കൊടുക്കണം.
2. സ്വന്തമായി സ്ഥലമില്ലാത്തവർക്ക് വീട് വെക്കുന്നതിന് സർക്കാർ മിച്ചഭൂമി നൽകി വീടുവെച്ച് കൊടുക്കണം.
3. കുറഞ്ഞ പലിശനിരക്കിൽ വീട് വെയ്ക്കുന്നതിനുള്ള വായ്പകൾ അനുവദിക്കണം.
4. വായ്പ അനുവദിച്ചാൽ അത് ഓഫീസുകളിൽനിന്ന് കാലതാമസം കൂടാതെ ലഭിക്കുന്നതിനുവേണ്ട നടപടി എടുക്കണം. തിരിച്ച് അടക്കുവാനും നടപി വേണം.
5. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണസംഘം രൂപീകരിക്കുക.
6. അപേക്ഷകൾ ഗ്രാമപഞ്ചായത്ത് വഴി വിതരണം ചെയ്യണം.
7. ചിലവുകുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.
8. സർക്കാർ അനുവദിക്കുന്ന ഭവന നിർമ്മാണ വായ്പകളുടെ പരിധി ഉയർത്തണം.

ഈ പഞ്ചയത്തിലെ ഭൂരഹിതരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ ആദ്യമായി അവർക്ക് ഭൂമി ലഭിക്കേണ്ടതുണ്ട്. ഈ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള മിച്ചഭൂമിയും, പുറമ്പോക്ക് ഭൂമിയും ഇതിലേക്കായി പ്രയോജനപ്പെടുത്താവുന്നതാണ്. ഭൂരഹിതർക്ക് നാല് സെൻറ് ഭൂമിവീതം സൗജന്യമായി നൽകി, നിർമ്മിതികേന്ദ്രം മുതലായ സ്ഥാപനങ്ങൾവഴി ചിലവ് കുറഞ്ഞ വീടുകൾ നിർമ്മിച്ചുകൊടുക്കണം. ഇതിലേക്കായി ഗുണഭോക്താക്കളുടേയും, യുവജന സംഘടനകളുടെയും, മറ്റ് സന്നദ്ധ സംഘടനകളുടെയും സഹായ സഹകരണങ്ങൾ ഉപയോഗപ്പെടുത്താവുന്നതാണ്. ഇത്തരം ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകണം. ഇത്തരത്തിലുള്ള കൂട്ടായ പരിശ്രമങ്ങളിലൂടെ നമുക്ക് നമ്മുടെ പഞ്ചായത്തിലെ പാർപ്പിട പ്രശ്നങ്ങൾ വരുന്ന ചുരുങ്ങിയ കാലയളവിൽ പരിഹരിക്കാൻ കഴിയുമെന്ന് ആശിക്കാം.

ഈ പറഞ്ഞ പദ്ധതികൾ നടപ്പിൽ വരുത്തണം. എങ്കിൽ 50 കോടിരൂപയുടെ ചിലവ് സാമ്പത്തിക സഹായം ആവശ്യമാണ്.

## പഞ്ചായത്തിലെ വാർഡ് തിരിച്ചുള്ള വീടുകളുടെ സ്ഥിതിവിവരകണക്ക്

| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം | | | | | വിവിധ ഭവന നിർമ്മാണപദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|
| | | ഒന്നിൽകൂടുതൽ നിലയുള്ള കെട്ടിടങ്ങളുടെ എണ്ണം | ഒരു നിലയുള്ള കെട്ടിടങ്ങൾ | | | | |
| | | | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | |
| I | 703 | 14 | 79 | 557 | 43 | 10 | |
| II | 587 | 10 | 60 | 450 | 60 | 7 | |
| III | 1083 | 105 | 460 | 390 | 98 | 30 | |
| IV | 597 | 124 | 240 | 203 | 23 | 7 | |
| V | 613 | 25 | 90 | 395 | 50 | 53 | |
| VI | 713 | 30 | 53 | 559 | 69 | 2 | |
| VII | 855 | 18 | 22 | 606 | 155 | 54 | |
| VIII | 1276 | 56 | 340 | 787 | 84 | 9 | |
| IX | 706 | 10 | 86 | 515 | 60 | 35 | |
| X | 618 | 6 | 85 | 463 | 49 | 15 | |
| XI | 643 | 24 | 260 | 336 | 13 | 10 | |
| ആകെ | 8394 | 422 | 1775 | 5261 | 704 | 232 | |

NB : (അവലംബം : പഞ്ചായത്ത് രജിസ്റ്റർ)

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമവകുപ്പിൻകീഴിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള പദ്ധതികളും സംഘടിത അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികളുമാണുള്ളത്.

കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ നേതൃത്വം വഹിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും, തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെ നടത്തുന്ന ക്ഷേമനിധി ബോർഡുകളുകളുമാണ് ഈ രംഗത്ത് പ്രവർത്തിക്കുന്ന രണ്ട് പ്രധാന ഏജൻസികൾ.

ഈ പദ്ധതികൾക്ക് പുറമേ വനിതകളുടെ പുരോഗതിക്കായി വനിതാ വികസന കോർപ്പറേഷനും, പട്ടികജാതി വികസനത്തിനായി പട്ടികജാതി വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്.

മുകളിൽ പറഞ്ഞ രണ്ട് ഏജൻസികളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും , പ്രസ്തുത പദ്ധതികളുടെ ഗുണങ്ങൾ അവ അർഹിക്കുന്ന ഗുണഭോക്താക്കൾക്ക് ലഭിക്കുന്നില്ല ഇതിന് പ്രധാന കാരണം ഉദ്യോഗസ്ഥതലത്തിലുള്ള ബോധവൽക്കരണകുറവും അനാസ്ഥയുമാണ്.

ദാരിദ്ര്യരേഖക്ക് താഴെയുള്ളവരുടെ ഉന്നമനത്തിന് വേണ്ടി പല ക്ഷേമപദ്ധതികളും സർക്കാർ നടപ്പിലാക്കുന്നുണ്ടെങ്കിലും പ്രസ്തുത പദ്ധതികളുടെ ഗുണങ്ങൾ അത് അർഹിക്കുന്നവർക്ക് വേണ്ട രീതിയിൽ ലഭിക്കുന്നില്ല.

കർഷക തൊഴിലാളികൾ, ബീഡിതൊഴിലാളികൾ, കെട്ടിട നിർമ്മാണത്തൊഴിലാളികൾ, മൽസ്യത്തൊഴിലാളികൾ എന്നീ വിഭാഗത്തിൽപ്പെട്ടവർ ഈ പഞ്ചായത്തിൽ നല്ലൊരു ശതമാനം ഉണ്ടെങ്കിലും, കൂടുതൽപേരും ക്ഷേമനിധിയിൽ അംഗങ്ങളായി ചേർന്നിട്ടില്ല.

പട്ടികജാതി വികസന കോർപ്പറേഷൻെറ ഒരു ഓഫീസ് ഈ പഞ്ചായത്തിൽ ഉണ്ടെങ്കിലും, ആ ഓഫീസിൻെറ പ്രവർത്തനംകൊണ്ട് അതിൻെറ ഉപഭോക്താക്കൾക്ക് കാര്യമായ നേട്ടമൊന്നും കിട്ടുന്നില്ല.

വനിതകളുടെ ഉന്നമനത്തിനായി വനിതാ വികസന കോർപ്പറേഷൻ എന്നൊരു സംവിധാനം ഉണ്ടെങ്കിലും, വടക്കാഞ്ചേരി പഞ്ചായത്തിൽ ഈ കോർപ്പറേഷൻ വഴിയുള്ള ഗുണങ്ങളെക്കുറിച്ച് പൊതുരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകൾക്കുപോലും ആയതിൻെറ അപര്യാപ്തത ബോധ്യമല്ല. യഥാർത്ഥത്തിൽ, വനിതാ വികസന കോർപ്പറേഷനും വനിതകളും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്.

സാമൂഹ്യ ഉയർച്ചക്കുവേണ്ടി പ്രവർത്തിക്കുന്ന ബ്ലോക്ക് ഡവലപ്പ്മെൻറ് ഓഫീസ് ഈ പഞ്ചായത്തിലാണ് പ്രവർത്തിക്കുന്നത്. വടക്കാഞ്ചേരി കുമരനെല്ലൂർ സർക്കിളുകൾ വഴിയാണ് ഈ പഞ്ചായത്തിലെ ക്ഷേമപ്രവർത്തനങ്ങൾ നടത്തിവരുന്നത്. എന്നാൽ ഇത്തരം ക്ഷേമപദ്ധതികളെക്കുറിച്ച് അറിയണമെങ്കിൽ യഥാർത്ഥ ഗുണഭോക്താക്കളിൽ നിന്ന് നേരിട്ട് വിവരങ്ങൾ ശേഖരിച്ചാൽ മാത്രമേ കഴിയുകയുള്ളൂ.

സാമൂഹ്യക്ഷേമരംഗത്ത് പ്രവർത്തിക്കുന്ന IRDP തുടങ്ങിയ സ്കീമുകൾക്ക് ധനസഹായം നൽകുന്നതിൽ ബാങ്കുകൾ തീരെ താൽപ്പര്യം കാണിക്കുന്നില്ല. സഹകരണ സംഘങ്ങളിലും ഇതേ അവസ്ഥതന്നെ. അതുകൊണ്ടുതന്നെ ഇത്തരം പദ്ധതികളോടുള്ള ജനങ്ങളുടെ വിശ്വാസം തകർന്നുകൊണ്ടിരിക്കുകയാണ്. IRDP സർവ്വെ പ്രകാരം ഈ പഞ്ചായത്തിൽ ദാരിദ്ര്യരേഖക്കുതാഴെയുള്ളവരുടെ വിവരം പട്ടികരൂപത്തിൽ താഴെ കൊടുക്കുന്നു.

| വാർഡ് | സർവ്വെപ്രകാരം ഉള്ള കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST | സാമ്പത്തിക സഹായം ലഭിച്ചവർ നാളിതുവരെ | ഇതിൽ SC/ST | സഹായംവഴി ദാരിദ്ര്യരേഖക്ക് മുകളിൽ എത്തിയവർ | ദാരിദ്ര്യരേഖക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ സഹായം ലഭിച്ചവർ ഉൾപ്പെടെ |
|---|---|---|---|---|---|---|
| 1 മുതൽ 12 | 2706 | 485 | 194 | 106 | 180 | 2526 |

ഇതിൽ വാർഡ് തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

# DWCRA

സ്ത്രീകളുടെയും കുട്ടികളുടെയും, ഉന്നമനത്തിന് വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരഭമാണ് DWCRA.

| വാർഡ് | തൊഴിൽ സംരഭത്തിൻെറ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| I<br>VIII | Readymade<br>Garments | 1996 | 10 | Started newly<br>Fund is alloted |

ട്രൈസം

18 മുതൽ 35 വയസ്സുവരെ യുവതിയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം. ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം പട്ടിക രൂപത്തിൽ താഴെ കൊടുക്കുന്നു.

| വാർഡ് | പരിശീലനവിഷയത്തിൻെറ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവർ | ഇതരതൊഴിലുകളിൽ ഏർപ്പെട്ടവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1<br>to<br>12 | Tailoring<br>Printing<br>Khadi Weaving | 23 | 8 | 15 | -- |

ബ്ലോക്ക് ഓഫീസിൽനിന്ന് കിട്ടിയ വിവരങ്ങൾ

ഈ പദ്ധതിപ്രകാരം പരിശീലനം നേടിയവർ ഈ പഞ്ചായത്തിൽ വളരെ കുറച്ച് പേരാണുള്ളത്. അംഗസംഖ്യ ഇത്രയുംകുറഞ്ഞ് പോയതിൻെറ കാരണം ഗൗരവമായി പരിശോധിക്കേണ്ടതാണ്. ഈ അവസ്ഥ മാറുകതന്നെ വേണം. അതിനനുകൂലമായ രീതിയിൽ ബോധവൽക്കരണം നടത്തുകതന്നെവേണം.

IRDP സർവ്വെ പ്രകാരം കക്കൂസുകൾ സംബന്ധിക്കുന്ന വിവരം പട്ടിക രൂപത്തിൽ താഴെ കൊടുക്കുന്നു.

| വാർഡ് | സാനിറ്ററി കക്കൂസുകൾ ഇല്ലാത്ത വീടുകൾ | വിവിധ പദ്ധതികളിലായി അനുവദിച്ച കക്കൂസുകൾ | പൂർത്തീകരിച്ചവ | ഇനി കക്കൂസുകൾ വേണ്ട കുടുംബങ്ങൾ |
|---|---|---|---|---|
| 1 to 12 | 1338 | 61 | 61 | 1277 |

ഇവിടേയും വാർഡ് തിരിച്ചുള്ള കണക്ക് ലഭ്യമല്ല.

കക്കൂസുകൾ നിർമ്മിച്ചുകൊടുക്കുന്ന കാര്യത്തിൽ ബ്ലോക്ക് അധികാരികൾ വളരെ നിരുത്തരവാദപരമായ സമീപനമാണ് കൈക്കൊണ്ടിട്ടുള്ളത്. ആവശ്യമുള്ളതിൻെറ പത്തിലൊന്ന് കക്കൂസുപോലും നിർമ്മിച്ചിട്ടില്ല. ഈ അനാസ്ഥയുടെ കാരണം ഗൗരവമായി പഠിക്കേണ്ടതാണ്. കൂടുതൽ ആളുകൾക്ക് കക്കൂസുകൾ ലഭ്യമാക്കുക തന്നെ വേണം.

## പെൻഷൻ രംഗം

### അഗതി-വിധവ പെൻഷൻ

ഈ പഞ്ചായത്തിൽ മൊത്തം 250 പേർക്കാണ് പെൻഷൻ ലഭിക്കുന്നത്. പെൻഷൻ കിട്ടാത്ത, വരുമാനം കുറഞ്ഞ, അർഹതയുള്ള ധാരാളം ആളുകൾ ഈ പഞ്ചായത്തിലുണ്ട്. മുതിർന്ന ആൺകുട്ടികൾ ഉണ്ടെങ്കിൽ വിധവ പെൻഷൻ ലഭിക്കുന്നില്ല. ഈ അവസ്ഥയ്ക്ക് മാറ്റം വരണം. അർഹതയുള്ളവർക്ക് മുഴുവൻ പെൻഷൻ ലഭിക്കുകതന്നെ വേണം.

### വികലാംഗ പെൻഷൻ

ഈ പഞ്ചായത്തിൽ 150-ഓളം വികലാംഗർ ഉണ്ട്. ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിലുള്ള പട്ടിക

| | 6 വയസ്സുവരെ | 5 മുതൽ 15 വയസ്സുവരെ | 15 മുതൽ 30 വയസ്സുവരെ | 30 മുതൽ 60 വയസ്സുവരെ | 60-ന് മുകളിൽ |
|---|---|---|---|---|---|
| ചലന വൈകല്യം | 1 | 9 | 26 | 50 | 28 |
| കാഴ്ചവൈകല്യം | -- | -- | -- | 4 | 3 |
| കേൾവി-സംസാര വൈകല്യം | -- | 1 | 4 | 3 | 1 |
| മന്ദബുദ്ധി | 1 | 1 | 2 | 3 | -- |
| മറ്റിനം | -- | 1 | 4 | 4 | 3 |
| | 2 | 12 | 36 | 64 | 35 |

വാർഡ് തിരിച്ച് ലഭ്യമല്ല. വികലാംഗർ മൊത്തം = 149

### കർഷകത്തൊഴിലാളി പെൻഷൻ

ഉയർന്ന സാമ്പത്തികശേഷിയുള്ള അനർഹർ പലരും ഇവിടെ ഈ പെൻഷൻ വാങ്ങുന്നുണ്ട്, എന്നാൽ അർഹരായ പലർക്കും ഇന്നും ഈ പെൻഷൻ കിട്ടുന്നില്ലതാനും. ഈ അവസ്ഥയ്ക്ക് മാറ്റം വന്നെപറ്റൂ. ഈ പഞ്ചായത്തിൽ 580 പേർക്ക് ഈ പെൻഷൻ ലഭിക്കുന്നുണ്ട്.

### തൊഴിലില്ലായ്മ വേതനം

ഈ പഞ്ചായത്തിൽ ഒരു എമ്പ്ലോയ്മെൻറ് എക്സ്ചേഞ്ച് പ്രവർത്തിക്കുന്നുണ്ടെങ്കിലും, ആ ഓഫീസിൽ വേണ്ടത്ര ജീവനക്കാർ ഇല്ലാത്തതിനാൽ അതിൻെറ പ്രവർത്തനം കാര്യക്ഷമമല്ല.

ഈ പഞ്ചായത്തിൽ മൊത്തം 192-ഓളം പേരാണ് ഈ വേതനം വാങ്ങുന്നത്. അവശ കലാകാരന്മാർക്കുള്ള പെൻഷൻ ഈ പഞ്ചായത്തിൽ ഒരു വ്യക്തിക്ക് മാത്രമാണ് കിട്ടുന്നത്.

### അംഗൻവാടികൾ

ഈ പഞ്ചായത്തിൽ മൊത്തം 26 അംഗൻവാടികളുണ്ട്. അംഗൻവാടികളുടെ പ്രവർത്തനം ഈ പഞ്ചായത്തിൽ ഒരുവിധം തെറ്റില്ലാത്ത രീതിയിൽ നടക്കുന്നുണ്ട്. പക്ഷെ പല അംഗൻവാടികളിലും കുട്ടികളുടെ ബാഹുല്യം ഒരു പ്രശ്നമാണ്. പല അംഗൻവാടികളും പ്രാഥമിക സൗകര്യങ്ങൾ ഇല്ല എന്നതാണ് പ്രധാന പ്രശ്നം. ഭൂരിപക്ഷം അംഗൻവാടികളും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് സ്വന്തമായി സ്ഥലമില്ല എന്നതും ഒരു പ്രധാന പ്രശ്നമാണ്. ഇത് അംഗൻവാടികളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നുണ്ട്. കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് ഉതകുന്ന കളിപ്പാട്ടങ്ങളും മറ്റും പല അംഗൻവാടികളിലും ഇല്ല എന്നതാണ് സത്യം. മാത്രമല്ല അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും സ്ഥിതിയും പരമദയനീയമാണ്. ഇവരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തിയേ തീരൂ. എങ്കിൽ മാത്രമേ അർപ്പണ മനോഭാവത്തോടുകൂടി പ്രവർത്തിച്ച് നല്ല തലമുറയെ വളർത്തിയെടുക്കാൻ അവർക്ക് കഴിയുകയുള്ളൂ.

## കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെയ്പിനെ സംബന്ധിച്ച വിവരങ്ങൾ (കണക്കുകളുടെ അടിസ്ഥാനത്തിൽ)

| 1 വയസ്സിന് താഴെ | | | | | ഡി.പി.റ്റി. | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ബി.സി.ജി. | 1 D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | മീസിൽസ് |
| 471 | 406 | 383 | 356 | --- | 406 | 383 | 356 | --- | --- | --- | --- | --- | 96 |
| 1-3 വയസ്സ് | | | | | | | | | | | | | |
| 870 | 865 | 861 | 855 | 610 | 865 | 861 | 855 | 610 | 110 | 108 | --- | 75 | 868 |
| 3 - 6 വയസ്സ് | | | | | | | | | | | | | |
| 1112 | 1008 | 998 | 995 | 997 | 1008 | 998 | 995 | 997 | 125 | 112 | ---- | 105 | 978 |

## ടെറ്റനസ് ടോക്സോയിഡ് (TT)

| ഗർഭിണികൾ | 1D | 2D | 3D |
|---|---|---|---|
| | 94 | 66 | 11 |

| | |
|---|---|
| ഇരുമ്പ് / ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികൾ | 153 |
| ഇരുമ്പ് / ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികൾ | 2008 |
| വിറ്റാമിൻ 'എ'യുള്ള മരുന്ന് ലഭിച്ച കുട്ടികൾ | 2015 |

1-ാം വാർഡിലും, 7-ാം വാർഡിലുമാണ് J.P.H.N.ന്റെ സേവനം ലഭിക്കുന്നത്. മറ്റൊരു വാർഡിലും ഈ സേവനം ലഭ്യമല്ല. ഈ സ്ഥിതിയാണ് ഗർഭിണികളിൽ കൃത്യമായി പ്രതിരോധകുത്തിവെപ്പ് എടുക്കുന്നവർ കണക്കനുസരിച്ച് വെറും 11% മാത്രമാണ്. സമ്പൂർണ്ണ സാക്ഷരകേരളത്തിന് ഇത് തീർത്തും അപമാനകരമാണ്. W.H.O. ന്റെ നിഗമനത്തിൽ കേരളം പൂർണ്ണാരോഗ്യ സംസ്ഥാനമാണെങ്കിലും, ഈ രംഗത്ത് ഇനിയും ബോധവൽക്കരണം നടത്തേണ്ടതായിട്ടുണ്ട്.

### ആഭരണതൊഴിലാളി ക്ഷേമനിധി

ഈ പഞ്ചായത്തിൽ വളരെകുറച്ച് പേർ മാത്രമേ ഈ മേഖലയിൽ പണിയെടുക്കുന്നുള്ളൂ അവരുടെ യഥാർത്ഥ സ്ഥിതിതവിവരണ കണക്കുകൾ ലഭ്യമല്ല.

### കൈതൊഴിലാളി ക്ഷേമനിധി

തയ്യൽക്കാർ, കൊല്ലന്മാർ, ബാർബർമാർ, മരം കയറ്റക്കാർ, വാച്ച് റിപ്പയർമാർ തുടങ്ങിയ വിവിധ മേഖലകളിലായി പണി എടുക്കുന്നവർ പഞ്ചായത്തിന്റെ നാനാഭാഗത്തും ഉണ്ട്. ഇവർക്ക് ക്ഷേമനിധി ഉണ്ടെങ്കിലും കാര്യമായി ആർക്കുംതന്നെ ഈ പദ്ധതിപ്രകാരം സഹായം ലഭിച്ചതായി കാണുന്നില്ല. ഇതിന് വേണ്ടത്ര ശ്രമങ്ങളും ഇവിടെ നടന്നതായി കാണുന്നില്ല.

| | |
|---|---|
| അംഗൻവാടികളുടെ എണ്ണം | 26 |
| 1 വയസ്സിന് താഴെ | 550 |
| 1 – 2 വയസ്സുവരെ പ്രായമുള്ളവർ | 400 |
| 2 – 3 വയസ്സുവരെ പ്രായമുള്ളവർ | 534 |
| 3 – 5 വയസ്സുവരെ പ്രായമുള്ളവർ | 1325 |
| ഗർഭിണികൾ | 190 |
| മുലയൂട്ടുന്ന അമ്മമാർ (6 മാസംവരെ പ്രായമുള്ളകുട്ടികളുള്ളവർ) | 211 |
| കഴിഞ്ഞ വർഷത്തിൽ ആകെ ജനനം | 522 |
| ചാപ്പിള്ളജനനം | 2 |
| 1–3 വയസ്സിനിടയിൽ മരിച്ചവർ | 4 |
| 1 വയസ്സിന് താഴെ മരിച്ചവർ | 2 |
| പോഷകാഹാരം ലഭിക്കുന്നവർ | 1193 |
| പോഷകാഹാരം ലഭിക്കുന്ന ഗർഭിണികൾ | 119 |
| പോഷ്കാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാർ | 126 |
| മറ്റ് മരണങ്ങൾ | 48 |

## കുട്ടികളുടെ പോഷകാഹാരനിലവാരം ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ

| | | | |
|---|---|---|---|
| 1 വയസ്സിന് താഴെ പ്രായമുള്ളവർ | 356 | ലഘുപോഷണകുറവ് ഉള്ളവർ | 132 |
| | | മിതമായ പോഷണക്കുറവുള്ളവർ | 60 |
| | | ഗുരുതരമായ പോഷണക്കുറവുള്ളവർ | 9 |
| | | മൊത്തം | 201 |
| 1 – 3 വയസ്സിന് താഴെ പ്രായമുള്ളവർ | 601 | ലഘുവായ പോഷണക്കുറവ് ഉള്ളവർ | 214 |
| | | മിതമായ പോഷണക്കുറവുള്ളവർ | 106 |
| | | ഗുരുതരമായ പോഷണക്കുറവുള്ളവർ | 4 |
| | | മൊത്തം | 324 |
| 3 – 6 വയസ്സിന് താഴെ പ്രായമുള്ളവർ | 862 | ലഘുവായ പോഷണക്കുറവ് ഉള്ളവർ | 300 |
| | | മിതമായ പോഷണക്കുറവുള്ളവർ | 108 |
| | | ഗുരുതരമായ പോഷണക്കുറവുള്ളവർ | 9 |
| | | മൊത്തം | 417 |

3 ഗ്രൂപ്പിലും പോഷകാഹാരക്കുറവുള്ളവർ നല്ല ശതമാണുണ്ട്. ഈ അവസ്ഥ മാറ്റേണ്ടതാണ്. ഇതിന് അമ്മമാർക്കും, ഗർഭിണികൾക്കും ബോധവൽക്കരണം നടത്തുകതന്നെ വേണം. എങ്കിൽ മാത്രമേ ഈ സ്ഥിതിക്ക് മാറ്റം വരുകയുള്ളൂ. മാത്രമല്ല, ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും നൽകിവരുന്ന ഭക്ഷണം തീർത്തും ഗുണനിലവാരം കുറഞ്ഞതാണ്.

IRDP പദ്ധതിപ്രകാരം സഹായം ലഭിച്ച കൈത്തൊഴിലാളികളുടെ പട്ടിക താഴെ കൊടുക്കുന്നു.

| വാർഡ് | സർവ്വെ പ്രകാരം കൈത്തൊഴിലാളികളുടെ എണ്ണം | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം |
|---|---|---|---|
| 1 to 12 | 265 | 32 | 233 |
| വാർഡ് തിരിച്ച് കണക്ക് ലഭ്യമല്ല. | | | |

ബോധവൽക്കരണത്തിന്റെ കുറവ് നല്ലരീതിയിൽ ഉണ്ടെന്ന് പട്ടിക സൂചിപ്പിക്കുന്നു.

## പൊതുവിവരണം

ഈ പഞ്ചായത്തിലാകെ 11 റേഷൻ കടകളും ഒരു മാവേലി സ്റ്റോറുമാണ് ഉള്ളത്. മാവേലി സ്റ്റോറിന്റെ പ്രവർത്തനം തെറ്റില്ലാത്ത രീതിയിൽ നടക്കുന്നുണ്ട്. സിവിൽ സപ്ലൈ കോർപ്പറേഷൻ മുഖാന്തിരം നടത്തുന്ന ഓണച്ചന്തകൾ വിലനിലവാരം പിടിച്ചുനിർത്തുന്നതിൽ നല്ല പങ്ക് വഹിക്കുന്നുണ്ട്.

## റേഷൻ ഷോപ്പ്

റേഷൻഷാപ്പിന്റെ പ്രവർത്തനം ഈ പഞ്ചായത്തിൽ അവതാളത്തിലാണ്. ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് റേഷൻ സാധനങ്ങൾ ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്. അതിന് കഴിയുന്നില്ല എന്ന് മാത്രമല്ല സാധാരണക്കാർക്ക് എന്നും പരാതിയുള്ള മേഖലമാത്രമായി മാറയിരിക്കുകയാണ് റേഷൻഷാപ്പുകൾ.

റേഷൻഷാപ്പുകളുടെ ഇന്നത്തെ പേര് (പൊതുവിതരണകേന്ദ്രം) എന്നത് റേഷൻഷാപ്പ് എന്നുതന്നെ ആക്കി മാറ്റേണ്ടതാണ്. താലൂക്ക് സപ്ലൈ ഓഫീസിന്റെ പ്രവർത്തനവും കാര്യക്ഷമമാക്കേണ്ടതാണ്.

## നിർദ്ദേശങ്ങൾ

1. സാങ്കേതിക തൊഴിൽ പദ്ധതികൾ നടപ്പിൽ വരുത്തണം
2. കുടുംബക്ഷേമ കേന്ദ്രങ്ങൾ അതാത് വാർഡുകളിൽ തന്നെസ്ഥാപിക്കണം.
3. അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലം ലഭ്യമാക്കണം.
4. കുട്ടികൾക്ക് ലഘുഭക്ഷണം തയ്യാറാക്കാൻ പാത്രങ്ങളും മറ്റ് സാമഗ്രികളും ലഭ്യമാക്കണം.
5. വാർഡുകളിൽ ക്രഷ് സംവിധാനം വേണം.
6. അംഗൻവാടി നിർമ്മാണത്തിന് സാമ്പത്തികസഹായം നൽകണം.
7. നിത്യോപയോഗസാധനങ്ങൾ റേഷൻഷാപ്പുകൾ വഴി വിതരണം ചെയ്യണം.
8. റേഷൻഷാപ്പുകൾവഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തണം.
9. കുടുംബവരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ വിതരണം ചെയ്യണം.
10. പ്രായപൂർത്തി ആയ ആൺമക്കളുള്ള അമ്മമാർക്കും പെൻഷൻ നൽകാനുള്ള സംവിധാനം ഉണ്ടാവണം.
11. അംഗൻവാടി ഹെൽപ്പർമാരുടെയും വർക്കർമാരുടെയും സേവന വേതന വ്യവസ്ഥകൾ ഉയർത്തണം.
12. അംഗൻവാടികൾക്ക് നൽകുന്ന ഫണ്ടിന്റെ നിശ്ചിത ശതമാനം കളിപ്പാട്ടങ്ങൾ വാങ്ങാൻ നൽകണം.
13. ട്രൈസം പരിശീലകർക്ക് നൽകുന്ന സ്റ്റൈപൻറ് തുക കൂട്ടണം.
14. എല്ലാരംഗത്തും ഗുണഭോക്താക്കൾക്ക് ബോധവൽക്കരണ സെമിനാറുകൾ നടത്തണം.
15. അംഗൻവാടികൾ വഴി നൽകുന്ന പോഷകാഹാര ഫണ്ട് വർദ്ധിപ്പിക്കണം.
16. പഞ്ചായത്ത് തലത്തിൽ ഉപഭോക്തൃസംരക്ഷണസമിതി രൂപീകരിക്കണം.
17. ക്ഷേമപദ്ധതികളുടെ പൂർണ്ണ വിജയത്തിന് ഓരോ 5 വർഷം കൂടുമ്പോഴും സർവ്വെ നടത്തി അനർഹരായവരെ പദ്ധതിയിൽനിന്നും ഒഴിവാക്കണം.

മൊത്തത്തിൽ നോക്കുകയാണെങ്കിൽ, എല്ലാ പദ്ധതികളുടെയും വിജയത്തിന് ബോധവൽക്കരണം കൂടിയേ തീരൂ. അതിന്റെ കുറവ് എല്ലാരംഗത്തും കാണുന്നുണ്ട് ഉദ്യോഗസ്ഥരുടെയും ഗുണഭോക്താക്കളുടെയും കൂട്ടായ ശ്രമം ഈ രംഗത്ത് വേണം. മറ്റ് സന്നദ്ധ സംഘടനകളുടെയും സഹായങ്ങൾ ഈ രംഗത്ത് വേണ്ടതാണ്. അങ്ങനെ ഒരു കൂട്ടായ ശ്രമത്തിന് പഞ്ചായത്ത് സമിതി നേതൃത്വം നൽകുമെന്ന് ആശിക്കാം.

# 5. h സഹകരണം

## ചരിത്രം

വിവിധ മേഖലകളിലായി 15 സഹകരണ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. പഞ്ചായത്തിലെ ഏക പ്രാഥമിക സഹകരണം സ്ഥാപനമായ വിവിധോദ്ദേ പരസ്പര സഹായസഹകരണ സംഘം 1953ൽ രൂപീകൃതമായി. ഇന്ന് വടക്കാഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 3279 എന്നറിയപ്പെടുന്ന ഈ സ്ഥാപനത്തിൻെറ പ്രവർത്തനപരിധി വടക്കാഞ്ചേരി പഞ്ചായത്താണ്. പ്രഥമ മെമ്പർ തൈക്കാടൻ കുഞ്ഞുവാറു ആണ്. കൂടാതെ ഈ പഞ്ചായത്തിൽ ഒരു സർക്കാരുദ്യോഗസ്ഥ സഹകരണ സംഘവും, മൂന്ന് സ്ക്കൂൾ സഹകരണ സംഘങ്ങൾ, 1 കോളേജ് സഹകരണസംഘം, 1 ഹൗസിങ്ങ് സഹകരണ സംഘം, 4 ഹരിജൻ സഹകരണ സംഘങ്ങൾ, 1 സഹകരണ കാൻറീൻ, 1 വനിതാ സഹകരണ സംഘം,ഒരു ക്ഷീരോല്പാദക സഹകരണ സംഘം,അപ്പക്സ് സംഘത്തിൻെറ ഒരു ശാഖ ഗ്രാമവികസന ബാങ്കിൻെറ ഒരു ശാഖ എന്നിവ പ്രവർത്തിച്ചു വരുന്നു.

## സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

വടക്കാഞ്ചേരി പഞ്ചായത്ത് പ്രവർത്തനപരിധിയായിട്ടുള്ള ഇവിടത്തെ പ്രാഥമിക സർവ്വീസ് സഹകരണ ബാങ്ക് നഷ്ടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. വായ്പാ വിതരണം, ടെപ്പോസിറ്റ് സ്വീകരിക്കൽ, വളം കീടനാശിനി വിതരണം എന്നിവ ബാങ്ക് നടത്തിവരുന്നു. 5000 ത്തോളം കർഷക കുടുംബങ്ങൾ വടക്കാഞ്ചേരി സർവ്വീസ് സഹകരണ ബാങ്കിൻെറ പരിധിയിലുണ്ടെങ്കിലും മുഴുവൻ കർഷകരും ഇന്നും അംഗങ്ങളല്ല. മുൻ കാലങ്ങളിൽ പല സഹകരണ ബാങ്കുകളിലും നടന്നതുപോലുള്ള മോഷണശ്രമവും, വായ്പാ വിതരണത്തിലും കുടിശ്ശീക പിരിവിലുമുള്ള അനാസ്ഥയും മൂലം ലക്ഷക്കണക്കിനു രൂപയുടെ നഷ്ടത്തിലാണ് ഈ ബാങ്ക് പ്രവർത്തിച്ചുവരുന്നത്.ലാൻറ് റജിസ്റ്റർ പ്രകാരം ക്രഡിറ്റ് ലിമിറ്റ് സ്റ്റേറ്റ്മെൻറ് തയ്യാറാക്കി വർഷംതോറും ജില്ലാ ബാങ്കിൽ നിന്ന് വായ്പ വാങ്ങുന്നുണ്ടെങ്കിലും അർഹരായ എല്ലാവർക്കും വായ്പ നല്കുവാനുള്ള സംവിധാനം ഇന്ന് നിലവില്ല. കാർഷികരംഗത്തെ പോഷിപ്പിക്കാൻ ബാങ്കിന് പ്രതിവർഷം 75 ലക്ഷത്തോളം രൂപ ആവശ്യമുണ്ടെങ്കിലും 95-96 വർഷഷത്തിൽ 4 ലക്ഷത്തിന് താഴെ മാത്രമേ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുള്ളൂ..ധാരാളം സ്വകാര്യ വ്യക്തികൾ നടത്തുന്ന പണമിടപാടുസ്ഥാപനങ്ങളും്ഷെഡ്യൂൾഡ് ബാങ്കുകളും, വടക്കാഞ്ചേരി ടൗണിൽ നിന്ന് അല്പം ഉള്ളിലേക്ക് നീങ്ങിയ ഈ ബാങ്കിന് ഭീഷണി തന്നെയാണ് . സംഘം കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ ആർബിട്രേഷൻ നടപടിയായാൽ പോലും വളരെ കാലതാമസം വരുന്നു. സഹകരണ വകുപ്പ് ആഡിറ്റർ മാർക്കുള്ള ഫീസ് സംഘത്തിൽ നിന്നു തന്നെ ഈടാക്കുന്നു. ഈ സഹകരണ ബാങ്കിൻെറ ഓഫീസും മറ്റും താരതമ്യേന ആകർഷകമല്ല. സംഘം തിരഞ്ഞെടുപ്പ് ചിലവ് വലിയ ബാദ്ധ്യതയായി മാറുന്നു.

കൊല്ലവർഷം 1100 ൽ പ്രവർത്തനം ആരംഭിച്ച വടക്കാഞ്ചേരി സർക്കാരുദ്യോഗസ്ഥ സഹകരണ ബാങ്കിൻെറ പ്രവർത്തന പരിധി തലപ്പിള്ളിതാലൂക്കാണ്. 4ാം വാർഡിലാണ് ഇന്ന് സ്ഥിതിചെയ്യുന്നത്. മെച്ചപ്പെട്ട നിലയിൽ പ്രവർത്തിച്ചുവരുന്ന ഈ സ്ഥാപനത്തിൻെറ കുടിശ്ശിക താരതമ്യേന കുറവാണ്.

വടക്കാഞ്ചേരി പഞ്ചായത്ത് പ്രവർത്തന പരിധിയായിട്ടുള്ള വടക്കാഞ്ചേരി പട്ടിക ജാതി ഈറ്റ തൊഴിലാളി സഹകരണ സംഘം പട്ടിക ജാതിയിലെ സാംബവ (പറയർ) സമുദായത്തിൻെറ പരമ്പരാഗത കൈത്തൊഴിലായ ഈറ്റ ഉപയോഗിച്ച് കൂടകൾ ഉണ്ടാകുന്നു. കേരള സ്റ്റേറ്റ് ബാംബു കോറപ്പറേഷനിൽ നിന്ന് ഈറ്റ വാങ്ങി സംഘത്തിൻെറ വർക്ക്ഷെഡുകളിൽ വച്ച് തൊഴിലെടുക്കുകയും തൊഴിലാളികൾ ഉണ്ടാക്കുന്നു കൂടകൾ സംഘം വാങ്ങി മാർക്കറ്റിൽ വില്ക്കുകയും ചെയ്യുന്നു. കൂടാതെ ഒരു ചെരുപ്പ് നിർമ്മാണ യൂണിറ്റും നടത്തിവരുന്നു. ഈറ്റയുടെ കൂടെക്കൂടെയു

ളള വിലവർദ്ധനവ് പരിഷ്കൃത കൂടകളുടെ (പ്ലാസ്റ്റിക്,ടയർ തുടങ്ങിയവ) ആവിർഭാവവും ഈ രംഗത്ത് അല്പം ക്ഷീണത്തിലാക്കുന്നു.

ഈ പഞ്ചായത്തിൽ ആകെ ഒരു ക്ഷീരോല്പാദക സഹകരണ സംഘമാണ് ഉള്ളത്. 1979 ൽ പ്രവർത്തനം ആരംഭിച്ച ഇതിൻെറ പരിധി 10,11,12 എന്നീ വാർഡുകൾ മാത്രമാണ്. ഒരു വർഷത്തിൽ 85000 ൽ പരം ലിറ്റർ പാൽ ശേഖരിക്കുന്നുണ്ടെങ്കിലും ആവശ്യത്തിനനുസരിച്ച് വില്പന നടത്തുവാൻ തികയാതെ വരുന്നു. വടക്കാഞ്ചേരി സർക്കാർ ആശുപത്രി, സർക്കാർ വിഷവൈദ്യ ആശുപത്രി എന്നിവയിലേക്ക് ഈ സ്ഥാപനത്തിൽ നിന്നാണ് പാൽ വിതരണം നടത്തുന്നത്. സാമാന്യം നല്ല നിലയിൽ പ്രവർത്തിച്ചു വരുന്ന സംഘമാണിത്.

വടക്കാഞ്ചേരി ബ്ലോക്ക് പ്രവർത്തന പരിധിയായിട്ടുള്ള വടക്കാഞ്ചേരി ബ്ലോക്ക് വനിതാ സഹകരണ സംഘം 1992 ൽ പ്രവർത്തനം ആരംഭിച്ചു. തയ്യൽ ക്ലാസ്, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം ഓണച്ചന്ത എന്നീ പ്രവർത്തനങ്ങൾ ഈ സ്ഥാപനം നടത്തിവരുന്നു.

ഇന്ന് സഹകരണ സംഘം നേരിടുന്ന പ്രശ്നങ്ങളിൽ പ്രാധാന്യം സ്വയം പര്യാപ്തയില്ലായ്മയാണ്.വളർന്നു വരുന്ന സ്വകാര്യ ബാങ്കിംഗ് സ്ഥാപനങ്ങൾ യാതൊരു നിയന്ത്രണവുമില്ലാതെ പലിശ കൊടിക്കുന്നു .സഹകരണ സ്ഥാപനങ്ങളിലാകട്ടെ നിയമത്തിൻെറ കുരുക്കിൽപെട്ട് വായ്പാ സ്വാതന്ത്രം നിഷേധിക്കപ്പെടുന്നു. താമസം നേരിടുന്നു. കൊടുത്ത വായ്പകൾ തിരിച്ചുപിടിക്കാനുള്ള നിയമനനടപടി(ആർമിട്രേഷൻ) കാലതാമസം വരുത്തുന്നു. ഏതാനും വ്യക്തികളുടെ നിയന്ത്രണത്തിലുള്ള ഭരണം പലപ്പോഴും രാഷ്ട്രീയ പ്രേരിതമായിപ്പോകുന്നു. ഓഹരി വിലയായി പ്രാഥമിക സംഘങ്ങൾ വാങ്ങിവരുന്ന 10 രൂപ സ്റ്റേഷനറി ചിലവിനുപോലും മതിയാക്കാതെ വരുന്നു.

മേൽ പറഞ്ഞ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാണുന്നതിന് .വളർന്നുവരുന്ന സ്വകാര്യ ബാങ്കിംഗ് സ്ഥാപനങ്ങൾക്ക് ഗവൺമെണ്ട് നിയന്ത്രണമേർപ്പെടുത്തുകയും ഓഡിറ്റ് ഫീസ് സംഘങ്ങളിൽ നിന്നും ഈടാക്കാതെ ഗവൺമെണ്ട് തന്നെ വഹിക്കുക. ഓഹരി വില വർദ്ധിപ്പിക്കുക. ഓരോ കുടുംബത്തിൽ നിന്നും ഒരാളുവീതമെങ്കിലും അംഗമായിചേർക്കുക. വ്യക്തികൾക്കുള്ള വായ്പാപരിധി വർദ്ധിപ്പിക്കുകയും വായ്പാവിതരണം സുഗമമാക്കുകയും വായ്പാ കുടിശ്ശിക തിരിച്ച് പിടിക്കുന്നതിനായിട്ടുള്ള നിയമന നടപടിക്ക് കാലതാമസം വരാതിരിക്കാൻ ആർബിട്രേഷൻ നടപടിക്ക് കൂടുതൽ പ്രാധാന്യത്തോടെ ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുകുകയും ചെയ്യുക. മോഷണ ശ്രമം പെരുകി വരുന്ന സാഹചര്യത്തിൽ സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾക്ക് സെക്യൂരിറ്റി സൗകര്യം ഗവൺമെണ്ട് തലത്തിൽ നിന്ന് തന്നെ ഏർപ്പെടുത്തികൊടുക്കുക. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് ഗവൺമെണ്ട് ധനസഹായം നൽകി സഹായിക്കുക.സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾക്ക് ആധുനിക രീതിയിലുള്ള കൗണ്ടറുകളും ഓഫീസ് സംവിധാനവും ഉണ്ടാക്കികൊടുക്കുക. ഈ പോരായ്മ നിക്ഷേപസമാഹരണത്തെ പ്രതികൂലമായി ബാധിക്കുന്നു.

താഴെ പറയുന്ന പദ്ധതികൾ വിവിധ മേഖലയിൽ നടപ്പിലാക്കേണ്ടതാണ്. വടക്കാഞ്ചേരി സർവ്വീസ് സഹകരണബാങ്ക് 10 ലക്ഷത്തോളം രൂപ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ നഷ്ടം നികത്താതെ വികസന പ്രവർത്തനങ്ങൾ ഒന്നും തന്നെ ഈ ബാങ്കുവഴി നടത്തുവാൻ സാധിക്കുകയില്ല. അതിനാൽ ഇത്തരം നഷ്ടം നികത്തുന്നതിനായി നഷ്ടത്തിനു തുല്ല്യമായ തുക പലിശരഹിത ദീർഘകാലവായ്പയായോ ഓഹരി മൂലധനമായോ അനിവസിക്കുക. സർക്കാരിൽ നിന്ന് അനിവദിച്ചു കിട്ടുന്ന പലിശ സബ്സിഡി യഥാകാലം വായ്പാക്കാർക്ക് ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സർക്കാർ തലത്തിലും ബാങ്ക് തലത്തിലും ചെയ്യേണ്ടതാണ്.

വിവിധ പാടശേഖരങ്ങൾ കേന്ദ്രീകരിച്ച് ഗ്രൂപ്പ് ഫാമിംഗ് സഹകരണ സാംഘങ്ങൾ രൂപീകരിക്കുകയാണെങ്കിൽ പാടശേഖരങ്ങൾ തോട്ടങ്ങളായി മാറുന്ന ഒരവസ്ഥയിൽ മാറ്റം വരുത്തി മേല്ത്തരം വിത്ത്,വളം, കീടനാശിനി, ട്രാക്ടർ,ട്രില്ലർ കൊയ്ത്ത് മെതിയന്ത്രങ്ങൾ എന്നിവ ലഭ്യമാക്കാനും സഹായകമാകും.

ഈ പഞ്ചായത്തിലെ ഏകക്ഷീരോല്പാദക

സഹകരണ സംഘത്തിന് പാൽ തികയാത്ത സാഹചര്യത്തിൽ സംഘം മുഖേന കറവു മാടുകളെ വിതരണം ചെയ്യാനും വരുന്ന അഞ്ചു കൊല്ലം കൊണ്ട് ഉല്പാദനം വർദ്ധിപ്പിക്കാനുമുള്ള നടപടി എടുക്കേണ്ടതാണ്. 9,10,11,12 എന്നി വാർഡുകൾ മാത്രമാണ് ഇതിന്റെ പ്രവർത്തന പരിധി എന്ന നിലക്ക് 1 മുതൽ 8 വരെയുള്ള വാർഡുകളിൽ ഓരോ ക്ഷീരോല്പാദക സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്. സംഘങ്ങൾ മുഖേന കറവു മാടുകളെ വിതരണം ചെയ്യുക, കാലിത്തീറ്റ വിതരണത്തിനുള്ള സംവിധാനം ഉണ്ടാക്കുക, കന്നു കാലികളുടെ സംരക്ഷണത്തിനായി മൃഗസംരക്ഷണ ഉദ്യോഗസ്ഥരുടെ സേവനം തക്കസമയത്ത് ലഭ്യമാക്കുക എന്നീ ആനുകൂല്യങ്ങൾ പഞ്ചായത്ത് തലത്തിൽ നിന്നും,ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ക്ഷീരസംഘങ്ങൾ മുഖേന ചെയ്യപ്പെടേണ്ടതാണ്.

വടക്കാഞ്ചേരി പഞ്ചായത്ത് പ്രവർത്തന പരിധിയായി ഒരു കൺസ്യൂമർ സഹകരണ സംഘവും, അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്ന ധാരാളം തൊഴിലാളികൾക്ക് സ്ഥിരം തൊഴിൽ ലഭിക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ലേബർ കോൺട്രാക്ട് സഹകരണ സംഘവും രൂപികരിക്കേണ്ടതാണ്. പഞ്ചായത്ത് നേരിട്ട് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഈ സംഘം മുഖേന നടത്താവുന്നതുമാണ്.

സമ്പൂർണ്ണ ചാരായ നിരോധനത്തിന്റെ പശ്ചാത്തലത്തിൽ കള്ള് ചെത്ത് മേഖലയിൽ ഇപ്പോൾ പ്രവർത്തിക്കുന്നവരേയും ചാരായ നിരോധനം മൂലം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളേയും ഉൾപ്പെടുത്തി ഒരു കള്ള് വ്യവസായസഹകരണസംഘം രൂപീകരിക്കാവുന്നതാണ്. പഞ്ചായത്തിൽ തെങ്ങ്, പന എന്നിവ ചെത്തുന്നതിനുള്ള അവകാശം ഈ സംഘത്തിന് മാത്രം നല്ക്കേണ്ടതും, ചെത്തിയെടുക്കുന്ന കള്ള് വ്യവസായികാടിസ്ഥാനത്തിൽ ശീതളപാണീയമായും മറ്റ് ഉപോത്പന്നങ്ങളായും ഈ മേഖലയെ പരിപോഷിപ്പിക്കാവുന്നതാണ്.

ഒരു വനിതാ സഹകരണ സംഘം മാത്രമാണ് ഇപ്പോൾ നിലവിലുള്ളത്. ദുർബല വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കൂടുതൽ വനിതാ സഹകരണ സംഘങ്ങൾ ഇവിടെ സ്ഥാപിക്കേണ്ടതാണ്. പപ്പട നിർമ്മാണം മസാല നിർമ്മാണം എന്നി പദ്ധതികൾ തിരഞ്ഞെടുക്കാവുന്നതാണ്.കൂടുതൽ സാമ്പത്തിക സഹായം നല്കി വനിതാ സഹകരണ സംഘങ്ങളെ പ്രാഥമിക സഹകരണ സംഘങ്ങൾക്കും ജില്ലാ സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്കും ദുർബ്ബല വിഭാഗത്തിൽപ്പെടുന്ന വനിതകളെ സംഘടിപ്പിച്ച് സഹകരണ സംഘങ്ങൾ രൂപീകരിച്ച് അവയെ സ്പോൺസർ ചെയ്യുകയും ഇത്തരം വനിതാ സംഘങ്ങളെ "ലിങ്ക്" സംഘങ്ങളായി അംഗീകരിച്ച് നേതൃത്വം നൽകിയാൽ വനിതാ സഹകരണ സംഘങ്ങളുടെ ശക്തമായ ഒരു ശൃംഖല രൂപീകരിക്കുവാൻ കഴിയുന്നതാണ്.

കളിമൺ വ്യവസായ സഹകരണ സംഘം, കോഴി വളർത്തൽ സഹകരണ സംഘം, പഴം പച്ചക്കറി മാർക്കറ്റിംഗ് സഹകരണ സംഘം, സോഫ കിടക്ക സഹകരണ സംഘം എന്നിവയും ഈ പഞ്ചായത്തിൽ രൂപീകരിക്കേണ്ടതാണ്.പ്രവർത്തനരഹിതമായി കിടക്കുന്ന ഹൗസിംഗ് സഹകരണ സംഘം പുനരുദ്ധരിക്കേണ്ടതാണ്.

ഇപ്പോൾ നടത്തിവരുന്ന സ്ക്കൂൾ കോളേജ് സഹകരണ സംഘങ്ങളിൽ എല്ലാ പഠനോപകരണങ്ങളും കൃത്യസമയത്ത് ലഭ്യമാക്കുന്നരിനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്. കൂടാതെ യൂണിറ്റുഫോമുകൾ, സ്റ്റേഷനറി തുടങ്ങിയവയെല്ലാം ഈ സംഘങ്ങൾ മുഖേ വിതരണം ചെയ്യണം. എല്ലാവിദ്യാർത്ഥികളേയും അദ്ധ്യാപകരേയും നിർബന്ധമായും ഈ സംഘങ്ങളിൽ അംഗങ്ങളാക്കേണ്ടതും സെക്രട്ടറി എന്ന നിലക്ക് കൂടുതൽ ജോലി ചെയ്ത് വരുന്ന അദ്ധ്യാപകന് പ്രത്യേക അലവൻസും അദ്ധ്യാപക ജോലിയിൽ ഇളവും അനുവദികേണ്ടതാണ്.

ഇത്തരം സഹകരണ സ്ഥാപനങ്ങളുടെ രൂപീകരണം വഴി പഞ്ചായത്തിൽ അനേകം പേർക്ക് പ്രത്യക്ഷമായും ജോലിനല്ക്കുവാൻ സാധിക്കുന്നതാണ്

രാഷ്ട്രീയമായ ജയാപജയങ്ങളുടെ കൂട്ടലും കിഴിക്കലും മാത്രമായി കാര്യങ്ങൾ കാണുന്നത് ഭൂഷണമായിരിക്കുകയില്ല. പരസ്പരമുള്ള മത്സരത്തിന്റേയും വിദ്വേഷത്തിന്റേയും കാരണങ്ങൾ വിസ്മരിച്ച് സഹകരണാത്മകമായ ചർച്ചക്കും മുൻഗണന നിശ്ചയിക്കുന്നതിനുമായി ഈ വികസന റിപ്പോർട്ട് സമർപ്പിച്ചു കൊള്ളുന്നു.

# 5. I വടക്കാഞ്ചേരി ഗ്രാമപഞ്ചായത്ത്

## സാംസ്കാരികം

വടക്കാഞ്ചേരിയിലെ സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകികൊണ്ട് ഒട്ടേറെ സാംസ്ക്കാരിക - കലാസംഘടനകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. നിരവധി ക്ഷേത്രങ്ങളും ദേവാലയങ്ങളും ഉള്ള ഇവിടെയാണ് മധ്യകേരളത്തിലെ പ്രശസ്തമായ ശ്രീ രുധിരമഹാകാളി കാവ് ക്ഷേത്രം. ഇവിടുത്തെ വേലാഘോഷം അതിപ്രശസ്തമാണ്. ഇവിടെയുള്ള കൊച്ചു, കൊച്ചു ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട് നിരവധി നാടൻ കലാരൂപങ്ങൾ നിലനിൽക്കുന്നുണ്ട്. ദാരികൻ, കാളി, കുമ്മാട്ടി, തിറ, പൂതൻ തുടങ്ങിയവ ഇതിൽ ചിലതാണ്.

ഇപ്പോൾ നിലവിൽ ഉള്ള 5 വായനശാലകളിൽ ഗ്രന്ഥാലയങ്ങളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കോഴിക്കോട് സർവ്വകലാശാലയുടെ ധനസഹായത്തോടുകൂടി ശ്രീ വ്യാസ കോളേജിൻെറ ആഭിമുഖ്യത്തിൽ കുമ്പളങ്ങാട് - അകംപാടം എന്നീ മേഖലകളിലായി പ്രവർത്തിക്കുന്ന 'ജനശിക്ഷണ നിലയം'' ഈ പ്രവർത്തനം നിർവ്വഹിക്കുന്നുണ്ട്. ഇവിടെ പഞ്ചായത്തിൻെറ നേരിട്ടുള്ള ഉടമസ്ഥതയിൽ ഗ്രന്ഥശാല ഇല്ല. ഇപ്പോഴുള്ള 5 വായനശാലകളുടെ പ്രവർത്തനം നടക്കുന്നത് പഞ്ചായത്തിൽ നിന്നുള്ള പ്രതിവർഷ ഗ്രാൻറായ 500 രൂപയും, സർക്കാരിൻെറ ഗ്രാൻറും, അംഗങ്ങളിൽ നിന്നുള്ള വരിസംഖ്യയും ഉപയോഗിച്ചാണ്.

ഗ്രന്ഥശാലകൾക്കുള്ള കുറഞ്ഞ ഗ്രാൻറുകൾ മാത്രം ആശ്രയിച്ച് ആവശ്യമായ പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും വാങ്ങുന്നതിന് കഴിയാത്തതുമൂലം ഇവയുടെ പ്രവർത്തനം കുറഞ്ഞു വരികയാണ്. ടെലിവിഷൻ ശൃംഖലയുടെ വ്യാപനം വായനശാലകളിലെ വായനക്കാരുടെ എണ്ണവും സാംസ്ക്കാരിക പ്രവർത്തനവും കുറഞ്ഞിട്ടുണ്ട്.

ഗ്രന്ഥശാലകൾക്ക് പുറമെ പഞ്ചായത്തിലെ ഓരോ വാർഡിലും ചുരുങ്ങിയത് മൂന്ന് കലാകായിക ക്ലബ്ബുകളും പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്ക് ചിലതിനെങ്കിലും സ്വന്തം കെട്ടിടങ്ങളും വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളുമുണ്ട്. വടക്കാഞ്ചേരിയിലെ കഥകളി ക്ലബ്ബും, വടക്കാഞ്ചേരി ''സംഗം'' തിയ്യറ്റേഴ്സും മറ്റും ഇവയിൽ എടുത്തു പറയാവുന്നവയാണ്. വടക്കാഞ്ചേരി പട്ടണം കേന്ദ്രീകരിച്ച് ഏകദേശം 1 1/2 ഡസനോളം കലാ-സാംസ്ക്കാരിക സംഘടനകൾ പ്രവർത്തിക്കുന്നുണ്ട്.

## ഗ്രാമസഭ നിർദ്ദേശങ്ങൾ

1. 2ാം വാർഡിൽ സാംസ്ക്കാരിക നിലയവും വായനശാലയും.
2. 5ാം വാർഡിൽ പ്രവർത്തന രഹിതമായ ജനശിക്ഷണ നിലയം പ്രവർത്തിക്കുന്നതിനു വേണ്ടി നടപടി എടുക്കുക.
3. 6ാം വാർഡിൽ 3 വായനശാല, പൊതുറേഡിയോ, ടെലിവിഷൻ എന്നിവ സ്ഥാപിക്കണം.
4. 6ാം വാർഡിൽ ഒരു വൃദ്ധമന്ദിരം സ്ഥാപിക്കണം.
5. 6ാം വാർഡിൽ ഒരു പൊതുകളിസ്ഥലം സ്ഥാപിക്കണം.

6. 9 ാം വാർഡിൽ ഒരു വായനശാല സ്ഥാപിക്കണം. ഇത് ഓട്ടുപാറ ഷോപ്പിങ്ങ് കോംപ്ലക്സിനുമുകളിൽ സ്ഥാപിക്കണം.

7. 11 ാം വാർഡിലെ ക്ലബ്ബുകൾക്കുവേണ്ടി ബ്ലോക്കു മേളകൾ, കളിസ്ഥലം എന്നിവ ഉണ്ടാകണം.

8. 12 ാം വാർഡിൽ വായനശാലയുടെ ശോചനീയാവസ്ഥ മാറ്റണം. വായനശാലയുടെ കിണർ നന്നാക്കണം. ടി. വി. സ്ഥാപിക്കണം.

## പൊതു നിർദ്ദേശങ്ങൾ

1. പാരമ്പര്യ കലകൾ നിലനിറുത്താനുള്ള നടപടികൾ സ്വീകരിക്കണം.
2. ഗ്രന്ഥശാലകൾക്കുള്ള ഗ്രാൻറ് വർദ്ധിപ്പിക്കണം.
3. പൊതുകളിസ്ഥലം നിർമ്മിക്കണം.
4. എല്ലാ സൗകര്യങ്ങളുള്ള ഒരു സാംസ്ക്കാരിക നിലയം സ്ഥാപിക്കണം.
5. പ്രശസ്തരായ കലാകാരന്മാരെ ഉൾപ്പെടുത്തി പഞ്ചായത്തുതല കലാപരിപോഷണ സമിതി രൂപീകരിക്കണം.
6. ഗൗരവമേറിയ വായനശീലം വളർത്തുന്നതിന് സംവിധാനമുണ്ടാക്കണം.
7. ഗ്രന്ഥശാലയ്ക്ക് പഞ്ചായത്ത് വഴി ലൈബ്രറി സെസ്സ് എന്ന പേരിൽ പിരിച്ചെടുക്കുന്ന സംഖ്യ മാത്രം ഉണ്ടായാൽ ഒരു പരിധിവരെ വായനശാലകളെ അഭിവൃദ്ധിപ്പെടുത്താൻ സാധിക്കും. ഈ സംഖ്യ വകമാറി ചിലവ് വരുത്താതെ ഈ ആവശ്യങ്ങൾക്കു മാത്രം ഉപയോഗിക്കണം.

കായിക രംഗത്തെ പോഷിപ്പിക്കുന്നതിന് കുമ്പളങ്ങാട്, എങ്കക്കാട്, മംഗലം, കരുതക്കാട്, കുമരനെല്ലൂർ എന്നിവിടങ്ങളിൽ ജനകീയ പങ്കാളിത്തത്തോടെ കളിസ്ഥലം നിർമ്മിക്കുകയും സംരക്ഷിക്കുകയും വേണം. വടക്കാഞ്ചേരി പഞ്ചായത്തിനോട് ചേർന്ന് പട്ടണത്തിൽ ഒരു സാംസ്ക്കാരിക നിലം സ്ഥാപിച്ച് പ്രവർത്തിക്കണം. എല്ലാ വാർഡുകളിലും ഒരു വായനശാല എന്ന രീതിയിൽ ജനകീയ പങ്കാളിത്തത്തോടുകൂടി ഗ്രാമീണവായനശാലകൾ രൂപീകരിക്കണം. വായനശാലക്കുള്ള ഗ്രാൻറ് വർദ്ധിപ്പിക്കുകയും കലാ-കായിക ക്ലബ്ബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ ക്ലബ്ബുകൾക്കുള്ള ഗ്രാൻറ് വർദ്ധിപ്പിക്കുകയും വേണം.

വർഷത്തിൽ നാടൻ കലാ ഉൽസവം, ഓണം ഘോഷയാത്ര, കായികോൽസവം, കലാമേള തുടങ്ങിയവ പഞ്ചായത്തിൻെറ നേതൃത്വത്തിൽ നടത്തേണ്ടതാണ്. വായനശാലകളുമായി ബന്ധപ്പെട്ട് ഫിലിം ഫെസ്റ്റിവെൽ, മാസാമാസമുള്ള ചർച്ചകൾ, സിമ്പോസിയങ്ങൾ, സെമിനാറുകൾ എന്നിവ നടത്തുന്ന സ്ഥാപനങ്ങൾക്ക് പഞ്ചായത്തിൻെറ സ്പെഷൽ ഗ്രാൻറ് എന്ന സംവിധാനം ഉണ്ടാക്കണം.

പ്രശസ്തരായ സിനിമാ സംവിധായകൻ ഭരതൻ, നാടക സംവിധായകൻ മാനിമുഹമ്മദ്, പുല്ലാംകുഴൽ വിദഗ്ദൻ കൃഷ്ണൻ, സിനിമാ നടൻമാരായ ഒടുവിൽ ഉണ്ണികൃഷ്ണൻ, അബൂബക്കർ, നാടകനടൻമാരായ കെ. വി. അബൂബക്കർ, രാഘവൻ നായർ എന്നിവരും കലാമണ്ഡലം ഹൈദരാലിയും പ്രശസ്ത ബാല സാഹിത്യകാരി സുമംഗലയും കഥാകൃത്ത് പീറ്റർ പിണ്ടിമനയും ഈ പഞ്ചായത്തിൽ പെട്ടവരാണ്.

ഇത്തരം ആളുകളുടെ പ്രവർത്തനങ്ങൾകൂടി വടക്കാഞ്ചേരിയുടെ സാംസ്കാരിക ഉന്നതിക്കുവേണ്ടി ഉപയുക്തമാക്കാവുന്ന രീതിയിൽ രണ്ട് വർഷത്തിൽ ഒരിക്കൽ സാംസ്കാരിക മാമാങ്കം നടത്തണം.

# 5. J വനിതാക്ഷേമം

കേരളത്തിൽ പൊതുവെ കാണപ്പെടുന്ന പോലെ വടക്കാഞ്ചേരി പഞ്ചായത്തിലും ജനസംഖ്യയിൽ സ്ത്രീ അനുപാതം കൂടുതലാണ്. സ്വാതന്ത്ര്യം ലഭിച്ച് അരനൂറ്റാണ്ടായിട്ടും സ്ത്രീകളുടെ പദവി ഉയർത്തിക്കൊണ്ടു വരുന്നതിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. സ്ത്രീ പീഡനങ്ങളും, സ്ത്രീ ഹത്യകളും, സ്ത്രീധനമരണങ്ങളും വർദ്ധിച്ചു വരുന്ന ഈ സാഹചര്യത്തിൽ, ഒട്ടേറെ നിയമനിർമ്മാണങ്ങൾ ഉണ്ടെങ്കിലും, നടപ്പാക്കുന്ന കാര്യത്തിൽ പിന്നിലാണ്. വനിതാസംരക്ഷണ നിയമത്തിന് മുൻപന്തിയിൽ നിൽക്കുന്ന വനിതാസെല്ലുകൾ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. എങ്കിലും ഒട്ടേറെ മാറ്റങ്ങൾ ഇനിയും സെല്ലിൽ നടക്കേണ്ടതായുണ്ട്. ഈ പഞ്ചായത്തിൽ സ്ത്രീകൾക്കുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ തൃപ്തികരമാണ്. വടക്കാഞ്ചേരി ഗേൾസ് ഹൈസ്ക്കൂളിൽ ഷിഫ്റ്റ് സമ്പ്രദായത്തിൽ 1853 വിദ്യാർത്ഥിനികൾ പഠനം നടത്തുന്നുണ്ട്. ഈ പഞ്ചായത്തിൽ സമാജങ്ങൾ നിലവിലുണ്ട്. ഇതിൽ 6 എണ്ണവും പ്രവർത്തനയോഗ്യമാണ്. 12 വാർഡുകൾ ഉള്ള വടക്കാഞ്ചേരര പഞ്ചായത്തിൽ 4, 5, 6, 12 എന്നീ വാർഡുകൾ വനിതാ വാർഡുകൾ ആണ്. അതിൽ 6-ാം വാർഡിൽ ഹരിജൻ വനിതയാണ്. 7 മുതൽ 12 വരെയുള്ള കുമരനെല്ലൂർ ഡിവിഷൻ ബ്ലോക്ക് പഞ്ചായത്ത് വനിതാവാർഡാണ്. ഈ പഞ്ചായത്ത് ഉൾക്കൊള്ളുന്ന ജില്ലാ പഞ്ചായത്ത് മെമ്പറും വനിതയാണ്. എന്തൊക്കെ മാറ്റങ്ങൾ ഉണ്ടെങ്കിലും രാഷ്ട്രീയ സാമൂഹ്യ സാംസ്ക്കാരിക രംഗങ്ങളിൽ നേതൃത്വപരമായ പങ്കുവഹിക്കുവാൻ ഇപ്പോഴും സ്ത്രീകൾ മുന്നോട്ടു വരുന്നില്ല. ഇതിനു പ്രധാനകാരണം പൊതുരംഗത്ത് പ്രവർത്തിക്കുന്ന സ്ത്രീകളെ സമൂഹം അംഗീകരിക്കാത്തതാണ്. കൂടുതൽ തൊഴിലവസരങ്ങൾ നൽകക. സ്ത്രീകളുടെ സാമ്പത്തിക പദവി ഉയർത്തുന്നതിലൂടെ മാത്രമെ സ്ത്രീകൾക്ക് സാമൂഹ്യസമത്വം കൈവരുത്തുവാൻ സാധിക്കുകയുള്ളൂ. തുല്യജോലിക്ക് തുല്യവേദനം ലഭിക്കുമെന്നുള്ള ഉറപ്പു വരുത്തേണ്ടത് അത്യാവശ്യമാണ്.

### പ്രശ്നങ്ങൾ

1. സ്ത്രീകൾക്ക് ഉചിതമായ തൊഴിൽ പരിശീലനകേന്ദ്രങ്ങൾ വിരളമാണ്.
2. ഒരു വർക്കിങ്ങ് വിമൻസ് ഹോസ്റ്റൽ ഇല്ലാത്തത് ദൂരസ്ഥലങ്ങളിൽ നിന്നും വരുന്ന ഉദ്യോഗസ്ഥകൾക്ക് അസൗകര്യമാണ്.
3. ഡി. ഡബ്ളിയൂ. സി. ആർ. എ. യൂണിറ്റുകളുടെപ്രവർത്തനത്തിൽ നേതൃത്വപരമായ കാര്യക്ഷമത ഇല്ല.
4. രാഷ്ട്രീയ, സാമൂഹിക പ്രവർത്തനങ്ങളിൽ സ്ത്രീകൾ കാര്യമായി മുന്നോട്ടു വരുന്നില്ല.
5. സ്ത്രീകൾക്ക് നേതൃത്വപരമായ പരിശീലനം നൽകുന്നില്ല.
6. സ്ത്രീധനനിരോധന നിയമമുണ്ടെങ്കിലും പാലിക്കപ്പെടുന്നില്ല.
7. മദ്യം, മയക്കുമരുന്ന് എന്നിവ കുടുംബപ്രശ്നങ്ങൾ ഉണ്ടാക്കുന്നു.

### നിർദ്ദേശങ്ങൾ

1. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക.
2. തൊഴിലിൽ ഏർപ്പെടുന്ന സ്ത്രീകളുടെ കുട്ടികളുടെ സംരക്ഷണാർത്ഥം ഒരു ക്രഷ് ഏർപ്പെടുത്തുക.
3. ദാരിദ്ര നിർമ്മാർജ്ജനത്തിന് കുടിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുക.
4. ഖാദി മേഖലയിൽ കൂടുതൽ നെയ്ത്ത് കേന്ദ്രങ്ങളും വ്യവസായയൂണിറ്റുകളും ആരംഭിക്കാൻ വേണ്ടസംരംഭങ്ങൾ ഏർപ്പെടുത്തുക.

5. വനിതകൾക്ക് വേണ്ടി ഒരു ഇലക്ട്രോണിക് ഉപകരണ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.

6. മഹിളാസമാജങ്ങൾ ഊർജ്ജിതപ്പെടുത്തി അംഗനവാടികളുടെ പ്രവർത്തനവുമായി ബന്ധപ്പെടുത്തുക.

7. പഞ്ചായത്തിൽ നഗ്നസിനിമാപോസ്റ്ററുകൾ കർശനമായി നിരോധിക്കുക.

8. പൊതുവിതരണ സ്ഥാപനങ്ങൾ അനുവദിക്കുമ്പോൾ സ്ത്രീകൾക്കു കൂടി പ്രാതിനിധ്യം നൽകുക.

9. സ്ത്രീധനത്തിനെതിരെ ബോധവൽക്കരണം നടത്തുക.

10. കുടിവെള്ളപ്രശ്നം പരിഹരിക്കുകയും ആരോഗ്യരംഗം പരിഷ്ക്കരിക്കുകയും ചെയ്തുകൊണ്ട് സ്ത്രീകളുടെ അവസ്ഥ മെച്ചപ്പെടുത്തുക.

11. ഡി. ഡബ്ളിയൂ. സി. ആർ. എ. പദ്ധതിയുടെ പ്രയോജനങ്ങൾ അർഹമായവർക്ക് ലഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

12. മഹിളാസമാജങ്ങളുടെ കേന്ദ്രീകൃത സംഘടന പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുക.

13. സ്ത്രീകളെ പ്രദർശിപ്പിച്ച് ചിത്രീകരിക്കുന്ന പരസ്യങ്ങൾക്കെതിരെ നിയമനടപടി സ്വീകരിക്കുക.

14. ഗ്രാമീണ സ്ത്രീകൾക്ക് പരിശീലനത്തിലൂടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക.

15. കാർഷിക രംഗത്ത് നിന്ന് തൊഴിലന്വേഷിച്ചു പോകുന്ന സ്ത്രീ കർഷകത്തൊഴിലാളികളെ പിടിച്ചു നിർത്തുന്നതിന് കൂൺ, ഓർക്കിഡ്, ഔഷധച്ചെടികൾ, കുറ്റിമുല്ല, ആന്തോറിയം എന്നീ തൊഴിലുകൾ പരിശീലനാർത്ഥം പഞ്ചായത്തിൽ നടപ്പിലാക്കുക.

16. മുഴുവനാക്കാതെ കിടക്കുന്ന പഞ്ചായത്തിലെ വനിതാവ്യവസായയൂണിറ്റുകൾ പുന:സംഘടിപ്പിക്കുക.

17. പഞ്ചായത്തിന്റെ വികസന പരിപാടികൾ നടപ്പിലാക്കുമ്പോൾ സംവരണാടിസ്ഥാനത്തിൽ സ്ത്രീകളെ ഉൾപ്പെടുത്തുക.

18. നാമാവശേഷമായിക്കൊണ്ടിരിക്കുന്ന പരമ്പരാഗത തൊഴിലായ പായ നെയ്ത്ത്, കളിമൺ വ്യവസായം തുടങ്ങിയ കൈതൊഴിലുകളെ ധനസായം നൽകി പ്രോത്സാഹിപ്പിക്കുക.

19. മഹിളാദിനമായ മാർച്ച് 8 ആചരിക്കുക.

20. ബ്ലോക്ക് മഹിളായൂണിയനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

21. കുടുംബാസൂത്രണ മാർഗ്ഗം നടപ്പിലാക്കുന്ന പരിക്ഷണങ്ങൾ നടത്തുന്നതിന് സ്ത്രീകളെമാത്രം തിരഞ്ഞെടുക്കാതിരിക്കുക.

22. ചെറിയ കുടുംബം സന്തുഷ്ടകുടുംബം എന്ന മുദ്രാവാക്യം ഗ്രാമീണജനതയുടെ ഇടയിൽ വളർത്തി എടുക്കുന്നതിനുവേണ്ട നടപടികൾ നിർത്തലാക്കാതിരിക്കുക.

# 5. K പട്ടികജാതി പട്ടികവർഗ്ഗം

## ചരിത്രം

വടക്കാഞ്ചേരി പഞ്ചായത്തിലെ പട്ടികജാതി കോളനികൾ എല്ലാം സ്ഥിതി ചെയ്യുന്നത് കുന്നുകളുടെ താഴ്വരകളിലാണ്. സമതലത്തിൽ നിന്ന് 300 മുതൽ 500 മീറ്റർ വരെ ഉയരത്തിലാണ് വീടുകൾ നിൽക്കുന്നത്. സമൂഹത്തിൽ ജാതിവ്യവസ്ഥയും ഉച്ചനീചത്വങ്ങളും നിലനിന്നപ്പോൾ മേലാളർ ആട്ടി ഓടിച്ചതുകൊണ്ടാണ് ഇവർക്ക് ഇങ്ങിനെയുള്ള ദുർഘടം പിടിച്ച കുന്നിൻചെരുവുകൾ താമസിക്കാനുള്ള താവളങ്ങളായി മാറിയത്. എല്ലാവിധ പീഡനങ്ങളും അടിമത്വവും അവർക്ക് ഏൽക്കേണ്ടി വന്നിട്ടുണ്ട്. നാം ഇന്ന് അനുഭവിക്കുന്ന എല്ലാവിധ സ്വാതന്ത്ര്യവും അവർക്ക് നിഷേധിക്കപ്പെട്ടിരുന്നു. അയിത്തജാതിക്കാരായി പ്രഖ്യാപിക്കുക കാരണം വഴി നടക്കാനും ക്ഷേത്രങ്ങളിൽ പോയി ആരാധന നടത്താനും മേൽജാതിക്കാരുടെ വീടുകളിൽ നിന്ന് വെള്ളം എടുക്കുന്നതിന്നും വിദ്യാഭ്യാസം ചെയ്യുന്നതിന്നും അനുവദിക്കപ്പെട്ടിരുന്നില്ല.

മതപരമായ വിലക്കുകൾ നിലനിൽക്കുമ്പോഴും,ജീവിതത്തിൽ പീഡനങ്ങൾ അനുഭവിക്കുമ്പോഴും ക്ഷേത്രപ്രവേശനം നിഷിദ്ധമായിരുന്നിട്ടും പട്ടികജാതിക്കാർക്ക് കൽപ്പിച്ച തീണ്ടപലക ദൂരം വരെ പോയി ഉത്സവങ്ങളിൽ പങ്കെടുക്കുകയും ഭഗവതി കടാക്ഷങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയും ക്ഷേത്രകലാരൂപങ്ങൾ അവതരിപ്പിച്ചു പോരുകയും ചെയ്തിരുന്നു. കലാസാംസ്ക്കാരിക രംഗത്ത് പട്ടികജാതിക്കാർ നൽകിയ സംഭാവന പ്രത്യേകം എടുത്ത് പറയേണ്ടതാണ്. പറയൻ തുള്ളൽ, തെയ്യവും തിറയും നമ്മുടെ ദൃശ്യകലയിൽ നിന്ന് അപ്രത്യക്ഷമായി കൊണ്ടിരിക്കുകയാണ്. തുള്ളൽകലയുടെ ഉപജ്ഞാതാവായ കുഞ്ചൻ നമ്പ്യാർ പറയൻ തുള്ളലിൻെറ പ്രാധാന്യം എടുത്തു പറഞ്ഞിട്ടുണ്ട്. ഈ കല നിലനിറുത്താനും അഭ്യസിക്കാനും സംവിധാനം ഇല്ലാത്തതുകൊണ്ട് ഇത് അന്യംമുടിഞ്ഞുകൊണ്ടിരിക്കുകയാണ്. പട്ടികജാതി എല്ലാ വിഭാഗത്തിനും തനതായ കലകൾ ഉണ്ട്.

സ്വാതന്ത്ര്യാനന്തര ഭരണഘടന പട്ടികജാതിക്കാരുടെ ക്ഷേമത്തിനുവേണ്ടി 10% സംവരണം അംഗീകരിച്ചു. തൊഴിൽ രംഗത്തും വിദ്യാഭ്യാസരംഗത്തും സാമൂഹ്യസാമ്പത്തികരംഗത്തും സംവരണത്തിൻെറ ആനുകൂല്യങ്ങൾ വാഗ്ദാനമായി. പ്രതീക്ഷകളുണർത്തുന്ന പദ്ധതികൾ ഓരോന്നു വന്നു തുടങ്ങി പട്ടികജാതിക്കാർക്ക് ലഭിക്കേണ്ടതായ ആനുകൂല്യങ്ങൾ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയാത്ത പ്രതിസന്ധികളെ നേരിടുകയാണ്.

കേരളത്തിലെ ജന്മിമാരിൽ നിന്ന് ഭൂമി സർക്കാർ ഏറ്റെടുത്ത ഭൂപരിഷ്ക്കരണനടപടി സാമൂഹ്യ പദവിയിൽ പട്ടികജാതിക്കാർക്ക് വൻമാറ്റങ്ങൾ ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. കിടപ്പാടം ജന്മാവകാശമായി, 3 സെൻറ് 5 സെൻറ് 10 സെൻറ് ഭൂമികളുടെ ഉടമകളായി. സ്വന്തമായി ഭൂമിയുണ്ടായി. സ്വതന്ത്രമായ തൊഴിൽ എടുക്കാം എന്നായി. അദ്ധ്വാനത്തിൻെറ കൂലി സ്വയം നിശ്ചയിക്കാമെന്നായി. സംഘടിച്ച് അവകാശങ്ങൾ നേടിയെടുക്കാമെന്നായി. മർദ്ദനമില്ല, ഭീഷണിയില്ല, പീഡനമില്ല, ചൂഷണമില്ല, ജനാധിപത്യ അവകാശങ്ങൾ ലഭിക്കാൻ തുടങ്ങി. കലാകായിക രംഗങ്ങളിൽ അവഗണിക്കാൻ കഴിയാത്തവരായി. കലാ സാംസ്ക്കാരിക സംഗീതക രംഗങ്ങളിൽ പ്രശസ്തരും പ്രഗത്ഭരും ഉയർന്നു വരാൻ തുടങ്ങി. സ്വന്തമായി നല്ലവീട് വെച്ചവരുണ്ട്. ആധുനികവീടും സൗകര്യങ്ങളും ഉള്ളവരുണ്ട്. ഉന്നതങ്ങളിൽ ജോലി കിട്ടിയവരുണ്ട്. വ്യവസായങ്ങളിൽ ഏർപ്പെട്ടവരുണ്ട്. കൃഷി ചെയ്തു ജീവിക്കുന്നവരുണ്ട്. യാതൊരുവിധ ഉച്ചനീചത്വങ്ങളുമില്ല. എല്ലാ രംഗത്തും പട്ടികജാതിക്കാരായ പ്രശസ്തർ വളർന്നുവന്നിട്ടുണ്ട്. ജനസംഖ്യാനുപാതികമായി തട്ടിച്ചു നോക്കുമ്പോൾ ഈ നേട്ടങ്ങൾ അഭിമാനാർഹമല്ല.

### പട്ടികജാതി കോളനികളെ സംബന്ധിച്ച റിപ്പോർട്ട്

ഈ പഞ്ചായത്തിൽ ആകെ ജനസംഖ്യ 28692 ഉം പട്ടികജാതിക്കാരുടെ ജനസംഖ്യ 4518 ഉം ആണ്. ഇത് ആകെ ജനസംഖ്യയുടെ 15.75 ശതമാനമാണ്. കോളനികളിൽ താമസിക്കുന്ന വീടുകൾ 943 ഉം കോളനികളിൽ അല്ലാതെ 80 ഉം വീടു

കളുമുണ്ട്. ആകെവീടുകൾ 1023 ആണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ജനസംഖ്യ: 1769 പേർ പുരുഷന്മാരും 1945 പേർ സ്ത്രീകളുമാണ്. 804 പേരിൽ സ്ത്രീ – പുരുഷ കണക്ക് ലഭ്യമായിട്ടില്ല.

പഞ്ചായത്തിലെ 12 വാർഡുകളും വീടുകളും താഴെ പറയുന്നു.

| കോളനികൾ | വീടുകൾ | കോളനികൾ | വീടുകൾ |
|---|---|---|---|
| 1.മംഗലം | 24 | 2. കരുതക്കാട് | 56 |
| 3. പുല്ലാനിക്കാട് | 37 | 4. വടക്കാഞ്ചേരി | 7 |
| 5. അകമ്പാടം | 18 | 6. കുമ്പളങ്ങാട് | 319 |
| 7. കുമരനെല്ലൂർ (അംബേദ്ക്കർ) | 65 | 8. കുമരനെല്ലൂർ | 158 |
| 9. ഓട്ടുപാറ | 40 | 10. അകമല | 130 |
| 11. മാറാത്തുകുന്ന് | 169 | 12. എങ്കക്കാട് | 27 |

താലൂക്ക് പട്ടികജാതി വികസന വകുപ്പിൻെറ ലിസ്റ്റിലുള്ള കോളനികൾ 7 എണ്ണമാണ്. ഇതിൽ ചില കോളനികൾക്ക് കോളനി നിവാസികളുടെ ജാതിപേര് കൂട്ടി ചേർത്തതായി കാണുന്നു.

1. എങ്കക്കാട് കണക്കകോളനി
2. മങ്കര കോളനി
3. കുമരനെല്ലൂർ IHDP കോളനി
4. വടക്കാഞ്ചേരി RS കോളനി
5. വടക്കാഞ്ചേരി കൂടാൻ കോളനി
6. വടക്കാഞ്ചേരി പറയ കോളനി
7. പരുത്തിപ്രകോളനി

എന്നിവയാണ്.

പട്ടികജാതി വികസന വകുപ്പിൽ വരേണ്ടതായ കോളനികളും – പട്ടികജാതിക്കാർ താമസിക്കുന്ന മറ്റു സ്ഥലങ്ങളും താഴെ ചേർക്കുന്നു.

1. മാരാത്ത കുന്ന് കോളനി
2. അകമല കോളനി
3. കുംബ്ളങ്ങാട് വേട്ടാൻ കോളനി
4. വടക്കാഞ്ചേരി പടിഞ്ഞാറ്റു മുറി കോളനി
5. ചാലികുന്ന് കോളനി
6. ഏല്യാകുന്ന് കോളനി
7. കരുതക്കാട്-മാക്കാടി കുന്ന് കോളനി
8. തൂമാനം കോളനി

ഇവ വികസന വകുപ്പിൻെറ ലിസ്റ്റിൽ ഉൾപ്പെടുത്തണം.

കോളനികളല്ലാതെ ലക്ഷം വീടുകളിലും നാലു സെൻറുകളിലും പട്ടികജാതിക്കാർ താമസിക്കുന്നുണ്ട്.

വാർഡ് അടിസ്ഥാനത്തിൽ ജനസംഖ്യയും സ്ത്രീയും-പുരുഷനും എത്രയെന്ന് ചുവടെ ചേർക്കുന്നു.

| വാർഡ് | സ്ത്രീ | പുരുഷൻ |
|---|---|---|
| 1 | 44 | 73 |
| 2 | 121 | 132 |
| 3 | 104 | 129 |
| 4 | 27 | 22 |
| 5 | 27 | 34 |
| 6 | 280 | 320 |
| 7 | 140 | 149 |
| 8 | 268 | 178 |
| 9 | 89 | 90 |
| 10 | 225 | 242 |
| 11 | 385 | 406 |
| 12 | 59 | 70 |

| | |
|---|---|
| സ്ത്രീകൾ | 1945 |
| പുരുഷൻ | 1769 |
| ചേർക്കേണ്ടത് | 804 |
| ആകെ | 4518 |

കോളനികളുടെ അടിസ്ഥാനസൗകര്യങ്ങൾ പ്രതിഷേധാർഹമാണ്. കോളനികൾകുന്നിൻ പ്രദേശങ്ങളാണ്. എവിടെയും വെള്ളം കിട്ടില്ല. കുടിവെള്ള പദ്ധതി തയ്യാറാക്കുന്നു. പട്ടികജാതിക്കാർക്കുവേണ്ടി എന്തെങ്കിലും ചെയ്തുവെന്ന് വരുത്തിതീർക്കാൻ മാത്രം ഈ പദ്ധതികൾ ഉപകരിക്കും. അതുപോലെ വീടുകൾ അനുവദിക്കുകയാ

ണെങ്കിൽ വെള്ളം കിട്ടാത്ത കാലം നോക്കിയാണ് വീടുകളുടെ പദ്ധതി നടപ്പാക്കുന്നത്. ഇങ്ങിനെ അനുവദിക്കുന്നതു കൊണ്ട് പ്ലാൻ അനുസരിച്ചുള്ള വീട് എങ്ങിനെയെങ്കിലും പൂർത്തീകരിക്കുന്നില്ല. മറ്റുള്ളവർക്ക് ഇല്ലാത്ത ആനുകൂല്യമാണെന്ന് പറഞ്ഞു നിൽക്കാമെന്നുമാത്രം. സ്വാതന്ത്ര്യ കിട്ടുന്നതിനുമുമ്പ് ഈ കോളനികളിലെ പല റോഡുകളും ഇന്നു ഗതാഗത യോഗ്യമല്ല. ഇടവഴികൾ എല്ലാം ഒറ്റയടിപാതകളാണ്. അതിനു പുറമെ കുത്തനെ ഇറക്കവും. ഒരു ഭാഗത്ത് ഉച്ചനീചത്വങ്ങൾ ,മറുഭാഗത്ത് വന്യമൃഗങ്ങളുടെ ആക്രമണം. ചെകുത്താനും കടലിനും ഇടയ്ക്ക് കിടന്ന് പൊരുതി ജീവിച്ചവരാണ് പട്ടികജാതിക്കാർ. കുടിവെള്ളം പരിഹരിക്കാനുള്ള കോളനി പദ്ധതികൾ വന്നാലും ആകെ ലഭിക്കുന്ന വെള്ളത്തിൻെറ പത്തുശതമാനം വെള്ളം. അതനുസരിച്ച് ആറ് ടാപ്പുണ്ടെങ്കിൽ പത്തു ടാപ്പ് കുടിവെള്ളത്തിന് ഇങ്ങിനെയുള്ള കാഴ്ചപാടും പദ്ധതിയും പ്രായോഗികമല്ല. ആവശ്യത്തിന്ന് വെള്ളം കിട്ടാനുള്ള നടപടിയും പദ്ധതിയുമാണ് ആവശ്യമുള്ളത്. ഇങ്ങിനെയുള്ള അവസ്ഥക്ക് സാരമായ മാറ്റമാണ് പട്ടിക ജാതിക്കാർ പ്രതീക്ഷിക്കുന്നത്.

ഭൂമിയുടെ കുത്തകയും ജന്മിത്വവും അവസാനിപ്പിചുകൊണ്ട് സമഗ്രമായ ഭൂപരിഷ്ക്കാരം നടപ്പാക്കുന്നതോടുകൂടി കൃഷിക്കാരനും പട്ടികജാതിക്കാരായ കർഷക തൊഴിലാളികളും മോചിതരാകുന്നു. മുമ്പ് ഇല്ലാതിരുന്ന വ്യവസായിക തൊഴിൽ മേഖലകൾ വളർന്നുവരുന്നു. സമ്പന്നരായ ജന്മിമാരും കൃഷിക്കാരും വ്യവസായിക രംഗത്തും നിർമ്മാണ രംഗത്തും ചുവടുറപ്പിക്കുന്നു. കൃഷിയെക്കാൾ ലാഭകരമായ മേഖലകൾ കണ്ടെത്താൻ പലരേയും പ്രേരിപ്പിച്ചു. പുതിയ വികസന സാദ്ധ്യതകൾക്ക് വാതിലുകൾ തുറന്നുകൊടുത്തു. ആധുനിക തൊഴിൽ സംരംഭങ്ങളിൽ പട്ടികജാതിക്കാരായ പുതിയ തലമുറയിലെ തൊഴിലാളികൾ കൺസ്ട്രക്ഷൻ വർക്കിലും നിർമ്മാണ തൊഴിലിലും ഏർപ്പെടാൻ നിർബ്ബന്ധിതരായി. കാർഷിക മേഖലയുപേക്ഷിച്ച് കൂടുതൽ കൂലി ലഭിക്കാനും അവസരം കിട്ടി. സ്വതന്ത്രമായ പണിയും എടുക്കുന്ന പണിക്ക് കൂലി പറയാനുള്ള അവസരവും സ്വാതന്ത്ര്യവും തൊഴിലാളിക്ക് കിട്ടി. പക്ഷെ ലോകം അവസാനിക്കുന്നതുവരെ ഇവവടെ ജീവിച്ചിരിക്കുന്ന മനുഷ്യന് ഭക്ഷണം കഴിക്കാൻ കൃഷിനില നിറുത്തണമെന്ന കാഴ്ചപ്പാട് ഭരണാധികാരികൾ മറന്നുപോയി. കൃഷിഭൂമി ശ്രദ്ധിക്കാനും അതിനുള്ള തൊഴിലാളികളേയും യന്ത്രസാമഗ്രികളേയും നിലനിറുത്താൻ കഴിയാതെ വന്നു.

കൃഷിപണി കൃഷക്കാരനും കൃഷിയെ ആശ്രയിച്ചു കൊണ്ടുള്ള ജീവിതം കർഷകതൊഴിലാളിക്കും കാർഷികരംഗത്ത് പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കാൻ കാരണമായി.

കൃഷിപണിയും കുട്ടനെയ്ത്ത് പരമ്പരാഗത കൈതൊഴിലായും സ്വീകരിച്ചു പോന്ന സാമ്പവർ എന്നു പറയുന്ന ഒരു പ്രബല വിഭാഗം ഇവർക്കിടയിലുണ്ട്. അവർക്കുവേണ്ടി സഹകരണമേഖലയിൽ പഞ്ചായത്തടിസ്ഥാനത്തിൽ 686 പട്ടികജാതി കുട്ടനെയ്ത്ത് സഹകരണസംഘം എന്ന പേരിൽ ഒരു സ്ഥാപനം കഴിഞ്ഞ 20 വർഷമായി ഇവവടെ പ്രവർത്തിച്ചു വരുന്നുണ്ട്. ഈ പഞ്ചായത്തിൽ കുട്ടനെയ്ത്ത് ഒരു സംഘടിത മേഖലയാണ്. ഈ സ്ഥാപനം പ്രവർത്തിക്കുന്നത് വടക്കാഞ്ചേരി പഞ്ചായത്തിൽ 4-ാം വാർഡിൽ സ്ക്കൂൾ ഗ്രൗണ്ടിനു സമീപമാണ്. ഇനിയും തൊഴിലാളികൾ സഹകരണ മേഖലയിൽ വരേണ്ടതുണ്ട്. ഇതിൻെറ അസംസ്കൃത സാധനം ഈറ്റയാണ്. ഈറ്റ കിട്ടാനുള്ള ബുദ്ധിമുട്ടും കിട്ടുന്ന ഈറ്റയുടെ വിലക്കയറ്റവും ഈ വ്യവസാാത്തെ പ്രതിസന്ധിയിൽ എത്തിച്ചിരിക്കുകയാണ്. ഈ സ്ഥാപനത്തിന് സ്വന്തമായ സ്ഥലവും വർക്ക് ഷെഡും ഓഫീസും ഗോഡൗണും ഇപ്പോൾ ഉണ്ട്. 100 ൽ പരം തൊഴിലാളികൾ ഈ സ്ഥാപനത്തിൽ പണി എടുക്കുന്നുണ്ട്.

പട്ടിക ജാതിക്കാരുടെ കോളനികളുടെ അടിസ്ഥാന സൗകര്യങ്ങൾ പരിഹരിക്കുന്നതിന്ന് സർക്കാറിൻെറ കീഴിൽ വിവിധ ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. പട്ടിക ജാതി - വർഗ്ഗ വികസന വകുപ്പ് പട്ടികജാതി - പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ - IRDP, NREP, RLEGP, JRY - MWS, IAY തുടങ്ങിയസ്കീമുകളും കൂടാതെ മറ്റു ഡിപ്പാർട്ടുമെൻറുകളിൽ വിവിധ ഘടക പദ്ധതികളും നടപ്പാക്കുന്നുണ്ട്.

## വിദ്യാഭ്യാസം

ഈ പഞ്ചായത്തിൽ ഗവ: ബോയ്സ് ഹൈസ്ക്കൂളിൽ 96 – 97 വർഷത്തിൽ 242 പട്ടികജാതി വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. 95 – 96 വർഷത്തിൽ എസ്. എസ്. എൽ. സി. ക്ക് 44 കുട്ടികൾ പരീക്ഷ എഴുതിയതിൽ 4 കുട്ടികൾ മാത്രമാണ് വിജയിച്ചത് –9% മാത്രം.

ഗവ: ഗേൾസ് ഹൈസ്ക്കൂളിൽ ആകെ 307 പട്ടികജാതി വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. 95 – 96 ൽ എസ്. എസ്. എൽ. സി. ക്ക് 37 വിദ്യാർത്ഥികൾ പരീക്ഷ എഴുതി. ഇതിൽ 10 പേർ വിജയിച്ചു. 24% ഇതിൽ നിന്ന് ആൺകുട്ടികളെക്കാൾ പഠിക്കാൻ കൂടുതൽ താൽപര്യം പെൺകുട്ടികൾ കാണിക്കുന്നുണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

### എൽ. പി. യു. പി. സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ അംഗസംഖ്യ

| | | |
|---|---|---|
| 1. | ഓട്ടുപാറ | 63 |
| 2. | വടക്കാഞ്ചേരി | 63 |
| 3. | വടക്കാഞ്ചേരി ഗേൾസ് | 21 |
| 4. | എങ്കക്കാട് | 73 |
| 5. | കുംബളങ്ങാട് | 37 |
| 6. | സെൻറ് ഫ്രാൻസിസ് | 38 |
| 7. | സി. ബി. എസ്. (ക്ലീലിയ – ബ്രാബ്രെറി) | 4 |
| 8. | സെൻറ് പയസ് | 60 |
| | ആകെ | 362 |

| | |
|---|---|
| SC/ST നഴ്സറി സ്ക്കൂൾ | 16 KM |
| കുമരനെല്ലൂർ | 14 KM |

പട്ടികജാതിക്കാരുടെ സാക്ഷരത കണക്ക് വ്യക്തമായി ഇന്നു ലഭ്യമല്ല. നിരക്ഷരർ വളരെ കുറവാണ്. സാക്ഷരതയജ്ഞം കൊണ്ട് ഈ വിഭാഗത്തിനിടയിൽ ആശാവഹമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. സ്ഥിരമായ എഴുത്തും വായനയും ഇല്ലാത്ത കാരണം സാക്ഷരരും നിരക്ഷരരായി മാറുന്ന സ്ഥിതിയാണ് ഉണ്ടായത്.

കോളനി നിവാസികളുടെ കുട്ടികളെ സംബന്ധിച്ച് സ്ക്കൂളുകൾ സ്ഥിതി ചെയ്യുന്നത് രണ്ടും മൂന്നും കിലോമീറ്റർ അകലെയാണ്. കൊച്ചുകുട്ടികളെ സംബന്ധിച്ച് ഇതു വളരെ ദു:സ്സഹമായിരിക്കുകയാണ്. റോഡുകളുടെ വീതി കുറവും വാഹനങ്ങളുടെ ബാഹുല്യവും വാഹനാപകടങ്ങളും വൻഭീഷണിയാണ് നേരിടുന്നത്. ഈ ദു:സ്ഥിതി ഒഴിവാക്കാൻ നടപടി ഉണ്ടാകണം.

ഈ പഞ്ചായത്തിൽ എസ്. എസ്. എൽ. സി. പഠിച്ചവർ 190 ഉം അതിനുമുകളിൽ 100 പേരും സർക്കാർ ജീവനക്കാരായി 60 പേരും IRDP ലോൺ കിട്ടിയവർ 21 പേരും സ്വയം തൊഴിൽ 5 പേർക്കും മറ്റു ലോൺ 20 പേർക്കുമാണ് ലഭിച്ചത്. ഈ കണക്ക് അപൂർണ്ണമാണ്. എങ്കിലും ഈ വിഭാഗത്തിന്റെ ഉന്നമനത്തിന്ന് വ്യക്തമായ പദ്ധതികൾ ആവിഷ്ക്കരിക്കാതെ ഉദ്ദേശിച്ച ലക്ഷ്യം കൈവരിക്കാൻ കഴിയുകയില്ല.

പ്രശ്നങ്ങൾ

1. സ്ഥിരമായ തൊഴിലില്ല. അതുകൊണ്ട് ജീവിക്കാൻ ആവശ്യമായ വരുമാനമില്ല. ജീവിതാവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയാതെ അവശേഷിക്കുന്നു.
2. വീടുകൾ സ്ഥിരസ്വഭാവമുള്ളതല്ല. ഓലമേഞ്ഞ കുടിലുകളിൽ താമസിക്കുന്നവരുണ്ട്.
3. വീടുവെയ്ക്കാൻ ഭൂമിയില്ല. മിച്ചഭൂമി തരിശുഭൂമി, പുറമ്പോക്കുഭൂമി ഇവ വിതരണം നടത്തുന്നില്ല. കൃഷിഭൂമിയില്ല.
4. പാർപ്പിട സൗകര്യവും പുനരധിവാസവും പരിഹരിക്കാൻ നടപടി ഉണ്ടാകുന്നില്ല.
5. റോഡുകൾ കുണ്ടും കുഴിയും നിറഞ്ഞ് ഗതാഗതയോഗ്യമല്ല. ഇടവഴികൾ ഒറ്റയടിപാതയും കൂടാതെ കുത്തനെ ഇറക്കമുള്ളവയുമാണ്.
6. അജ്ഞതയെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ ഇല്ല. വായനശാലകളില്ല. സാംസ്ക്കാരിക നിലയങ്ങളില്ല.
7. രോഗം ബാധിച്ചാൽ ചികിത്സിക്കാൻ പണമില്ല.

ആശുപത്രികളിൽ നിന്ന് ചികകത്സ ലഭിക്കുന്നില്ല. ആകെ കിട്ടുന്നത് ഡോക്ടറുടെ മരുന്ന് എഴുതിയ സ്ളിപ്പുമാത്രം. ജീവൻ രക്ഷാഔഷധങ്ങൾ ഒന്നും തന്നെ ആശുപത്രികളിലില്ല.

8. കുട്ടികളുടെ വിദ്യാഭ്യാസവും മറ്റു ആവശ്യങ്ങളും നിർവ്വഹിക്കാൻ രക്ഷിതാക്കൾക്ക് കഴിയുന്നില്ല.

9. പ്രായമായവരെ രക്ഷിക്കാനും പരിചരിക്കാനും മക്കൾക്ക് കഴിയുന്നില്ല.

10. വീടുകൾ നാമമാത്രമായിട്ടു മാത്രമെ അനുവദിക്കുന്നുള്ളു. അതുപോലെ കക്കൂസില്ല. അനുവദിക്കുന്ന വീടുകൾക്ക് ഓട്, ഇഷ്ടിക, മരങ്ങൾ മുതലായവ കുറഞ്ഞ വിലക്ക് കിട്ടാൻ സംവിധാനമില്ല. വീടുകൾ ഒന്നും പൂർത്തീകരിക്കാൻ കഴിയു[ന്നല്ല.

11. വിദ്യാലയങ്ങളിൽ പഠനനിലവാരം കുറയുന്നതിൻെറ കാരണങ്ങൾ പരിശോധിക്കുന്നില്ല. മാതാപിതാക്കൾക്ക് വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ കഴിയുന്നില്ല.

12. സംഗീത കോളേജുകളിൽ പഠിക്കുന്ന കുട്ടികശക്ക് വിലകൂടിയ സംഗീത ഉപകരണങ്ങൾ വാങ്ങാൻ കഴിയുന്നില്ല.

13. സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ സംവരണതത്വം പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ സംവിധാനങ്ങളില്ല.

14. എംപ്ലോയ്മെൻറിൽ സീനിയോററ്റി ലിസ്റ്റ് പ്രകാരം നിയമനം നടക്കുന്നില്ല. സീനിയോറിട്ടി മറികടന്ന് നിയമനം നടത്തിയാൽ നടപടിയില്ല. ആനുകൂല്യങ്ങൾ ഇടത്തട്ടുകാർ തട്ടിയെടുക്കുന്ന സാഹചര്യങ്ങൾ നിരവധിയാണ്

15. പട്ടികജാതിക്കാർക്ക് അസാദ്ധ്യമായ സാമ്പത്തിക സ്കീമുകൾ ഇടത്തട്ടുകാരുടെ ഇടപെടലിന് വഴിവെയ്ക്കുന്നു.

## സാദ്ധ്യതകളും പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശങ്ങളും

1. മിച്ചഭൂമി – തരിശുഭൂമി പുറമ്പോക്കു ഭൂമി വിതരണ ചെയ്ത് ഈ വിഭാഗത്തിൻെറ പുനരധിവാസ പാർപ്പിട സൗകര്യം ഉറപ്പുവരുത്തുക.

2. കുട്ടനെയ്ത്ത് – ബീഡി – റെഡഡമെയ്ഡ് – തഴ,പായ – കൈത്തറി കൂടാതെ മറ്റ് തൊഴിൽ സാധ്യതകളും സഹകരണാടിസ്ഥാനത്തിൽ കൊണ്ടുവരിക.

3. സ്ഥിരമായി തൊഴിൽ ലഭിക്കുന്നതിന്ന് കോളനി നിവാസികൾക്ക് കൃഷി – പച്ച[>കറി – ആട്, മാട്, കോഴി, പന്നി വളർത്തൽ എന്നിവ സഹകരണ അടിസ്ഥാനത്തിൽ കൊണ്ടു വരിക.

4. അഭ്യസ്ഥ വിദ്യർക്ക് ആധുനിക തൊഴിൽ സൗകര്യങ്ങൾ പരിശീലിപ്പിക്കുക.

5. അഭ്യസ്ഥവിദ്യർക്ക് P & C സ്പെഷ്യൽ റിക്രൂട്ട്മെൻറ് എംപ്ലോയ്മെൻറ് വഴി ജോലി സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുക.

6. എംപ്ലോയ്മെൻറ് വഴി സീനിയോറിട്ടി മറികടന്ന് നടത്തിയിട്ടുള്ള അവിഹിത നിയമനങ്ങൾ റദ്ദ് ചെയ്യാൻ നടപടിയെടുക്കുക.

7. സ്ഥിരസ്വഭാവമുള്ള വീടും, കക്കൂസും കുടിവെള്ളവും, വൈദ്യുതിയും റോഡും വീഥിയും അംഗൻവാടിയും, കളിസ്ഥലവും സംസ്ക്കാരിക കേന്ദ്രവും സ്ഥാപിക്കുക. ഇതിനായി എല്ലാ കോളനികളും IRDP യിൽ ഉൾപ്പെടുത്തുക.

8. രോഗം ബാധിച്ചവരെ ആസ്പത്രികളിൽ എത്തിക്കാൻ ഇന്നും ചുമന്നു കൊണ്ടുവേണം. ഒന്നും രണ്ടും കിലോമീറ്റർ ദൂരം വാഹനസൗകര്യമുള്ള സ്ഥലത്തെത്താൻ അതുകൊണ്ട് എല്ലാ റോഡും ഗതാഗത യോഗ്യമാക്കണം.

9. പട്ടികജാതിക്കാർ താമസിക്കുന്ന എല്ലായിടത്തും ഇനിയും വൈദ്യുതി എത്തിയിട്ടില്ല. വൈദ്യുതി എത്താത്തിടത്ത് അവ എത്തിക്കുകയും എല്ലാ വീടുകൾക്കും വൈദ്യുതി ലഭിക്കുന്നതിന് നടപടിയും സ്വീ

കരിക്കുക.

10. വൈദ്യുതിയുടെ സൗജന്യപദ്ധതി എല്ലാ കോളനി നിവാസികൾക്കും ബാധകമാക്കുക.

11. വെള്ളം കിട്ടുന്ന സ്ഥലങ്ങൾ കണ്ടെത്തി കുഴൽ കിണറുകൾ കുഴിച്ച് ജലസേചന പദ്ധതി വഴി കോളനികളിലെ കുടിവെള്ളക്ഷാമം പരിഹരരക്കുക. കിണറും പൈപ്പും ടാപ്പും അനുവദിക്കുക.

12. വിദ്യാഭ്യാസരംഗത്ത് ഈ വിഭാഗം വിദ്യാർത്ഥികൾ ശരാശരിക്കു താഴെയാണെന്നതുകൊണ്ട് പഠനനിലവാരം ഉയർത്താൻ ശരാശരിക്കു താഴെയുള്ളവർക്കുവേണ്ടി അദ്ധ്യാപകൾ പ്രത്യേകം ശ്രദ്ധിക്കുകയും ഇങ്ങനെയുള്ള കുട്ടികളെ പഠിപ്പിക്കാൻ അദ്ധ്യാപകർക്ക് പ്രത്യേകപരിശീലനം ആവശ്യമെങ്കിൽ അവ നൽകുകയും ചെയ്യുക.

13. താലൂക്ക് ഹെഡ് കോർട്ടേഴ്സ് ആസ്പത്രികളിൽ എല്ലാ സ്പെഷ്യലിസ്റ്റുകളേയും നിയമിക്കണം. ചികകത്സ ലഭിക്കുമെന്ന് രോഗികൾക്ക് ഉറപ്പുവരുത്തണം.

14. ആസ്പത്രികളിൽ ശുചീകരണം നടത്തുന്ന ജീവനക്കാർ ആ ജോലി നിർവ്വഹിക്കുന്നില്ലെങ്കിൽ പരിശോധിക്കണം.

15. കോളനികളിൽ അല്ലാതെ താമസിക്കുന്നപട്ടികജാതിക്കാർക്കുകൂടി കോളനികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ബാധകമാക്കുക.

16. പട്ടികജാതിക്കാരുടെ കലാരൂപങ്ങൾ നിലനിറുത്തുന്നതിനും അഭ്യസിപ്പിക്കുന്നതിന്നും വേദികൾ ഉണ്ടാകണം.

17. ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കാൻ നടപടി എടുക്കുക.

18. അപസ്മാര രോഗികൾക്കും മാനസിക രോഗിൾക്കും വേണ്ടി ഒരു സൈക്കോട്രസ്റ്റിനെ ആശുപത്രിയിൽ നിയമിക്കുക.

19. പട്ടികജാതിക്കാരുടെ ഭവനനിർമ്മാണത്തിനാവശ്യമായ ഇഷ്ടിക - ഓട് - മരം - മറ്റു സാമഗ്രികൾ ചുരുങ്ങിയ വിലക്ക് ലഭിക്കാൻ സഹകരണ മേഖലയിൽ നടപടി ഉണ്ടാക്കുക.

20. ഈ പഞ്ചായത്തിലെ R686 പട്ടി ജാതി കുട്ടനെയ്ത്ത് സഹകരണസംഘത്തിൽ 100 ൽ പരം തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ഇവർക്ക് കുടിവെള്ളം ലഭിക്കന്നതിന്നും, ചെരുപ്പ് യൂണിറ്റിന്ന് ഒരു ഷോറും പഞ്ചായത്തിൽ നിന്ന് അനുവദിക്കുന്നതിന്നും സംഘം നിൽക്കുന്ന സ്ഥലത്തുനിന്ന് 50 മീറ്റർ റോഡ് ടാറ് ചെയ്യുന്നതിന്നും നടപടി സ്വീകരിക്കുക. ഈറ്റക്ക് സബ്സിഡി അനുവദിക്കുക.

21. സംഗീത കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിലപിടടപ്പുള്ള സംഗീത ഉപകരണങ്ങൾ വാങ്ങിക്കാൻ സാമ്പത്തിക സഹായം അനുവദിക്കുക.

22. കൂടാൻ കോളനി - കണക്കകോളനി - പറയ കോളനി തുടങ്ങിയ ജാതി പേര് മാറ്റാൻ നടപടി വേണം.

## ലക്ഷംവീടും പട്ടികജാതിക്കാരും

1. ലക്ഷംവീടുകളിലും - നാലുസെൻറ് കോളനികളിലും താമസിക്കുന്ന പട്ടികജാതിക്കാർക്ക് പട്ടയം നൽകുക.

2. നാലുസെൻറ് അനുവദിച്ചവർക്കും ഭൂമിയില്ലാത്തവർക്കും പാർപ്പിടവും ഭൂമിയും നൽകി അവരെ പുനരധിവസിക്കുക.

3. വീടുകൾ - കക്കൂസുകൾ - വൈദ്യുതി - വെളിച്ചം - കുടിവെള്ളം എന്നിവ പരിഹരിക്കുക.

4. താഴ്ന്ന പ്രദേശങ്ങളിലെ ലക്ഷം വീടുകൾ മഴക്കാത്ത് വെള്ളം കയറി അപകട ഭീഷണി നേരിടുന്നതുകൊണ്ട് അവ ഒഴിവാക്കാൻ സ്ഥിരം കാന നിർമ്മിക്കുക.

5. റോഡു പുറമ്പോക്കുകളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കാൻ നടപടി ഉണ്ടാകണം.

# 5. L വിഭവസമാഹരണം

ഏതൊരു വികസന പദ്ധതിയുടേയും വിജയത്തിനു നിദാനം ആവശ്യമായ പ്രവർത്ത മൂലധനമാണ്. അതിൽ മറ്റൊന്നിനും പിന്നിലല്ലാത്ത ഒരു സ്ഥാനം മനുഷ്യ യത്നത്തിനുണ്ട്. മാനവസമൂഹത്തിന്റെ വളർച്ചയുടെ ചരിത്രം തന്നെ അദ്ധ്വാനത്തിന്റെ ചരിത്രമാണ്.

ഈ പഞ്ചായത്തിന്റെ വരുമാനമാർഗ്ഗങ്ങളിൽ പ്രധാനം കെട്ടിട തൊഴിൽ നികുതികളാണ്. ഫീസിനത്തിലും നേരിയ വരുമാനമുണ്ട്. 1995–'96 സാമ്പത്തിക വർഷത്തിൽ നികുതിയിനത്തിൽ 2092502 രൂപയും ഗ്രാന്റിനത്തിൽ 3,82,143 രൂപയും ഉൾപ്പെടെ 2474645 രൂപയാണ് വരവ്. ജെ. ആർ. വൈ. പദ്ധതിപ്രകാരം 4 ലക്ഷം രൂപ കൂടി ലഭിച്ചിട്ടുണ്ട്.

1992–93 സാമ്പത്തിക വർഷം മുതൽ വരുമാനത്തിൽ കാര്യമായ മാറ്റം ഉണ്ടായിട്ടില്ല. അതെ സമയം ചിലവിനങ്ങളിൽ ക്രമാതീതമായ വർദ്ധനവുണ്ടായിട്ടുണ്ട്. ഒരു താലൂക്ക് ആസ്ഥാനമെന്ന നിലയിൽ വടക്കാഞ്ചേരിയുടെ സത്വര പുരോഗതി ലക്ഷ്യം വച്ചുകൊണ്ട് പ്രത്യുൽപ്പാദനപരമല്ലാത്ത മേഖലകളിൽ കൂടി ശ്രദ്ധിക്കേണ്ടിയിരുന്നു. അതുതന്നെയാണ് ചിലവുവർദ്ധനവിന്റെ അടിസ്ഥാന നിദാനം. ഇന്നുള്ള വരുമാനത്തിന്റെ അടിസ്ഥാനത്തിൽ വികസന പ്രവർത്തനങ്ങൾ നടത്താൻ പ്രയാസമാണെന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ, കമ്മിറ്റി വിശദമായി ചർച്ചചെയ്ത് താഴെ പറയുന്ന നിഗമനങ്ങളിൽ എത്തിച്ചേർന്നു.

ഇന്ന് പഞ്ചായത്ത് പിരിച്ചെടുക്കുന്ന നികുതികളിൽ 25 ശതമാനം വർദ്ധനവ് വരുത്തിയാൽ വരുന്ന പദ്ധതി വർഷകാലത്ത് 25 ലക്ഷം രൂപ അധികവരുമാനമുണ്ടാക്കാൻ കഴിയും. കൂടാതെ കൃഷിയുടേയും വ്യവസായങ്ങളുടേയും വികസനത്തിനായി ഈ പഞ്ചായത്ത് അതൃത്തിയിൽ പ്രവർത്തിച്ചു വരുന്ന ബാങ്കുകൾ, സഹകരണ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും താഴെ പറയുന്ന സംഖ്യകൾ അടുത്ത പഞ്ചവത്സര പദ്ധതി കാലത്ത് വായ്പയായി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

| ക്രമനമ്പ്ര് | സ്ഥാപനത്തിന്റെ പേര് | പ്രതീക്ഷിക്കുന്ന വായ്പാസംഖ്യ |
|---|---|---|
| 1. | കാനറ ബാങ്ക്, വടക്കാഞ്ചേരി | 2,00,00,000.00 |
| 2. | സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ | 50,00,000.00 |
| 3. | സൗത്ത് ഇന്ത്യൻ ബാങ്ക് | 50,00,000.00 |
| 4. | കാത്തലിക് സിറയൻ ബാങ്ക് | 50,00,000.00 |
| 5. | ധനലക്ഷ്മി ബാങ്ക് | 50,00,000.00 |
| 6. | വടക്കാഞ്ചേരിസർവ്വീസ് സഹകരണ ബാങ്ക് | 50,00,000.00 |
| 7. | കൊച്ചിൻ ഭൂപണയ ബാങ്ക് | 40,00,000.00 |
| 8. | സർക്കാരുദ്യോഗസ്ഥ സഹകരണ സംഘം | 25,00,000.00 |
| 9. | ജില്ലാ കോപ്പറേറ്റീവ് ബാങ്ക് | 10,00,000.00 |
| 10. | ടാക്സ് ഇനത്തിൽ അധികവരുമാനം | 25,00,000.00 |
| | ആകെ | 5,50,00,000.00 |

(അഞ്ചുകോടി അമ്പത് ലക്ഷം രൂപ)

ഈ ബാങ്ക് വായ്പകൾ കാർഷികവും വ്യവസായീകവുമായ മേഖലകളുടെ വികസനത്തിനുവേണ്ടി വിനിയോഗിച്ചാൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും സാധിക്കും.

ശ്രമദാനരംഗങ്ങളിലും ആശാവഹമായ വിഭവസമാഹരണം പ്രതീക്ഷിക്കുന്ന 9–ാം പദ്ധതി കാലത്ത് ഓരോ വർഷവും അയ്യായിരം തൊഴിൽ ദിനങ്ങളിലൂടെ 5 ലക്ഷം രൂപ വിലമതിക്കുന്ന ശ്രമദാനങ്ങൾ പ്രതീക്ഷിക്കുന്നു. അപ്രകാരം 9ാം പദ്ധതി കാലത്ത് 25 ലക്ഷം രൂപയുടെ ശ്രമദാന പ്രവർത്തനം സംഘടിപ്പിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

റോഡുകൾ, കെട്ടിടങ്ങൾ മുതലായവയുടെ നിർമ്മാണത്തിനാശ്യമായ സ്ഥലവും മറ്റു വസ്തുക്കളുമായി 20 ലക്ഷം രൂപ പദ്ധതികാലയളവിൽ സമാഹരിക്കുവാൻ കഴിയുന്നതാണ്.

വടക്കാഞ്ചേരി പഞ്ചായത്തിൽ ധനശേഷിയുള്ള സന്നദ്ധ സംഘടനകൾ വിരളമാണ്. എങ്കിലും ലയൺസ് ക്ലബ്ബ്, വ്യാപാരി വ്യവസായി സംഘടന, ജേസീസ് ഇൻറർനാഷണൽ, വൈസ് മെൻ ക്ലബ്ബ് മുതലായ സന്നദ്ധ സംഘടനകളിൽ നിന്നും ഒരു ലക്ഷം രൂപയുടെ സഹായമെങ്കിലും പ്രതിവർഷം പ്രതീക്ഷിക്കുന്നു.

പൂർണ്ണവിവരം :

| ക്രമനമ്പ്ര് | സ്ഥാപനത്തിൻെറ പേര് | പ്രതീക്ഷിക്കുന്ന സംഖ്യ |
|---|---|---|
| 1. | ശ്രമദാനം : 5 ലക്ഷം X 5 | 25,00,000.00 |
| 2. | റോഡുകൾ, കെട്ടിടങ്ങൾ എന്നിവക്ക് സ്ഥലവും മറ്റു വസ്തുക്കളും | 20,00,000.00 |
| 3. | സന്നദ്ധസംഘടനകൾ | 5,00,000.00 |
| | ആകെ | 50,00,000.00 |
| | (അമ്പത് ലക്ഷം രൂപ) | |

ആകെ 6 കോടി രൂപ വരുന്ന പദ്ധതി കാലഘട്ടത്തിൽ സമാഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ. പഞ്ചായത്തിന് നേരിട്ടു ലഭിക്കുന്ന പദ്ധതി അടങ്കൽ വിഹിതവും ബ്ലോക്ക്, ജില്ലാ പ്രോജക്റ്റുകളിൽ ഉൾപ്പെടുന്ന പദ്ധതികൾക്കായി ഉപയോഗിക്കപ്പെടുന്ന വിഹിതവും എത്രയായിരിക്കുമെന്ന് കൃത്യമായി പറയാൻ ഇപ്പോൾ സാദ്ധ്യമല്ലെങ്കിലും വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിൻെറ സമഗ്ര വികസനത്തിനായി സമർപ്പിക്കുന്ന ഈ വികസന രേഖയിലെ ബഹുഭൂരിഭാഗം സാദ്ധ്യതകളും പ്രോജക്റ്റുകളാക്കി ലക്ഷ്യം നേടാൻ കഴിയുമെന്ന പ്രതീക്ഷയുണ്ട്.

# ഉപസംഹാരം

അങ്ങാടിയിൽ സുലഭമായ റെഡിമെയ്ഡ് വസ്ത്രത്തിനു പകരം, നാം തന്നെ ഊടും പാവുമിട്ട ഊടുറ്റ തുണികൊണ്ട് നാമിതാ ഒരു പുത്തൻ പുടവ തീർത്തിരിയ്ക്കുന്നു. നമ്മുടെ ശരീര ഘടനക്കും ഭൗതിക പ്രകൃതിക്കും ഒത്തിണക്കമുള്ള പുതുവസ്ത്രം! അതെ, വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിൻെറ ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ സമഗ്ര വികസന രേഖ! ഇതിലെ പ്രശ്നങ്ങളും നിർദ്ദേശങ്ങളും, സ്കീമുകളും പ്ലാനുകളുമാകുമ്പോൾ നമ്മുടെ ചിരകാലതങ്കക്കിനാവുകൾ സാർത്ഥകമാകണം. അതിന് അവശ്യാനുസൃത ഫണ്ടുണ്ടാവണം; അതുണ്ടാക്കണം. ഏതൊരു പദ്ധതിയുടേയും ചാലകശക്തി അതാണല്ലോ?

പ്രശ്നങ്ങളും പരിഹാരങ്ങളും

ജനകീയാവശ്യങ്ങൾക്ക് പരിധിയും പരിമിതിയും ഉണ്ടായിരിക്കണമെന്നില്ലല്ലോ! അതുകൊണ്ടുതന്നെ മുൻഗണനാക്രമം അവലംബിക്കാനുള്ള നിർദ്ദേശം സ്വാഗതാർഹമാണ്. പക്ഷെ, പ്രത്യുൽപാദനപരമായ മേഖലകളിൽ മാത്രം ഒതുങ്ങി നിന്ന് മറ്റവശ്യ വികസന മേഖലകൾ അവഗണിക്കപ്പെടരുത്. ഒട്ടും പ്രത്യുൽപ്പാദനപരമല്ലാത്ത മേഖലകളാണല്ലോ ആരോഗ്യ വിദ്യാഭ്യാസമേഖലകളും, റോഡുഗതാഗത കലാസംസ്കാരാദി മണ്ഡലങ്ങളും. വളർന്നു വരുന്ന ഒരു പട്ടണമെന്ന നിലയിൽ - തലപ്പിള്ളി താലൂക്കാസ്ഥാനമെന്ന നിലയിൽ - വടക്കാഞ്ചേരിക്ക് ചില പരിഗണനകൾ നൽകേണ്ടതുണ്ട്. അതുകൂടി ലഭിച്ചാലേ, സമഗ്ര വികസനം സാദ്ധ്യമാകൂ.

ഫണ്ടുശേഖരണത്തിന് പുതിയ പാതകൾ വെട്ടിത്തുറക്കണം. ഗ്രാമപഞ്ചായത്തുകൾക്ക് അതിന് കഴിയണം . അവർക്ക് അതിനുള്ള സ്വാതന്ത്ര്യമുണ്ടായിരിക്കുകയും വേണം. എങ്കിലേ, സർക്കാരേതര ഏജൻസികളിൽ നിന്ന് ഫണ്ടുശേഖരിച്ച് പദ്ധതികാര്യങ്ങൾക്കുപയോഗിക്കാൻ കഴിയൂ. അവരുടെ നിബന്ധനകൾ പഠിച്ച് പഞ്ചായത്തിന് ഗുണകരമായ സ്കീമുകളുണ്ടാക്കാൻ കഴിയണമെന്നുമാത്രം.

## ജനപങ്കാളിത്തം

ഇതൊരു ജനകീയ പദ്ധതിയാണ്. ഇതിൻെറ വിജയം ജനങ്ങളുടെ വിജയമാണ്. ഇത് പരാജയപ്പെട്ടാൽ, ആ പരാജയം ഏതൊരേജൻസിയിലും അടിച്ചേൽപ്പിക്കപ്പെടുന്നതുകൊണ്ട് ഒരാൾക്കും പ്രയോജനമില്ലല്ലോ? നമ്മുടെ താളാവതാളങ്ങളാണ് ഈ പദ്ധതിയുടെ ജയാപജയങ്ങൾക്ക് നിദാനം.

ജനപങ്കാളിത്തം ഉറപ്പാക്കാൻ ബോധവൽക്കരണം നടത്തണം. നിലവിലുള്ള സകല വാർത്താ മാദ്ധ്യമങ്ങളും അതിനായി ഉപയോഗപ്പെടുത്തണം. ഓരോ വ്യക്തിയും പ്രവാചകനായി മാറി നിൽക്കാതെ പ്രചാരകനായി മാറണം. ചുരുക്കത്തിൽ അദ്ധ്വാനത്തിൻെറ മഹിമ ഉൾക്കൊണ്ടു പ്രവർത്തിക്കാൻ നാം സജ്ജരാവണം.

## അൽപ്പം ചരിത്രം

സകലമാന പുരോഗമനപ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ച സംസ്ഥാനമാണ് നമ്മുടെ കൊച്ചു കേരളം. സാർവ്വത്രീകമായ പൊതു വിദ്യാഭ്യാസം, ഭൂപരിഷ്കരണം, സമ്പൂർണ്ണ സാക്ഷരത എന്നിവ ആ പട്ടികയിലെ നിത്യഭാസുര സ്മരണകളാണ്. എന്നാൽ വ്യവസായിക മണ്ഡലത്തിൽ നമ്മുടെ സ്ഥാനം അഗണ്യകോണിലാണ്. ''കോൺക്രീറ്റ് വന'' സംസ്കാരമാണിവിടെ വളർന്നു വരുന്നത്. ഗൾഫ് മേഖലകളുടെ പ്രഭാവം കുറഞ്ഞാൽ ഒരുപഭോഗ സംസ്ഥാനമായ കേരളത്തിൻെറ പതനം ആസന്നമായിരിക്കും.

## വേണം വ്യവസായം, നമുക്കും

വിഭവമില്ലാതെ വികസനമില്ല, വികസനമില്ലാതെ വിഭവവും. ഈ ദൂഷിത വലയത്തിൽ പെട്ട് നാമിന്ന് മുങ്ങിപ്പൊങ്ങുകയാണ്. ഇതിൽ നിന്നും രക്ഷ നേടണം. അതിനാണീ സമഗ്ര വികസന പദ്ധതിയും ജനകീയാസൂത്രണവും.

ഇവിടെ മുതൽ മുടക്കുണ്ടാവണം. അതിന് സർക്കാരേതര ഏജൻസികളെ പ്രോത്സാഹിപ്പിക്കണം. തൊഴിൽ മേഖലകളിലെ അനിയന്ത്രിത ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾ അൽപ്പമൊന്നു നിയന്ത്രിച്ചാൽ മാത്രം മതി, വ്യവസാദങ്ങൾ പാഞ്ഞെത്തും. വികസനത്തിന് നാന്ദി കുറിക്കുന്ന, ഈ പൊൻ പുലരിയിൽ വികസനത്തിനായി വടക്കാഞ്ചേരി ഗ്രാമപഞ്ചായത്തിലെ ജനതയും കാതോർത്ത് കാത്തിരിയ്ക്കുന്നു, മറ്റവികസിത ഗ്രാമങ്ങളോടൊപ്പം.

എൻ. പി. മുഹമ്മദലി മാസ്റ്റർ

ജനറൽ കൺവീനർ, വികസന സമിതി വടക്കാഞ്ചേരി

ഗ്രാമപഞ്ചായത്ത്

## വിഭവത്തിൻെറ അനാവശ്യ ഉപഭോഗം

## വികസനത്തിന് വിഘാതമാണ്

## നമുക്ക് ജലക്ഷാമമുണ്ട്

സ്ട്രീററു ടാപ്പുകൾ ദുരുപയോഗം ചെയ്യാതിരിക്കുക.

## നമുക്ക് വൈദ്യുതി ക്ഷാമമുണ്ട്

വൈദ്യുതിയുടെ അനാവശ്യ ഉപയോഗം നിയന്ത്രിക്കുക.

## ആരോഗ്യം ധനമല്ലെ!

വീടും പരിസരവും പൊതുസ്ഥലങ്ങളും മലിനമാകാതിരിക്കാൻ ശ്രദ്ധിക്കുക.

# അധികാരം ജനങ്ങളിലേക്ക്

## ഒൻപതാം പദ്ധതി ജനകീയ പദ്ധതി

KERALA INSTITUTE OF LOCAL ADMINISTRATION
LIBRARY
THRISSUR-680581
4272

- ഒൻപതാം പദ്ധതിയുടെ 35–40 ശതമാനം തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്
- ആസൂത്രണം താഴെത്തട്ടിൽ നിന്നും മുകളിലോട്ട്
- ആസൂത്രണത്തിലും നിർവ്വഹണത്തിലും വിപുലമായ ജനപങ്കാളിത്തം
- പഞ്ചായത്ത് രാജ് – നഗരപാലിക സ്ഥാപനങ്ങളിൽ പ്രത്യേക ഗ്രാമസഭകൾ
- ജനലക്ഷങ്ങൾ ഒത്തൊരുമയോടെ കർമ്മരംഗത്തേക്ക്
- ജനപ്രതിനിധികളും വിദഗ്ദ്ധരും ഉദ്യോഗസ്ഥരും അണിചേരുന്നു
- വികസന സെമിനാറുകൾ, പരിശീലന ക്ലാസ്സുകൾ
- വികസനാവശ്യങ്ങൾ പദ്ധതികളാക്കാൻ ടാസ്ക് ഫോഴ്സുകൾ
- ഉന്നതതല മാർഗ്ഗനിർദ്ദേശക സമിതി